മലയാളരാജ്യം


ആഴ്ചപതിപ്പ്



The Malayala Rajyam Illustrated Weekly

8TH JUNE 1953.

THREE ANNAS.



സിനിമാപംക്തി

"മധുബാലജാവേരി"

പ്രശസ്തരായ ഉത്തരേന്ത്യൻ പിന്നണിഗായകികളുടെ മുൻപന്തിയിലേക്ക് കുതിച്ചുയർന്നുകൊണ്ടിരിക്കുന്ന ഒരു ഗായികയാണ് മധുബാലജാവേരി. ഏതുഗാനമായാലും ശരി അതു മധുബാലയുടെ കണ്ണനുള്ളിലൂടെ ഒഴുകിവരുമ്പോൾ അതിന്റെ സൌകുമാര്യവും സാന്ദ്രസുഭഗതയും ഒന്നു വേറെതന്നെയാണ്. ആ അനുഗൃഹീത ഗായകിയുടെ രംഗനിർഝരിയിൽ അലിഞ്ഞുചേരാത്ത ഹൃദയങ്ങളപൂവ്വമാണ്. മധുബാല കീർത്തിയുടെ ഒരു കാമുകിയല്ലെങ്കിലും ആ നാമധേയം പ്രശസ്തിയുടെ ഉത്തുംഗശൃംഗത്തിലേക്ക് പടിപടിയായുയരുകയാണ്.

നിരവധി ഗായകീഗായകരുടെ ജനനംകൊണ്ട് പ്രസിദ്ധിനേടിയിട്ടുള്ള ഒരു കുടുംബത്തിലാണ് മധുബാലയും ജനിച്ചതു്. അവരുടെ മാതാവായ ഹീരാദേവിജാവേരിയും അമ്മാവിയായ ശ്യാമളാമങ്കുള്ളേക്കറും ക്ലാസിക്കൽ സംഗീതത്തിൽ പ്രാവീണ്യംനേടിയിട്ടുള്ളവരാണ്. അവരുടെ ജേഷ്ഠസഹോദരിയും സഹോദരനും ഗായകരാണ്. മധുബാല വളരെ ചെറുപ്പത്തിലെ മാതാവിനേയും അമ്മാവിയേയും അനുകരിച്ച് ഗാനങ്ങൾ ആലപിച്ചിരുന്നു. വളരെ ചെറുപ്പായത്തിൽതന്നെ മധുബാല ഗാനകലയിൽ അഭ്യസനവും ആരംഭിച്ചു. 1951-ൽ അവർ മെട്രിക്കുലേഷൻ പരീക്ഷയിൽ വിജയം വരിച്ചതിനുശേഷമാണ് ക്ലാസിക്കൽ സംഗീതം അഭ്യസിക്കുവാൻ ആരംഭിച്ചതു്. മാതാവിന്റേയും അമ്മാവിയുടേയും ശിഷ്യത്വത്തിലാണ് അവർ ഗാനകല ശാസ്ത്രീയമായി അഭ്യസിച്ചതും. പിന്നണിഗാനങ്ങൾ പാടുന്നതു് അവർ ചെറുപ്പത്തിലെ കണ്ടിട്ടുണ്ടായിരുന്നു. ഒരുദിവസം മധുബാല ഒരുകാറിൽ സഞ്ചരിക്കുമ്പോൾ ഒരുമൂളിപ്പാട്ടുപാടുകയും അവളുടെ സംഗീതമധുരിമ ഫ്ളൂട്ട് വിദഗ്ദ്ധനായ തിരുഭുവനെ ആകർഷിക്കുകയുമുണ്ടായി. അദ്ദേഹം മധുബാലയെ മൃസിക്ക് ഡയറക്ടരായ മനോഹരന്റെ സമീപത്തേക്ക് ആനയിക്കുകയും "ഭ്രമംഭദേകെ" എന്ന ചിത്രത്തിൽ പിന്നണിഗാനങ്ങൾ പാടുന്നതിന് ഉടമ്പടി ചെയ്യിക്കുകയും ചെയ്തു. ആ ചിത്രത്തിൽ മധുബാല പ്രതീക്ഷയിൽ കവിഞ്ഞു് ഭംഗിയായി ഗാനാലാപം നിർവ്വഹിച്ചു. തുടർന്ന് ഹൻസരാജ് ബെഹലിന്റെ നിയന്ത്രണത്തിൽ അവർ "രാജപുട്ട്" എന്ന ചിത്രത്തിനുവേണ്ടി പിന്നണിഗാനങ്ങൾപാടി "അപ്നിഇസാദ" എന്ന ചിത്രത്തിലെ ഗാനാലാപത്തോടെ പ്രശസ്തിയുടെ സൌരഭ്യം നിറഞ്ഞ പൂമാലക്കെട്ടകം അവരുടെ കണ്ഠപ്രദേശത്തേക്ക് എണ്ണമില്ലാതെ പൊഴിയുകയുണ്ടായി. "ദോസ്തി" എന്ന ചിത്രത്തിലെ പിന്നണിഗാനങ്ങൾ പാടുന്നതിനും അവൾക്ക് സന്ദർഭംലഭിച്ചു. തുടർന്നുമുഹമ്മദും മധുബാലയുംകൂടി ദോസ്തിൽ ഒരുപ്രസിദ്ധ "ഡുവാദ" പാടിയിട്ടുണ്ട്. "ഡുവാദ" പാടുന്നതിൽ മധുബാലയ്ക്ക് പ്രത്യേകമായ കൌതുകവുമുണ്ട്. തുല്യകഴിവുകളുള്ള ഒരു ഗായകിയും ഗായകനുംകൂടി പാടുമ്പോൾ ഇരുവർക്കും അവരുടെ കഴിവിന്റെ പരമാവധി പ്രയോഗിക്കുവാൻ കഴിയുമെന്നാണ് മധുബാലയുടെ വിശ്വാസം. ഡുവാദ പാടുമ്പോൾ ഓരോ ഗായകർക്കും ഇടയ്ക്കിടയ്ക്കു വിശ്രമത്തിനു സന്ദർഭം ലഭിക്കുന്നതുകൊണ്ട് ഓരോരുത്തർക്കും അക്ഷീണമായി ഗാനാലാപംചെയ്യുന്നതിനും സന്ദർഭം ലഭിക്കുന്നതാണല്ലോ. പിന്നണിഗായകരുടെ യഥാർത്ഥകഴിവുകൾ പരിശോധിക്കുന്നതിനു മധുബാല സാധാരണയായി ഒരു നിർദ്ദേശവും നൽകാറുണ്ട്. ഒരേ പാട്ടുതന്നെ പല ഗായകരേയുംകൊണ്ട് ശ്രോതാക്കളുടെ മുൻപിൽവെച്ചുപാടിച്ച് അവരുടെ അഭിപ്രായം ആരായണമെന്നാണ് മധുബാലയുടെ അഭിപ്രായം. ഓരോ ഗായകന്റെയും കഴിവിന്റെ മാറ്റുകുറച്ചുനോക്കുന്നതിന് ഇതു് ഏറെക്കുറെ സഹായിക്കുന്നതുമാണ്.

ശോകാത്മകഗാനങ്ങൾ പാടുന്നതിൽ മധുബാലയ്ക്ക് പ്രത്യേകമായ കഴിവും കർത്തൃത്വമുണ്ട്. ഉച്ചാരണശുദ്ധിയും മധുരമായ കണ്ഠധ്വനിയും ലയനാത്മകമായ ആവിഷ്കരണവൈദഗ്ദ്ധ്യവും മധുബാലയുടെ അമൂല്യനേട്ടങ്ങളാണ്. "അപ്നേഇസാദ" "രേഷ്മ" "മേട്ടിമഹൽ" എന്നീ ചിത്രങ്ങളിലെ ഗാനങ്ങളും മധുബാലയുടെ ശോകനിർഭരമായ ഗാനാലാപത്തിലുള്ള വൈദഗ്ദ്ധ്യത്തിനു മകുടോദാഹരണങ്ങളാണ്. "ടീൻ ഭട്ടിചാരസ്സൌ" "ഭാനപാണി" "ധർമ്മപത്നി" "അന്ധകാർ", എന്നീ ചിത്രങ്ങളിലും പിന്നണിഗാനങ്ങൾ പാടിയിട്ടുള്ളതു് മധുബാലയാണ്. മറ്റു ചില ചിത്രങ്ങൾക്കുവേണ്ടി പിന്നണിഗാനങ്ങൾ പാടുന്നതിനുള്ള കരാറിലും അവർ ഒപ്പുവെച്ചിട്ടുണ്ട്. ഒരു സിനിമാനടിയാകുന്നതിന് മധുബാലജാവേരിക്ക മോഹമില്ല. ആജീവിതം സംഗീതത്തിനുള്ളതാണ്; സംഗീതത്തിനുവേണ്ടിമാത്രമുള്ളതാണ്. ഒരു ഗായകിക്കുവേണ്ട സകല ഗുണങ്ങളും മധുബാലയിൽ സമഞ്ജസമായി സമ്മേളിച്ചിട്ടുണ്ട്. മധുബാലയുടെ മധുരമനോഹരങ്ങളായ ഗാനതല്ലജങ്ങൾ സിനിമാലോകത്തു് പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്നു എന്നു പറയുന്നതിൽ തെല്ലും അതിശയോക്തിയില്ല. പിന്നണിഗാനമണ്ഡലത്തിൽ പുതിയ ആളുകൾ വന്നുചേരുന്നില്ലെന്നു പൊതുവേ ഒരു പരാതിയുണ്ട്. കേവലം സംഗീതവാസനകൊണ്ടുമാത്രം പിന്നണിഗാനത്തിൽ വൈദഗ്ദ്ധ്യം സിദ്ധിക്കുകയില്ലെന്നുള്ളതാണ് ഈ ദുർഭിക്ഷത്തിനുകാരണം. പുതിയ പിന്നണിഗായകികളെ ആവശ്യമുള്ള ഇത്തരുണത്തിൽ മധുബാലജാവേരിയെപ്പോലുള്ള ഗായകികളെ നിർലോഭം പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. മധുബാലയുടെ കലാപരമായ ജീവിതത്തിനു് കൂടുതൽ ആദരവും ശോഭയും ലഭിക്കുമാറാകട്ടെ.

★

ചലച്ചിത്രനിരൂപണം

പണക്കാരി

★

ചിത്രങ്ങളും വിദേശീയകഥകളെ ആധാരമാക്കി സംവിധാനംചെയ്യപ്പെട്ടിട്ടുള്ളവയാണ്. ഉമാഫിലിംസും ഒംഫിലിംസുംകൂടി യോജിച്ച് ടോം സ്റ്റോയിയുടെ വിഖ്യാതമായ "അന്നാകറീനാനാ" എന്ന കഥയെ ആസ്പദമാക്കി "പണക്കാരി" എന്നൊരു പുതിയ സാമൂഹ്യകചിത്രവും ഇപ്പോഴിതാ നിർമ്മിച്ചിരിക്കുന്നു. പ്രമുഖതാരങ്ങളെല്ലാം ചിത്രത്തിൽ അഭിനയിച്ചിട്ടുണ്ടെങ്കിലും ചിത്രത്തിന് ഒരു സ്റ്റാർ തേജസ്സും ലഭിച്ചിട്ടില്ല. ആംഗ്ലോയിന്ത്യൻജീവിതസമ്പ്രദായങ്ങളോടു തമിഴരുടെ ആചാരവിശേഷങ്ങളും അല്ലപണക്കാരിയിൽ ആവിഷ്കരിച്ചിരിക്കുന്നതു്. സംവിധായകന്റെതായ ഒരു പ്രത്യേകസംസ്കൃതിയുടെ കലർപ്പുകൂടിയാണ് കഥാപാത്രങ്ങളും ജീവിക്കുന്നതു്. പല രംഗങ്ങളുടെയും ചിത്രത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല. സന്ദർഭോചിതയുടെ ചാരിത്ര്യത്തിൽ സംശയം ജനിച്ച് അവളെ ബഹിഷ്കരിക്കുക, പരപുരുഷപതിയിലുള്ള പ്രണയവൈകൃതങ്ങൾ, കാർഅപകടം, ടൈഫോയിഡ് അപകടം, കൃതിമപ്രസവം, സപ്തരംഗങ്ങൾ, സ്റ്റേജ് വാർക്കിത്തിന്റെ ഡാൻസ് ഡ്രാമായുടെ ഇതിനകം പല പല ചിത്രങ്ങളിലും കണ്ടു കണ്ടു മടുത്തിട്ടുള്ള വിരസരംഗങ്ങളാണ് പണക്കാരിയിലും കാണുന്നതു്. ബ്യൂർഷ്വാസികളുടെ ജീവിതമാണ് പണക്കാരിയിലും ചിത്രീകരിച്ചിട്ടുള്ളതു്. സാധാരണക്കാരുടെ ജീവിതപ്രശ്നങ്ങൾ ഒന്നുംതന്നെ കൈകാര്യം ചെയ്തിട്ടുമില്ല. പെണ്ണുങ്ങളെല്ലാം മദാമ്മമാരുടെ വേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. ബംഗാളിലും മദ്രാസിലുമൊക്കെയാണ് കഥനടക്കുന്നതെങ്കിൽ ബാംഗ്ലൂർ ഡാൻസും മറ്റും പ്രദർശിപ്പിക്കുന്നതിന്റെ ഔചിത്യമെന്തെന്നു സ്ഥലകർത്താവിനുപോലും അറിയില്ല. ആവശ്യത്തിൽ കവിഞ്ഞും അസ്ഥാനത്തും ഈ ചിത്രത്തിൽ നൃത്തരംഗങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. പക്ഷേ യാതൊരുകഥയും കൂടാതെ കാണികളുടെ ക്ഷമയെ പരീക്ഷിക്കുന്ന നീണ്ട ചിത്രങ്ങൾ നിമിത്തമുണ്ടാകുന്ന ഇക്കാലത്തു് പണക്കാരിക്ക് ഒരു കഥയുണ്ടെന്നുള്ളതു് ആശ്വാസകരംതന്നെ.

പണക്കാരിയുടെ കഥ ഇങ്ങിനെ സംഗ്രഹിക്കാം. ധനാഢ്യനായ ബാലുവിന്റെ പത്നിയായിരുന്നു പ്രേമ. പ്രേമ പച്ചപ്പരിഷ്കാരിയും സുമുഖനും ബാല്യകാലസുഹൃത്തുമായ സുന്ദരമായി അമിതമായ സ്വാതന്ത്ര്യത്തിൽ ജീവിച്ചു. സമുദായം അവരെ കള്ളക്കാമുകരായി മുദ്രയടിച്ചു. സുന്ദരിനെ സന്ദർശിക്കരുതെന്നു ബാലു പ്രേമയെ നിരോധിച്ചു എങ്കിലും ഭർത്താവിന്റെ ആജ്ഞയെ അവൾ അവഗണിച്ചു. അവസാനം അവൾ ഭർത്താവിനാൽ പരിത്യക്തയാകുന്നു. പ്രേമജീവിതനൈരാശ്യത്താൽ ട്രെയിനിന്റെ മുമ്പിൽ ചാടി ആത്മഹത്യചെയ്യുവാൻ

(ശേഷം 24-ംപേജിൽ)

മലയാളരാജ്യം

മലയാളരാജ്യം

ആഴ്ചപതിപ്പ്

പുസ്തകം ൨൪ | കൊല്ലം ക്രമവു ഇടവം ൨൯ ാംനു തിങ്കളാഴ്ച | ലക്കം ൯൨൨

THE KERALA GOVT. LIBRARY & READING ROOM. PERINAD QUILON.

ആദ്യത്തെ വിലാപകാവ്യം

★

— എം. പി. അപ്പൻ —

അനുഗൃഹീതനായ ശ്രീ. നാലപ്പാട്ടു നാരായണമേനോന്റെ 'കണ്ണനീർത്തുള്ളി' വിളിപ്പെട്ട ഒരു വിലാപകാവ്യമാണല്ലോ. ടെന്നിസന്റെ 'ഇൻ മെമ്മോറിയം' എന്ന കൃതിയെ ചിലയിടങ്ങളിൽ അനുകരിച്ചിട്ടുണ്ടെങ്കിലും, അത്യുജ്ജ്വലമായ ഒരു കലാസൃഷ്ടിയാണെ കണ്ണനീർത്തുള്ളി. അതിനെപ്പറ്റി എഴുതിയ ഒരു നിരൂപണത്തിൽ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു:

"മലയാളത്തിൽ വിലാപകാവ്യം ആരംഭിച്ചതെന്നു തീരുമാനിക്കുവാൻ വിഷമം. ശ്രീ സി. എസ്സ്. സുബ്രഹ്മണ്യൻപോറ്റി അവർകളുടെ അവകാശം പണ്ടേ പരിഷത്തിൽ രജിസ്റ്റർചെയ്തു കിടക്കുകയാണ്. വി. സി. യുടെ ഭാഗം വാദിക്കാൻ ആളില്ലെന്നായാലും അദ്ദേഹത്തിന്റെ വിലാപത്തെ, മലയാളകവിത നവയുഗത്തിലേക്കു കാൽവെച്ച കൽവെയ്പായി എണ്ണിക്കൊള്ളാം സാഹിത്യചരിത്രജ്ഞന്മാർ....."

ശ്രീ: മുണ്ടശ്ശേരിയുടെ അഭിപ്രായം തന്നെ മറ്റു പല സാഹിത്യകാരന്മാർക്കും ഉള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ: സുബ്രഹ്മണ്യൻപോറ്റിയുടെ 'ഒരു വിലാപം' പ്രസിദ്ധപ്പെടുത്തിയതു് 1090-ൽ ആണെന്നു കാണുന്നു. അന്നേക്കു പതിമൂന്നുകൊല്ലങ്ങൾക്കുമുമ്പു് ആ കാവ്യം എഴുതിയെന്നാണ് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നതു്. ആ സ്ഥിതിക്കു് 1077-ൽ ആ കൃതി നിർമ്മിതമായി എന്നു വിചാരിക്കാം. 1079-ലെ 'രസികരഞ്ജിനി'യിൽ അതിന്റെ ചില ഭാഗങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നുവെന്നുള്ളതും പ്രസ്താവയോഗ്യമാണ്.

എന്നാൽ 1079-ൽ വേറൊരു കവി 'പ്രിയവിലാപം' എന്ന പേരിൽ ഒരു വിലാപകാവ്യം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പക്ഷെ ആ വസ്തുതയുടെ സാഹിത്യചരിത്രകാരന്മാരോ വിമർശകന്മാരോ മനസ്സിലാക്കിയിട്ടുണ്ടെന്നതോന്നുന്നില്ല. അതിനെപ്പറ്റി ചിലതു പറഞ്ഞുകൊള്ളട്ടെ.

കല്പനകളുടെ ഏകദേശത്തെ പകർത്തിയും, സ്വന്തമായി അവിടവിടെ ചിലതെല്ലാം ചേർത്തുകെട്ടിയും രചിച്ചിട്ടുള്ളതാണ് ഈ ഖണ്ഡകാവ്യം.....

ഈ കാവ്യം പ്രസിദ്ധപ്പെടുത്തിയതു് 1079-ൽ ആണെന്നു പറഞ്ഞുവല്ലോ. എന്നാൽ എഴുതിയ തീയതിയെപ്പറ്റി കവി ഒന്നും പ്രസ്താവിച്ചിട്ടില്ല. അശ്വതിതിരുനാൾതമ്പുരാൻ ദിവംഗതനായതു് 1076 കന്നി 25-നു-അതെന്നകാണുന്നു. അസ്ഥിതിക്കു് ആയണ്ടിൽതന്നെ 'പ്രിയവിലാപം' നിർമ്മിതമായി എന്നു വിചാരിക്കുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. അങ്ങനെയാണെങ്കിൽ പോറ്റി അവർകളും 'ഒരു വിലാപം' രചിക്കുന്നതിനുമുമ്പു് തമ്പുരാനവർകളും 'പ്രിയവിലാപം' രചിച്ചുവെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. ആ സുകൃതികളും രണ്ടുപേരും ഇപ്പോഴും ജീവിച്ചിരിക്കുന്നതുകൊണ്ടു് ഈ സംശയത്തിനു നിവൃത്തിയുണ്ടാക്കുവാൻ പ്രയാസമില്ലാതെയാണിരിക്കുന്നതു്. സൗകുമാര്യമുള്ള സാഹിത്യഭോക്താക്കന്മാർ ഈ വസ്തുത ആ മഹാശയന്മാരുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നു പ്രത്യാശിക്കുന്നു.

'വി. സി-യുടെ വിലാപമോ?' എന്നായിരിക്കുമല്ലോ അടുത്ത ചോദ്യം. അതിനു സമാധാനം പറയാം. വി. സി. ബാലകൃഷ്ണപണിക്കർ 1064-ൽ ആണു ജനിച്ചതു്. 1076-ൽ അദ്ദേഹത്തിനു് പന്ത്രണ്ടുവയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളു. അന്നു് അദ്ദേഹം 'വിലാപം' എഴുതിയിരിക്കുകയില്ലെന്നുള്ളതിനു സംശയമുണ്ടോ?

പോറ്റി അവർകളുടെ 'ഒരു വിലാപ'വും സ്വാനുഭവത്തിൽനിന്നു് ഉടലെടുത്തതത്രേ. കൊച്ചുമകളുടെ ചരമത്തെ അടിസ്ഥാനമാക്കിയിട്ടുള്ള ആ കാവ്യവും വിയോഗിനിവൃത്തത്തിലാണു് എഴുതിയിട്ടുള്ളതു്. ആ വിലാപകർത്താവും ഇൻമെമ്മോറിയത്തെ അങ്ങിങ്ങു് അനുകരിച്ചിട്ടുണ്ടു്.

തമ്പുരാനവർകളുടെ കൃതിക്കു പോറ്റിയവർകളുടെ കൃതിക്കുള്ളിടത്തോളം ചാരുതയും ലാളിത്യവും ഇല്ല. സംസ്കൃതവിഭക്തികളും മറ്റും 'പ്രിയവിലാപ'ത്തിൽ ധാരാളമുണ്ടു്. 'ഒരു വിലാപ'ത്തിൽ അവ വളരെ വിരളമാണെന്നു പറയാം. താഴെ കൊടുത്തിട്ടുള്ള ഉദാഹരണങ്ങൾ നോക്കുക:—

"തവ നല്ല പുരണ്ണമിതുമ-
മവനേയോർത്തുവസിച്ചു കിംഫലം?
ഒഴുകുന്നൊരു ഗംഗപോലെ നി-
ന്നിഴിനീരാലുദകക്രിയാം കുരു."

(പ്രിയവിലാപം)

"കിമു ജാതിയെ മാത്രമീശ്വരൻ
കരുതുന്നോ ഗണനീയകോടിയിൽ?
കപടം വന്നിടുമിന്നു ജാതിയും
കഥയ വ്യക്തികളേ വെടിഞ്ഞിഹ

(പ്രിയവിലാപം)

"ഇരവിങ്കലുറക്കമെന്നിയേ
പരിചര്യയ്ക്കു തുനിഞ്ഞു ഞങ്ങളും
അരികത്തു വിളക്കുമായ് സകാ
മരുവും മാലുകലൻ മാനസേ"

(ഒരു വിലാപം)

"അനഘം സമഹീനമായൊരീ-
ജനമയ്യോ! വിധിനാകളഞ്ഞുപോയ്
ഇനിമേലതു ഭൂതലത്തിലി-
ങ്ങനവദ്യം; ഹതമായി മൽസുഖം"

(ഒരു വിലാപം)

മുഖചിത്രം

★

വിരഹം.

ആധുനിക വിദ്യാഭ്യാസ പ്രശ്നങ്ങൾ

★

"ഒരു ദേശീയ വിദ്യാഭ്യാസപദ്ധതിക്കുമാത്രമേ ഇന്നത്തെ വിദ്യാഭ്യാസപ്രശ്നങ്ങൾക്കു ഉചിതമായ പരിഹാരം നിർദ്ദേശിക്കുവാൻ സാധിക്കുകയുള്ളൂ"

★

മേക്കുന്നത്തു് കുഞ്ഞിക്കൃഷ്ണൻനായർ

പ്രാചീനകാലത്തിലെ വിദ്യാഭ്യാസരക്ഷാക്രമങ്ങൾ എത്രയെത്ര അഭിലഷണീയങ്ങളായിരുന്നാലും ഇന്നു നാം അവയിൽനിന്നും അകന്നകന്നുകഴിഞ്ഞുവെന്നതു് ഒരു പരമസത്യംമാത്രമാണു്. അന്നു് ഗുരുകുലസമ്പ്രദായത്തിൽ ഗുരുശിഷ്യബന്ധങ്ങൾക്കിടയ്ക്കു നിലനിന്നിരുന്ന പരിപാവനതയേയും ഹൃദയംഗമതയേയും വിദ്യാഭ്യാസം ഒരു കച്ചവടച്ചരക്കായി മാറിയ ഇന്നു് പ്രതീക്ഷിക്കുന്നതിൽ അത്ഭുതമില്ല. വിദ്യാഭ്യാസം വിപുലവും ജനകീയവുമായിത്തീർന്ന ഒരു കാലമാണിതു്. ഈ ജനകീയതയിൽ ഒട്ടേറെ പ്രശ്നങ്ങൾ പക്ഷെ ഉയർന്നുവന്നിട്ടുണ്ടു്. അവയ്ക്കു പരിഹാരംകാണാനുള്ള പരിശ്രമങ്ങൾ ഇന്നിയും വിജയശ്രീലാളിതമോ തൃപ്തികരമോ ആയിത്തീർന്നിട്ടില്ല.

ഈ പ്രശ്നങ്ങളിൽ പ്രധാനമായതു് വിദ്യാഭ്യാസത്തിന്റെ ഗുണനിലയുടെ സംബന്ധിച്ചുള്ളതാണു്. ആധുനികവിദ്യാഭ്യാസത്തിന്റെ ആസൂത്രണചരിത്രം നമുക്കു പരിശോധിക്കുക. ഭാരതീയവിദ്യാസമ്പ്രദായം മാറ്റി ഇവിടെ ഒരു പുതിയ വിദ്യാരീതി നടപ്പാക്കിയതു് വൈദേശികാധികാരമാണു്. മെക്കോളേപ്രഭുവിന്റെ ഉപദേശപ്രകാരം ഇന്ത്യയിലെ ഭരണമേധാവിയായിരുന്ന ബെൻടിങ്ക് പ്രഭു അക്കാലത്തു് സംസ്കൃതത്തിലും അറബിയിലും നടപ്പുണ്ടായിരുന്ന അധ്യാപനസമ്പ്രദായം ഉപേക്ഷിച്ചു ഇംഗ്ലീഷുള്ള ഒരു പുതിയ വിദ്യാരീതി പ്രചരിപ്പിച്ചു. സിവിൽസർവീസിൽ ഉദ്യോഗങ്ങളുറപ്പാക്കാൻ ഇന്ത്യക്കാരെ യോഗ്യരാക്കുകയാണു് ഈ വിദ്യാരീതിയുടെ ഉദ്ദേശ്യമായി പറയപ്പെട്ടതു്. എന്നാൽ അപ്പോഴേക്കും ഒളിഞ്ഞും പിന്നീടു് കൂടുതൽ കൂടുതൽ തെളിഞ്ഞും മറ്റൊരുദ്ദേശ്യം അതിനുണ്ടായിരുന്നുവെന്നും ഇന്ത്യാക്കാർക്കു് ഉദ്യോഗങ്ങളും നൽകുന്നതിനേക്കാൾ ഉപരിയായി ആ ഉദ്ദേശ്യമാണു് അവർ പ്രധാനമായിക്കരുതിയതെന്നും മനസ്സിലാക്കാൻ വൈകുമുണ്ടായില്ല. അടിമകളെന്നനിലയിൽ അടുത്തുതാഴേക്കിടക്കുന്ന ബ്രിട്ടീഷ് യജമാനന്മാരെ സേവിക്കുകയും ആരാധിക്കുകയുംചെയ്യുന്ന ഒരുകൂട്ടം ആൾക്കാരെ സൃഷ്ടിക്കുകയായിരുന്നു ഈ ഉദ്ദേശ്യം. അവരുടെ പിൻബലത്തോടുകൂടി, അഭൂതപൂർവ്വവിദ്യാരെന്നനിലയ്ക്കുള്ള അവരുടെ സ്വാധീനശക്തി ഉപയോഗപ്പെടുത്തി, ബ്രിട്ടീഷ്ധീരതന്ത്രം ഇന്ത്യയിൽ ശുദ്ധമൂലമാക്കുകയായിരുന്നു ലക്ഷ്യം. ബ്രിട്ടീഷ്ധികാരത്തിന്റെ കാവൽനായ്ക്കളെന്നനിലയ്ക്കു് ഇടയ്ക്കിടെ ഉദ്യോഗങ്ങളെന്ന അപ്പക്കഷണങ്ങളും അവർക്കു് എറിഞ്ഞുകൊടുക്കാതിരുന്നില്ല. എന്നാൽ കുറച്ചു കൊല്ലങ്ങൾക്കിടയിൽതന്നെ ഈ അടിമത്തത്തിന്റെ അനിവാര്യഫലങ്ങൾ അനുഭവപ്പെട്ടുതുടങ്ങി. സമുദായത്തിൽ അവ വ്യാപകമായ മാറ്റംവരുത്തി. അഭൂതപൂർവ്വവിദ്യാരെന്നഭിമാനിച്ച 'നാടൻസായിപ്പുമാർ' ഭാരതീയസംസ്കാരത്തെയും സമ്പ്രദായങ്ങളെയും അവജ്ഞയോടെ വീക്ഷിക്കുവാനും കുറപ്പെടുത്തുവാനും വൈദേശികമാതൃകകൾ ബന്ധമായി അനുകരിക്കുവാനും പാടിപ്പുകഴ്ത്തുവാനും അഭ്യസിച്ചവരായി. അവർ സമുദായത്തിൽ സ്വയം അറിയാതുബോധമുള്ള ഒരു 'വിശിഷ്ടവർഗ്ഗ'മായി പെരുമാറി. ആംഗ്ലേയവിദ്യാരീതി കൂടുതൽ പ്രചരിച്ചതോടുകൂടി തെഴിലില്ലായ്മയും പെരുകിവന്നു. തീച്ചൂളകളിൽനിന്നു മുളകുത്തി പുറത്തുവന്ന ഓടുകളെപ്പോലെ ബിരുദമുദ്രകളുംചാർത്തി വിദ്യാലയങ്ങളിൽനിന്നു പുറംതള്ളപ്പെടുകയും ക്ലർക്കുജോലിപോലും കൊടുക്കാനുണ്ടായിരുന്നില്ല. സ്വന്തംഗ്രാമങ്ങളിൽ വംശത്തൊഴിലുകൾനടത്തി ജീവിക്കുവാൻ ദുരഭിമാനം അവരെ അനുവദിച്ചുമില്ല. വൈദേശികപ്രൗഢിയുടെ തകർന്നടിഞ്ഞ സമ്പദ്വ്യവസ്ഥയ്ക്കു് അവരെ പുനർജ്ജീവിപ്പിക്കാൻ കഴിയുണ്ടായില്ല. അതിനാൽ തൊഴിലില്ലായ്മ അഭിമുഖീകരിച്ചും സംസ്കൃതകുടുംബത്തിൽ കഴിവുകൾ ചുരുങ്ങിയും വന്നു; ജീവിതമത്സരങ്ങൾ പെരുകി; ഏങ്ങും എത്തുംപിടിയുംകിട്ടാതെ നിരാശവളർന്നു, ആത്മവിശ്വാസം നശിച്ചു, പരാജയബോധംചരണം – ഇങ്ങിനെ ഭയങ്കരിയതയുടെ ഒരു ചിത്രമാണു് ആംഗ്ലേയവിദ്യാഭ്യാസം ഇന്ത്യയിൽ വരുത്തിവെച്ചതു്.

ഈ സനാതനകാലം കണ്ടറിഞ്ഞ രാജ്യസ്നേഹികളായ ചില ചിന്തകന്മാർ ജനങ്ങളുടെ ക്ഷേമസംസ്കരണങ്ങൾ നിലനിർത്താൻ ആംഗ്ലേയവിദ്യാരീതി മാറേണ്ടതാണെന്നു മനസ്സിലാക്കി. കേവലം സാഹിത്യപരമായ വിദ്യാഭ്യാസം നിരാകരിക്കണമെന്നും തൊഴിലിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു വിദ്യാസമ്പ്രദായം നടപ്പിൽവരുത്തണമെന്നും അവർ ഉദ്ഘോഷിപ്പിച്ചു. അങ്ങിനെയാണു് മഹാത്മാജി, നാരായണഗുരുവും, സക്കീർഹുസ്സൈൻ തുടങ്ങിയ വിദ്യാഭ്യാസവിചക്ഷണന്മാരുടെ നേതൃത്വത്തിൽ വർദ്ധാ മാതൃകാപദ്ധതിയും അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയും ആവിർഭവിച്ചതു്. ഭാരതത്തിലെ മാത്രമല്ല, പാശ്ചാത്യദേശങ്ങളിലെയും വിദ്യാഭ്യാസധുരന്ധരന്മാർ ഈ പദ്ധതിയിലെ തത്വം ആശംസയും ആദർശയോശ്യവും മാതൃകയുമായി പ്രായോഗികവും ജീവിതയഥാർത്ഥ്യങ്ങളും കിണങ്ങിയതുമാണെന്നു് പ്രകീർത്തിച്ചു. കൂട്ടികളുടെ ബുദ്ധിവികാസം കായികാവയവങ്ങൾക്കു് കർമ്മപരമായ കിട്ടുന്ന വികാസത്തെ ആശ്രയിച്ചിരിക്കുന്നു എന്നതാണു് ഈ പദ്ധതിയിലെ മൂലസിദ്ധാന്തം. ഗാന്ധിജിതന്നെ അതിനെ ഇത്തരത്തിൽ വിവരിച്ചിട്ടുണ്ടു്, "കൈ, കണ്ണു്, മുഖം". കൈവിരുതലായ ശാരീരികാവയവങ്ങളുടെ ശരിയായ അഭ്യസനത്തിലും പരിശീലനത്തിലുംകൂടി മാത്രമേ ബുദ്ധിയുടെ യഥാർത്ഥ വിദ്യാഭ്യാസം സാധിക്കയുള്ളുവെന്നു ഞാൻ വിശ്വസിക്കുന്നു. മാതൃവിദ്യയിൽ പറയുകയാണെങ്കിൽ ഒരു കുട്ടിയുടെ ബുദ്ധിവികസിപ്പിക്കുവാൻ ഏറ്റവും ഉത്തമവും എളുപ്പംകൂടിയുമായ മാർഗ്ഗം ശരീരത്തിലുള്ള അവയവങ്ങൾ ബുദ്ധിപൂർവ്വം പ്രയോജനപ്പെടുത്തുകയാണു്. മനസ്സും ശരീരവും ഒപ്പം വികാസം പ്രാപിക്കുകയും അതിനനുസരിച്ചു ആത്മാവു് ഉദ്ബുദ്ധമാകുകയുംവേണം. ആത്മവികസനംകൂടാതെ മനസ്സും ശരീരവുംമാത്രം വികസം പ്രാ

ഈ ലേഖകനു് ആശ്ചര്യാവഹമായി തോന്നിയതു് ആശാന്റെ 'ചിന്താവിഷ്ടയായ സീത'യിലെ ചില ശ്ലോകങ്ങൾക്കു 'പ്രിയവിലാപ'ത്തിലെ ചില ശ്ലോകങ്ങളോടുള്ള സാദൃശ്യമാണു്. ഏതാനും ഉദാഹരണങ്ങൾ കാണിക്കാം.

"ഒരു കൈ പണിചെയ്യലോകമി-
മറ്റൊരുകൈകൊണ്ടു നശിപ്പിച്ചിടുന്നതേ"
(പ്രിയവിലാപം)

"ഒരുകൈ പ്രഹരിക്കുവേപിടി-
ച്ചൊരുകൈകൊണ്ടതലോടുമേയി-
[മ്മനം"
(ചി: സീത)

"വനമാരുതനങ്ങു വേണ്ടവായ്
വിലസുംപൊന്മുകുളത്തുതുല്യമായ്"
(പ്രിയവിലാപം)

"വനവായുവിൽ വിണ്ടവേണുപോൽ
തനിയേനിന്ന പുലസ്ത്യനന്ദനേ"
ചി: സീത

"മഴവീണ കഴിഞ്ഞിടുന്നൊഴു-
ക്കഴിയിൽനിന്നെയരുന്നൊരീയിലം
പുഴവിന്നെതിരാം നരന്നഹോ
കഴിവുണ്ടുഭവിപ്രയന്തിനെങ്കിലും'
(പ്രിയവിലാപം)

"അരുതേതുപ്പതിനിന്ന കാർനിറ-
ത്തെരുതെരുമെൻ ഹൃദയംകണങ്ങളിൽ
ഉരുചിന്തകളാം പൈങ്കിളിതന്ന പുഴു-
ന്നൊരുമിച്ചീയൽകണക്കെമേൽക്കു-
[മേൽ"
(ചി: സീത)

ചമയുന്ന ഖനത്തുവും ക്രമേൽ
കഴിയുന്നോരം ദിനമൊട്ടുവേനലായ്
നിശയും സഖയേ നശിച്ചുടൻ
ശരിയായിട്ടുയരുന്ന സൂര്യനും.

അതുപോലെ ശ്രുതിതരങ്ങളും
പലനാളം ചെന്നിടവേ ശ്രുതങ്ങളും;
ഇതിബോധമുദിച്ചിടുന്ന മേ
മതിയിൽ കഃ പുനരിന്നതൊന്നഹോ!
(പ്രിയവിലാപം)

അഴലേകിയ വേനൽപോമുടൻ
മഴയാം ഭൂമിയിലംബുതോന്നുമേ;
പൊഴിയും തരുപത്രമാകവേ
വഴിയേ പല്ലവമാർന്നു പൂത്തിടും.
പിരിയാത്ത ശ്രുതിശ്രുതങ്ങളും-
ന്നൊരുവിശ്രുതിയെഴാതെ ജീവിതം
തിരിയാം ഭുവനത്തിൽ നിത്യമി-
ങ്ങിരുപക്ഷപ്പെടുമിന്നുവെന്നപോൽ.
(ചി: സീത)

ഇമ്മാതിരി ഉദാഹരണങ്ങൾ വച്ചുകൊണ്ടു്, ആശാൻ പ്രിയവിലാപത്തെ ഉപജീവിച്ചുവെന്നു തീർത്തുപറയുവാൻ പ്രയാസമുണ്ടു്. ആശാൻ, പ്രിയവിലാപമോ, ഇൻമെമോറിയമോ വായിച്ചിരുന്നിരിക്കാം അതിന്റെ ഫലമായി ചില ആശയങ്ങൾ മനസ്സിന്റെ അടിത്തട്ടിൽ അമർന്നുകിടന്നിരുന്നതു ശ്രുപാന്തരം പ്രാപിച്ചതാണെന്നുവരാം. ഉത്തുംഗപ്രതിഭയായ ആ മഹാകവിയുടെ ഹൃദയഖനിയിൽ സ്വതന്ത്രമായി വിളഞ്ഞ അനർഘരത്നങ്ങളുണ്ട മുകളിൽ ഉയരിച്ചിട്ടുള്ള ആശയങ്ങളും എന്നും വരാൻ പാടില്ലായ്കയില്ല.

പാശ്ചാത്യരീതിയിലുള്ള ഖണ്ഡകാവ്യങ്ങളും മലയാളത്തിൽ ആദ്യമായി രചിച്ചവർ എന്ന നിലയിൽ എ. ആർ. രാജരാജവർമ്മ, ശ്രീ: സി. എസ്സ്. സുബ്രഹ്മണ്യൻപോറ്റി, വി. സി. ബാലകൃഷ്ണപ്പണിക്കർ എന്നിവരെയാണു സംശയരഹിതമായി സാഹിത്യചരിത്രകാരന്മാർ സ്മരിക്കാറുള്ളതു്. എന്നാൽ അവരുടെ കൂട്ടത്തിൽ ശ്രീ: എം. രാജരാജവർമ്മതമ്പുരാൻ, സ്ഥാനമർഹിക്കുന്നുണ്ടോ എന്നുള്ള വസ്തുത സംശയാസ്പദമായി തുടരുന്നതിനെക്കുറിച്ചുള്ള ചിന്തയും ഇവിടെ ഉചിതമായിരിക്കുമെന്നു തോന്നുന്നു.

★

പിക്കുന്നതു നിരക്കുന്ന ഒരു ഭരണീയ കാര്യമായിരിക്കും. ആത്മപരിശീലനം എന്നതുകൊണ്ടു തൊണ്ടയ്ക്കു കുരുന്നതു ഹൃദയത്തിന്റെ വിദ്യാഭ്യാസത്തെയാണ്. കുട്ടിയുടെ കായികവും ആത്മീയവുമായ അഭ്യസനത്തോടൊപ്പംതന്നെ പുരോഗമിച്ചുകൊണ്ടു മാത്രമേ യഥാർഹവും സ്വതന്ത്രവുമായ മനോവികാസം സാധിക്കുകയുള്ളൂ. അവയെല്ലാംകൂടി അവിഭാജ്യമായ ഒരു സമഗ്രതയാണ്. ഇടയ്ക്കിടെ ഭാഗികമായോ പരസ്പരം വിഭക്തവും സ്വതന്ത്രവുമായ നിലയ്ക്കോ അവ വകുപ്പിക്കാൻ സാധിക്കുമെന്നു വിചാരിക്കുന്നതു, ഈ തത്വം മുൻനിർത്തി നോക്കിയാൽ, ഒരു പരമാബദ്ധമായിരിക്കും. കുട്ടിയുടെ കൈകളും തലച്ചോറും ആത്മാവും ഒരുപോലെ വികസിപ്പിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുക. അവന്റെ കൈകൾ ഇപ്പോഴും എന്തിനാണു മരവിച്ചിരിക്കുന്നു; ആത്മാവുകൊണ്ടു എന്തിനാണു വിസ്മൃക്കപ്പെട്ടിരിക്കുന്നുമെന്ന്." വിദ്യാർത്ഥികളുടെ കായികവും മാനസികവുമായ കഴിവുകൾക്കു തുല്യപ്രാധാന്യവും പരസ്പരാപേക്ഷയും നൽകിക്കൊണ്ടുള്ള ഒരു വിദ്യാഭ്യാസമാണ് ഈ പദ്ധതി വിഭാവനംചെയ്യുന്നതു്. ശരീരത്തിനും മനസ്സിനുമുള്ള ഉത്തേജനംപോലെ സാമൂഹ്യധർമ്മബോധവും യോജിച്ചു പ്രവർത്തിക്കുവാനുള്ള കഴിവും കുട്ടികളിൽ വളർത്തുവാൻ ഈ പദ്ധതി ഉദ്ദേശിച്ചു; കായികപ്രയത്നത്തിനു പ്രോത്സാഹനവും നൽകി അതിനെ കേന്ദ്രാവലംബമാക്കി. ക്ലാക്കേജോലി ലക്ഷ്യമാക്കിയതിലുള്ള ദോഷങ്ങളും പരിഹരിക്കാൻ ഈ പദ്ധതി പരിശ്രമിച്ചു. തൊഴിലെടുത്തു ജീവിക്കാനുള്ള ആത്മവിശ്വാസം വളർത്തുക; തൊഴിലുകൾക്കു നേരെയുള്ള അവജ്ഞ നീക്കുക; ഒന്നാന്തരമൊരു പൗരനെന്ന നിലയിൽ സാമൂഹ്യജീവിതത്തിലെ സാമാന്യനിയമങ്ങളുമായി കൂടിക്കഴിയുവാനും ഐകമത്യത്തിൽ ജീവിക്കുവാനും പരിശീലിക്കുക, സാമൂഹ്യധർമ്മങ്ങളും മനസ്സിലാക്കി രാജ്യത്തിനുപകാരമുള്ള ഉത്തമപൗരന്മാരാകുക ഇതെല്ലാം തൊഴിൽവിദ്യാഭ്യാസത്തിന്റെ ഫലങ്ങളാകണമെന്നു് തൽപ്രണേതാക്കൾ കരുതി. പ്രവർത്തനത്തിൽ ഉദ്യോഗം കേന്ദ്രീകരിച്ചിരിയുന്ന വിദ്യാഭ്യാസത്തിന്റെ ദോഷങ്ങളും നിർമ്മൂലനംചെയ്യുക, കായികവും മാനസികവുമായ ആരോഗ്യവും സംതൃപ്തിയും തൊഴിലുകൾക്കു് ഉപരിയും സാമകരണബോധവും വളർത്തുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായം നടപ്പാക്കുക എന്നതായിരുന്നു ഉദ്ദേശ്യം. അടിസ്ഥാനവിദ്യാഭ്യാസപദ്ധതി പുതിയ ശവമേന്തുകയും ഒരു ദേശീയപദ്ധതിയായി അംഗീകരിച്ചുവെന്നതാണു പരമാർത്ഥം. ഐകകണ്ഠ്യം സ്ഥാനത്തിലും മാറ്റം നവീനപദ്ധതിയിൽ നടത്തിയ പരീക്ഷണങ്ങളും പൂർണ്ണവിജയപ്രദമായിരുന്നു. പദ്ധതി ഇന്ത്യയിൽ സാർവ്വത്രികമായി നടപ്പിൽ വരുമെന്ന വിദ്യാപ്രേമികളും ആശിച്ചു. പക്ഷെ അതൊരാശാമാത്രമായി ഇന്നും അവശേഷിക്കുന്നു.



വലതുവശത്തു നിൽക്കുന്ന ഐക്യരാഷ്ട്രസംഘത്തിലേയ്ക്കുള്ള യുണൈറ്റഡ് സ്റ്റേറ്റ്സ് പ്രതിനിധി ഛൈൽഡ് കെണ്ടട്ട്ലഡ്ജ്, പുതിന യു. എൽ. സെക്രട്ടറിജനറൽ ഡാഗ് ഹാമർഷെൽഡിനു 6000000 ഡാളറിനുള്ള ഒരു ചെക്ക് സംഭാവനചെയ്യുന്നു. യു. എൻ-ന്റെ 1953 ലെ സാങ്കേതിക സഹായപദ്ധതിക്കു നൽകുന്ന സഹായത്തിന്റെ ആദ്യഗഡുവായാണിതു്. മറ്റു രാജ്യങ്ങളെല്ലാം ചേർന്ന് (ഇതിനായി വാഗ്ദാനംചെയ്തിട്ടുള്ള മൊത്തം സംഖ്യയായ 20863575 ഡാളറിന്റെ 60 ശതമാനം യു. എസ്. വാഗ്ദാനംചെയ്തിട്ടുണ്ട്.

ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ശ്രദ്ധാകേന്ദ്രം എന്തായിരിക്കണമെന്നു്? ചില കേടങ്ങളിൽ അടിസ്ഥാനവിദ്യാഭ്യാസം നടത്തുന്നുണ്ടെങ്കിലും മറ്റിടങ്ങളിൽ പഴയ വിദ്യാഭ്യാസക്രമംതന്നെ നിലനിൽക്കുന്നു. അടിസ്ഥാനവിദ്യാഭ്യാസപദ്ധതി അനുസരിച്ചും പഴയരീതിയിലും അധ്യാപകന്മാർക്കു പരിശീലനവും നൽകിവരുന്നു. അതുകൊണ്ടു എല്ലാം കൂട്ടിക്കുഴച്ചു അവിയൽ പാകത്തിലുള്ള ഒരു വിദ്യാഭ്യാസസമ്പ്രദായമാണു നിലവിലുള്ളതു്. സുനിശ്ചിതമായ ഒരു വിദ്യാഭ്യാസനയത്തിന്റെ അഭാവത്തെ ഇതു സൂചിപ്പിക്കുന്നു. ഇതാശാസ്യമല്ലതന്നെ. ഈ സങ്കീർണ്ണരീതി കുഴപ്പം വളർത്തുകയും അദ്ധ്യാപകനാക്കും അധ്യേതാക്കൾക്കും അസംതൃപ്തി ഉണ്ടാക്കുകയും വിദ്യാഭ്യാസത്തെക്കുറിച്ചുള്ള മതിപ്പ് കുറയ്ക്കുകയുംചെയ്യുന്നു. മാത്രമല്ല, രണ്ടു പദ്ധതികളുടെയും നടത്തിപ്പ് വിദ്യാഭ്യാസം നിരന്തരമായ ഒരു പരീക്ഷണത്തിനു വിധേയമായപോലെയും തോന്നും. ഈ പരീക്ഷണത്തിന്നർത്ഥമില്ല. പഴയ വിദ്യാഭ്യാസത്തിന്റെ ദോഷങ്ങളും പരിഹരിക്കാൻ അടിസ്ഥാനവിദ്യാഭ്യാസത്തിനുള്ള കഴിവുകളിൽ ശവമേൽപ്പ് വിശ്വസിക്കുന്നുണ്ടോ? ഇന്ത്യയുടെ ദേശീയവിദ്യാഭ്യാസപദ്ധതിയായിരിക്കുവാൻ അതിനു യോഗ്യതയുണ്ടെന്നു കരുതുന്നുണ്ടോ? —ഇതാണ് നിസ്സംശയിക്കപ്പെടേണ്ടുകാര്യങ്ങൾ. ഉണ്ടെങ്കിൽ അവർ ആ വിദ്യാഭ്യാസപദ്ധതി സാവധാനമായി നടപ്പിൽവരുത്തട്ടെ. വിശ്വാസത്തിൽ ഉറച്ചുനിന്നു ധീരമായി പ്രവർത്തിക്കട്ടെ. പരീക്ഷണങ്ങളും അതിരില്ലാതെ നീട്ടുന്നതുകൊണ്ടു പ്രയോജനമില്ല. ഈ പരീക്ഷണങ്ങളും രാസശാലയിലെ നിർജ്ജീവവസ്തുക്കളെക്കൊണ്ടല്ല നടത്തുന്നതെന്നും മാംസവും രക്തവും ജീവനും ഓജസ്സിയുമുള്ള മനുഷ്യകുലത്തിലെ ശിശുക്കളെക്കൊണ്ടും അധ്യാപകന്മാരെക്കൊണ്ടുമാണെന്നും ഉത്തരവാദപ്പെട്ടവർ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇനിയും സംശയിച്ചുനിൽക്കുന്നതു നിഷ്ഫലമാണ്; അതുകൊണ്ടു ആപത്തുണ്ടാകുന്നതും. സംശയാത്മാവിനശ്യതി എന്നാണല്ലോ അസന്ദിഗ്ദ്ധമായ പ്രമാണം.

അതല്ല, അടിസ്ഥാനവിദ്യാഭ്യാസം ഇവിടെ യോജിച്ചുതല്ലെന്ന അഭിപ്രായമുണ്ടെങ്കിൽ അതു മാറ്റിവെക്കേണ്ട ആവശ്യമില്ല. ഈ രാജ്യത്തു് വിദ്യാഭ്യാസവിദഗ്ദ്ധന്മാക്കു ക്ഷാമമില്ലല്ലോ. സൌകര്യമുള്ള ഒരു സ്ഥാനത്തിൽ അവർ സമ്മേളിച്ചു് അഭിപ്രായങ്ങളും അനുഭവങ്ങളും കൈമാറി അഭികാമ്യവും പ്രായോഗികവുമായ ഒരു പദ്ധതി രൂപവത്കരിക്കട്ടെ. നമുക്കു ഒരു കേന്ദ്രവിദ്യാഭ്യാസസമിതിയുണ്ടു്. ആ സമിതിയുടെ അഭിമുഖ്യത്തിൽ നിഷ്കൃഷ്ടമായാലോചിച്ചു ഇന്ത്യയ്ക്കു ഒരു ദേശീയവിദ്യാഭ്യാസപദ്ധതി അവർ നിർദ്ദേശിക്കട്ടെ. അതു രാജ്യമെങ്ങും നടപ്പാക്കട്ടെ. ഒരു വിരോധവുമില്ല. പക്ഷെ പഴയ ചട്ടക്കൂട്ടിൽനിന്നിളകാതെ ഇന്ത്യയിലെ വിദ്യാഭ്യാസം അപ്രായോഗികവും വ്യക്തിത്വമറ്റതും അപഹാസ്യവുമാക്കിത്തീർക്കുന്നതു് ശരിയല്ല.

പ്രാഥമികവിദ്യാഭ്യാസത്തിൽ പ്രത്യേകമായും ചില വ്യവസ്ഥകളും അടിയന്തിരമായി നടപ്പിൽവരുത്തേണ്ടതാണ്. പ്രാഥമികവിദ്യാഭ്യാസത്തിനു സ്വതന്ത്രവും കൃത്യക്ഷമവുമായ ഒരു പദവി ഉണ്ടായിരിക്കണം. ഒരു ദേശീയവിദ്യാഭ്യാസപദ്ധതി സുനിശ്ചിതരൂപത്തോടുകൂടി അതിനുവേണ്ടി അവതരിപ്പിക്കണം. ഹിമാചലപ്രദേശംമുതൽ കന്യാകുമാരിവരെ ആ പദ്ധതിയുടെ സാമാന്യതത്വങ്ങളിൽ അടിയുറച്ചുനിന്ന ഏതാണ്ടു് ഐകരൂപ്യമുള്ള വിദ്യാഭ്യാസമാകണം പ്രചരിക്കുന്നതു്. ദേശീയവിദ്യാഭ്യാസപദ്ധതി ഭരണീയസംസ്കാരത്തിന്റെ വ്യക്തിമുദ്രപതിഞ്ഞതും വൈദേശികവിദ്യാക്രമത്തിന്റെ ദോഷങ്ങളും പരിഹരിക്കുന്നതും ജീവിതപ്രശ്നങ്ങളെ നേരിടുവാനും അവയ്ക്കു് നിവാരണംകാണുവാനും ഉതകുന്നതുമായിരിക്കണം. അത്തരത്തിൽ രാജ്യവ്യാപകവും നിർബ്ബന്ധവുമായ ഒരു ദേശീയവിദ്യാഭ്യാസപദ്ധതിയുടെ മാത്രമേ ഇന്നത്തെ വിദ്യാഭ്യാസപ്രശ്നത്തിനു പരിഹാരം നിർദ്ദേശിക്കുവാൻ സാധിക്കുകയുള്ളൂ. അതിന്റെ പ്രചരണത്തിൽ വിദ്യാവിഷയകമായ ഒരു പുതിയ ഔത്സുക്യവും ആവേശവും അനുവർത്തിക്കണം; പുത്തൻകഴിവുകളും അതിൽ കൂട്ടിച്ചേർത്തുവികസിക്കണം. അങ്ങിനെ സാർവ്വത്രികമായ ഒരു ദേശീയവിദ്യാഭ്യാസപദ്ധതി അവതരിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും കേന്ദ്രശക്തിക്കുണ്ടു് അടിയുറച്ചതിരമായ കർത്തവ്യബോധത്തോടും ദൃഢനിശ്ചയത്തോടും കൂടി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ചില പുതിയ വിദ്യാഭ്യാസപദ്ധതികളും ചില സംസ്ഥാനങ്ങളിൽ ആസൂത്രണംചെയ്യുകയുണ്ടായി. മദിരാശി സ്റ്റേറ്റിൽ ശ്രീ: രാജഗോപാലാചാരി ഇയ്യിടെ അവതരിപ്പിച്ച ഗ്രാമവിദ്യാഭ്യാസപദ്ധതി ഇവിടെ അനുസ്മരണീയമാണ്. ഇതിനെപ്പറ്റി വിദ്യുല്ലേഖകനും പല നിരൂപണങ്ങളും നടത്തിക്കഴിഞ്ഞു. മൊത്തത്തിൽ ഒരുകാര്യം സംശയമില്ലാതെപറയാം. തമിഴ്നാട്ടിലെ ഗ്രാമ

വ്യവസ്ഥിതികളിൽ പദ്ധതി പക്ഷെ വിജയിച്ചേക്കാമെങ്കിലും മലബാറിൽ അതു അപ്രായോഗികവും പരാജയോന്മുഖവുമാകുമെന്നു വഴിയുള്ള. എന്റെ അഭിപ്രായത്തിൽ, കുലത്തൊഴിലുകൾ ഗ്രഹങ്ങളിൽനിന്നു പരിശീലിപ്പിക്കുക എന്ന മായുടെ ഉള്ളിൽ നില്ക്കുന്ന ഈ പുതിയ പദ്ധതി അടിസ്ഥാനവിദ്യാഭ്യാസത്തിനു വേണ്ടിവരുന്ന ചെലവിൽനിന്നു ഒഴിഞ്ഞുമാറുവാനുള്ള ഒരു സൂത്രമാണ്. ഇത്തരം പദ്ധതികളുടെയും വിദ്യാഭ്യാസത്തിന്റെ ശ്രദ്ധനിലയ്ക്കുന്നു സംബന്ധിച്ചുള്ള ആശങ്കയുടെ പ്രശ്നത്തിനു പരിഹാരം കാണാൻ സഹായിക്കയില്ല. സാമൂഹ്യസേവനം, പൌരത്വബോധം, തൊഴിൽപരിശീലനം എന്നിവയിൽ പരിചയമുണ്ടാക്കുവാൻ വേണ്ടി സാമൂഹ്യശാസ്ത്രം, പൌരധർമ്മം, പ്രകൃതിപഠനം, തോട്ടപ്പണി, കൈത്തൊഴിൽ മുതലായ വിഷയങ്ങൾ പഠിപ്പിക്കണമെന്നു നിർദ്ദേശിച്ചതുകൊണ്ടും ഫലമില്ല. ഇവയെല്ലാം പഴയ പദ്ധതിമേൽ തൊട്ടുത്ത വിധത്തിലുള്ള ഏച്ചുകൂട്ടലുകളാണ്. രാജ്യവ്യാപകമായി നടപ്പിൽവരുന്ന ഒരു ദേശീയവിദ്യാഭ്യാസപദ്ധതി കൊണ്ടു മാത്രമെ പ്രശ്നത്തിനു നിവാരണം കാണുവാൻ കഴിയുകയുള്ള. അല്പാല്പം മാറ്റിയും മറിച്ചും ഏച്ചുകൂട്ടിയുംകൊണ്ടു കാര്യങ്ങൾ നടത്താമെന്നു കരുതുന്നതു ആശാവഹമല്ല.

നമ്മുടെ ഭരണഘടനയിൽ, പത്തു കൊല്ലങ്ങൾകൊണ്ടു് എല്ലാ കുട്ടികൾക്കും സൌജന്യവും നിർബന്ധവുമായ പ്രാഥമികവിദ്യാഭ്യാസം നൽകുമെന്നും ജനങ്ങളെ നൂറുശതമാനം സാക്ഷരരാക്കുമെന്നുമുള്ള ഒരു പ്രതിജ്ഞയും അതുസംബന്ധിച്ചു ഉത്തരവാദിത്വവും നാം ഏറ്റെടുത്തിട്ടുണ്ടു്. സൌജന്യവും നിർബന്ധവുമായ പ്രാഥമികവിദ്യാഭ്യാസത്തിൽനിന്നു നാം ഇന്നും അകലെയാണു്. ഈ പ്രോഴാകട്ടെ ഇന്ത്യയിലുള്ള ശരാശരി സാക്ഷരതപോലും പതിനാറുശതമാനം മാത്രമാകുന്നു. ലക്ഷ്യത്തിലേക്കെത്താൻ ഇനിയും ആയിരമടങ്ങളുടെ മുക്കു സഞ്ചരിക്കണം. വിദ്യാഭ്യാസരംഗത്തിൽ മുന്നണിയിൽ പരിശോഭിക്കുന്ന തിരു-കൊച്ചിയിൽപോലും അക്ഷരതുശതമാനം സാക്ഷരതമേ ഉള്ളുവെന്നാണു് കണക്കുകൾ കാണിക്കുന്നതു്. ഇതു് അഭിമാനാർഹം തന്നെയെങ്കിലും പൂർണ്ണശതമാനത്തിലേക്കെത്താൻ ഇനിയും മുന്നോട്ടുപോകണമല്ലോ. സാക്ഷരതപോലും നേരിടാൻ വയോജനവിദ്യാഭ്യാസം ഒരു പ്രവർത്തനോപായമാണു്. ഈ വിദ്യാഭ്യാസം ഇന്നു പലേടങ്ങളിലും നാമമാത്രവും കൃത്രിമവുമായി നടന്നിട്ടുവിദ്യാനിരിക്കുന്നതു്. ഇല്ലാത്ത ക്ലാസ്സുകൾക്കു് പണം പറഞ്ഞവർക്കുടി ഇല്ലായ്കയല്ല. വയോജനവിദ്യാഭ്യാസപ്രവർത്തനത്തിനു് ഇന്ത്യയ്ക്കുട്ടുക്കും ഒരു ദേശീയനയവും പരിപാടിയും പുതിയ കമ്മറ്റിവേശവും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇപ്പോൾ പ്രവർത്തകന്മാർ ക്ലാസ്സുകൾ നടത്തുന്നതിൽ യാതൊരു ഐകരൂപ്യവുമില്ല. അതുപോരാ. ഒരു പ്രത്യേക പദ്ധതിയും പരിപാടിയും രാജ്യത്തെങ്ങും സംഘടിപ്പിക്കണം. പുതിയൊരു അന്തരീക്ഷം വളർത്തുകയും വേണം. അല്ലാത്തപക്ഷം ഭരണഘടനയിലെ വാഗ്ദാനം നിഷ്ഫലമായിപ്പോകും. വിദ്യാഭ്യാസാധികൃതരുടെയും പ്രവർത്തകരുടെയും സജീവശ്രദ്ധ അർഹിക്കേണ്ട ഒരു വിഷയമാണിതു്.

പ്രാഥമികവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മറ്റൊന്നാണു് അധ്യാപകന്മാരുടെ പ്രശ്നം. അധ്യാപനം മഹനീയസേവനമാണെന്ന ബോധവും കർമ്മക്ഷമതയും സംതൃപ്തിയും ഉള്ള അദ്ധ്യാപകന്മാരുടെ രാജ്യത്തിൽ മഹത്തായ ഒരു ദേശീയവിദ്യാഭ്യാസം വളർത്തുവാൻ സാധിക്കയുള്ള. ഇന്നത്തെ അദ്ധ്യാപകലോകം ഇതിനു വിപരീതമായാണു് അനുഭവം. അവർ ഇന്നു് ഒരു സംതൃപ്തവിഭാഗമാണു്, ജീവിതാവശ്യങ്ങൾ നിറവേറുവാൻ അവർക്കു ലഭിക്കുന്ന വേതനം അപര്യാപ്തമാണു്. അതിനാൽ അസംതൃപ്തി തുടച്ചയായി നിലനിൽക്കുകയും കർമ്മപ്രവീണ്യത്തെ വിപരീതമായി ബാധിക്കുകയും ചെയ്യുന്നു. ശ്രദ്ധമെൻറ അവരുടെ അസംതൃപ്തി കുറച്ചെങ്കിലും പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ടു്. തൃപ്തികരമാകുവാൻ കുറച്ചുകൂടി മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. അദ്ധ്യാപകന്മാരുടെ വേതനവ്യവസ്ഥ അശാസ്ത്രീയമാക്കുന്നതോടൊപ്പംതന്നെ അവരുടെ കർമ്മശേഷിയും വളർത്തുവാനും ദേശീയവിദ്യാഭ്യാസപ്രചരണത്തിലെ യോഗ്യതികഞ്ഞ പങ്കാളികളാക്കുവാനും അവർക്കു ബോധമുണ്ടാക്കുവാനും വേണ്ടതു് പ്രവർത്തിക്കണം. ഇന്നത്തെ അദ്ധ്യാപകന്മാരുടെ അലസത അക്ഷന്തവ്യമാണു്. ഒരു പുതിയ ആവേശം അവരുടെ ഹൃദയങ്ങളിൽ അലതല്ലണം. കർമ്മസേവനങ്ങളിൽ അവർക്കു ഉൽഘോഷിതമായ അനുഭവപ്പെടണം. എന്നാൽമാത്രമേ അവരിൽനിന്നു വേണ്ടത്ര സഹകരണം ലഭിക്കുമെന്നു പ്രതീക്ഷിച്ചുകൂടൂ.

ഇത്തരത്തിൽ ഇന്നത്തെ പ്രധാന വിദ്യാഭ്യാസപ്രശ്നങ്ങൾക്കു് ഒരു ദേശീയവിദ്യാഭ്യാസത്തിന്റെ ആസൂത്രണംകൊണ്ടും പ്രചരണംകൊണ്ടും നിവാരണം കാണാൻ കഴിയും. അതിൽ നാം വിജയിക്കുന്നപക്ഷം സുസ്ഥിരവും ആശാവഹവുമായ വിദ്യാഭിവൃദ്ധി നമുക്കു അവകാശപ്പെടാം. കേന്ദ്രത്തിൽനിന്നുതന്നെ അതിലേക്കു നിർദ്ദേശങ്ങൾ നൽകുകയും ഉൽഘോഷിതമായി പ്രവർത്തിച്ചു പരിപാടികൾ ഫലപ്രദമാക്കാൻ പരിശ്രമിക്കുകയുമാണു് ഇന്നത്തെ ആവശ്യം.

* ശ്രീശങ്കരജയന്തിപ്രമാണിച്ചു കാലടിയിൽ നടത്തുന്ന വിദ്യാഭ്യാസസമ്മേളനത്തിൽ ഈ വിഷയത്തെപ്പറ്റി പ്രസംഗിക്കുമെന്നോറപ്രകാരം ലേഖകൻ പാകപ്പെടുത്തിയ ചില ഓർമ്മക്കുറിപ്പുകളെ അവലംബിച്ചാണു് പ്രസ്തുത ലേഖനം എഴുതിയതു്. ചില അസൌകര്യങ്ങൾമൂലം ലേഖകനു് സമ്മേളനത്തിൽ സംബന്ധിക്കുവാൻ സാധിച്ചില്ല.

★

പുരിയിലെ പാണ്ടകൾ

— മൂക്കോത്തു കുഞ്ഞപ്പ —

വടക്കെ ഇന്ത്യൻക്ഷേത്രങ്ങളിൽ പൂജാദികർമ്മങ്ങൾ വിധിച്ചിട്ടുള്ള ബ്രാഹ്മണർക്കാണു് "പാണ്ട" എന്ന പേരുള്ളതു്. കാശിയിലോ, കാളിഘട്ടിലോ, പുരിയിലോ, മഥുരയിലോ വല്ല പുണ്യക്ഷേത്രങ്ങളിലോ ദേവദർശനത്തിനുപോകുന്നവർക്കു് ഈ പാണ്ടകളെക്കൊണ്ടുള്ള ബുദ്ധിമുട്ടു് ഇതുവരെ ആരും പറഞ്ഞറിയിക്കാൻ പ്രയാസം. പൂണൂലുധരിച്ചവരൊക്കെ ബ്രാഹ്മണരാണെന്നും, അതുകൊണ്ടു പൂജാരികളാണെന്നും ധരിച്ചു കൊണ്ടു ധരിക്കുന്ന ജനങ്ങളുടെ കൈയിലുള്ള പണം, ഇവർ നാണയം, അതിശയോക്തിയും, മാറും പറഞ്ഞു പിടിച്ചു പറകയാണു് ഇവരിൽ മിക്കവരുടെയും ജോലി. കാശിയിലും മാറും എത്തിയവരുടെ സമ്പാദനവും ഈ പാണ്ടകളാകുന്ന പ്രാപ്പിടിയന്മാർ പിടിച്ചുപറക്കുന്നതുകൊണ്ടു തിരിച്ചുവരാനുള്ള വണ്ടിക്കൂലിയുംകൂടി നഷ്ടമായി ചിലർ വട്ടത്തിലായിട്ടുണ്ടു്. പുരിയിൽ ഇന്നാദ്യം ഞാൻ പോയപ്പോഴും സ്നേഹിതന്മാർ എന്നെ മുൻകൂട്ടി താക്കീതുചെയ്തിരുന്നതും, കരുതിയിരിക്കണമെന്നു ഉപദേശിച്ചതും ഈ പാണ്ടകളുടെ കാര്യത്തിലായിരുന്നു. ഞാൻ ഇവരുടെ കൈയിൽനിന്നു രക്ഷപ്പെടുമെന്നു ഒരിക്കലും വിചാരിച്ചിരുന്നില്ല. പക്ഷെ, ഭഗവാന്റെ കൃപകൊണ്ടു് ഞാൻ ഇവരുടെ കൈയിൽനിന്നു രക്ഷപ്പെടുകയും ചെയ്തു.

പുരിയിലെ പാണ്ടകൾ ഏതാണ്ടു് ഇരുനൂറിലധികം വരുമെന്നാണു് കേട്ടതു്. അവരെ നിയന്ത്രിക്കുന്നതിനു് ഒരു സംഘടനയുണ്ടു്. അതിന്റെ പ്രസിഡന്റു് ഒരു ഗുജറാത്തിയാണു്. അദ്ദേഹത്തിന്റെ കീഴിൽ ഒരു സെക്രട്ടറിയും ഒരു ട്രഷററും ഉണ്ടു്. ഇവരുടെ ഓഫീസിൽ ഓരോ പാണ്ടയുടെയും പേരും വിലാസവും രജിസ്റ്റർ ചെയ്തിട്ടുണ്ടു്. ഓരോ പാണ്ടയുടെയും കീഴിൽ ഓരോ ഗുമസ്തനുണ്ടു്. ഈ ഗുമസ്തന്മാരുടെ ജോലി തീർത്ഥയാത്രക്കാരെ കണ്ടുപിടിച്ചു തങ്ങളുടെ യജമാനന്മാരുടെ അടുക്കൽ കൊണ്ടുവരികയാണു്. ഈ ഗുമസ്തന്മാർ തീർത്ഥയാത്രക്കാരെ കണ്ടുപിടിക്കുന്നതിനു് ഒരു പ്രത്യേകരീതിയുണ്ടു്. അവർ ഓരോ ദിവസവും രാവിലെ ഏഴുമണിക്കു് ഒരു ബസ്സിൽ പുരിയിൽനിന്നു പുറപ്പെടുന്നു. ഈ ബസ്സിൽ ഒരു ഗുമസ്തനും ഒരു ഡ്രൈവറും മാത്രമേ ഉണ്ടാകുകയുള്ളു. ഈ ബസ്സു് ഏതെങ്കിലും ഒരു ക്ഷേത്രത്തിലേക്കു പോകുന്നതു കണ്ടാൽ ഉടനെ അതിനു പിന്നാലെ മറ്റൊരു ബസ്സിൽ ഗുമസ്തന്മാർ പുറപ്പെടുന്നു. ഈ ബസ്സുകൾ ഏതെങ്കിലും ഒരു ക്ഷേത്രത്തിൽ ചെന്നു നിന്നാൽ ഉടനെ ഗുമസ്തന്മാർ ഓരോ ബസ്സിൽനിന്നും ചാടിയിറങ്ങി ഓരോ തീർത്ഥയാത്രക്കാരനെ പിടിച്ചുകൊണ്ടുപോകുന്നു. ഈ ഗുമസ്തന്മാർ ഓരോ തീർത്ഥയാത്രക്കാരനെ പിടിച്ചുകൊണ്ടുപോകുന്നതു കണ്ടാൽ ഉടനെ അവരുടെ യജമാനന്മാരായ പാണ്ടകൾ ഓരോ ടാക്സിയിൽ കയറി അവരുടെ പിന്നാലെ പുറപ്പെടുന്നു. ഈ ടാക്സികൾ ഏതെങ്കിലും ഒരു ക്ഷേത്രത്തിൽ ചെന്നു നിന്നാൽ ഉടനെ പാണ്ടകൾ ടാക്സിയിൽനിന്നു ചാടിയിറങ്ങി തങ്ങളുടെ ഗുമസ്തന്മാരുടെ കൈയിൽനിന്നു തീർത്ഥയാത്രക്കാരനെ പിടിച്ചുവാങ്ങുന്നു. ഈ പിടിവലിയിൽ ചിലപ്പോൾ തീർത്ഥയാത്രക്കാരൻ രണ്ടായിപ്പിളര

വസ്ത്രങ്ങളും, മാത്തിയ മാലകളും, മാറുകയായി; വസ്ത്രം മാറിയുള്ള സ്നാനത്തിനു "അവകാശ" എന്നു പേർ. "അവകാശ"ക്കുളിയും കഴിഞ്ഞു വേഷമായി; അതായതു ജീർണ്ണ വസ്ത്രങ്ങളുപേക്ഷിച്ചു ദേവൻ ശുഭവസ്ത്രങ്ങളും ധരിക്കുകയായി. അതോടുകൂടി ജഗന്നാഥൻ ജനങ്ങൾക്കു ദർശനത്തിനുതെയ്യാറായിരിക്കയാണു്. അതു് ഏകദേശം ഒമ്പതു്, ഒമ്പതരമണിയായിരിക്കും. പത്തുപന്ത്രണ്ടുമണിവരെയുള്ള ലോകരുടെ സങ്കടങ്ങളും, അപേക്ഷകളും കേട്ടുകൊണ്ടും, പ്രണാമനമോച്ചാരണങ്ങൾകളും സ്വീകരിച്ചുകൊണ്ടും ഭഗവാൻ വിഹരിക്കുകയാണു്. ദർശനംകഴിഞ്ഞിട്ടുള്ള കുളിയാണു് ശരിയായ കുളി. അതിനു പേരുതന്നെ മഹാസ്നാനം എന്നാണു്. "ദർശനവേളയിൽ പലജാതിക്കാരും അടുത്തുവന്നു് അശുദ്ധമാക്കുന്നതല്ലേ? അതിനാണു് മഹാസ്നാനം," എന്നു പാണ്ഡ്യ വ്യാഖ്യാനിച്ചു. "ഹരിജനങ്ങൾക്കു ക്ഷേത്രപ്രവേശനം നൽകിയതിൽപ്പിന്നെ മഹാസ്നാനം കുറേക്കൂടി വിസ്തരിച്ചായിട്ടുണ്ടാവണം" എന്നു ഞാൻ പറഞ്ഞതിനു്, "അതില്ല" എന്നു പാണ്ഡ്യ ഉത്തരം പറഞ്ഞു. അതു കൊള്ളാം.

ദർശനത്തിനുശേഷമുള്ള സൂര്യപൂജയിൽ, ജഗന്നാഥന്റെ പൂജാരികളൊക്കെച്ചേർന്നു് സൂര്യനെ പൂജിക്കുകയാണുചെയ്യുവതു്. സൂര്യനെ പൂജിച്ചുകഴിഞ്ഞാൽ, വൈകുണ്ഠത്തിലെ ദ്വാരപാലന്മാരായ ജയ,വിജയന്മാരെ പൂജിക്കുന്നു. ഇതുകൂടി കഴിഞ്ഞതിനുശേഷമാണു് ജഗന്നാഥൻ ഭക്ഷണംകഴിക്കുന്നതു്. ഭക്ഷണം രണ്ടുവിധത്തിലുണ്ടു്. ഒന്നു് ബാല്യഭോഗു്, രണ്ടു് രാജഭോഗു്. ബാല്യഭോഗിൽ, ഫലമൂലാദികളും പചിക്കാതെ ഭക്ഷിക്കുകയാണു്. രാജഭോഗിനാണു് പാചകംചെയ്തഭക്ഷണം കഴിക്കുന്നതു്. അതു് 25 തരത്തിലുള്ള വിഭവങ്ങളോടുകൂടിയായിരിക്കും. പൂരിയിൽ അരിവെപ്പുമുറിയെന്നു കാണേണ്ടതാണു്, പത്തുനൂറു പാചകവേലക്കാരായ ബ്രാഹ്മണർ ഒരേസമയത്തു പചിക്കുന്ന ഒരു ഗംഭീരമായ ശാലയാണതു്. ഇതുകൂടാതെ ഭക്ഷണം, ആരാണു് തിന്നതീർക്കുക എന്നുള്ള എന്റെ പ്രശ്നം അജ്ഞാനം കൊണ്ടു് ചോദിച്ചുപോയതായിരുന്നു.

പൂരിക്ഷേത്രത്തിൽ വെച്ചുണ്ടാക്കുന്നപ്രസാദം ഭക്ഷിക്കുവാനായി 750 മഠങ്ങളിലായി 15,000 സന്ന്യാസികളുണ്ടു്. ഒരു വേലയുംചെയ്യാതെ തിന്നുതടിച്ചുങ്ങിനെ കുടുകയാണു് ഈ 15,000 ആളുകളും. സങ്കല്പത്തിൽ അവർ സർവ്വവും സന്ന്യസിച്ചു, ലോകക്ഷേമത്തിനുവേണ്ടി പ്രയത്നിക്കുന്ന ഭക്തരായോഗികളാണെന്നാണു വെപ്പു്. ക്ഷേത്രത്തിലുള്ള മാറാള കാര്യങ്ങളും നിർവ്വഹിക്കുന്നതിൽ പൂജാരികളും എത്ര ഉപേക്ഷകാണിക്കുന്നുവെന്നു ഓർമ്മിച്ചാൽമതി, ഈ 15,000 പേരെ ജോലിചെയ്യിക്കാതെ തീറ്റിപ്പോറ്റുന്നതു നഷ്ടം മനസ്സിലാക്കാൻ. അവരെക്കൊണ്ടെങ്കിലും ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുവാനായി വല്ലതും ചെയ്തിക്കേണ്ടതു അത്യാവശ്യമാണു്. ഭരിദ്രയായ നമ്മുടെ മാതൃഭൂമിക്കു 15,000 പേരെ, ഒന്നുംചെയ്യാത്ത 15,000 ആളുകളെ തീറ്റുവാനുള്ള ശക്തിയില്ല; അതിനുള്ള അവസരവും ഇതല്ല. ഈ 15,000 ത്തിൽ ഏകദേശം 1000 പേരെ വേണമെങ്കിൽ ക്ഷേത്രത്തിലുള്ള നാനാകർമ്മങ്ങൾക്കും വേണമെന്നു് ഒരു പക്ഷെ വകവെച്ചുകൊടുക്കാം.

അതുപോർവേണം, ആ മഹാക്ഷേത്രത്തിൽ ജോലിചെയ്യുവാനായിട്ടെന്നുള്ളതിൽ സംശയമില്ല. ക്ഷേത്രം ഏറ്റെടുത്തിയവർ മഹാബുദ്ധിശാലികളായിരുന്നുവെന്നുള്ളതിനു് ഏവിടെനോക്കിയാലും തെളിവുകാണാനുണ്ടു്. ഒരുദിവസത്തെ ചടങ്ങുകൾ മേലേ വിവരിച്ചതു് ഒന്നു പരിശോധിച്ചുനോക്കുക. മന്ദിരപ്രാകാരത്തിനുപുറമേ ഒന്നായി, ഒരു ഘടികാരയന്ത്രംപോലെ കണിശമായി കാര്യങ്ങൾ ഓരോന്നുനടന്നുകൊണ്ടിരിക്കയാണു്. അതു ക്രമത്തിനനുസരിച്ചു്, താക്കോൽകൊടുക്കേണ്ടുന്ന ആവശ്യംകൂടി ഇല്ലാത്ത ഒരു യന്ത്രംപോലെ നടന്നുകൊണ്ടേ ഇരിക്കും. 1000 ത്തോളം വർഷങ്ങളായി കാര്യങ്ങളിങ്ങനെ മുടങ്ങാതെ നടക്കുന്നതു് എങ്ങിനെ എന്നു് ആലോചിച്ചതിൽ, അജ്ഞാതകൊല്ലം വഴിക്കുവഴിയായി ഒരു ഏർപ്പാടുനടത്തുവാൻ കഴിയാത്ത നമ്മുടെ സംഘടനാ സാമർത്ഥ്യമില്ലായ്മയെപ്പറ്റി വ്യസനംതോന്നുന്നു. ആകൃത്രിമമായ ചടങ്ങുകളെ ന്യൂറാണ്ടുകളായി നടത്തുപോരുന്ന സഹായിച്ചതു്, ഓരോകാര്യത്തിനും ഓരോകുട്ടരെ പ്രത്യേകം ഏല്പിച്ച എന്നുള്ളതാണു്.

പൂജചെയ്യാൻ പൂജാരിയുണ്ടു്. അങ്ങോ പൂജമാത്രമേ ചെയ്യുകയുള്ളു. വേഷമിടുവിക്കുന്നതും അഴിച്ചുമാറുന്നതും, അതിനുവേണ്ടുന്ന എല്ലാം ഏർപ്പാടുകളും ചെയ്യുന്നതും "ശിങ്കാരി"കളാണു്. പൂജാസാധനങ്ങളും തെയ്യാറാക്കിവെക്കുന്നവനാണു് "പോണിരി" "സുപകാർ" ഭക്ഷണം പാകംചെയ്യുന്നോരും "ശോസാഭോരി" അടുക്കളയ്ക്കു കാവൽനില്ക്കുന്നു. ആ അടുക്കള ഒന്നു കാണേണ്ടതാണു് എന്നുപറഞ്ഞുവല്ലൊ. ഏഴേഴുപന്തുങ്ങളിലായി 50 തിലധികം വിഭവങ്ങളും, ഒന്നിച്ചുണ്ടാക്കുവാൻ, ഒരു വലിയഹാളുണ്ടു്. 2000 പേരുടെ സഞ്ചാരസ്ഥലമുണ്ടു്, ആ അടുക്കള. "ഖണ്ടിയ" പുഷ്പങ്ങളും ശേഖരിച്ചു മാലയാക്കുന്നയാളുണ്ടു്. ക്ഷേത്രത്തിലെ വാതിലുകളൊക്കെയും അടച്ചു, സാക്ഷയിട്ടു സീലുവെക്കുവാനുള്ളയാളും, "മുദ്ര" യാണു്. ദീപങ്ങളും പരിപാലിക്കുന്നതും മുദ്രതന്നെ.

ഒരേസ്സിനും ഒരേ സമയവും, ഓരോ ക്രമവും ഓരോ ക്രട്ടരെയും ഏല്പിച്ചുവെച്ചുകൊണ്ടാണു് ഇത്രയധികം കാര്യങ്ങളും ഒരു തിരക്കും പാടും ഇല്ലാതെയും, ഓട്ടവും ചാട്ടവും, ബഹളവും കൂട്ടാതെയും,നിഷ്പ്രയാസംകഴിയുന്നതു്. ഇന്നു പല ഏർപ്പാടുകൾക്കും ബന്ധപ്പെട്ടവരായവർ, ക്ഷേത്രങ്ങളുടെയും, ഉത്സവങ്ങളുടെയും, ക്രമങ്ങളിൽനിന്നു പലതും പഠിക്കുവാനുണ്ടു്. വാസ്തവത്തിൽ, അവ, പാശ്ചാത്യമട്ടിലുള്ള ഘടനകളെക്കാളും ഇന്ത്യൻജനതയുടെ സ്വഭാവത്തിനു കുറേക്കൂടി യോജിച്ചവയാണു്. അതുകൊണ്ടാണു് ഇപ്പോൾചെയ്യുന്ന ഏർപ്പാടുകൾ ക്ഷണിക ജീവിതങ്ങളായിരിക്കുമ്പോൾ, ആ പുരാതനങ്ങളായ ഏർപ്പാടുകൾ നൂറ്റാണ്ടുകളായ സ്ഥിതിയിലുംകൂടി വല്ലവിധേനയും നടന്നുപോരുന്നതു്.

അന്യലങ്ങളിൽ നാം കാണുന്ന പണംപിടുങ്ങലും, ആഭിജാത്യങ്ങളും, കള്ളത്തരങ്ങളും, ചതിയും, നമ്മുടെ ഉള്ളിലുള്ള ഭക്തിയെ കുറയ്ക്കുകയാണു ചെയ്യുന്നതു്. എനിക്കു ദൈവത്തിലും, പ്രാർത്ഥനയിലും വിശ്വാസമുണ്ടു്. എന്നിരുന്നാലും, കാളിഘട്ടിലും, കാശിയിലും, പൂരിയിലും, മാറാള്ള മഹാക്ഷേത്രങ്ങളിലും എത്തിച്ചേർന്നാൽ, ആ പരിസരങ്ങളിൽവെച്ചു പ്രാർത്ഥിക്കുവാനുള്ള മനസ്സുവരാറില്ലെന്നു വ്യസനസമേതം സമ്മതിച്ചുകൊള്ളുന്നു. ക്ഷേത്രങ്ങളിലെ കാര്യനിർവ്വഹണത്തിൽ പ്രദർശിപ്പെട്ടുന്ന ക്രമീകരണത്തെ ഞാൻ പുകഴ്ത്തിയതിൽ, എന്റെ ഉദ്ദേശ്യം തെറ്റിദ്ധരിക്കുതിരിക്കുവാനാണു് ഇതു ഇവിടെ പ്രസ്താവിച്ചതു്.

കുറിപ്പു്:— ഒരുകാര്യം മറന്നു. ഒരൊറ്റ ക്ഷേത്രസന്നിധിയിൽ എനിക്കു ശരിയായ ഭക്തി ജനിച്ചിരുന്നു. അതു് ശ്രീനാരായണഗുരുസ്വാമികളുടെ അരുവിപ്പുറം ക്ഷേത്രത്തിൽ പോയ അവസരത്തിലായിരുന്നു. അതൊരു അനുഭവം ഇന്നും നല്ലപോലെ ഓർമ്മയുണ്ടു്.



പണ്ഡിറ്റ് ജവഹർലാൽ നെഹ്റു — ഇൻഡ്യയുടെ പ്രധാനമന്ത്രി ഇംഗ്ലണ്ടിലേയ്ക്കുള്ള വിമാനത്തിൽ.

വരുണോദ്യാനം

★

— ജി. ശിവൻകുട്ടിനായർ —

സസ്യനിബിഡമായ ഒരുദ്യാനം വസന്തകാലത്തിൽ വളരെ മനോഹരമായിരിക്കും. സൗന്ദര്യവും സൗരഭ്യവും തുളുമ്പുന്ന പുഷ്പങ്ങൾ! അവ, ആ പച്ചപ്പരവതാനിയുടെ പശ്ചാത്തലത്തിൽ വളരെയധികം ശോഭനമാണ്. മദാലസരായ മത്തർ ഗന്ധത്തോടുണവ മദഹംസിക്കുന്നതും. ഏതെല്ലാം വർണ്ണങ്ങളാണവിടെ നിഴലിക്കുന്നതു്! ആകപ്പാടെ വസന്തകാലത്തിലെ ഒരു പുലർവേളയിൽ മനോഹരമായ ഒരുദ്യാനത്തിൽ കടന്നു കഴിഞ്ഞാൽ നാം സകലതും വിസ്മരിച്ചു് പ്രകൃതിയുടെ അകൃത്രിമമായ സൗന്ദര്യധാരയിൽ അറിയാതെ മുഴുകിപ്പോകുന്നു. എന്നാൽ, ഈ ഉദ്യാനത്തിൻറെ സകല രമണീയകവും വരുണോദ്യാനത്തിൻറെ മുൻപിൽ കേവലം നിഷ്പ്രഭമായിത്തീരുന്നു. എവിടെയാണീവരുണോദ്യാനം? പറയാം. അലയാഴിയുടെ അടിത്തട്ടിൽ.

അവിടത്തെ വർണ്ണവൈചിത്ര്യം അത്ഭുതകരമാണ്. ഒരു തികഞ്ഞ കലാകാരൻറെ ഭാവനയിൽപ്പോലും എത്രത്തോളം അപ്രമേയവും അകൃത്രിമവുമാണതിൻറെ സൗന്ദര്യം. കടലൊഴുക്കുകൾ; സൂര്യപ്രകാശം, ബാക്ടീരിയാ ഇവയെല്ലാം എന്തെല്ലാം അത്യത്ഭുതങ്ങളാണവിടെ ചെയ്യുന്നതു്! ഒരു പുഷ്പത്തിൽതന്നെ അന്യാദൃശമായരീതിയിൽ അനവധി വർണ്ണങ്ങൾ പ്രതിഫലിച്ചുകാണാം. ഇടതൂർന്നു വളരുന്ന സാഗരസുമങ്ങളുടെയിടയിൽ അങ്ങിങ്ങു തത്തിക്കളിക്കുന്ന മനോഹരമായ ജലജീവികളും അവയെ ആവരണംചെയ്യുന്ന സമുദ്രജലത്തിൻറെ നീലിമയും വരുണോദ്യാനത്തിൻറെ സൗന്ദര്യത്തെ വർദ്ധിപ്പിക്കുന്നു.

ഈ സാഗരോദ്യാനങ്ങൾക്കു് ഒരു വൈശിഷ്ട്യമുണ്ടു്. അവിടത്തെ പുഷ്പങ്ങളും സജീവങ്ങളാണു്. സസ്യങ്ങളെപ്പോലെയല്ല, ജന്തുക്കളെപ്പോലെ. എന്നാൽ അവ നിരുപദ്രവികളാണെന്നു കരുതിക്കൂടാ. സഹചര്യങ്ങളും എത്തിച്ചുകൊടുക്കുന്ന ഇതര ജന്തുക്കളെ, പാറക്കെട്ടുകളിൽ പറ്റിപ്പിടിച്ചു വളരുന്ന ഈ സുന്ദരവസ്തുക്കളും നിശ്ശേഷം പിടിച്ചു വഴുങ്ങിക്കളയും.

കരയ്ക്കുമേലും ജലത്തിലുമായും സസ്യജീവിതവും ജന്തുജീവിതവും ഒന്നുചേർന്നാണ പോകേണ്ടതു്. ചില ജന്തുക്കൾ മറ്റുള്ളവയെ ഭക്ഷിച്ചുജീവിക്കുന്നു. എല്ലാജീവികളും മാംസഭുക്കുകളായിരുന്നെങ്കിൽ അവ അന്യോന്യം ഭക്ഷിച്ചു് ഒന്നുമാത്രം അവശേഷിച്ചു് ജീവിതം അവസാനിക്കുമായിരുന്നു. എന്നാൽ പ്രകൃതിയുടെ നിയമം മറിച്ചാണു്. പ്രകൃത്യാതന്നെ സസ്യഭുക്കുകളായ അനവധി ജന്തുക്കളും ഭൂമിയിലുണ്ടു്.

അപ്പോൾ എല്ലാ ജന്തുവിഭാഗങ്ങളുടേയും ശരിയായ സഹായസ്ഥാനം സസ്യങ്ങളാണെന്നതെളിയുന്നു. വാക്കിൽ, അവയ്ക്കും ആഹാരം ആവശ്യമാണ്. ജന്തുക്കൾ വിസർജ്ജിക്കുന്ന ത്യാജ്യാംശങ്ങളെ അവ സ്വീകരിക്കുന്നു. ഇവയ്ക്കുപുറമെ സസ്യങ്ങൾക്കു മറ്റൊരാൾകൂടി ആവശ്യമുണ്ടു്. സൂര്യപ്രകാശം. സൂര്യകിരണങ്ങൾ എല്ലാ ഇടത്തുമെത്തുന്നതു് ജലത്തിൻറെ സുതാര്യത്വം അതിനെ ആശ്രയിച്ചുള്ള ജന്തുജീവിതവും സുഗമമായി പുരോഗമിക്കുന്നു. സമുദ്രജീവികളുടെ ബാഹുല്യം ഏകദേശം 120 അടി ആഴത്തിൽ വരെയാണു് വ്യാപിച്ചിരിക്കുന്നതു്. അടിത്തട്ടിൻറെ ആഴം കൂടുന്തോറും സൂര്യപ്രകാശവും കുറഞ്ഞുകുറഞ്ഞു് എല്ലാം നിത്യാന്ധകാരത്തിൽ മുഴുകിപ്പോകുന്നു. ഇക്കാരണത്താൽ, വരുണോദ്യാനത്തിൻറെ വ്യാപ്തി സാധാരണയായി അരുപതും നൂറിനുമധ്യപാദം അടിക്കുള്ളിൽ ഒതുങ്ങിനിൽക്കുന്നതായിക്കാണാം.

ഉഷ്ണമേഖലകളിലെ സമുദ്രജലം കൂടുതൽ ജന്തുജീവിതത്തെ പുലർത്തുന്നുണ്ടെന്നാണ് പറയപ്പെടുന്ന ഒരു വിശേഷം. എന്നാൽ അനുഭവം ഇതിനു വിപരീതമാണു്. സമുദ്രതീരങ്ങൾ, ഇന്റർടൈഡലുകൾ ഇവയിലെ ജീവിതത്തെപ്പറ്റിയാണു് ഇതു പറഞ്ഞതു്. ഇവയുടെ അടിയുച്ചയിൽ വളരുന്ന ജൈവലങ്ങളാണ് ഈ അടവികളിൽ തിങ്ങിക്കൂടി വളരുന്നതു്. ചിലപ്പോൾ സമുദ്രത്തിൻറെ ഉപരിതലത്തെപ്പോലും മൂടത്തക്കവണ്ണം അവയുടെ വിസ്തൃതമായ ഇലകൾ വ്യാപിച്ചിരിക്കും. സ്പ്രിങ്ടൈഡിലും പസഫിക് മഹാസമുദ്രത്തിൻറെ പല ഭാഗങ്ങളിലും ഇമ്മാതിരിയുള്ള കടൽപ്പുൽക്കാടുകൾ സമൃദ്ധിയായി വളരുന്നു. അതിശയമായ കോഴിക്കുഞ്ഞുകളിൽപോലും അലമാലകളുടെ അമിതമായ ശക്തിയെ അമർച്ചചെയ്യുവാൻ ഇവയ്ക്കു കഴിവുണ്ടു്. ഇവയുടെ സംരക്ഷണയിൽ നിശ്ചലമായി കിടക്കുന്ന കടലിടുക്കുകളിലാണ് കടൽപ്പുറകൾ സുദീർഘവും സുന്ദരവുമായ ചിറകൾ സൃഷ്ടിക്കുന്നതു്.

എന്നാൽ സമുദ്രത്തിൻറെ ആഴംകുറഞ്ഞ സ്ഥാനങ്ങളിൽ അധിവസിക്കുന്ന മാനവരുടെ വസ്തുക്കളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ സാഗരവൃക്ഷങ്ങൾ നിശ്ചലമെന്നും അസുന്ദരവുമെന്നുതോന്നിപ്പോകും. വരുണോദ്യാനത്തിനു അഭിമാനാർഹമായ ഒരനർഘസമ്പത്തുണ്ടു് സ്പഞ്ചുകൾ. ആകൃതിയിലും വലിപ്പത്തിലും വളരെ വളരെ അന്തരമുള്ള അനേകം സ്പഞ്ചുകൾ കടലിടുക്കുകളിൽ വളരുന്നുണ്ടു്. അവ ജീവനുള്ള ജന്തുക്കളും ആണു്. കാരണം മുട്ടയിൽനിന്നാണു് സ്പഞ്ചുശരീരങ്ങൾ രൂപംകൊള്ളുന്നതു്. മാതാവിൻറെ ശരീരത്തിൽ അവിടവിടെയായി കാണുന്ന രന്ധ്രങ്ങളിൽക്കൂടി ഈ മുട്ടകൾ വിസർജ്ജിക്കപ്പെടുന്നു. അവ ഒഴുക്കിലും അലകളിലുംപെട്ടു് നിരാലംബരായി നീന്തിപ്പോകും. കാലാന്തരത്തിൽ മുട്ടകൾ ഭിക്ഷാപാത്രംപോലെയുള്ള രോമങ്ങൾ വളർത്തി അവയുടെ ചലനം കൊണ്ടു് സഞ്ചാരത്തെ നിയന്ത്രിക്കുന്നു. വളർച്ച പൂർത്തിയാകുമ്പോൾ ആ വസ്തുക്കൾ തന്നെ കാവാണെങ്കിലും ഉഷ്ണമേഖലകൾക്കുമാത്രമായുള്ള ഒരു ഇനവിശേഷമുണ്ടു്. വർണ്ണവൈചിത്ര്യത്തിൽ ഇവിടെയുള്ള ജീവികൾ ശൈത്യമേഖലകളെ വെല്ലുവിളിക്കുന്നു.

ശംഖോപശംഖകളോടുകൂടിയ അനവധി ശൈവലങ്ങളും, അവയുടെ വർണ്ണവൈവിധ്യവും വളരെ ആകർഷണീയമാണ്. വേരുപടലംപോലെ സ്ഥിരമായി നിലകൊള്ളുന്ന സാഗരസുമങ്ങളും പാറക്കല്ലുകളെ ആവരണംചെയ്തു് മനോഹരമായ രത്നകമ്പളംപോലെ വിസ്തൃതമായി നീണ്ടുനിവർന്നു് ആഴിയുടെ ഗാംഭീര്യത്തിലുള്ള അടവീതടങ്ങളിൽ അന്തർഭവനംചെയ്യുന്നതും അതിരറ്റ കടലോരങ്ങളാണു് ഏറ്റവും വലിയ മത്സ്യപ്പുറ്റുകളുടെ കേന്ദ്രങ്ങൾ. എന്താണിതിനു കാരണം? ഉഷ്ണമേഖലകളിലാണ് ബാക്ടീരിയാ അധികമുള്ളതു്. അവ അവിടെയുണ്ടാകുന്ന പാംകൃജനകത്തെ വളരെവേഗം അപഗ്രഥിച്ചുപയോഗിക്കുന്നു. പാംകൃജനകമാണ് അനവധി ജലജീവികളുടെ സുസ്ഥിതിയെ പുലർത്തുന്ന പ്രധാനഘടകം. എണ്ണത്തിൽ ജന്തുവർഗ്ഗങ്ങളും തരതമ്യേന കുറ



ഡ്യൂറൻറ് ഫുട്ബാൾ ടൂർണ്ണമെൻറ് ഡെൽഹിയിൽ നവംബറിലാരംഭിക്കുന്നു

ഡ്യൂറൻറ് ഫുട്ബാൾ ടൂർണ്ണമെൻറ് ഡെൽഹിയിൽ ഡെൽഹിഗേറ്റിനു വെളിയിലുള്ള മുനിസിപ്പൽ സ്റ്റേഡിയത്തിൽവച്ചു് നവംബർ മാസത്തിനാരംഭിക്കുന്നതും നവംബർ 22-ാം തീയതിവരെ നീണ്ടുനിൽക്കുന്നതുമാകുന്നു. കഴിഞ്ഞ രണ്ടുവർഷമായി ഈസ്റ്റ് ബംഗാൾ ക്ലബ്ബാണ് ഡ്യൂറൻറ് ചലഞ്ച് കപ്പ് നേടിക്കൊണ്ടിരിക്കുന്നതു്.

കോയമ്പത്തൂരിൽ നടന്നുവരുന്ന മൂന്നാമത്തെ അഖിലേന്ത്യാ ഫുട്ബാൾ ടൂർണ്ണമെൻറിൽ കണ്ണൂരിലെ സ്പിരിറ്റഡ് യൂത്ത്സ് ടീം രണ്ടു ഗോളിനെതിരേയി മൂന്നു ഗോളടിച്ചു് കോമ്മാറിലെ വാണ്ടറേഴ്സ് ഫുട്ബാൾ ക്ലബ്ബിനെ തോല്പിച്ചിരിക്കുന്നു. പിന്നീടു നടന്ന കളിയിൽ ഈ സ്പിരിറ്റഡ് യൂത്ത്സിനെ മദ്രാസ് സതേൺ റെയിൽവേടീം തോല്പിക്കുകയുണ്ടായി.

ഒളിമ്പിക്സ്

1956-ലെ അടുത്ത ഒളിമ്പിക്സ് ഗേംസ് അതിൻെറ ആർഗനൈസേഷനും ഗവണ്മെൻറും തമ്മിലുള്ള ഭിന്നതകൊണ്ടു് എവ്വിധത്തിലും മെൽബോണിൽവച്ചു നടക്കുന്നതാണെന്നു് ആസ്ത്രേലിയൻ ഉദ്യോഗസ്ഥന്മാർ ഉറപ്പിച്ചു പ്രസ്താവിച്ചിരിക്കുന്നു. ഒളിമ്പിക്സ് പുതിയ സ്ഥലം സംബന്ധിച്ചു തീരുമാനത്തിനുവേണ്ടി ഗേമിൻെറ ആർഗനൈസിംഗ് പ്രമാണിയായ എ. ഡബ്ളിയു. കോംബ് രാജിവയ്ക്കുകയുണ്ടായി. അന്നുമുതൽ മറ്റൊരു പ്രമുഖ ആസ്ത്രേലിയനെ പ്രസ്തുത ഗേംസിൻെറ എക്സിക്യൂട്ടീവ് ആഫീസറായി നിയമിച്ചിരിക്കുന്നു.

34 വയസ്സു പ്രായമുള്ള ബ്രിട്ടീഷ് മാരത്തൺചാമ്പ്യൻ ജെ. പീറ്റേഴ്സ് ലണ്ടനിലെ വൈറ്റ്സിറ്റി സ്റ്റേഡിയമിൽ നടന്ന ബ്രിട്ടീഷ് ഗേംസിലെ ഒരു മണിക്കൂർ ഓട്ടത്തിനുള്ള ഇംഗ്ലീഷ് റെക്കാഡ് തിരിച്ചിരിക്കുന്നു.

മദ്രാസ് സ്റ്റോറിലെ ഒന്നാംകിടയിൽ പ്രമുഖപ്ലേയർ ആർ. കൃഷ്ണൻ വിംബിഡൻ ടെന്നീസ് ടൂർണ്ണമെൻറിൽ സംബന്ധിക്കാൻ മേ 27-നു് മദ്രാസിൽനിന്നു ഇംഗ്ലണ്ടിലേക്കു യാത്രയായി.



"സൈ്വസ്പിപ്പർ" എന്ന വിമാനനാശിനിത്തോക്കു് അമേരിക്കയുടെ ഒരു പുതിയ കണ്ടുപിടിത്തമാണു്. 20000 അടി ഉയരത്തിൽ ശബ്ദത്തെ അതിലംഘിക്കുന്ന വേഗത്തിൽ പറക്കുന്ന വിമാനങ്ങളെ ഇതു് നിഷ്പ്രയാസം തട്ടിനിലത്തിടുമെന്നാണു് അവകാശപ്പെടുന്നതു്. മേഘങ്ങളോ അന്ധകാരമോ ഇതിൻെറ പ്രവർത്തനത്തിനു ബാധകമല്ല.

സുമത്തിൻെറ കണ്ണത്തിൽ കുട്ടിയുള്ള ഒരു കുക്കായോട്ടി കടന്നുകൂടുന്നു എന്നിരിക്കട്ടെ. അവൻ അതിനെ പുറത്താക്കാൻ ആവുന്നതും പരിശ്രമിക്കും. പക്ഷെ, ശ്രമങ്ങളും വിഫലമാകുമ്പോൾ ശരീരത്തിൽ മറ്റൊരുവ്രണമുണ്ടാകും. കുക്കായോട്ടിയെ യഥാസ്ഥാനത്തു നിന്നുപദ്രവമായി ഇരുന്നുകൊള്ളും. നിസ്സാരമായ ശരീരഘടനയാണെങ്കിലും സാഗരസുമത്തിനു അത്യുത്തുങ്ങളും കാട്ടാൻ കഴിയും. ഒരു സുമത്തെ രണ്ടായി വലിച്ചുകീറുക. ഒരേ അഭിമുഖവും ഒരേ പുതിയ ജീവിയായി രൂപാന്തരപ്പെടും. അതിനെ ചുവട്ടിൽവച്ചു മുറിച്ചുകളയുക. അവശേഷിക്കുന്ന കാറിയിൽനിന്നും ഭക്ഷണവും ഉണ്ടായി ഒരു പുതിയ വ്യക്തി അവിടെ പ്രത്യക്ഷമായിക്കൊള്ളും. സ്പോഞ്ചുകളെപ്പോലെ സാഗരസുമങ്ങളും മുട്ടയിൽനിന്നും വിരിഞ്ഞു് ആദ്യംനീന്തൽപരിപാടിതന്നെ സാധിക്കുന്നു. അതിനുശേഷം അവ ഏവിടെയെങ്കിലും അടിഞ്ഞു വിശ്രമിക്കും. ചിലപ്പോൾ വല്ല തെണ്ടകളുടേയും പുറത്തായിരിക്കും പാർപ്പിക്കുന്നതു്. തെണ്ടിനു ഇതൊരു അനുഗ്രഹമാണു്. അവൻ പുതിയഅതിഥിയെ സസന്തോഷം സ്വീകരിച്ചുകൊള്ളും. അങ്ങനെ ആതിഥേയാതിഥികളും ഒരു പരസ്പരസഹായത്തിൽ ഏർപ്പെട്ടു് ഒരുമിച്ചു സഞ്ചരിക്കുന്നു വേട്ടയ്ക്കുപുറപ്പെടുമ്പോൾ, ആതിഥേയൻ അതിഥിയ്ക്കു അയാളുടെ ശ്രുതത്തെ മറയ്ക്കുന്ന ഒരാവരണമായിട്ടു പ്രയോജനപ്പെടും. അതിഥിയ്ക്കു ആതിഥേയനിൽനിന്നും സുഖമായ സഞ്ചാരസൗകര്യം ലഭിക്കുന്നതോടൊപ്പം അയാളുടെ തീൻമേശയിൽനിന്നും ചില അപ്രക്ഷണങ്ങളും ചിലപ്പോൾ കിട്ടുന്നു.

വരുണോദ്യാനങ്ങളിൽ സർവ്വസാധാരണപ്പെട്ടന്ന ഒരത്ഭുതകലാസൃഷ്ടിയാണു് സാഗരസുമങ്ങളും. മനോഹരമായ ചെമ്മത്സ്യങ്ങളും, കടൽച്ചെടികളും സ്പോഞ്ചുകളും: കക്കാവർഗ്ഗങ്ങളും, കടൽച്ചൊറികളുമെല്ലാം സാഗരോദ്യാനത്തിൻെറ സൗന്ദര്യസമ്പത്തിനു സവിശേഷമായി മേമ്പൊടികൂട്ടുന്നു സുകുമാരഘടകങ്ങളാണു്. കല്ലും കരളും കൂട്ടിപ്പിടിക്കുന്ന സസ്യശുമേളമായ ട്രിവിഭേദങ്ങളിൽനിന്നും നീലനിഴലുകളിൽനിന്നും മനോഹരനിഴലുകളിലേക്കു കടക്കുമ്പോൾ പ്രകൃതിയുടെ കലാസൂക്ഷ്മതയിൽ ആശ്ചര്യപ്പെടാതെയിരിക്കും!

—o—

ഹോക്കി

രംഗസ്വാമിക്കപ്പിനുവേണ്ടിയുള്ള നാഷനൽ ഹോക്കി ചാമ്പ്യൻഷിപ്പിനു ബാംഗ്ളൂരിൽവച്ചു് സർവീസസും മധ്യഭാരതും തമ്മിൽ നടന്ന കളി ഒരു ഗോൾപോലുമടിക്കുകയാൽ സമനിലയിൽ പിരിയുകയുണ്ടായി. പ്രസ്തുത മത്സരത്തിൻെറ സെമിഫൈനൽസിൽ ബാംബെ ഹോക്കിടീം ഇനി കളിക്കുന്നതാണു്.

എം. സി. സി. ഗ്രൗണ്ടിൽ നടന്ന ഒരു എക്സിബിഷൻമത്സരത്തിൽ ഉത്തരപ്രദേശ് മദ്രാസിൻെറമേൽ വിജയം കരസ്ഥമാക്കുകയുണ്ടായി. മറ്റൊരു എക്സിബിഷൻമത്സരത്തിൽ മദ്രാസ്ടീം ഒരുഗോളടിച്ചു് ഡെൽഹിയെ പരാജയപ്പെടുത്തുകയുണ്ടായി.

ക്രിക്കറ്റ്

ജൂൺ 11-നു് ആരംഭിക്കുന്ന നാട്ടിങ്ങാമിലെ പ്രഥമടെസ്റ്റിൽ ആസ്ത്രേലിയയെ നേരിടുന്ന ഇംഗ്ലിഷ് ക്രിക്കാറ്റീം യാക്ഷയർ പ്രൊഫഷനലായ എൽ ഹട്ടൻ ക്യാപ്റ്റൻചെയ്യുന്നതാണു്. കഴിഞ്ഞ വേനൽക്കാലത്തു് ഇന്ത്യക്കെതിരായുള്ള മത്സരത്തിൽ ഹട്ടൻ ഇംഗ്ലണ്ടിൻെറ ക്യാപ്റ്റനായിരുന്നു.

മറ്റൊരു സ്ഥലത്തിൽ ആസ്ത്രേലിയൻ ക്രിക്കാറ്റീമും ലങ്കാഷയർടീമും തമ്മിൽ നടന്ന മത്സരം സമനിലയിൽ പിരിയുകയുണ്ടായി.

ലോകക്രിക്കറ്റിയർ സർ ഡൊണാൾഡ്ബ്രാഡ്മൻ തൻെറ പത്നിയുമായി കൽക്കട്ടാവഴി ലണ്ടനിലയ്ക്കു തിരിച്ചിരിക്കുന്നു. ഇപ്പോഴത്തെ ആംഗ്ലോ-ആസ്ത്രേലിയൻ ടെസ്റ്റ്മത്സരംമുഴുവൻ ആസ്ത്രേലിയയിലെ ഏതാനംപത്രങ്ങൾക്കുവേണ്ടി സർ ഡൊണാൾഡ് റിപ്പോർട്ടുചെയ്യുന്നതാണ്.

ഇന്ത്യയുടെ ചാമ്പ്യൻഹോക്കിപ്ലേയർ ദിയൻചന്ദ് അടുത്തമാസം മെൽക്കാറായിൽ തുടച്ചയായ ഹോക്കി മത്സരത്തിൽ കളിക്കുന്നതാണ്.

ടെന്നീസ്

ഈവർഷം പാരീസ്സിൽവച്ചുനടന്ന ഫ്രഞ്ച്ലാൺ ടെന്നീസ് ചാമ്പ്യൻഷിപ്പ് മെൻസ് സിംഗിൾസ് കപ്പർ ട്ടർഫൈനലിൽ മി. സെയ്ക്സാസ് (യു. എസ്) എൽ. ഹോഡി, ആസ്ത്രേലിയനെ 6-3, 6-3, 6-4-നു തോല്പിച്ചു.

★



— തകഴി കെ. രാമവാര്യർ —

26-10-1128 — 32-10-1128.
8-5-1953 — 14-6-1953.

അശ്വതി —അഭിലഷിതകാര്യങ്ങളിൽ നിരാശയുളവാകും. അപവാദങ്ങളാൽ ചിത്തവ്യഥക്കിടവരും. ആരോഗ്യം കുറയും. പ്രയോജനരഹിതമായ വ്യയത്തിനിടയുണ്ട്. ചില പ്രബലവ്യക്തികളുടെ സഹായം കാര്യപ്രാപ്തിക്കിടവരുത്തും.

ഭരണി —ബഹുമതിക്കു പാത്രീഭൂതരാകും, ധനസംബന്ധമായ ക്ലേശവും വ്യയവുമുണ്ടായാലും ഉദ്ദേശങ്ങൾ സാധിക്കും. ജീവിതപുരോഗതിക്കുള്ള പന്ഥാവുകൾ കണ്ടെത്തും. രക്തശുദ്ധി കുറയും. ഭരണീയർ കലഹിക്കും.

കാർത്തിക —വേണ്ടവിധത്തിൽ ഉള്ള സംതൃപ്തി ലഭിച്ചില്ലെന്നവരാം. അർഹമായ കാര്യങ്ങളിൽ ഉയച്ചയും ആദായക്കുറവുതലും ലഭിക്കും. അഹിതകാര്യാദികൾക്കു വശംവദനാകും. കരാറുകൾക്കു വിളംബംതട്ടും. ഗൃഹസുഖം കുറയും.

രോഹിണി —ആത്മാർത്ഥമായി പ്രവർത്തിച്ചാലും മറ്റുള്ളവർ പഴിക്കും. ഭാവിഗുണത്തിന് ഉതകുന്ന കാര്യങ്ങളിൽ ഉപേക്ഷ പതിയും. കർമ്മജീവിതത്തിന് അശ്രാന്തപരിശ്രമം നടത്തും ഇഷ്ടജനവിരഹത്തിനിടവരും. ഉപദേശകരെ കേൾക്കും.

മകയിരം —പ്രത്യേകവ്യക്തികളുമായി ചില കടപ്പാടുകളുണ്ടാകും. ഉന്നതസഹചര്യം നിപുണതയാലുണ്ടാക്കും. പുതിയ അനുകൂലികളും സഹായികളും യദൃച്ഛയാ വന്നുചേരും. മനസ്സിന്റെ വിഷമത സന്താനങ്ങളുടെ അഭ്യുദയത്താൽ നീങ്ങും. ത്രിദോഷം കോപിക്കും.

തിരുവാതിര —തന്റെ ചെയ്തികളിൽ അപവാദവും വിമർശനവും ഉണ്ടായാലും ഭോക്തൃപക്ഷം ഒടുവിൽ ഗുണകരമായിത്തീരും. ശോഭനമായ ഭാവിയുടെ പശ്ചാത്തലം സൃഷ്ടിക്കും. പെൺസന്താനങ്ങളുടെ പുരോഗതിയിൽ വൈമുഖ്യം കൊള്ളും. പ്രയത്നങ്ങളിൽ നിരാശയുണ്ടാകും.

പുണർതം —പ്രധാനപ്പെട്ട കർത്തവ്യങ്ങൾ നിറവേറും. അവിചാരിതമായി ചിലസഹായങ്ങൾ ലഭിക്കും. ഫലപ്രതീക്ഷ വിജയകരമായിത്തീരും. സഹോദരാദികൾക്ക് അരിഷ്ടതകൾ വർദ്ധിക്കും. വ്യവഹാരഹേതുക്കൾ ഉണ്ടാകും. വേണ്ടപ്പെട്ടവർ വൈമുഖ്യം കാട്ടും.

പൂയം —ജീവിതത്തിൽ ഒരു പരിവർത്തനം ഉണ്ടാകേണ്ട ഘട്ടമാണ്. അധികൃതരിൽനിന്നും അതീതഫലമുണ്ടാകും. ചില തൽക്കാലികദുഃഖങ്ങൾ ഗുണകരമായിത്തീരും. പ്രവർത്തനം ഉൽക്കർഷത്തെ ഉണ്ടാക്കും. മരാമത്തുകളിൽ ഏർപ്പെടും.

ആയില്യം —ഉദ്യോഗജീവികൾക്കു പുരോഗതിക്കും ബഹുമാനത്തിനും ഉള്ള സംഭവങ്ങൾ സമാഗതമാകും. സ്വതന്ത്രവ്യവസായികൾക്കു കൂട്ടുതൽ ലാഭമുണ്ടാകും. ബുദ്ധിമോശംകൊണ്ടും വിളംബംകൊണ്ടും ചില നഷ്ടങ്ങൾകൂടി വന്നുചേരും. അധികൃതർ സഹായികളാണ്.

മകം —കൗശലത്തിൽ കാര്യസാദ്ധ്യത്തിനു മുതിരും. ലാഭം തുല്യാംശം കുറയും. സ്വപ്നതുല്യമായ ഒരു അന്തരീക്ഷം സൃഷ്ടിപ്പാൻ കഴിയും. പല ഏർപ്പാടുകളേയും അഭിമുഖീകരിക്കും. പൊതുജനവിശ്വാസ്യതയ്ക്കു പാത്രീഭവിക്കും. അഗതികളെ സഹായിക്കും ഉയർത്തും.

പൂരം —ഇഷ്ടജനവിരഹവും വിപരീതചിന്താശക്തിയും പ്രവർത്തിയെ സാരമായി സ്പർശിക്കും. ചില വിക്രമതകൊണ്ടു നഷ്ടം പരിഹരിക്കും. സാമൂഹ്യസ്ഥാപനങ്ങളെ ഉൽക്കർഷത്തിനുവേണ്ടി ശ്രമിക്കും.

ഉത്രം —പുതിയ കാര്യസാദ്ധ്യതകളുണ്ടാകും. ചുമതലകൾ വർദ്ധിക്കും. കുഴപ്പങ്ങൾ കുറയും. വ്യാപാരം പുഷ്ടിപ്പെടുത്തും. ധനത്തിന വൈഷമ്യം കൂട്ടും. പ്രവർത്തനമണ്ഡലത്തിലെ തകരാറുകൾ നീങ്ങും. ബഹുമതിയാർജ്ജിക്കും.

അത്തം —അഭിമാനസംരക്ഷണത്തിനുവേണ്ടിവ്യയംചെയ്യും. ആഗ്രഹങ്ങൾ അതേപടി സാധിക്കും. യോഗ്യമായ പെരുമാറ്റം വിഘ്നങ്ങൾ മാറും. ഏതുവിധംഏതുപ്രകാരേണയും അവഗണിക്കും. സന്ധിക്കളെ സഹായിക്കും.

ചിത്തിര —മനസ്സറിയാത്ത കാര്യങ്ങളിൽ അപവാദവും ആരോപണവും ഉണ്ടാകും. ഫലം ശുഭാനുകൂല്യങ്ങളുണ്ടാകും. ഭ്രമകാലബാധ്യതകൾക്കു തീരുമാനമുണ്ടാക്കും. ചില ഉദ്ധനിശ്ചയങ്ങൾക്കു വിഘ്നമുണ്ടാകും.

ചോതി — പ്രവർത്തനസംബന്ധിയിൽ മനസ്സു നിറുത്തിക്കൊണ്ടിരിക്കും. നാനാമുഖങ്ങളായ പ്രതിബന്ധങ്ങളും വീക്ഷിച്ചു നിരാശനായിക്കഴിയും. ഗൃഹസംബന്ധമായും കുഴപ്പം കൂട്ടും. ഉപദ്രവകരമായ കൂട്ടുകെട്ടുകൾ വലയംചെയ്യും. കളത്രപീഡക്കിടയുണ്ട്.

വിശാഖം —ഉദ്ദരാമയങ്ങൾ ഉണ്ടാകും. നൂതനസംരംഭം നഷ്ടത്തിനിടയാക്കും. ചില അനിഷ്ടസംഭവങ്ങൾ തുറിച്ചുനോക്കിക്കൊണ്ടിരിക്കും. ഏതു വിഷമത്തേയും തട്ടിത്തകർക്കുവാൻ സംഘടനവഴി ശ്രമിക്കും. ചുമതലകൾ വർദ്ധിക്കും.

അനിഴം — ഏതുകാര്യവും ഉദ്ദേശിക്കുന്നപോലെ കൊണ്ടുപോകാൻ കഴിയും. മനോനുകൂലമായ ഫലം സിദ്ധിക്കും. മത്സരങ്ങളിൽ ഇടപെടും. പരിഷ്കരണത്തിനോ സന്ധാരണത്തിനോ മുതിരും. പുരോഭാഗത്തെ സ്വീകരിക്കും.

തൃക്കേട്ട — തൊഴിൽപരമായ പുരോഗതിയും പുഷ്ടിയും ലഭിക്കും. കർമ്മകുശലത പ്രത്യക്ഷപ്പെടുത്തും. ശ്രേയസ്സും പ്രീതിയും കൂട്ടുതലായി സിദ്ധിക്കും. ഭാഗ്യം പൊട്ടെന്നു ലഭിക്കും. പക്ഷെ അല്പം നിരാശയ്ക്കും ഇടമില്ലാതില്ല.

മൂലം — നിനച്ചിരിക്കാതെ ചില വൈഷമ്യങ്ങളും ഉണ്ടാകും. അതു വിശ്വസിച്ചിരുന്നവർമൂലമായിത്തീരും. പ്രതികൂലമായ ചലനഭീതി മദ്ധ്യാഹ്നത്തിനിടവരുത്തും. മോഹനസപ്പണങ്ങളിൽ ചിലതു തകരും. ധൈര്യവും മനോധൈർഢ്യവും വിജയമുണ്ടാക്കും.

പൂരാടം — ഗൃഹദുരിതങ്ങളും മനസ്സിനെ അലട്ടും. പ്രതീക്ഷകൾ തകരും. ചില മാറ്റത്തേയ്ക്കുകൂടി കാര്യങ്ങളും സംഭിപ്പാൻ ശ്രമിക്കും. അകന്നവർ അടുക്കും. മംഗളകർമ്മങ്ങളിൽ പങ്കെടുക്കും. ധനം വർദ്ധിക്കും യാത്രകൂട്ടും.

ഉത്രാടം — നയത്തിൽക്കൂടി ഏതുകാര്യവും സാധിക്കും. വിജയപ്രാപ്തിക്കുള്ള വഴികൾ സൃഷ്ടിക്കും. സമർത്ഥനാണെന്നു ലോകനേമായ ഭാവിയെ പ്രദാനംചെയ്യും. സ്വന്തം ജനങ്ങളിൽനിന്നും ചില ദുഃഖങ്ങൾ ഉണ്ടാകും.

തിരുവോണം —ചില സ്വാധീനശക്തികൾക്കിടവരുത്തും. ലാഭം പ്രതീക്ഷപോലെ ഉണ്ടായിരിക്കയില്ല. പൊതുജനപ്രീതിയും സ്നേഹവും ആർജ്ജിപ്പാൻ കഴിയും. അന്യാധീനമായ ചുമതലകൾ കൂടി സ്വന്തം ജോലിക്കുപുറമേ ഏറ്റെടുത്തു വിഷമിക്കും നഷ്ടപ്പെടും.

അവിട്ടം —പലവിധ നഷ്ടവും ക്ലേശവും സഹിച്ചു പുറപ്പെട്ട സംഗതി പൂർത്തീകരിക്കും. അനുകൂലമായ കാര്യങ്ങൾ ഉണ്ടാകും. അഭിമാനം സംരക്ഷിക്കും. പ്രബലശത്രുക്കൾ ഉണ്ടാകും. നീർവീർപ്പു പണിവരുത്തും ശല്യപ്പെടുത്തും.

ചതയം — അതിയായ സാഹസത്താൽ ഏതുകാര്യവും പൂർത്തീകരിക്കും. സ്നേഹിതരും സഹപ്രവർത്തകരും അകലും. പ്രവർത്തനത്തിൽ ആദായം കൂട്ടും. പ്രശസ്തമായ സേവനം നടത്തും. ബഹുമാനം സമ്പാദിക്കും. കർമ്മം പുഷ്ടിപ്പെടും. അനുകൂലസാഹചര്യം സൃഷ്ടിക്കും. സന്താനപീഡയുളവാകും.

പൂരുരുട്ടാതി — പ്രവർത്തനരംഗത്തു വളരെ സൂക്ഷിച്ചു പെരുമാറി പ്രശസ്തി വളർത്തും. തൊഴിലാളികളിലും അഗതികളിലും അനുകമ്പ പ്രകടിപ്പിക്കും. ചില മഹത്സ്ഥാപകരും സ്വീകരിക്കും. കഴഞ്ഞകാര്യങ്ങളും ഒതുക്കിത്തീർക്കും. സംഘടിതശ്രമങ്ങളും നടത്തും.

ഉത്തൃട്ടാതി — സന്താനപരമായി ക്ലേശവും സന്താപവും ഉണ്ടാകും. ഉൽക്കർഷത്തിനു പൂർവ്വവിരോധികളും വിലങ്ങുതടിയായി നിൽക്കും. കാർഷികനഷ്ടഭീതി വ്യാകുലപ്പെടുത്തും. ചെലവു് അനിയന്ത്രിതമായിത്തീരും. ഇഷ്ടജനവിദ്വേഷം ഉണ്ടാകും.

രേവതി — ഉല്ലിഷ്ടകാര്യസാദ്ധ്യതകൾക്കു ചില അപനയങ്ങളും സ്വീകരിക്കും. കാർഷികനഷ്ടം മനസ്സിനെ ക്ലേശിപ്പിക്കും. തൊഴിൽപരമായും ആദായം കുറയും. സ്വയം ചില അനർത്ഥങ്ങൾ വലിച്ചുവയ്ക്കും. ധനത്തിന്റെ വിഷമത വർദ്ധിക്കും.

കൈപ്പുസ്തകങ്ങൾ

ജീവിതസമരം (ഒന്നാംവാല്യം) — ഗ്രന്ഥകർത്താവു്, സി. കേശവൻ, പ്രസാധകർ, പബ്ലിക്കേഷൻസ് കമ്മറ്റി — പേജു് 316, വില രൂ 3

വിദുരവാക്യം (സവ്യാഖ്യാനം) — തിരുവിതാംകൂർ ദേവസ്വംബോർഡു പ്രസിദ്ധപ്പെടുത്തുന്നതു്.

മഹാകവി വള്ളത്തോളും, അഭിജ്ഞാനശാകുന്തളവും — ഗ്രന്ഥകർത്താവു്, ചങ്ങരങ്കുമരത്തു് ശങ്കരൻ, പ്രകാശന്മാർ, സിലോത്ത്ബുക്ക്ഹൗസ്, സുധാകരഫാർമസി ബിൽഡിംഗ്സ്, തൃശ്ശിവപേരൂർ. പേജു് 80. വില രൂ 1.

ആനവാരിയും, പൊൻകുരിശ്ശും — ഗ്രന്ഥകർത്താവു്, വൈക്കം മുഹമ്മദു ബഷീർ, പ്രസാധകന്മാർ, ബഷീർ സ് ബുക്സ്സ്റ്റാൾ, ഏറണാകുളം. പേജു് 50. വില 8 ണ.

വിമാനയാത്ര അപകടരഹിതമോ?



വിമാനാപകടങ്ങളുടെ ഭയാനകമായ കഥകൾ നമ്മുടെ നേർക്കൊരു ചോദ്യചിഹ്നമെടുത്തെറിയുന്നു. വ്യോമഗതാഗതം സുരക്ഷിതമോ?

"അതെ" എന്നുതന്നെയാണുത്തരം. യാത്രക്കാരുടെ സുരക്ഷിതത്വമാണ് വ്യോമഗതാഗതപ്രവർത്തകരുടെ പ്രഥമവും പ്രധാനവുമായ ചിന്താവിഷയം. കാൽനടയുംപ്പൈടെ എല്ലാ ഗതാഗതമാർഗ്ഗങ്ങളെക്കാളും വ്യോമഗതാഗതം നിരപായമായി തീർന്നുമെന്നാണവരുടെ ദൃഢമായ വിശ്വാസം.

അമേരിക്കൻ ശാസ്ത്രജ്ഞന്മാരും വ്യോമയാനഎഞ്ചിനീയർമാരും നവം നവങ്ങളായ സാങ്കേതികരീതികളും ആവിഷ്കരിച്ചു നോട്ടപ്പിഴകളും കാലാവസ്ഥയുടെ പ്രതികൂലങ്ങളും കൊണ്ടുണ്ടാകുന്ന അപകടങ്ങളും കുറയ്ക്കുവാൻ അടിയ്ക്കടി സഹായിച്ചുകൊണ്ടിരിക്കുന്നു.

യന്ത്രത്തിനുണ്ടാകുവുന്ന കേടുകൾ പലതും കാണാതെകഴിഞ്ഞെന്നു വരില്ല. എങ്കിലും യാത്രതുടങ്ങുംമുമ്പു ആവശ്യകേടുകൾ കാട്ടുന്ന പലമാതിരിയന്ത്രോപകരണങ്ങളും ഉപയോഗിച്ചു പരീക്ഷിച്ചുനോക്കുക പതിവാണ്. പറന്നുകൊണ്ടിരിക്കുമ്പോഴും ഒരു യന്ത്രച്ചട്ടത്തിൽ നോക്കി ഏതെങ്കിലും ഭാഗത്തു എന്തെങ്കിലും തകരാറുണ്ടോ എന്നു പൈലറ്റുന്മാർ കണ്ടുപിടിക്കുന്നു. പൊടിപടലംക്കൊണ്ടോ മഴകൊണ്ടോ വിമാനത്തിലുള്ള മറയ്ക്കപ്പെട്ടിരുന്നാലും റേഡിയോവിന്റെയും റേഡാറിന്റെയും സഹായത്താൽ വിമാനം നിരപായം നിലത്തിറക്കാൻ സാധിക്കും.

വീട്ടിലെ കിടക്കയിൽ കിടന്നുറങ്ങുന്നതുകഴിഞ്ഞാൽ, ഒരുപക്ഷേ വടക്കേ അറ്റ്ലാന്റിക്കുസമുദ്രം തരണംചെയ്യുന്ന ഒരു വിമാനത്തിലിരിക്കയായിരിക്കും ഏറ്റവും സുരക്ഷിതം. ഇടയ്ക്കുനിർത്താതെ പത്തുപന്ത്രണ്ടുമണിക്കൂർ തുടരുന്ന ഈ യാത്ര ഇത്ര സുരക്ഷിതമാവാൻ ഒരു സാഹചര്യവും സഹായിച്ചിട്ടുണ്ട്. 1944-ൽ ഷിക്കാഗോവിൽ 52 രാഷ്ട്രങ്ങളുടെ പ്രതിനിധികൾകൂടിച്ചേർന്നു ഒരന്താരാഷ്ട്രീയ വിമാനഗതാഗതക്കരാർ തയ്യാറാക്കി. മൂന്നുകൊല്ലംകഴിഞ്ഞു് കനഡയിലെ മോൺട്രീലിൽ ഒരു സ്ഥിരസംഘടനതന്നെ സ്ഥാപിതമായി. ക്രമേണ ഭവനം(കൂടു)യിൽ സാർവ്വദേശീയ വ്യോമയാന പ്രവർത്തകർ സമ്മേളിച്ചു് 'ഇന്റർനാഷണൽ എയർ ട്രാൻസ്പോർട്ടു് അസോസിയേഷൻ' രൂപവല്ക്കരിച്ചു. ഇത്തരം കരാറുകളും വിജ്ഞാനവിനിമയവും വഴി പ്രവർത്തനരീതികളും രക്ഷോപായങ്ങളും 'സ്റ്റാൻഡേർഡ്' നിശ്ചയിച്ചു് നടപ്പിലാക്കാൻ കഴിഞ്ഞു.

പ്രതികൂലകാലാവസ്ഥ

പ്രതികൂലകാലാവസ്ഥ ആരംഭംമുതലേ വിമാനഗതാഗതത്തിനു വല്ലാത്തൊരു 'ബാധ'യായിരുന്നു. ഇന്നും വകവെക്കേണ്ടെന്നായിരിക്കുന്നു. ഭൂമി കാണാൻ കഴിയാത്തപ്പോഴും പൈലറ്റുകളും റേഡാർ-റേഡിയോ നിർദ്ദേശങ്ങളനുസരിച്ചു വിമാനം താഴെ ഇറക്കുന്നു.

അമേരിക്കയിൽ വ്യോമഗതാഗത സുരക്ഷിതത്വത്തിനൊരു കാരണം വിമാനത്താവളങ്ങളുടെ ആധിക്യമാണ്. ഒരു താവളത്തിൽ കാലാവസ്ഥ അനുകൂലമല്ലെങ്കിൽ അവിടെ ഇറങ്ങേണ്ട വിമാനത്തിനു അധികം അകലെയല്ലാതെ കാലാവസ്ഥയുടെ കുഴപ്പമില്ലാത്ത മറ്റൊന്നിൽ ഇറങ്ങി അപകടത്തിൽനിന്നൊഴിയാം.

വ്യോമപഥങ്ങളും (എയർവേയ്സ്) എന്നറിയപ്പെടുന്ന റേഡിയോ സങ്കേതങ്ങളും അനുസരിച്ചാണ് വൈമാനികർ പറക്കുന്നതു്. രാത്രിയിലവക്കു മാർഗ്ഗനിർദ്ദേശം ചെയ്യുന്ന ശക്തിയേറിയ വിളക്കുപ്രകാശശാലകളു(ഫ്ളാഷിംഗ് ബീക്കൺസ്)മുണ്ടു്. ഈ സമ്പ്രദായമേ നടപ്പിൽ വന്നതു് 1927-ൽ ചാൾസ് ഏ. ലിൻഡ് ബർഗ് മാറയ്ക്കു് അറ്റ്ലാന്റിക്കു് തരണം ചെയ്തതിനെ തുടർന്നാണു്.

രണ്ടാംലോകയുദ്ധം

രണ്ടാംലോകയുദ്ധകാലത്തു് വിമാനം ഒരു മാരകവാഹനമായി വളർന്നു. എന്നാൽ അതേസമയം അതൊരു ജീവരക്ഷോപായമായിട്ടും ഉപകരിച്ചു. വേഗതയേറിയ ക്രൂറൻ സൈനികവിമാനങ്ങളുടെ നിർമ്മിതിക്കുപയോഗിച്ച സാങ്കേതികരീതികളും യുക്തികളുടെ വിമാനങ്ങളും ചരക്കുവിമാനങ്ങളും നിർമ്മിക്കുന്നതിൽ പ്രയോഗിച്ചുതുടങ്ങി.

ആകാശത്തിലെ രാജപാതകളും

വ്യോമവീഥികളും നമ്മുടെ റോഡുകളെപ്പോലെതന്നെ തലങ്ങും വിലങ്ങുംപോകുന്നു—അവ കാണാൻ കഴിയില്ലെന്നുമാത്രം. പൈലറ്റു് ആ വീഥികളിലൂടെ പോകുവാൻ ഒരു നിശ്ചിത ഉയരത്തിൽ പറക്കുന്നു; "ഇയർഫോണി"ൽക്കൂടി ലഭിക്കുന്ന റേഡിയോ നിർദ്ദേശങ്ങളും അനുസരിക്കുന്നു. "റേഡിയോ കോമ്പസ്" എന്ന ഉപകരണം ശബ്ദത്തോടു കൂടിയും കൂട്ടിച്ചേർക്കുന്നു.

ആകാശത്തിലെ രാജവീഥികളും ഇതുപോലെ ആകാശമേ എന്നില്ല. 1950-ൽ ഉണ്ടായിരുന്നതിൽ പത്തിരട്ടി താവളങ്ങളിലേക്കു ഇന്നവ ചെന്നെത്തുന്നു. ഇതു നാലിരട്ടി ആക്കുന്നതിനും സാധ്യതയുണ്ടു്.

ഒരുമാർഗ്ഗം നിശ്ചയിച്ചു് അതു തുടർന്നുപോകുന്ന അൽഭുതകരങ്ങളായ യന്ത്രികോപകരണങ്ങളുണ്ടു്. ഇവ "യന്ത്രപ്പൈലറ്റു" കൾക്കു മനുഷ്യനു വന്നേക്കാവുന്ന തെറ്റു പറ്റുകയുമില്ല. മനുഷ്യപ്പൈലറ്റു ചെയ്യേണ്ടതു്, മിക്കവാറും എല്ലാംതന്നെ യന്ത്രപ്പൈലറ്റിനെക്കൊണ്ടു ചെയ്യിക്കാം.

മോട്ടോർ കാറിന്റെയോ തീവണ്ടിയുടെയോ സ്ഥാനം വിമാനം തൂട്ടിയെടുക്കുമെന്നൊരു പറയുന്നില്ല. എങ്കിലും ഗതാഗതത്തിൽ വിമാനത്തിന്റെ പ്രാധാന്യം വർദ്ധിച്ചുവരികയാണു്.

ഹെലിക്കോപ്ടർ—വിമാനത്തിന്റെ കൊച്ചനുജത്തി


ആകാശയാത്രയ്ക്കു ഏറ്റവും സഹായകമായ ഒരു വാഹനമാണു് വിമാനത്തിന്റെ കൊച്ചനുജത്തിയായ ഹെലിക്കോപ്ടർ. അതിന്റെ ജീവരക്ഷണസാമർത്ഥ്യം കൊറിയയിൽ പലകുറി തെളിയിച്ചുകഴിഞ്ഞു. കുത്തനെ ഉയരുവാനും ഇറങ്ങുവാനും ഭൂമിയിൽനിന്നു് ഏതാനും ഇഞ്ചുമാത്രം ഉയരെ മിക്കവാറും അനക്കമില്ലാതെ പറന്നു നില്ക്കുവാനും കഴിവുള്ള ഹെലിക്കോപ്ടർ, കടലിലും കാട്ടുതീയിലും ശത്രുനിരകൾക്കു പിന്നിലും എത്തി നിരവധി ജീവൻ രക്ഷിച്ചിട്ടുണ്ടു്.

ഉത്തരഅറ്റ്ലാന്റിക്കിലെ വിമാനഗതാഗതം അപകടരഹിതമാക്കുന്നതിനൊരുകാരണം ഹെലിക്കോപ്ടറാണു്. അഞ്ചു രാജ്യങ്ങളുടെ വക ഹെലിക്കോപ്ടറുകൾ—പരിശീലനം ലഭിച്ച പ്രവർത്തകരും—ഏതു് അടിയന്തിരഘട്ടവും നേരിടാൻ സദാ സന്നദ്ധരായി നില്ക്കുന്നു.

പരസ്പരം ആശയവിനിമയം ചെയ്യുകൊണ്ടു് എഞ്ചിനീയർമാരും ശാസ്ത്രജ്ഞന്മാരും, ഇപ്പോൾതന്നെ നല്ലതെന്നു് പറയാവുന്ന യന്ത്രോപകരണങ്ങളും പൂർവ്വാധികം മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുന്നു. "അനലൈസർ" എന്ന ഉപകരണം വിമാനത്തെ ആകമാനം പരിശോധിക്കുന്നു. എവിടെയെങ്കിലും എന്തെങ്കിലും കേടുപാടുണ്ടെങ്കിൽ അനലൈസർ അതു രേഖപ്പെടുത്തും.

വിമാനയാത്ര സുരക്ഷിതമോ? കണ്ടിടത്തോളം കൊണ്ടു് ആണെന്നതന്നെ മടികൂടാതെ പറയാം.

—o—



ചെങ്ങന്നൂർ മഹാദേവീക്ഷേത്രസന്നിധിയിൽ ഉണ്ണിയുണ്ണിനേത്തുടർന്നു നടത്തിയ ഒരു കുന്ദനത്തുലാഭാരം.

*ആരുടെ മകൻ?



സി. എൻ. കൃഷ്ണൻനായർ ബി. ഏ., ബി എൽ.

(സാമാന്യം ഭേദമായ ഒരു ഗൃഹത്തിലെ ഒരു മുറി. സമയം സൂര്യോദയം. ഒരു സ്ത്രീ ഒരു എണ്ണവിളക്കുമായി പ്രവേശിച്ചു വിളക്കു തായിൽവച്ചിട്ട് കിഴക്കോട്ടു തിരിഞ്ഞു ഭൂദേവിയെ തൊട്ടുവന്ദിക്കുന്നു. സ്ത്രീ ദുഃഖത്തയാണ്. പുറത്തു തെരുവീഥിയിൽനിന്നും ശോകസങ്കുലമായ ഒരു ഗീതം ഉയരുന്നു. ഈ ഗീതംകേട്ട് സ്ത്രീ അപഹൃതചിത്തയായി നിന്നുപോകുന്നു.)

സ്ത്രീ—(ശോകസമ്പൂർണ്ണമായ ഈ ഗീതം എന്റെ ആത്മാവിനെപ്പോലും പുളകംകൊള്ളിക്കുന്നു. പരിചിതവും മധുരവുമായ ഒരു സ്വരം. ആരായിരുന്നു, ആ ഭ്രാന്തൻ?

(അകത്തുനിന്നും "അമ്മേ, ഞാൻ പ്രാന്തന്റെ പാട്ടുകേൾക്കൻപോവാം. ഹാ! എന്തൊരു നല്ലപാട്ട്")

സ്ത്രീ—(സംഭ്രമത്തോടെ) മകനെ അയ്യോ! പോകരുതേ. ആ ഭ്രാന്തൻ കുഞ്ഞിനെ ഉപദ്രവിക്കയില്ലേ?

(വീണ്ടും അകത്തുനിന്നും "ഇല്ലമ്മേ! അച്ഛനെക്കാം അയാക്കെന്നോടു തന്നോഷമാ")

സ്ത്രീ—(നിശ്വാസത്തോടെ) അച്ഛൻ! ഇങ്ങനെയുള്ള അച്ഛന്മാരെക്കൊണ്ടുനിറഞ്ഞതാലോകം അമ്മമാർക്ക് നരകത്തെക്കാളും ഭയങ്കരമാണ്.

(മദ്യപാനിയായ ഭർത്താവു് മദോന്മത്തനായി പ്രവേശിക്കുന്നു)

ഭർത്താവു്—ശാരദേ! മധു എങ്ങോട്ടാണ് ഓടിപ്പോയതു്? ഒരു മദ്യപാനിയെപ്പോലെ, ഒരു ചുംബനംകൊടുക്കാൻ ഞാൻ അവനെ അടുത്തുവിളിച്ചു. ഹോ! മദ്യംനാറിയിട്ട് അടുക്കാൻവയ്യാ.

ശാരദ—ഇളംപൈതലിലും അങ്ങു കളങ്കംകാണുന്നു. അവൻ ആ ഭ്രാന്തന്റെ പാട്ടുകേൾക്കാൻ പോയതാണു് (അക്ഷമയോടെ) എന്തിനാണ് അങ്ങ് ഇങ്ങനെ ദിവസവും കുടിച്ചുനശിക്കുന്നതു്? ഒരൊറ്റദിവസമെങ്കിലും എനിക്കു സമാധാനവും സൈരതയുമില്ല.

ഭർത്താവു്—മായീ! ഞാൻ ഒരു ചിന്തകനാകുന്നതു് എപ്പോഴാണെന്നു നീ അറിയുന്നുണ്ടോ? ഞാൻ മദ്യപാനംചെയ്തിരിക്കുമ്പോൾമാത്രം. അപ്പോഴത്തെ ഞാൻ പല പല കണ്ടുപിടിത്തങ്ങളും നടത്തുന്നുണ്ടു്; എന്തിനു ഞാൻ ജനിച്ചെന്നും, സ്ത്രീയെ എന്തിനു സൃഷ്ടിച്ചെന്നും, പുരുഷന്റെ കരങ്ങൾക്കു് ഇത്ര ബലീഷ്ഠത എന്തിനെന്നും (ശാരദയുടെ കരങ്ങളും തടവിക്കൊണ്ടു്) നിന്റെ ഈ കരപല്ലവങ്ങൾക്കു് ഈ മൃദുലത എന്തിനെന്നും, മനസ്സിലായോ?

(ശാരദയുടെ മുഖം പിടിച്ചുയർത്തുന്നു. ലജ്ജാവനമ്രയായി ഭർത്താവിന്റെ മുഖത്തേക്കു നോക്കിനിൽക്കുന്നു) ശാരദേ! നിന്റെ അധരങ്ങൾക്കു് ഈ മാധുര്യം എന്തിനെന്നു് ഞാൻ അറിയുന്നുണ്ടു്. (ഭർത്താവിന്റെ മുഖം സാവധാനത്തിൽ ശാരദയുടെ മുഖത്തടുപ്പിക്കുന്നു. പെട്ടെന്നു് അസഹ്യഭാവത്തിൽ മുഖം വെട്ടിത്തിരിച്ചിട്ടു്) മദ്യം! മദ്യംതന്നെ. മധുരാസവം ഊറിനിൽക്കുന്ന ഈ അധരത്തിലൂടെ നിർഗ്ഗമിക്കുന്ന ദുർഗ്ഗന്ധം! ഹോ? ദുസ്സഹം! നീ ഒരു മദ്യപാനിയാണു്. തമ്മിലും മകനും രണ്ടു മദ്യപന്മാരുകൂടി! (ഉറക്കെച്ചിരിക്കുന്നു.)

ശാരദ—ഈ ദുർഗ്ഗന്ധംകൊണ്ടു് എന്റെ തലകറങ്ങുന്നു. അങ്ങു് അന്തസ്സോടും അഭിമാനത്തോടും കഴിയേണ്ട ഈ കൊച്ചുഗൃഹത്തിലെ ശാന്തിയും സൈരവ്യവും നശിപ്പിക്കുന്നു.

ഭർത്താവു്—നീ അറിയുന്നില്ല, നീ പറയുന്നതെന്തെന്നാണു്. അല്ലെങ്കിൽ തന്നെ ഏതെങ്കിലും ഒരു സ്ത്രീക്കു് അവളെ പറയുന്നതെന്തിനെപ്പറ്റിയാണെന്നു് ബോധമുണ്ടോ?

ശാരദ—വരണം നമുക്കു് അകത്തേക്കുപോകാം. അവിടുന്നു് കാച്ചിയ ഉരുങ്ങനം. കഴിഞ്ഞരാത്രിയിൽ അങ്ങു അശേഷവും ഉറങ്ങിയതായി തോന്നുന്നില്ല.

ഭർത്താവു്—രാത്രി ഉറങ്ങാനുള്ളതോ? പരമശാന്തമായ രാത്രിയിൽ ഉറങ്ങുന്നമനുഷ്യൻ ഭീരുവാണു്. അവന്റെ ഉറക്കം നിശ്ശേഷചൈയ്യുന്ന ഒരുകായ്യോറാമാണു്. (സ്നേഹഭാവത്തിൽ ശാരദയോടു സമീപിക്കുന്നു) എന്റെ ശാരദയുടെമുഖത്തു് എന്താണൊരു വിളർച്ച്? നീ ഇന്നലെ ഉറങ്ങിയില്ലേ?

ശാരദ—ഇല്ല. അങ്ങയെ പ്രതീക്ഷിച്ചു് ഉറങ്ങാതെ കഴിച്ചുകൂട്ടി. അർദ്ധരാത്രിയോടടുത്തപ്പോൾ ഭയങ്കരമായ നിലവിളികളോടുകൂടി ഒരു ശവവുംകൊണ്ടുള്ള ശ്മശാനയാത്ര ഈ പെരുവഴിയിൽകൂടി കടന്നുപോയി. എന്റെകുഞ്ഞു ഭയന്നു നിലവിളിച്ചു. പക്ഷേ ഇരുവഴി പാടിക്കുണ്ടനടക്കുന്ന ആ ഭ്രാന്തൻ പൊട്ടിച്ചിരിച്ചുകൊണ്ടു് പാടിക്കൽ വളരെനേരം നിന്നതിനാൽ ആ ചിരി കേട്ടു്, മധുഭയംമാറി അല്പംമുറങ്ങി.

ഭർത്താവു്—മധു ഒരു ഭീരുവോ?, എന്റെമകനു ഭീരുത്വംപാടില്ല. (രാത്രിസമയത്തും ശ്മശാനത്തിൽ കിടന്നുറങ്ങുവാൻ അവനു കഴിവുണ്ടായിരിക്കണം. എനിക്കറിയാം എന്തുകൊണ്ടാണവൻ ഭയന്നതെന്നു്. ഇന്നലെ അവനു് അച്ഛന്റെ മദ്യം അല്പവും കിട്ടിയില്ല. ഞാൻ മദ്യപാനിയാണു്. എന്റെമകൻ മദ്യപാനിയാകും. അവന്റെ രക്തത്തിൽ മദ്യത്തിന്റെ മാരകതപം കലർന്നിട്ടുണ്ടു്.

ശാര—എന്നെ അങ്ങു പിന്നെയും പിന്നെയും എന്തിനു സങ്കടപ്പെടുത്തുന്നു. എന്റെ ജീവിതം നീറിനീറി നശിക്കുന്നതു് അങ്ങു് അറിയുന്നില്ല. എന്നെകുഞ്ഞു മദ്യപാനിയായിത്തീരുമെന്നു അങ്ങു വിധിക്കുന്നു.

ഭർത്താവു്—എടീ ഒരുവന്റെ യോഗ്യതയെപ്പറ്റി ലോകസമക്ഷം പ്രഖ്യാപിക്കുന്നതിനു് ഏറ്റവും അധികാരപ്പെട്ടവൻ ആരാണെന്നു നീ അറിയുന്നുണ്ടോ? അവന്റെ അച്ഛൻ. ഞാൻ ആരാണെന്നറിയുന്ന എനിക്കറിയാം എന്റെമകൻ ആരാകുമെന്നു്. ഒരു പ്രഭുവിന്റെപുത്രൻ ഒരു പ്രഭുകുമാരനായിരിക്കും. ഒരു സുന്ദരിയുടെ പുത്രി ഒരു കൊച്ചുസുന്ദരിയായിരിക്കും. ഒരു വ്യഭിചാരിണിയുടെപുത്രി ഒരു വ്യഭിചാരിണിയായിരിക്കും. അതുപോലെ ഒരു മദ്യപാനിയുടെ പുത്രൻ.....

ശാര—എന്റെകുഞ്ഞു് ഒരു മദ്യപാനിയായിരിക്കയില്ല. അതിനെക്കാൾഭേദം അവൻ മരിക്കുന്നതായിരിക്കും.

ഭർത്താവു്—മധു! അവൻ അച്ഛന്റെ മകനാണു്. എവിടെ ആ കൊച്ചുമിടുക്കൻ! (ചുറ്റുമൊന്നുനോക്കിയിട്ടു്) അതാ ആ ആൾത്തിരക്കിൽ ആ ഭ്രാന്തന്റെ അടുത്തിരുന്നു് രസിക്കുന്നതവനല്ലേ? ഇന്നത്തെ അവന്റെ പ്രഭാതസ്നാനം കടൽവെള്ളത്തിലായിരിക്കണം. അവന്റെ ആ ഇളംശരീരം തലോടുന്നതിനു് ആ തിരമാലകൾക്കു് എന്തൊരു കൊതിയാണെന്നറിയാമോ!

ശാര—(സംഭ്രമത്തോടെ) അങ്ങെന്താണീപറയുന്നതു്

ഭർത്താവു—അവന്റെ നീലിമയേറിയ ലോചനങ്ങളിൽ ചുംബനങ്ങളർപ്പിക്കുവാൻ (ചുറ്റുമയോടുചുണ്ടിയിട്ടു്) അതാ ആ സാഗരം അധരവുംകൂർപ്പിക്കൊണ്ടുകിടക്കുന്നു. (ദൂരെസിനിമാപോക്കറിൽനിന്നും ഒരുകൂട്ടം മദ്യപന്മാരിലിച്ചെടുത്തു കൂടിക്കുന്നു. ശാരദ ആ മദ്യക്കൂട്ടം തട്ടിക്കളയുവാൻ മുമ്പോട്ടു് അടുക്കുന്നു. എന്നാൽ ഭർത്താവിനെ ഭയന്നു് അവൾ പിറകോട്ടുമാറുന്നു)

ശാര—അയ്യോ! അങ്ങു പിന്നെയും കുടിക്കയാണോ! ദൈവമേ! (പൊട്ടിക്കരയുന്നു)

ഭർത്താവു—ലോകത്തിൽ ആരാണു കുടിക്കാത്തതു്. പ്രകൃതിതന്നെ മദ്യമയം. ഇളംതെന്നലിൽ ശിരസ്സാട്ടിക്കുണ്ടുനിൽക്കുന്ന ആ മരങ്ങൾപോലും മദ്യപിച്ചിരിക്കയാണു്. പിന്നയാണോ മേധാശാലിയായ പുരുഷൻ! (ശാരദയുടെ ശിരസ്സിൽ മണത്തിട്ടു്) ഹാ! നിന്റെ ചുരുണ്ടിരുണ്ട കുന്തിരിഭാരംപോലും ഭദ്യപിച്ചിരിക്കയാണു്. നിന്റെ കടാക്ഷംപോലും ലഹരിപിടിച്ചതാണു്. മധു എവിടെ? മധു കുടത്ത ഉന്മാദംകഴിഞ്ഞു. നിന്നെ തിരമാലകളിലിട്ടു ഞാൻ അമ്മാനമാടിക്കും. (പോകുന്നു)

ശാര—അയ്യോ! കടൽ ക്ഷോഭിച്ചിരിക്കയാണു്. ദൈവമെ! എന്റെകുഞ്ഞു് കൈക്കുഴഞ്ഞു പ്രാണിച്ചു കേണുനിലവിളിക്കുന്നു.

(പുറത്തു് പെരുവഴിയിൽനിന്നും നിരാശപൂർണ്ണമായ ഒരു പ്രേമഗാനം ഉയരുന്നു.)

ശാര—(ഞെട്ടിത്തിരിഞ്ഞിട്ടു്) അതെ, അതെ ആ ഗീതംതന്നെ, ആ സ്വരംതന്നെ.

(ആ ഗീതം തുടർന്നുകേൾക്കുന്നു)

ശാര—ഹാ! ശശീ! ശശീ! (ഒരുവശത്തേക്കു് ഓടുന്നു. പെട്ടെന്നു തിരിഞ്ഞുനിൽക്കുന്നു) പാടില്ല. പാടില്ല. ഞാൻ ഭർത്തൃമതി.

(ഭ്രാന്തൻ പ്രവേശിക്കുന്നു. കീറിപ്പറിഞ്ഞ വസനങ്ങളും ശൂന്യവാത്തിയിരിക്കുന്നതിനാൽ മുഖംഴുവൻ കാണാൻ സാധ്യമല്ല. ചുറ്റുംശരേറിയ കണ്ണുകളും: അലക്ഷ്യമായ നോട്ടം)

ശാര—(സാരിത്തുമ്പുപിടിച്ചു് തലയിൽക്കൂടിയിട്ടുന്നു) നിങ്ങളാരു്?

ആഗതൻ—ഞാൻ ആരുമായിക്കൊള്ളട്ടെ. നിങ്ങളെപ്പോലെയുള്ള ലേച്ഛയുടെപേരിൽ ആത്മാർത്ഥതയെ ബലികഴിച്ചുകൊണ്ടു ജീവിക്കുന്നവനല്ല.

ശാര—നിങ്ങളാരാണെന്നു് എനിക്കു് ഓർമ്മയില്ല.

ആഗ—കീറിപ്പറിഞ്ഞ വസനങ്ങളിൽപൊതിഞ്ഞ തകർന്ന ഈ മനുഷ്യനെ നിങ്ങൾക്കു് ഓർമ്മയില്ലായിരിക്കാം. എന്റെ ശരീരത്തിന്റെ സുഭഗതയും കണ്ണുകളുടെ പ്രകാശവും നശിച്ചുകഴിഞ്ഞിരിക്കുന്നു. നിങ്ങളും ഇപ്പോഴും പ്രതേപുഷ്പത്തെപ്പോലെ സുന്ദരിയും ശരത്ചന്ദ്രികയെപ്പോലെ ഹൃദയഹാരിണിയുമായി വിരാജിക്കുന്നു.

ശാര—നിങ്ങളും ആത്മാർത്ഥമായിക്കൊള്ളട്ടെ. നിങ്ങൾക്കു പോകാം. എന്റെ ഭർത്താവുവന്നിട്ട് ഇനിയും കാണാം.

ആഗ—നിയമം അനുശാസിക്കുന്നഭർത്താവു്! നീ ആ ഭർത്താവിന്റെ അടിമ. ഈ നാലുഭിത്തികൾക്കു വെളിയിൽകടക്കാൻ സ്വാതന്ത്ര്യമില്ലാത്ത ബന്ധനം. കൂട്ടിലടയ്ക്കപ്പെട്ട ഒരു കിളിയെപ്പോലെ അന്തഃപ്പെട്ട രോദനങ്ങളും അടയ്ക്കപ്പെട്ട അഭിലാഷങ്ങളുമായി നീ കഴിയുന്നു.

ശാര—നിങ്ങളുടെ കണ്ണുകളും എന്നെയപ്പെടുത്തുന്നു. നിങ്ങളും ഭ്രാന്തനാണു്.

ആഹാ—ശരദേ! ഇന്നു ഭവതിയെ നാം നീ പറയുന്ന എന്തെന്ന ഒരുകാര്യത്തു് നിന്റെ ഏറ്റവും അടുത്ത കാമുകനായി നീ ആരാധിച്ചിരുന്നു. നിന്റെ യൗവനത്തിന്റെ പ്രഥമോപവനത്തിൽനിന്നുകൊണ്ടു് പ്രണയഗീതംപാടിയ ഒരു കാമുകനാണു ഞാൻ.

ശര—(ആത്മനിയന്ത്രണം നശിച്ചു്) ഹാ! എന്റെശശീ! ശശീ! എന്നോടുക്ഷമിക്ക. അങ്ങേയ്ക്കു സംഭവിച്ച മാറ്റങ്ങൾ. ഞാൻ അങ്ങയുടെ ആ പഴയ ശരദല്ലെന്നെ. ജീവിതത്തിൽ ആനന്ദമെന്തെന്നു് ആദ്യമായും അവസാനമായും എനിക്കു് അനുഭവപ്പെടുത്തിത്തന്ന എന്റെശശീ! ധനമോഹിയായ എന്റെ അച്ഛൻ എന്നെപ്പിടിച്ചു് ഈ പണക്കാരനായ മദ്യപാനിക്കു വിറ്റു. എന്റെദൈവമേ! എന്റെ ശശീ, എത്രകരുണയുള്ളവൻ. എന്നെമനസ്സിട്ടില്ല മധു അങ്ങയുടെ അടുക്കലേക്കു വന്നിട്ടു് എവിടെ?

ശശി—അവന്റെ മാതാവിന്റെ നിയമം അനുശാസിക്കുന്ന ഭർത്താവു് എന്റെ അടുക്കൽനിന്നും അവനെ വലിച്ചെടുത്തു കൊണ്ടുപോയി. ഈ മദ്യപനിയോടുകൂടിയുള്ള നിന്റെജീവിതം ഭയങ്കരംതന്നെ. കഴിഞ്ഞദിവസം അയാളെ മദ്യോന്മത്തനായി നിന്നെ മർദ്ദിച്ചതും നീ രക്തം ഛർദ്ദിച്ചതും മധു ഉറക്കെപ്പറഞ്ഞുവിളിച്ചുപറഞ്ഞതുമൊക്കെ ഞാൻ കണ്ടും കേട്ടും കൊണ്ടാണു കഴിച്ചതു്. പക്ഷേ അയാളാ നിന്റെ നിയമാനുസൃതഭർത്താവാണു്. ഈശ്വരാ! ഭാര്യയുടെ ജീവിതനാഥൻ, അതു് അവളുടെ ഭർത്താവിന്റെ കരത്തിലിരിക്കുന്ന ഒരു പാഷാണഭാരം പോലെയാണു്. ഒറ്റ തൽക്ഷണമേ റാൽ തകർന്നുപോകും. ശരദേ, നീ ഈ ബന്ധനത്തിൽതന്നെ കഴിഞ്ഞുകൂടുവാനാണോ ആഗ്രഹിക്കുന്നതു്? സമുദായം അനുശാസിക്കുന്ന പഴഞ്ചൻനിയമങ്ങളെ, സ്വാർത്ഥപ്രേരണയായ പുരുഷന്റെ അധീശാധികാരത്തെ ദുർബ്ബലയായ സ്ത്രീയിൽ അടിച്ചേല്പിക്കുന്ന നിയമങ്ങളെ വെല്ലുവിളിച്ചുകൊണ്ടു് നീ പുറത്തേക്കുവരൂ. ആത്മാർത്ഥതയുടെ വെളിച്ചത്തിൽ നമുക്കു ജീവിതമാർഗ്ഗം തെളിഞ്ഞുകാണാം. നമുക്കൊരുമിച്ചു് മുന്നോട്ടുപോകാം. വരൂശരദേ.

ശരദ—(ഭയത്തോടും സംഭ്രമത്തോടുംകൂടി) പോകൂ. ഞാൻ വരുകയില്ല. ശശീ! (പൊട്ടിക്കരയുന്നു) ഞാൻ നശിച്ചുകൊള്ളാം. മരിച്ചുകൊണ്ടു ജീവിക്കുവാൻ വിധിക്കപ്പെട്ടവൾ! ഈ ബന്ധനവും അന്ധകാരവും ഞാൻ വെടിയുകയില്ല. അതാണധർമ്മം, അതാണുനീതി. അതുലംഘിച്ചാൽ സമുദായത്തിന്റെ നിഷ്ഠൂരദൃഷ്ടികളിൽനിന്നും പ്രവഹിക്കുന്ന തീജ്വാലയിൽ ഞാൻ വെണ്ണീറായിപ്പോകും. പോകൂ ശശീ, ഇനിയും ഇവിടെ നില്ക്കരുതു്, പോകൂ. (മുഖംതിരിച്ചു കരയുന്നു)



(ശുഭപ്രതീക്ഷയിലും, കഠിനാദ്ധ്വാനത്തിലും, സർവ്വോപരി അന്യോന്യം വിശ്വാസവും അർപ്പിച്ചിരിക്കുന്ന ഡോട്ടി, റോ എന്നീ റോളൻഡ് ദമ്പതികൾ 156 ഏക്കർ ഭൂമി പാട്ടവ്യവസ്ഥയിലെടുത്തു പഞ്ഞി, ബാർലി, മുതലായവ കൃഷിചെയ്യും, ആടു്, കോഴി, പശു, പന്നി ഇവയെ വളർത്തിയും ദിവസം 16 മണിക്കൂർ വേലചെയ്തു കഴിയുകയാണു്. നാട്ടിൻപുറത്തുകാരണിയരുമാണു്; എന്നാൽ ഡോട്ടു് ഒരു "സൗന്ദര്യാരാധനിക്കുടിയാണു്." പാട്ടം വ്യവസ്ഥയിൽ കൃഷിചെയ്തുകിട്ടുന്ന ആദായംകൊണ്ടു് സ്വന്തമായി ഭൂമി സമ്പാദിക്കണമെന്നാണു് ദമ്പതികളും ആശിക്കുന്നതു്.)

ശശി—ഞാൻ പോകുന്നു. എപ്പോഴെങ്കിലും എന്റെ സഹായം ആവശ്യമെങ്കിൽ അറിയിക്കണം. ഞാൻ അതാ ആ വഴിയരികിലുള്ള കുടിലിലാണു താമസം.

ശര—(തിരിഞ്ഞുനോക്കുന്നു. ആത്മനിയന്ത്രണംനശിച്ചു് ശശിയോടടുക്കുന്നു ഹാ ശശീ! പോകരുതേ! പോകരുതേ! വരൂ എന്റെ അടുക്കലേക്കു വരൂ. ശശീ! ഇനിയും അങ്ങു് അകന്നുപോകരുതേ.....വരൂ എനിക്കു് അങ്ങയോടു് ഒരു സംഗതി പറയുവാനുണ്ടു്.

ശശി—പറയൂ. ഞാൻ പോകട്ടെ.

ശര—മധുവിനെ കണ്ടിട്ടുപോകൂ. അവൻ പ്രഭാതസ്നാനവും കഴിഞ്ഞു് ഇപ്പോൾ തിരികെവരും. അവൻ എത്രമനോഹരനായ കുഞ്ഞു്. വെള്ളിമേഘത്തെപ്പോലെ ഉയരത്തിൽപ്പറയണം ചെയ്യാൻ അഭിലഷിക്കുന്ന ഒരു സ്വപ്നജീവിയാണു മധു.

(രംഗത്തിനുവെളിയിൽ അട്ടഹാസവും ചിരിയും കേൾക്കുന്നു)

ശശി—അതാ, നിന്റെ ഭർത്താവിന്റെ വരവായി. ഈശ്വരൻ മധുവിനെ അനുഗ്രഹിക്കട്ടെ! (പോകുന്നു)

(ഭർത്താവു് ഉയർത്തിപ്പിടിച്ചിരിക്കുന്ന മദ്യക്കുപ്പിയുമായി പ്രവേശിക്കുന്നു)

ശര—എന്റെ കുഞ്ഞെവിടെ?

ഭർത്താ—അലറിയടിക്കുന്ന ആ കടലിനോടുചോദിക്കൂ. ആ തിരമാലകൾക്കു് അവനോടെന്തൊരുസ്നേഹം. നിനക്കപ്പോലും അവനോടു് അത്രയും സ്നേഹമില്ല. ഹാ! അതൊരു കാഴ്ചയായിരുന്നു.

ശര—എന്റെ മധു എവിടെ?

ഭർത്താ—തിരമാലകൾ ആപ്പിട്ടുകൊണ്ടു് അവൻ ചാടിയും നൃത്തംചെയ്തു. കളിത്ത പടിഞ്ഞാറൻ കാറ്റു് അവന്റെ ഒരു കുട്ടുകാരനെപ്പോലെ വിസിലുമടിച്ചുകൊണ്ടു് ഓടിയെത്തി. ഹാ! എന്തൊരുമനോഹരമായ കാഴ്ചയായിരുന്നു.

ശര—എന്തു? അവനെ തനിയെ കടലുകരയിൽ വിട്ടിട്ടുവന്നോ? അയ്യോ! കടൽ ക്ഷോഭിച്ചിരിക്കുകയാണു്.

ഭർത്താ—മരിയാ! അവന്റെ മദ്യം കലർന്നരക്തം കഴുകിക്കളഞ്ഞു ശുദ്ധീകരിച്ചിട്ടു് കടൽ അവനെ നമുക്കു തിരികെത്തരും.

ശര—അയ്യോ! നിങ്ങളാ അവനെ.....നിങ്ങളാരാക്ഷസനാണു്, എന്റെ മകനെ! (കരഞ്ഞുവിളിച്ചുകൊണ്ടു ഓടുന്നു)

ഭർത്താ—(ശരദയെ പിടിച്ചുനിർത്തുന്നു. അവളാ അയാളെ തുറിച്ചുനോക്കിക്കൊണ്ടു് നിന്നുപോകുന്നു) ശരദേ! നീ കേൾക്കൂ; അൽഭുതകരമായ ഒരുസത്യം ഞാൻ പറയാം. വികാരാത്മകമായ ഒരുസത്യം. കുറച്ചുദിവസമായിട്ടു് ഞാൻ മധുവിന്റെ പ്രലപനങ്ങളും ശ്രദ്ധിക്കാറുണ്ടായിരുന്നു. മാമരങ്ങളുടെ ഇലകളും കഴുകുന്ന ഒരു മഹാമാരിയായിത്തീരണം പോലും അവനു്. പുഷ്പങ്ങളുടെ സൗരഭ്യവും മിന്നൽപിണരുകളുടെ പ്രകാശവും അവനു പിടിച്ചെടുക്കണംപോലും. അവൻ ഒരു മദ്യപാനിയെപ്പോലെ പിറുപിറുത്തുകൊണ്ടിരുന്നു. അവന്റെ രക്തം മദ്യത്തിന്റെ മാരകതപനിറഞ്ഞതാണു്. എന്റെ പ്രപിതാമഹനും പിതാമഹനും മദ്യപാനികളായിരുന്നു. എന്റെ അച്ഛനും ഒരു മുഴക്കുടിയനായിരുന്നു. ഞാനോ? ഒരു ഒന്നാന്തരം കുടിയൻ. അപ്പോൾ എന്റെ മകനോ? അവൻ അങ്ങിനെ വളരാൻപാടില്ല. പല പല തലമുറകളിലായി മദ്യപാനസക്തി ഞങ്ങളുടെ രക്തത്തിൽ കലർന്നുപോയി. എന്റെ മകൻ ആ പാരമ്പര്യം പുലർത്താൻ ഞാൻ അനുവദിക്കയില്ല. ആ ദുഷിച്ച പാരമ്പര്യം തുടർന്നുകൊണ്ടുപോകാൻ പാടില്ല. അവൻ വളർന്നുവന്നാൽ ഒരു മദ്യപാനി പാടില്ല, ഞാൻ നിശ്ചയിച്ചതാണു്. അതിനാൽ.....അതിനാൽ ഞാൻ എന്റെ മകനെ ക്ഷോഭിച്ചിളകിയ കടലിലേക്കു വലിച്ചെറിഞ്ഞു.

ശര—ദ്രോഹി! അവൻ നിങ്ങളുടെ മകൻ അല്ലായിരുന്നു. (മൂർച്ഛിക്കുന്നു)

ഭർത്താ — (അൽഭുതസ്തബ്ധനായിട്ടു്) പിന്നാരുടെ മകൻ? അവന്റെ അച്ഛനാരു്?

(ശശിപ്രവേശിക്കുന്നു)

ശശി—ഞാൻതന്നെ (ബോധശൂന്യയായി പിറകോട്ടുവീഴുന്ന ശരദയെ ആയാളുടെ കരങ്ങളിൽ താങ്ങുന്നു.)

(ഭർത്താവു് ആ രംഗം ശ്രദ്ധമായി നോക്കിക്കൊണ്ടുനിൽക്കുന്നു. അടുത്തക്ഷണത്തിൽ ആയാൾ ശരദയുടെ കഴുത്തിൽ രണ്ടുകൈകൊണ്ടും ചേർത്തു് ഞെക്കിഞെരുക്കുന്നു. ശശി നിർവ്വികാരനായി ഈ രംഗം കണ്ടുകൊണ്ടു നിൽക്കുന്നു.)

(കർട്ടൻ)

---

* വിശ്വസാഹിത്യകാരനായ ശ്രീ ഹരീന്ദ്രന്റെ ഒരംശത്തെ ഉപജീവിച്ചുകൊണ്ടെഴുതിയ ഈ ഏകാങ്കം, ശാന്തിപുരം ഗ്രാമോദ്ധാരണസമിതിയുടെ ധനശേഖരാർത്ഥം സി. എൻ. കൃഷ്ണൻനായർ ഉൾപ്പെടെയുള്ള അഭ്യസ്തവിദ്യരായ മാന്യന്മാരാൽ അഭിനയിക്കപ്പെട്ടതാണു്.

സാഹിത്യകാരന്മാരുടെ പ്രണയകഥകൾ

★

— പുത്തൻകാവു് കെ. എം തരകൻ, എം. എ. —

വിശ്വവിശ്രുതരായ പാശ്ചാത്യസാഹിത്യകാരന്മാരുടെ പ്രണയകഥകളാണു് ഈ ലേഖനപരമ്പരയിൽ വിവരിക്കുന്നതു്. ഗ്രീക്കുനാടകകർത്താവായ യൂറിപ്പിഡിസ, ലാറ്റിൻകവി വർജിൽ, ഫ്ളോറിൻസിന്റെ അഭിമാനസ്തംഭമായ ഡാന്റി എന്നിവരുടെ പ്രണയകഥകളാണു് ഈ ഭാഗത്തിൽ ഉൾക്കൊള്ളുന്നതു്.

I

സാഹിത്യത്തിലും, ലോകത്തിലും ഒരുപോലെ ശാശ്വതപ്രതിഷ്ഠ ലഭിച്ചിട്ടുള്ള ചില കാര്യങ്ങളിലൊന്നാണു് പ്രണയം. വർഗ്ഗരഹിതമായ ഒരു ലോകം വിഭാവനചെയ്യുന്നതിനു് ഒരു പക്ഷേ ചില രാഷ്ട്രതന്ത്രവിചക്ഷണന്മാർക്കു് സാധിച്ചെന്നുവരാം. നിസ്വാർത്ഥമായി, നിഷ്കാമകർമ്മം ചെയ്യുന്നവരായി വർത്തിക്കുന്ന സാങ്കല്പികന്മാർമാത്രം ഉൾക്കൊള്ളുന്ന ഒരു ലോകത്തിന്റെ പ്രത്യുദ്ഗമനം പ്രവചിക്കുവാൻ അപൂർവം ചില മഹർഷിമാർക്കു് കഴിഞ്ഞെന്നുവരാം. പക്ഷേ സ്ത്രീ പുരുഷവ്യത്യാസം ഇല്ലാത്ത ഒരു വ്യവസ്ഥിതി സൃഷ്ടിക്കുവാൻ ആരെങ്കിലും ശ്രമിച്ചിട്ടുണ്ടോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. പ്രവാചകപ്രമുഖനായ മഹമ്മദിന്റെ പാരദീസയിൽ സുരലോകനാരിമാർ നൃത്തം ചവുട്ടിക്കൊണ്ടിരിക്കയാണു്. ഉർവ്വശിയും, രംഭയും, തിലോത്തമയുമില്ലാത്ത സ്വർഗ്ഗം മതമനസ്സുകൾ പ്രദേശംപോലെ അനഭിലഷണീയവും, അനാകർഷണീയവുമാണു്. ശ്രീയേശുഭഗവാന്റെ നിത്യരാജ്യത്തിൽ ഭാര്യാഭർതൃബന്ധം നിലനിൽക്കുന്നില്ലെങ്കിലും, ആണാടകളും, പെണ്ണാടകളും, കഞ്ഞാടുകളുമുണ്ടെന്നു് സൂരിക്കാതിരിക്കുവാൻ നിവൃത്തിമില്ല.

ഭാവനാലോകത്തിലെന്തുതന്നെയായാലും നാമൊക്കെ ജീവിക്കുന്ന ഭൂമിയിൽ സ്ത്രീ പുരുഷബന്ധം ഒരു നിത്യസത്യമാണു്. തലമുറകളിൽനിന്നും, തലമുറകളിലേക്കു് കൈമാറിക്കൊടുക്കപ്പെടുന്ന ജീവന്റെ വെളിച്ചം, ഈ ബന്ധത്തിൽനിന്നും മാത്രമേ പ്രകാശം പരത്തുകയുള്ളു. ജീവിതത്തിനു് ഉദ്ദേശവും, ലക്ഷ്യവും നൽകി, അതിനെ മുന്നോട്ടു നയിക്കുന്ന യന്ത്രത്തിന്റെ പ്രവർത്തനശക്തി ഉത്ഭവമാകുന്നതും ഈ ബന്ധത്തിൽനിന്നുതന്നെയാണു്. ഈ വസ്തുതയാണു പ്രപഞ്ചത്തിലുള്ള സർവ്വ പ്രവർത്തനങ്ങളും സ്ത്രീ പുരുഷബന്ധത്തിന്റെ വിവിധപ്രകാശനങ്ങളും മാത്രമാണെന്നുള്ള നിഗമനത്തിലേക്കു് ഫ്രോയിഡിനെ (Freud) എത്തിച്ചേർത്തതും.

ലോകത്തിലുള്ള സർവ്വവിധ പ്രശ്നങ്ങൾക്കും ഒരുത്തരം കിട്ടുവാൻ പലരും ശ്രമിച്ച കൂട്ടത്തിൽ ഫ്രോയിഡും ശ്രമിച്ചെന്നേ ഉള്ളു. അദ്ദേഹം പറഞ്ഞതെല്ലാം അപ്പാടെ സ്വീകരിക്കാൻ നമുക്കെല്ലാം തയ്യാറാകണമെന്നില്ല. ജീവിതത്തിലെ എല്ലാ പ്രേരണകളും, ലൈംഗികബന്ധത്തിൽനിന്നുമാണുടലെടുത്തതെന്നു് പറയാൻ ബർട്രൻഡ് റസ്സൽ (BERTRAND RUSSEL) യുക്തിക്കുന്നു. ജ്ഞാനതൃഷ്ണ, ലൈംഗികാഭിനിവേശത്തിന്റെ വ്യത്യസ്ഥമായ പ്രസ്ഫുരണമായിരിക്കാൻ തരമില്ലെന്നു അദ്ദേഹം, അതിനുദാഹരണമായി ചൂണ്ടിക്കാണിക്കുന്നു. പക്ഷേ റസ്സൽ ഒരു കാര്യത്തിൽ ഫ്രോയിഡിനെ അനുകൂലിക്കുന്നു—കലാപരമായ സൃഷ്ടികൾക്കു് പ്രണയപരാജയം വളരെ സഹായകരമാണു് എന്നുള്ളതിൽ. ശാസ്ത്രകാരന്റെ കാര്യമെന്തായാലും, സാഹിത്യകാരന്റെ കാര്യത്തിൽ ഇതേറെക്കുറെ ശരിയാണു്.

ഇതേപ്പറ്റി മഹാകവി ടാഗോർ പുറപ്പെടുവിച്ചിരിക്കുന്ന അഭിപ്രായം രസാവഹമാണു്. "സ്ത്രീകളുടെ സ്നേഹം — ഏതുതരത്തിലുള്ളതായാലും അതു നമ്മുടെ ആത്മാവിനു സുരഭിലമായ കുസുമമഞ്ജരികൾ കാഴ്ചവയ്ക്കുകയാണു്—സുന്ദരസപ്നങ്ങൾ കതിർചൂടുന്ന ഒരു സ്വർണ്ണവയൽ അതു നമ്മുടെ ഭാവനയ്ക്കു് സംഭാവനചെയ്യുകയാണു്." ഒരു പെൺകുട്ടിയുടെ പ്രേമം നിസ്സാരമായി തള്ളിക്കളയാൻ തനിക്കു കഴിഞ്ഞിട്ടില്ലെന്നാണു് ടാഗോർ അഭിപ്രായപ്പെട്ടിട്ടുള്ളതു്.

സാഹിത്യം പ്രണയപരാജയത്തിൽനിന്നാണ്ടലെടുത്തിട്ടുള്ളതെന്നു ശപഥം ചെയ്യുവാൻ ഞാനൊരുങ്ങുന്നില്ല. സ്ത്രീകളില്ലായിരുന്നെങ്കിൽ സാഹിത്യം കാണുമായിരുന്നോ എന്നു് ചോദിച്ചാൽ—നമുക്കുത്തരം പറഞ്ഞിട്ടു കാര്യമില്ല—കാരണം അങ്ങനെയായിരുന്നെങ്കിൽ ഇങ്ങനെയൊരു ചോദ്യംതന്നെ ചോദിക്കാൻ നമ്മളാരും കാണുകില്ലായിരുന്നു എന്നതുപോലും ഒരു സംഗതി പരമാർത്ഥമാണു്. സാഹിത്യസൃഷ്ടിയെ സംബന്ധിച്ചിടത്തോളം പരമമായ ഒരു പ്രേരകശക്തിയാണു പ്രണയം. പ്രണയത്തിന്റെ ഉപാസകന്മാരായിരുന്ന ചിലർ പ്രസിദ്ധന്മാരായ സാഹിത്യകർമ്മാരുടെകൂടെ.

II

വാല്മീകിയും, ഹോമറും, വീജിലും, വ്യാസനും പ്രണയബന്ധരഹിതരായിരുന്നുവോ എന്നു ചോദിച്ചാൽ എനിക്കൊന്നും പറയാനില്ല. ചരിത്രത്തിന്റെ ഏടുകളും അതിനു തക്കതായ ഉത്തരമൊന്നും തരുന്നില്ല. 'വാല്മീകി മരുമഹാ കൊള്ളക്കാരനായിരുന്നെന്നാണു് ഐതിഹ്യം പറയുന്നതു്. പക്ഷേ അതു സ്ത്രീഹേതുകങ്ങളെ സംബന്ധിച്ചും വാസ്തവമായിരുന്നെന്നു് സ്ഥാപിക്കുവാൻതക്ക തെളിവുകളൊന്നും കാണുന്നില്ല.

മഹാകവി വ്യാസൻ ഒരു മഹർഷിയായിരുന്നു. അദ്ദേഹം പ്രേമബദ്ധനായിരുന്നിരിക്കാൻ ന്യായമുണ്ടു്. കാരണം, മഹാഭാരതത്തിലുള്ളതുപോലെ പ്രേമകഥകളും മറ്റുള്ള വിശ്വസാഹിത്യം മുഴുവൻകൂടി എടുത്താൽ കാണുമെന്നു തോന്നുന്നില്ല. അജ്ഞാനത്തെ സൃഷ്ടിച്ച വ്യാസനു പ്രണയം സർവ്വസാധാരണമായിരുന്നെന്നു വേണം വിചാരിക്കുവാൻ. പക്ഷേ നമ്മുടെ പുരാണശവേഷകന്മാർ അതിനെത്തക്ക തെളിവുകളും തരാതിരിക്കുന്നിടത്തോളംകാലം അദ്ദേഹത്തെ നിരപരാധിയായി വിടാനേ മാർഗ്ഗം കാണുന്നുള്ളു. ക്ഷന്തവ്യമായിരിക്കയില്ലല്ലോ.

ഒഡേസ്സേയും, ഇലിയഡും എഴുതിയ ഹോമർ ഒരു കണ്ണുപൊട്ടനായിരുന്നെന്നാണു്, പാശ്ചാത്യചിന്തകന്മാർ അഭിപ്രായപ്പെട്ടുന്നതു്. സൗന്ദര്യവതിയായ ഹെലനെ സൃഷ്ടിച്ച അദ്ദേഹം സ്ത്രീസൗന്ദര്യം ആസ്വദിച്ചിട്ടില്ലെന്നു വരുമോ എന്തോ? പ്രാചീനന്മാർ, കവികളുടെ ശാർഹികജീവിതത്തെപ്പറ്റി, അധികമൊന്നും അന്വേഷണംനടത്തിയതായി കാണുന്നില്ല. അല്ലെങ്കിൽതന്നെ അങ്ങാടിയിൽ അന്വേഷിച്ചാൽ പെണ്ണുങ്ങളും അക്കാര്യത്തെപ്പറ്റി പിഴച്ചിത്തരം അതുപോലെ ഇങ്ങോട്ടുവന്നു ചേരാൻ വല്ല മാർഗ്ഗവുമുണ്ടോ? ഏതായാലും വന്ദ്യവയോധികനായ ആ പുണ്യപുരുഷനെയും പ്രതിക്കൂട്ടിൽനിന്നും പുറത്തുവിടാനേ പഴുതുകാണുന്നുള്ളു.

ഗ്രീക്കു് നാടകകർത്താക്കന്മാരിൽ അഭിനവീയനായ യൂറിപ്പിഡിസ് (Euripides-480-406. B. C.) എഴുതിയിട്ടുള്ള ദുരന്തനാടകങ്ങളും നിരവധിയാണു്. അദ്ദേഹം വിവാഹംകഴിച്ചിരുന്നതു് 'അരുപ്പവാൾ' എന്നർത്ഥംവരുന്ന പേരുള്ള ഒരു യുവതിയെ ആയിരുന്നു. ആ സ്ത്രീരത്നത്തിനു് തന്റെ ഭർത്താവിന്റെ കൂടുംബജീവിതം ദുരിതക്കണക്കിൽ അടുത്തുമുറിക്കുന്നതിനുള്ള കഴിവു് നിസ്സീമമായിരുന്നു. അങ്ങനെ ദുരിതപൂരിതമായ തന്റെ കുടുംബജീവിതകഥ ഒന്നു മാറിമറിയെഴുതാമെന്നകരുതി അദ്ദേഹം തന്റെ ആദ്യധർമ്മപത്നിയെ ഉപേക്ഷിച്ചെങ്കിലും, ആ മഹതിയേപ്പോലുള്ള വേറൊരു യുവതിയെയാണു് അദ്ദേഹം വീണ്ടും വിവാഹം കഴിക്കാനിടയായതു്. ഒരുപക്ഷേ ശോകസന്ദായകങ്ങളായ ദുരന്തനാടകങ്ങളെഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു് വിശ്വാതീതമായ കുടുംബജീവിതമായിരുന്നിരിക്കാം.

വർജിൽ (Virgil-70-19 B. C.) വിവാഹം കഴിച്ചിരുന്നില്ല. പ്രസിദ്ധ വേളാന്തചിന്തകനായ ഇമ്മാനുവേൽ കാണ്ടിനെ (Kant) പ്പോലെതന്നെ "ഞാനിക്കാര്യം മറന്നുപോയി" എന്നദ്ദേഹം പറഞ്ഞെക്കുമോ എന്തോ. വർജിൽ സ്വഭാവശുദ്ധിയുടെ ഒരു കനകശലാകയായിരുന്നു. കർഷകനും, കവിയുമായ അദ്ദേഹം പ്രണയത്തെപ്പറ്റി മധുരമായി പാടിയിട്ടുണ്ടു്. അതിനേപ്പറ്റി ചിന്തിക്കാൻ അദ്ദേഹത്തിനു സമയവുമുണ്ടായിരുന്നു, പക്ഷേ അദ്ദേഹത്തിനു് കാമിനിയേക്കാളും പ്രിയതരമായിരുന്നതു് കവിതയും, രാജ്യവുമായിരുന്നു. അദ്ദേഹത്തിന്റെ നാമംനിലനിൽക്കുന്നതിനു അനന്തരാവകാശികളില്ലെന്നു് ആരെങ്കിലും വിലപിക്കുകയാണെങ്കിൽ ഒരുപക്ഷേ മൈക്കൽ ആഞ്ജലോ (Michel Angelo) തന്റെ പുരോഹിതസുഹൃത്തിനു് നൽകിയസമാധാനംതന്നെ വർജിൽ നമുക്കും തന്നേയ്ക്കും. "എന്റെ കലയിൽ എനിക്കു ആഭിമുഖ്യമുണ്ടായതു ഒരു ഭാര്യയേ കാണാൻകഴിയുന്നതാണു്. അവളുണ്ടെന്നെ പ്രവർത്തനനിരതനാക്കിത്തീർത്തു. എന്റെ സന്താനങ്ങളാണു് എന്റെ കലാസൃഷ്ടികളുടെ." അവയ്ക്കു യാതൊരു മൂല്യവുമില്ലെങ്കിൽതന്നെയും ഞാനവയിൽക്കൂടി, കുറച്ചുനാൾകൂടി ജീവിക്കും." വർജിൽ പ്രണയിക്കാത്തതിൽ നാമതും പരിഭവിച്ചിട്ടു കാര്യമില്ല. എയനീഡിന്റെ (Aeneid) പിതാവിനു് പ്രണയം അത്ര വലിയകാര്യമൊന്നുമല്ലായിരുന്നു.

III

പ്രണയത്തിന്റെ ചരിത്രത്തിൽ ഡാന്റിക്കുള്ള (Dante – Alighieri

1265-1321 A. D.) സ്ഥാനം അതുതന്നെ ചോദ്യംചെയ്തിട്ടില്ല. ക്രി: വ: 1265-ൽ ഫ്ളോറൻസിലെ ഒരു പ്രസിദ്ധ അഭിഭാഷകന്റെ മകനായി ജനിച്ച ഡാന്റി മദ്ധ്യകാലത്തിന്റെ (Medieval ages) കുറിമുട്ടിൽ മങ്ങാതെ വെളിച്ചംപരത്തിയ ഒരു കൈവിളക്കായിരുന്നു. പ്രണയഗീതങ്ങളുടെ മണിത്തൊട്ടിലായിരുന്ന ഫ്ളോറൻസിന്റെ അഭിമാനസ്തംഭമായിരുന്നു ഡാന്റി. പ്രണയഗീതങ്ങളെഴുതുന്നതിലും പാടുന്നതിലും അദ്ദേഹം ഒരിക്കലും കൂട്ടുകാരുടെ പിന്നിലായിരുന്നിട്ടില്ല. അദ്ദേഹത്തെയാണ് സാഹിത്യകാരന്മാർ റിനയസ്സൻസിന്റെ (Renaissance) പുലർത്താരമായി ഇന്നും അഭിവാദ്യംചെയ്യുന്നത്.

ബിയാട്രിസിനെ (Beatrice) ആദ്യമായി കണ്ടപ്പോൾ അദ്ദേഹത്തിനു ഒമ്പതുവയസ്സുമാത്രം പ്രായമുണ്ട്. അവർതമ്മിൽ ഏതാണ്ടൊരുമാസത്തെ പ്രായവ്യത്യാസംകാണും. കൊള്ളാവുന്ന കുടുംബത്തിൽജനിച്ച ഒരു പെൺകുട്ടി. അകൃത്രിമമായ സൗന്ദര്യത്തിന്റെ പ്രകാശനമായിരുന്നവൾ. വയസ്സിനൊത്തരീതിയിൽ അല്പക്കിട്ട ഉടുപ്പുമണിഞ്ഞു മുന്നോട്ടുനിങ്ങിയ ആ വനദേവതയെ ഡാന്റിക്ക് ഒരിക്കലും മാക്കുവാൻകഴിഞ്ഞില്ല. അവളോടുള്ള പ്രണയത്തിന്റെ സ്മാരകമായി അദ്ദേഹം "പുതിയജീവിതം (Vita Nuova) എന്ന കവിത അവർക്കായി സമർപ്പിച്ചു. ഒന്നോരണ്ടോ തവണമാത്രമേ ഡാന്റി ബിയാട്രിസിനെ കണ്ടിട്ടുള്ളു. പക്ഷേ അവളുടെ സ്മരണ, അദ്ദേഹത്തിന്റെകൂടെ മരണംവരെയും ജീവിച്ചു. ആ ശ്രുപം ഒരുമയിൽ കണ്ടുകൊണ്ട ദേഹമെഴുത്തുകയാണ് "കാലം കഴിഞ്ഞപ്പോൾ അവളുടെ സുന്ദരരൂപം എന്റെ ഹൃദയത്തിൽ വീണ്ടും കിളർന്നവന്നു. രണ്ട് നവോഢകളുടെ നടുവിൽക്കൂടി വെള്ളിപോലെ വെളുത്തവസ്ത്രവുമണിഞ്ഞു അവളുടെ രൂപം വീഥിയിൽക്കൂടി നടന്നവന്നു. ഒളുങ്ങി ഒരുകോണിൽനിന്ന എന്റെ നേർക്കവൾ മുഖംതിരിച്ചു. അഴകാർന്ന ആകാരം, അകലെനിന്നും കൈയുയർത്തി അവളെനിക്കൊരു വിടർന്നമന്ദസ്മിതംനൽകി. അതെന്നെ സപ്തസ്വർഗ്ഗങ്ങളുടെ മണിമഞ്ചത്തിലെത്തിച്ചു."

പാവം ബിയാട്രിസ്—അവളിതുവല്ലതും അറിഞ്ഞിരുന്നോ—ആരോ—ഡാന്റിയുടെ നീണ്ട നെടുവീർപ്പുകളും. പക്ഷേ അവളെത്രമാത്രം അകലത്തായിരുന്നാലും അകൃത്യം ആകാമുകന്റെ പ്രേമം വളർച്ചയല്ലാതെ കുറഞ്ഞില്ല. തന്റെ പ്രണയഭാജനത്തേയോർത്തു ഡാന്റി രാത്രിമുഴുവൻ കണ്ണീരൊഴുക്കി. ആ ചിന്ത അദ്ദേഹത്തെ പലപ്പോഴും രോഗബാധിതനാക്കിത്തീർത്തിരുന്നു. അർദ്ധബോധാവസ്ഥയിൽ കിടക്കുമ്പോൾ അവൾ പ്രണയബന്ധനത്തെന്നി തന്റെ



ഒരു ഗേൾഫ്രൈഡ്സ്യൂ സഹോദരി മാർഗരറ്റ് രാജകുമാരിയുമായി 1944 ആഗസ്റ്റിൽ സന്ദർശിച്ച പ്പോൾ എലിസബത്തു് രാജകുമാരി പുരുഷം കഴുകുന്നതിനു സഹായിക്കുന്നു.

ബിയാട്രിസ് മരിച്ചു മരുഭൂപ്പെട്ടെന്നു്. അവൾ—അവളായിരുന്നു—അദ്ദേഹത്തിന്റെ സർവ്വസ്വവും. അവൾക്കുവേണ്ടി ജീവിക്കുക—പ്രവർത്തിക്കുക—മരിക്കുക—അതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. അവൾക്കു് അനുയോജ്യനായിത്തീരുക—അതായിരുന്നു ഡാന്റിയുടെ ജീവിതലക്ഷ്യം. അതിനവേണ്ടി അദ്ദേഹം അശ്രാന്തപരിശ്രമംചെയ്തു. ബിയേട്രിസിന്റെ കാമുകൻ ഒരു മഹാജ്ഞാനിയായിരിക്കണം—ഒരു മഹാകവിയായിരിക്കണം—അല്ലെങ്കിൽ അതവളുടെയോഗ്യതയ്ക്കു ചേർന്നതല്ല.

ഒരു യുവാവിന്റെ പ്രണയസപ്തസ്വരപിണി ഏറ്റവുമുന്നിലയിൽനിന്നും ഒരു ജീവിതത്തിന്റെ പരമലക്ഷ്യമെന്നുള്ള നിലയിലേക്കു് ഡാന്റി ബിയാട്രിസിനേ ഉയർത്തി അവളായിരുന്നു—ആ വിശ്വമഹാകവിയുടെ ഏകദയസ്സന്ദനം. ആശ്രയകേന്ദ്രം—ജീവിതസത്യം—അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, ആ സ്ത്രുപത്തിന്റെ സത്തായിരുന്ന സൗന്ദര്യം—അതിന്റെ അന്തർഭാഗമായിരുന്ന സത്യം—അതുമായുള്ള സമ്മേളനമായിരുന്ന മോക്ഷപ്രാപ്തി. സാഹിത്യകലാലോകത്തിൽമറ്റുള്ള പ്രവർത്തനം നടത്തുന്ന ഒരു പ്രണയബന്ധമായിരുന്ന അതു്.

ഡാന്റിയുടെ വിശ്വപ്രസിദ്ധമായ മഹാകാവ്യം ഡിവൈൻ കോമഡിയാണ് (Divine Comedy) ഇന്നത്തെ ആംഗ്ലേയകവിസമൂഹത്തെ ഠി. എസ്. എലിയട്ട് (T. S. Eliot) മറ്റേതുകവികളിലും പ്രമുഖനായി കരുതുന്നതു് ഡാന്റിയേയും മറ്റേതുകൃതികളിലും ഉൽകൃഷ്ടമായി കരുതുന്നതു് ഡിവൈൻ കോമഡിയുമാണ്. ഡാന്റി, നരകത്തിലും, പാപമോചനസ്ഥലത്തിലും, (Purgatory) ട്രിലോകപദവിയിലും, പദവിനാമിലും, സപ്തസ്വർഗ്ഗത്തിലും, ഫ്രജിലിന്റെ കൂടി സഞ്ചരിക്കുന്നതായാണ് ഡിവൈൻ കോമഡിയിൽ അദ്ദേഹം ചിത്രീകരിച്ചിരിക്കുന്നതു്. നരകത്തിലും, പാപമോചനസ്ഥലത്തിലും സഞ്ചരിച്ചതിൻശേഷം അദ്ദേഹം ട്രിലോകപദവിയിലെത്തുന്നു. അവിടെ അദ്ദേഹം തന്റെ പ്രണയസവ്സ്വത്തെ കാണുന്നു. അവളേപ്പറ്റി "മറ്റൊരു സ്ത്രീയെപ്പറ്റിയും പറയാത്തകാര്യങ്ങൾ പറയുന്നതിനു", അദ്ദേഹം ആഗ്രഹിക്കുകയാണ്. ആ സംയോഗം അവരുടെ ബന്ധത്തിന്റെ തുടസ്സംമാത്രമാണ്. അവളുടെ നിയന്ത്രണത്തിലാണ് അദ്ദേഹം ട്രിലോകമുഴുവൻ യാത്രചെയ്യുന്നതു്—വിവിധാവട്ടങ്ങൾ തരണംചെയ്യുന്നതു്. വിവിധരംഗങ്ങൾ അഭിമുഖീകരിക്കുന്നതു്. ആകാശത്തിന്റെ സീമകളേയും അതിലംഘിച്ചു് ബിയാട്രിസ് അദ്ദേഹത്തെ സപ്തലോകത്തിലേക്കു നയിച്ചുകൊണ്ടുപോകുന്നു. അവിടെവച്ചു് അദ്ദേഹത്തിനു് അനന്തതയിലക്കൊരു ദർശനലഭിക്കുന്നു—ഒരു നിർവൃതിക്കു്. വിശ്വസൃഷ്ടിയുടെ കാരണംതേടിള്ള പരമസത്യങ്ങളും അദ്ദേഹം ഗ്രഹിക്കുന്നതു് ആ മഹാൽസന്ദർഭത്തിലാണ്.

പ്രണയത്തിന്റെ ഒരലൗകികസംഭവനയാണ് ഡിവൈൻ കോമഡി. അനശ്വരത്തിനു് ഡാന്റിക്കുപരിയായ ഒരുപാസകനെ കണ്ടെടുക്കുക സാധ്യമല്ല. പക്ഷേ അദ്ദേഹവും ഒരു മനുഷ്യനായിരുന്നു. ബിയാട്രിസിനേ സിമോനി—ഡി—ബാർഡി (Simone-De-Barde) വിവാഹംകഴിച്ചപ്പോൾ അദ്ദേഹം വേദനയുടെ അടിത്തട്ടിലേക്കു വീണിരിക്കണം. 1290-ൽ ബിയാട്രിസ് മരിച്ചപ്പോൾ—അന്നവൾക്കു് 25 വയസ്സുകാണും—ഡാന്റിയുടെ ഹൃദയവ്യഥയെന്തായിരുന്നെന്നു് ഊഹിക്കുവാൻപോലും സാധ്യമല്ല. അതിന്റെ സ്മാരകമായാണ് അദ്ദേഹം കൺവിറ്റോ (Convito) എന്ന കാവ്യമെഴുതിയതു്.

തകർന്ന ഹൃദയവുമായി അദ്ദേഹം ജെമ്മാ ഡൊനാറ്റി (Gemma - Donati) എന്ന യുവതിയേ വിവാഹംചെയ്തു. ആ കുടുംബജീവിതം ഡാന്റിക്കത്ര സുഖകരമായിരുന്നിരിക്കാൻ ന്യായംകാണുന്നില്ല. ഡിവൈൻ കോമഡിയിൽ ഒരു കഥാപാത്രം "എന്റെ ഭാര്യയ്ക്ക്" കുട്ടാളന്മാരുടെ ദോഷ്യമാണെന്നു പറഞ്ഞിരിക്കുന്നതു് ഡാന്റിയേസംബന്ധിച്ചും അനവദ്യമാണെന്നാണ് അദ്ദേഹത്തി

ഹൃദയം ഒറ്റിക്കൊടുത്തു

— എഡ്ഗാർ അല്ലൻ പോ —

കാഥികൻ

എഡ്ഗാർ അല്ലൻ പോ (1809-'49) അമേരിക്കയിലെ ഒരു വലിയ കഥികനും കവിയുമാണ്. ആധുനിക അപസർപ്പകകഥയുടെ ജനയിതാവായി അദ്ദേഹം അറിയപ്പെടുന്നു. മനുഷ്യഭാവനയെ പിടിച്ചുനിർത്തുന്ന കല്പനികകഥകൾ എഴുതുന്നതിൽ ഒരു വിദഗ്ദ്ധനായിരുന്നു അദ്ദേഹം. "മറ്റൊരു മനുഷ്യനും ഇതിനുമുമ്പു കിനാവുകാണാൻ ധൈര്യപ്പെടാത്തതു കണ്ടുവെച്ചിട്ടുണ്ടു ഞാൻ" അദ്ദേഹത്തിനു് സ്വാധീനമായിരുന്നു; മനുഷ്യമനസ്സിന്റെ ഇരുണ്ട ഗുഹാസങ്കേതങ്ങളിൽക്കൂടി സൂക്ഷ്മപരിശോധന നടത്തുന്ന ഹൃദയാവർജ്ജക കഥകളിൽ പോ അവയെ പിടിച്ചിരുത്തി.

ഭാവഗീതങ്ങളും കഥാകാവ്യങ്ങളും അദ്ദേഹം എഴുതീട്ടുണ്ട്. ഇവയിലൂടെ കവി തന്റെ സപ്തസ്വരങ്ങൾ ദിവ്യസംഗീതത്തിലേക്കു പകർത്തി. ഫലിതകഥകളും വീരസാഹസിക കഥകളും അദ്ദേഹത്തിന്റെ തൂലികയിൽനിന്നു പുറപ്പെട്ടിട്ടുണ്ട്. 19-ംശതകത്തിലെ അമേരിക്കൻ സാഹിത്യഗ്രന്ഥങ്ങളിൽ ഇന്നേറെവുമധികം വായിക്കപ്പെടുന്നതു് പോവിന്റെ കൃതികളാണ്.

അദ്ദേഹത്തിന്റെ വ്യക്തിഗതമായ ജീവിതം ഒരു പരാജയമായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ ചെറുകഥകളും കവിതകളും സൂക്ഷ്മതയുടേയും പദപ്രയോഗസാമർത്ഥ്യത്തിന്റേയും അത്ഭുത നിദർശനങ്ങളാണ്. ഓരോ പദവും പദസമൂഹവും വാക്യവും ഉദ്ദിഷ്ടശക്തി വ്യക്തമായി പ്രതിഫലിപ്പിക്കാൻ സഹായിക്കുന്നുണ്ട്.

വിനിക്ക വല്ലാത്ത ഞരമ്പിളക്കമുണ്ടായിരുന്നു; ശരിതന്നേ: ഇപ്പോഴുമുണ്ടു്. പക്ഷേ, അതുകൊണ്ടു് അവൻ ഭ്രാന്തനാവണമെന്നില്ല. ഞാനിങ്ങനെ കിടക്കുന്നെന്നു വിളിക്കുന്നതിലർത്ഥമില്ല. ഈ ഞരമ്പുരോഗം എന്റെ ഇന്ദ്രിയങ്ങളുടെ ശക്തിക്ക മൂർച്ച കൂട്ടിയിട്ടേയുള്ളൂ. പ്രത്യേകിച്ചും എന്റെ ശ്രവണേന്ദ്രിയത്തിനു കട്ടപ്രകൃതിയുണ്ടു്. സ്വർഗ്ഗത്തിലും ഭൂമിയിലും നടക്കുന്നതെല്ലാം ഞാൻ കേട്ടു: പലതും നരകത്തിൽനിന്നും കേട്ടു. പിന്നെങ്ങനെ ഞാൻ ഭ്രാന്തനാണെന്നു പറയും? കേട്ടോ, യാതൊരു കൂലുക്കവും കൂടാതെ പൂർണ്ണാരോഗ്യവാനായിത്തന്നെ ആ കഥ മുഴുവൻ പറഞ്ഞു കേൾപ്പിക്കാൻ എനിക്കു കഴിയും:—

ആ തോന്നൽ എങ്ങനെ എന്റെ തലമണ്ടയിൽ കടന്നുകൂടിയെന്നു പറകവയ്യ. അവിടത്തു രൂപമെടുത്തശേഷം രാപകൽ അതെന്നെ അലട്ടിക്കൊണ്ടിരുന്നു. ഉദ്ദേശമൊന്നുമുണ്ടായിരുന്നില്ല; വികാരത്തള്ളലിൽ സംഭവിച്ചതാണെന്നും പറഞ്ഞുകൂടാ. എനിക്കവയോടു വാസ്തവത്തിൽ സ്നേഹമുണ്ടായിരുന്നു. എന്നോടയാൾ ഒരു തെറ്റും ചെയ്തിട്ടില്ല. അയാളുടെ ധനത്തിൽ എനിക്കു കൊതിയില്ലായിരുന്നു. പിന്നെ, അയാളുടെ കണ്ണുകൾ, അതേ ആ കണ്ണുകൾ ആണെനിക്കു് തുന്തിരി കൊള്ളിച്ചതു്. ആ കിഴവന്റെ ഒരു കണ്ണു കഴുകന്റെ കണ്ണു പോലിരുന്നു. മങ്ങിയ നീലിമപൂണ്ടു്, പാടച്ചൂടിയപോലുള്ള ആ കണ്ണു്! അതിന്റെ നോട്ടം എന്റെമേൽ പതിക്കുമ്പോഴൊക്കെയും എന്റെ രക്തം തണുത്തുറഞ്ഞുപോകും. ആ നോട്ടത്തിൽനിന്നു എന്നേക്കുമായി രക്ഷനേടണമെന്നൊരു നിശ്ചയം എന്നിൽ കൂടുകൂട്ടുകൂട്ടു രൂപപ്പെട്ട കനംപൂണ്ടുവന്നു.

ഇതാണെന്റെ വാദമുഖം: നിങ്ങളുടെ വിചാരമെനിക്കു ഭ്രാന്തുണ്ടെന്നാണു്; എന്നാൽ ഭ്രാന്തനാക്കുന്തറിയാം? നിങ്ങളെന്നെ കാണേണ്ടിയിരുന്നു! എന്തു ബുദ്ധിപൂർവ്വമാണു ഞാൻ പ്രവർത്തിച്ചതു്. എത്ര മുൻകരുതലോടും ശ്രദ്ധയോടും കൗശലത്തോടുംകൂടി. ഞാൻ കിഴവനെ കൊന്നതിന്റെ തലേ ഒരാഴ്ച മുഴുവനും പതിവിൽകവിഞ്ഞ സ്നേഹം ഞാനയാളോടെന്നേക്കു കാട്ടി. എല്ലാ രാത്രിയും അർദ്ധരാത്രിയോടടുത്തു് ഞാൻ തഴുതുനീക്കി അയാളുടെ വാതിൽ തുറക്കും. ഹോ! എത്ര പതുക്കെപ്പതുക്കെ! പിന്നെ എന്റെ തല കടക്കുന്നത്രയും തുറന്നശേഷം, മുഴുവൻ മൂടിക്കെട്ടിയ—ഒട്ടും വെളിച്ചം പുറത്തുവിടാത്ത—ഒരു റാന്തൽ ഉള്ളിലേക്കു തള്ളും. തികഞ്ഞ ശ്രദ്ധയോടുകൂടിയ ഈ പുറപ്പാടു കൊണ്ടാൽ നിങ്ങൾ രീച്ച്യായും ചിരിച്ചുപോകും. അയാൾ കിടക്കയിൽ കിടക്കുന്നതുകാണാൻ പാകത്തിൽ തല ഉള്ളോട്ടാക്കാൻ എനിക്കു ഒരു മണിക്കൂർ വേണ്ടിവന്നു. ഒരു ഭ്രാന്തനിത്രയും ബുദ്ധിയോടെ പെരുമാറാൻ കഴിയുമോ? തല മുഴുവൻ മുറിക്കുള്ളിലാക്കിയശേഷം റാന്തലിന്റെ മൂടി വളരെ കരുതലോടുകൂടി നീക്കും; മൂടിയുടെ ചേപ്പു് കുറെ കീരുകിരുപ്പുള്ളതാണു്. കിഴവന്റെ കഴുകൻകണ്ണിൽ ഒരു നേരിയ രശ്മിമാത്രം ചെന്നു വീഴത്തക്കവണ്ണം മൂടി മാറും. ഈ പരീക്ഷണം ഞാനേഴു നീണ്ടരാത്രി—അതും നല്ല പാതിരാത്രി—നടത്തിനോക്കി. എല്ലാ രാത്രിയും ആ കണ്ണടഞ്ഞിരുന്നു. അതുകൊണ്ടു് കൃത്യം നടത്താൻ എനിക്കു മനസ്സുവന്നില്ല. വയസ്സനോടെനിക്കു വഴക്കില്ലല്ലോ; അയാളുടെ ആ കഴുകൻകണ്ണാണെനിക്കു സഹിച്ചുകൂടാത്തതു്. നേരം വെളുത്തുവരുമ്പോൾ ഞാനയാളുടെ മുറിയിൽ യാതൊരു ക്രമപ്രശ്നവുമുണ്ടാകാതെ കടന്നുചെല്ലും. കുശലങ്ങൾ ചോദിക്കും.

എട്ടാമത്തെ രാത്രി പതിവിൽകവിഞ്ഞ കരുതലോടുകൂടിയാണീ ഞാൻ വാതിൽതുറന്നതു്. ഒരു വാച്ചിന്റെ മിനിറ്റുസൂചിയേക്കാൾ പതുക്കെയാണെന്റെ കയ്യനങ്ങിയതു്. എന്റെ കഴിവുകളുടെ—സൂക്ഷ്മബുദ്ധിയുടെ—ആഴമെത്രയെന്നു് അപ്പോഴത്തെപ്പോലെ മുമ്പൊരിക്കലുമെനിക്കു ബോധ്യമായിട്ടില്ല. എന്റെ വിജയോത്സാഹം അടക്കാൻ ഞാൻ പണിപ്പെട്ടു. അടക്കിപ്പിടിച്ച ചിരി അല്പമൊന്നു പുറത്തേക്കു പൊട്ടിപ്പോയെന്നാണു് തോന്നുന്നതു്; കാരണം കിഴവൻ ഉറക്കത്തിൽ പെട്ടെന്നൊന്നു ഞെട്ടി. ഞാൻ പിന്നോട്ടു നീങ്ങിയെന്നായിരിക്കും നിങ്ങളുടെ വിചാരം. ഇല്ല. പതറാതെ ഞാനാവാതിൽ തള്ളിത്തുറന്നു കൊണ്ടേയിരുന്നു.

അങ്ങനെ എന്റെതല ഞാൻ വാതിൽവിടവിലാക്കി, റാന്തലിന്റെ മൂടി മാറാൻ തുടങ്ങി. തകരമൂടിയിൽ തള്ളവിരൽ തട്ടി ഒച്ചയുണ്ടായി. കിഴവൻ കിടക്കയിൽ ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റിരുന്നു് 'ഹാരു?' എന്നു നിലവിളിച്ചു. പിന്നനക്കമില്ല.

ഞാനും അനങ്ങാതെ മിണ്ടാതെനിന്നു. ഒറ്റമനിക്കൂർമുഴുവനും എന്റെ മാംസപേശികളിൽ ഒന്നുകിലും ചലിച്ചില്ല. അതിനിടെ അയാൾ പിന്നെയും കിടക്കയിൽക്കിടക്കുന്ന ശബ്ദമൊന്നുമുണ്ടായുമില്ല. അയാൾ അപ്പോഴും കിടക്കയിൽ എഴുന്നേറ്റിരുന്നു ചെവിയോർക്കയാണു്.

പെട്ടെന്നു ഒരു നേരിയ തേങ്ങൽ കേട്ടു. മരണഭീതിയുടെ തേങ്ങൽ! അതു വേദനയുടേയോ സങ്കടത്തിന്റെയോ തേങ്ങലല്ലായിരുന്നു. അയ്യോ! ഒരിക്കലുമല്ല. ഭീതിയാൽ പിടിക്കപ്പെട്ട ആത്മാവിന്റെ അടിത്തട്ടിൽനിന്നയർന്നു അമർത്തിയ ഒച്ചയായിരുന്നതു്. ആ പ്രാണഭീതിയുടെ കട്ടപ്പും എനിക്കറിയാമായിരുന്നു. എനിക്കു് വ്യർത്ഥനോടനുകമ്പതോന്നി; എങ്കിലും ഞാൻ ഉള്ളിൽ ചിരിക്കയായിരുന്നു. ചെറിയ ശബ്ദംകേട്ടു കിടക്കയിൽ കിടന്നപ്പോൾ, തൊട്ടിയതുമുതൽ അയാൾ ഉണർന്നുകിടക്കയായിരുന്നു, എന്നെനിക്കു മനസ്സിലായി. അപ്പോൾമുതൽ അയാളുടെ ഭയപ്പാടു വർദ്ധിച്ചുകൊണ്ടിരുന്നു. ഭയത്തിനു കാരണമൊന്നുമില്ലെന്നു സ്വയം പറഞ്ഞു സമാധാനിക്കാൻ അയാൾ എത്ര ശ്രമിച്ചിരിക്കണം. "പുകക്കഴലിൽക്കുടികാറ്റായിരിക്കും; എലി തറയിൽക്കൂടി ഓടിപ്പോയതാണോ; അല്ലെങ്കിൽ ചീവീടു ചിറകിട്ടു ഒന്നരച്ചു നിർത്തിയതായിരിക്കണം" എന്നൊക്കെ. പക്ഷേ ഇതൊന്നും അയാളെ സാന്ത്വനപ്പെടുത്തിയില്ല.

വളരെനേരം ഞാൻ കാത്തുനിന്നു. വൃദ്ധൻ തിരികെ കിടക്കയിൽ കിടക്കുന്ന മട്ടില്ല. വിളക്കിന്റെ മൂടി അല്പം മാറാൻ ഞാൻ നിശ്ചയിച്ചു പതുക്കെപ്പതുക്കെ മൂടിനീക്കി—എത്രഎത്ര സാവധാനം ആയിനന്നെന്നു് നിങ്ങൾക്കു ഊഹിപ്പാൻകൂടി കഴിവില്ല. ഒടുവിൽ ഒരു മങ്ങിയ നേർത്ത രശ്മിരേഖ—ചിലന്തിനൂൽപോലത്തെരേഖ—വിടവിൽനിന്നു പുറപ്പെട്ടു: കിഴവന്റെ കഴുകൻകണ്ണിൽ കൃത്യമായി ചെന്നുപതിച്ചു.

അതു തുറന്നുവിടർന്നിരുന്നു—എനിക്കു ഭ്രാന്തിളകി. ഞാനക്കണ്ണിൽ തുറിച്ചുനോക്കി. മങ്ങിയ നീലനിറം; പൈശാചമായ ആ പാടച്ചൂടൽ! എന്റെ അസ്ഥിക്കുള്ളിലെ മജ്ജപോലും ഉറഞ്ഞുപോകുന്നതായി തോന്നി. എന്റെനോട്ടം അതിൽത്തന്നെ തറച്ചുപോയി. അയാളുടെ മുഖത്തോ ദേഹത്തോ മറ്റെങ്ങുമോ ഞാൻ നോക്കുന്നില്ല. ആ കണ്ണിൽമാത്രം നോക്കി. ഞാനതിനെ കാണുന്നുണ്ടായിരുന്നു—അതിന്റെ നിറവും മൂടലും എനിക്കു കാണാം. ഞാനതിനെ കാണുന്നുണ്ടെന്നു് അയാൾക്കറിയാം. അയാളുടെ ഭീതിയുടെ ഭാരം എന്റെ ഹൃദയത്തിൽ കനത്തുവരുന്നു. ഞാൻ കാത്തുനിന്നു. അയാളുടെ ഭീതിയുടെ ഭാരം

ഹത്തോ മറ്റൊന്നും എനിക്ക കാണാൻകഴിഞ്ഞില്ല. ആ കണ്ണുമാത്രം—വരമദംഷ്ടമായ ആ കഴുകൻകണ്ണുമാത്രം.

ഞാൻ പറഞ്ഞില്ലെ, നിങ്ങൾ ഭ്രാന്തനെന്നുപറയുന്നതു് ശ്രീരാമശക്തിയുടെ അതിരുകടന്ന ക്രർമ്മ മാത്രമാണെന്നു്. അതേ, അതങ്ങനെതന്നെയാണു്. പെട്ടെന്നു ഒരു പരിചിത ശബ്ദം എന്റെചെവിയിൽ മുഴങ്ങിത്തുടങ്ങി. ദൂരത്തുനിന്നുള്ള മന്ദ്രമായ മിടിപ്പുകൾ. പണ്ടെങ്കിലോ പൊതിഞ്ഞ നഴികമണിയിൽനിന്നു പുറപ്പെട്ടനാമതിരി അടച്ച ടിക്ക് ടിക്ക് ശബ്ദം. എനിക്കേറെയും പരിചയമുള്ള ഒച്ചയാണതു്. അതു് കിഴവന്റെ ചങ്കിടിപ്പല്ലാതെ മറ്റൊന്നുമല്ല. പടികളിൽ പെരുമ്പറയടി പടയാളിയെ ഉത്സാഹത്തനക്കുമ്പോലെ ആ വല്ലാത്ത മിടിപ്പു് എന്റെ വെകിളിക്കുത്തേജനം നൽകി.

എന്നിട്ടും ഞാനടങ്ങി അനങ്ങാതെ നിന്നു—മിക്കവാറും ശ്വാസംകഴിക്കാതെതന്നെ. ഇതിനിടെ ആ നശിച്ച സ്പന്ദനത്തിനു വേഗംകൂടിക്കൊണ്ടിരുന്നു. ഓരോനിമിഷം ചെല്ലുംതോറും അതിന്റെ ഭാവവും ഒച്ചയും കൂടിക്കൂടിവന്നു. കിഴവന്റെ ഭയപ്പാട് അങ്ങേ അറ്റമെത്തിയിരിക്കണം. ആ ഒച്ച കൂടിക്കൂടിവന്നു. ഞാൻ പറഞ്ഞതു കേട്ടില്ല? അതങ്ങനെ കൂടിക്കൂടിവന്നെന്നു്. എനിക്ക കുറെ ഞരമ്പിളക്കമുണ്ടെന്നുപറഞ്ഞാലും ഒത്ത പരിതാപനേരത്തു്, ഗംഭീരമായ നിശ്ശബ്ദതയാൽ ആ വല്ലാത്ത തുടിപ്പ് എന്റെ ഭീതി അടിമുതൽ ഇളക്കിവിട്ടു—അശേഷം അടക്കിനിറുത്താനാവാത്ത ഭീതി. എന്നിട്ടും പിന്നേയും കുറെ മിനിട്ടുകൂടി ഞാൻ നിന്നേടത്തനങ്ങാതങ്ങനെ നിന്നു. എന്നാൽ ആ സ്പന്ദം ഒന്നിനൊന്നിനെ വളർത്തിവന്നു. ആ ചങ്കു പൊട്ടിപ്പോകുമെന്നു് തോന്നി. പൊടുന്നനെ മറ്റൊരു ഭയപ്പാട് എന്നെ കടന്നാക്രമിച്ചു. ഈ നശിച്ച ഒച്ച അയൽക്കാരാരെങ്കിലും കേട്ടെങ്കിലോ! കിഴവന്റെ കാലക്കഴിവായി. വലിയൊരലർച്ചയോടുകൂടി വാതിലിന്റെ മുടി നല്ലവണ്ണം ഊരാംപിടിച്ചുകൊണ്ടു മുറിയുടെ നടുവിലേയ്ക്കു ഞാൻ ചാടിവീണു. അയാളും ഒന്നു നിലവിളിച്ചു; ഒരിക്കൽമാത്രം. അടുത്തനിമിഷം ഞാനയാളെ വലിച്ചുതറയിലിട്ടു. കനത്തമെത്ത അയാളുടെ മേൽ എടുത്തെറിഞ്ഞു. ഇതുമായി ശരിക്ക സാധിച്ചതിൽ ഞാനൊന്നു പുഞ്ചിരിക്കൊണ്ടു. പിന്നേയും കുറേനേരത്തേയ്ക്കു ആ മിടിപ്പു് തുടർന്നുകേട്ടുകൊണ്ടിരുന്നു. പക്ഷേ ഞാൻ അതുതെല്ലും ശ്രദ്ധിച്ചില്ല. ഇനിയും അതു മുറിക്കപുറമേ കേൾക്കുകയില്ല. ഒടുവിൽ അതു നിലച്ചു. ആ വൃദ്ധൻ മരിച്ചു. ഞാൻ കിടക്ക മാറ്റി ശവം പരിശോധിച്ചു. അതേ, അയാളും മരിച്ചു മരവിച്ചിരുന്നു. എന്റെ കൈ അയാളുടെ ചങ്കിനടുത്തു കുറേനേരം അമർത്തിപ്പിടിച്ചുനോക്കി. ചങ്കിടിപ്പു് ഒട്ടുമില്ലായിരുന്നില്ല. അയാളുടെ കണ്ണു ഇനി ഒരിക്കലും എന്നെ ശല്യപ്പെടുത്തില്ല.

നിങ്ങൾ ഇനിയും എന്നെ ഭ്രാന്തനെന്നു കരുതുന്നെങ്കിൽ ബാക്കി കഥ കേട്ടാൽ പിന്നൊരിക്കലും അങ്ങനെ വിചാരിക്കയില്ല. തീർച്ച. ശവം മറുചെയ്യാൻ ഞാനെത്ര ബുദ്ധിപൂർവ്വമായ കരുതലുകൾ ചെയ്തെന്നോ? അതിവേഗത്തിലെങ്കിലും ഒട്ടും ഒച്ചയുണ്ടാക്കാതെ ഞാൻ പണിതുടങ്ങി. ആദ്യം ശവത്തിന്റെ അവയവങ്ങൾ ഓരോന്നായി വേർതിരിച്ചു. ആ ഉറക്കറയുടെ തറയിൽനിന്നു മൂന്നു പലകകൾ ഇളക്കിയെടുത്തു അതിന്നടിയിൽ എല്ലാം മറുചെയ്തു. യാതൊരു കണ്ണിനും കണ്ടുപിടിക്കാൻ ആവാത്തവണ്ണം അതുപയ്യ ഭദ്രമായി പലകകൾ പഴയ സ്ഥാനത്തുറപ്പിച്ചുവച്ചു. ചോരയുടെ ലേശമെങ്കിലും അവിടെങ്ങും കാണാനുമില്ല.

എന്റെ പണി തീർന്നപ്പോൾ മണി നാലടിച്ചു. വാതുക്കൽ ആരോ വന്നു മുട്ടി. ഞാൻ ക്രുദ്ധനാകാതെ ചെന്നു കതകു തുറന്നു. എനിക്ക പേടിച്ചിട്ടെന്തുകാര്യം? മൂന്നുപേർ അകത്തു കടന്നു- തികഞ്ഞ മര്യാദയോടുകൂടി തങ്ങൾ പോലീസുദ്യോഗസ്ഥന്മാരാണെന്നവർ എന്നെ അറിയിച്ചു. രാത്രിയിൽ അയൽക്കാരാരോ കിഴവന്റെ മുറിയിൽ നിലവിളികേട്ടത്രെ. അപായമെന്തോ നടന്നിരിക്കണമെന്ന ശങ്കിച്ചയാൾ പോലീസിൽ അറിവുകൊടുത്തു. അതുകൊണ്ടവർ പരിശോധനയ്ക്കു വന്നിരിക്കയാണു്.

ഞാൻ ചിരിച്ചു—എനിക്കെന്തുപേടിയാണോ? ഇഷ്ടംപോലെ പരിശോധിച്ചുകൊള്ളാൻ ഞാൻ പറഞ്ഞു. അയൽക്കാരൻ കേട്ട നിലവിളി എന്തോ പേക്കിനാവു കണ്ട ഉറക്കത്തിൽഞാൻതന്നെ നിലവിളിച്ചതാണു്; വൃദ്ധൻ വീട്ടിലില്ല; അയാൾ നാട്ടുപുറത്തേയ്ക്കു പോയിരിക്കയാണു്. പോലീസുകാരെ വീടുമുഴുവൻ കൊണ്ടുനടന്നു ഞാൻ കാണിച്ചു. ഒടുവിൽ കിഴവന്റെ കിടപ്പറയിൽ ഞാനവരെ കൂട്ടിക്കൊണ്ടുപോയി. അയാളുടെ കാൽച്ചുട്ടയും മാറും തൂക്കിയിട്ട പാടേ കിടക്കുന്നു. അകിടെ ഒന്നും സംഭവിച്ച പാടില്ല. ഞാൻ അയാളുടെ പണപ്പെട്ടികൾ അവർക്ക കാട്ടിക്കൊടുത്തു; എല്ലാം ഭദ്രം. എന്റെ ആത്മവിശ്വാസത്തിന്റെ ഉത്സാഹത്തള്ളിച്ചയിൽ ഞാൻ ഏതാനും കസേരകൾ കൊണ്ടുവന്നിട്ടു പോലീസുകാരെ ഇരിക്കാൻ ക്ഷണിച്ചു. ഞാനുമൊന്നു നീക്കിയിട്ടു ഇരുന്നു; ശവം മറുചെയ്യുംനിലക്കിയ പലകകൾക്കുമീതേ—എനിക്ക കൈവന്ന പരിതാപവിജയത്തിൽ എനിക്ക കുറെ അഹങ്കാരംതന്നെയുണ്ടായി.

ആ പോലീസുദ്യോഗസ്ഥന്മാർക്ക് എന്റെ നിരപരാധിത്വത്തിലുള്ള വിശ്വാസം ബോദ്ധ്യപ്പെട്ടു. ഞാനവരുമായി ഉത്സാഹപൂർവം സംഭാഷണംതുടങ്ങി. ഞങ്ങൾ കുറേനേരം നാട്ടുവർത്തമാനങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. അങ്ങനെ അധികം കഴിഞ്ഞില്ല; അതിനുമുമ്പു് എന്റെ ചെവികളിൽ എന്തോ ഒന്നു മുഴങ്ങിക്കേട്തുടങ്ങി. പോലീസുകാർ ഇരുന്നവർത്തമാനം പറഞ്ഞുരകുംതിരുന്നു. എന്റെമുഖം വിളറുന്നതായി തോന്നി; അവർ പോയെങ്കിൽ എന്നു ഞാനാശിച്ചു. ചെവികളിലെ മുഴക്കം കൂടുതൽകൂടുതൽ തെളിവായി കേട്തുടങ്ങി. ഒടുക്കമെനിക്ക ബോദ്ധ്യമായി അതെന്റെ ചെവിയിലുണ്ടായതല്ലെന്നു്.

ഞാൻ വല്ലാതെ വിളറിയിരുന്നു. കുറേക്കൂടി ഒഴുക്കോടും ഉച്ചത്തിലും ഞാനെ സംസാരിച്ചുനോക്കി എങ്കിലും ആ ഒച്ച ഉയർന്നുവന്നു—പതിക്കൊണ്ടു പൊതിഞ്ഞ നഴികമണിയുടെ അടച്ച ടിക്ക്-ടിക്ക ശബ്ദംപോലത്തെ ഒച്ച! എനിക്ക ശ്വാസംമുട്ടി. ഞാനെഴുന്നേറ്റു അങ്ങോട്ടുമിങ്ങോട്ടും നടന്നു. ശക്തിയുക്തമായ വാദപ്രതിവാദത്തിലെന്നവണ്ണം ഞാൻ സംസാരിച്ചുകൊണ്ടിരുന്നു. ആ സ്പന്ദനം ഉയർന്നുയർന്നുവന്നു. ഹോ! ഈ പോലീസുകാർക്കു് ഇനിയും പോകുകതോ? നിലത്താഞ്ഞുചവുട്ടിക്കൊണ്ടു ഞാൻ നടന്നു. ആ സ്പന്ദനശബ്ദം പിന്നേയും വർദ്ധിക്കുന്നു. ദൈവമേ! ഞാനെന്തു ചെയ്യട്ടെ! ഞാൻ വിയർത്തു: കയർത്തു; പിറുപിറുത്തു. ഞാൻ അപ്പോഴുമുണ്ടായിരുന്ന കസേര പിടിച്ചുവലിച്ചിട്ടു പലകയിൽവച്ചുനിരക്കി. എങ്കിലും ആ ശബ്ദം ഒന്നിനൊന്നു കൂടിക്കൂടിവന്നു. എന്നിട്ടും ആ മനുഷ്യർ നല്ലവണ്ണം വെടിപറഞ്ഞുരസിക്കുന്നു. എന്തു? അവർ കേട്ടില്ലെന്നോ? ഉടയതമ്പുരാനേ! അവർ കേൾച്ചയും കേട്ടിരിക്കണം; അവർക്ക സംശയമുണ്ടു്; എന്റൊരു പുഞ്ചിരികണ്ടു അവർ രസിക്കയാണു്: കേട്ടില്ലെന്ന ഭാവിക്കയും. അപ്പോഴുമിപ്പോഴും ഞാനങ്ങനെതന്നെ വിചാരിക്കുന്നു. ഈ പ്രാണവേദനയല്ലാതെ മറ്റൊന്നും സഹിക്കാം. ഈ പരിഹാസമാണു് ക്ഷമിക്കാൻ വയ്യാത്തതു്! ഈ കാപട്യംനിറഞ്ഞ പുഞ്ചിരി ഏതുനിമിഷത്തിനിനിയും ഒരുനിമിഷംപോലും പൊറുത്തുകൂടാ. ഉറക്കെ നിലവിളിക്കണം. അല്ലെങ്കിൽ ഞാൻ ചാകുമെന്നെനിക്കു തോന്നി. അപ്പോഴും ആ മിടിപ്പു് കേൾക്കുന്നുണ്ടു്! ഇതാ കൂടിക്കൂടിവരുന്നു!

"തെമ്മാടികളേ!" ഞാൻ അലറി "കാപട്യം കൂട്ടിയതു മതി! ഞാനാണു് കൃത്യം നടത്തിയതു്! പലകയിളക്കിനോക്കിൻ!—ഇവിടെ, ഇവിടെ—അക്കോംക്കുന്നതായാളുടെ പൈശാചഹൃദയത്തിന്റെ തുടിപ്പുകളാണു്. [അ. റി.]




ഡാ: മാക്സ് പൊറിറ്റ് പീയറെ—സിറിറ്റ് സർലൻഡിലെ വിദേശകാര്യമന്ത്രിയായ ഡാ: പൊറിറ്റ് പീയറെ ഇയ്യിടെ പ്രസ്താവിക്കയുണ്ടായതു് കമ്മ്യൂണിസ്റ്റുകാരുടെ വികസനത്തിനുള്ള ഉദ്യമമാണു് സമാധാനസംസ്ഥാപനത്തിനുള്ള പ്രധാന പ്രതിബന്ധം എന്നാണു്. സിറിറ്റ് സർലൻഡ് യൂറോപ്യൻതർക്കങ്ങളിൽ നിഷ്പക്ഷത പാലിക്കുന്ന ഒരു രാജ്യമാണു്.

"ശ്രീരാമൻ, സീതാദേവി, ശ്രീകൃഷ്ണൻ, രാധാ തുടങ്ങിയവർ ചരിത്രമനുഷ്യരല്ലെന്നും, വ്യർത്ഥ കൃപകമായി കല്പിക്കപ്പെട്ടവരെന്നും ശാസ്ത്രങ്ങൾ വെറും ആലങ്കാരികമായർത്ഥങ്ങളെ മാത്രം പ്രതിപാദിക്കുന്നവകളെന്നും വിചാരിക്കരുതു്: അവർ നിന്നെപ്പോലെ ശരീരികളായിരുന്നു. എന്നാൽ ദൈവികസ്വഭാവമുള്ളവരായിരുന്നതിനാൽ അവരുടെ ജീവിതത്തെ ചരിത്രപരമായും, ആത്മീയവാസ്യവങ്ങളെ പ്രകാശിപ്പിക്കുന്നവകളായും പറയാം. സമുദ്രവും അതിന്റെ അലകളുംപോലെയാണ്, ബ്രഹ്മവും അവതാരങ്ങളും.

ദിവ്യാത്മാക്കളോടും, ദിവ്യശക്തികളോടും അവതാരപുരുഷന്മാർ ലോകത്തിൽ അവതരിക്കുന്നു. അവർ താഴ്ന്നനിലയിൽനിന്ന് ഏറ്റവും ഉയർന്ന സമാധിനിലവരെ നിഷ്പ്രയാസം പ്രവേശിക്കും; തിരിച്ചുംവരും. രാജാവിന്റെ കൊട്ടാരത്തിൽ ചില പ്രത്യേക സ്ഥലങ്ങളിൽമാത്രമേ അന്യർക്ക പ്രവേശിക്കാൻ സാധിക്കൂ. രാജാവിന്റെ കുട്ടികൾക്കാകട്ടെ, അവിടെ എവിടെയും പോയിവരാം.

ശ്രീരാമകൃഷ്ണദേവൻ

കഥകൊണ്ടു വായനക്കാരനിലുളവാക്കാൻ മുദ്ദേശിക്കുന്ന പ്രത്യാഘാതത്തിനു, കഥയുടെ സകലാംശങ്ങളും കഥികൻ വിധേയപ്പെടുത്തേണ്ടതാണെന്നായിരുന്നു പോയുടെ മതം.










ഒന്നാമത്തെ വര— ഇടത്തുനിന്ന്—
1) ഗ്ലക്ക് സൈന്യവും തലസ്ഥാനനഗരിയിലെ പൊലീസും കിരീടധാരണദിവസത്തെ ആഘോഷങ്ങളിൽ സംബന്ധിച്ച രിഹേഴ്സൽ നടത്തുന്നു.
2) എലിസബത്ത് ദ്വിതീയ.
3) കിരീടധാരണകമ്മത്തിനുള്ള ഹേഴ്സലിനു രാജകീയരഥം ദേവാലയത്തിലേയ്ക്കു കൊണ്ടുപോകുന്നു. ഈ കാണുന്നതിനു ജനങ്ങൾ തിങ്ങിക്കൂടുന്നു.

രണ്ടാമത്തെ വരി—
1) സർ വിൻസ്റ്റൺ ചർച്ചിൽ—ബ്രിട്ടീഷ് പ്രധാനമന്ത്രി.
2) രാജ്ഞിയുടെ ഇളയസഹോദരി മാർഗരറ്റ് രാജകുമാരി. ഒരു വിവാഹകമ്മത്തിൽ സഹോദരിയെ പ്രതിനിധീകരിച്ചശേഷം സ്വീഡനിൽ










ചെ ബർട്ടിൽ രാജകുമാരനുമായി സംഭാഷണത്തിൽ.


മൂന്നാമത്തെ വരി—


1) വക്കിംഗ് ജർണലിസ്റ്റ്സ് ഫെഡറേഷൻ വാർഷികസമ്മേളനം: തിരു-കൊച്ചി രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് ഉൽഘാടനംചെയ്യുന്നു. ശ്രീ. ചലപതിറാവു് ആണ് ഇടതുവശം ഇരിക്കുന്നതു്.

2) ശ്രീ. ചലപതിറാവു വിമാനത്താവളത്തിൽ. ഇടതുനിന്നു—ശ്രീ. വി. ആർ. നാരായണൻനായർ (പബ്ലിക്കു് റിലേഷൻസ്), ശ്രീ. ചലപതിറാവു, മേയർ ശ്രീ. ബാലകൃഷ്ണൻനായർ, ശ്രീ. കാർത്തികേയൻ.

3) പ്രശസ്തരായ രണ്ടു പത്രപ്രവർത്തകർ. ശ്രീ. ചലപതിറാവുവും ശ്രീ. ശങ്കരം (ശങ്കേഴ്സ് വീക്കിലി).







"മനുഷ്യോപദ്രവികളായ കീടങ്ങൾ"



— സി. ആർ. ഉണ്ണിത്താൻ, ഇടവട്ടം —

(തുടർച്ച)

III

മനുഷ്യന്റെ ദൈനംദിന ശത്രുക്കളായ കീടവർഗ്ഗങ്ങളിൽ നാരകച്ചെടിവർഗ്ഗങ്ങളെ ആക്രമിച്ചു നശിപ്പിക്കുന്നവ ഒട്ടും അപ്രധാനമല്ല.

നാരകം, ഓറഞ്ച് തുടങ്ങിയ ചെടികളെ നശിപ്പിക്കുന്നവ കൂട്ടത്തിലായും ഇല നശിപ്പിക്കുക, തണ്ട് തുളയ്ക്കുക, ഫലം ആക്രമിക്കുക മുതലായ നാശങ്ങളുണ്ടാക്കുന്നു.

Arbela tetraonis എന്നൊരുതരം ശലഭത്തിന്റെ പുഴുവാണ് തണ്ട് തുളയ്ക്കുന്നത്. ശലഭം തടിയിലുള്ള വിടവുകളിലോ മരോ മുട്ടകൾ നിക്ഷേപിക്കും. മുട്ട വിരിഞ്ഞുണ്ടാകുന്ന പുഴുക്കൾ വളരുമ്പോൾ ഏകദേശം ഒന്നരഇഞ്ച് വലിപ്പം കാണും. ഇളം തവിട്ടുനിറമാണ് ശരീരത്തിന്. പൊതുവേ എങ്കിലും, തല കറുത്തതാണ്. സന്ധ്യാസമയമാണ് ഇവ ആഹാരിക്കുന്നത്. ചൂളമരം (casuarina) മുതലായവയേയും ഇവ ഉപദ്രവിക്കാറുണ്ട്. തണ്ടിനു ചെയ്യുന്ന ഈ നാശം ചെടിയെ പൂർണ്ണമായി നശിപ്പിക്കുമെന്നു പറയേണ്ടല്ലോ? ഒന്നുകിൽ ഈ ചെറുപുഴുക്കളെ കമ്പിയുടെ അഗ്രം ചൂണ്ടപോലെ വളച്ച് വിടവിൽ കൂടി കടത്തി വലിച്ചെടുത്തു നശിപ്പിക്കണം. അല്ലെങ്കിൽ ഒരു "സ്രിഞ്ച്" (Syringe) കൊണ്ട് പ്രെട്രോളും "നൈഫ്ത്തലീയനും" (Naphthalene) കലർത്തി തടികളിലുള്ള വിടവുകളിൽ കടത്തി വിടണം.

പുഴത്തിൽനിന്നു നീരൂറുന്നവ

പുഴത്തിൽനിന്നു നീരൂറിക്കുടിയുന്ന ഒരുതരം ശലഭങ്ങളുണ്ട്. അവയുടെ ചിറകിനു മിക്കവാറും ഒരഞ്ചു നിറമായിരിക്കും. ചിലവയ്ക്ക് ചുവപ്പുനിറമായെന്നും വന്നേക്കും. കായ്കൾ തുളച്ച് നീരൂറ്റി എടുക്കത്തക്കവണ്ണം ശക്തിയുള്ളതും നീണ്ടതും കട്ടിയുമാണ് ഇവയുടെ വദനാംഗങ്ങൾ. ഇവയുടെ ഉപദ്രവം വർദ്ധിക്കുമ്പോൾ ഫലങ്ങൾ വാടി താഴെ വീഴുക പതിവാണ്. രാത്രികാലങ്ങളിൽ പുഴങ്ങൾ സന്ദർശിക്കുകയാണ് ഇവയുടെ പതിവ്. ഇവയുടെ ജീവിതരീതി അല്പം പ്രത്യേകതയുള്ളതാണ്. നാരകമോ, ഓറഞ്ചോ വളരുന്ന തോട്ടങ്ങളിൽനിന്ന് അധികം വിദൂരതയിലല്ലാതെ കാണുന്ന വൻവൃക്ഷങ്ങളിലാണ് ഈ ശലഭങ്ങൾ ബാല്യകാലം കഴിച്ചുകൂട്ടുന്നത്. ഈ വൃക്ഷങ്ങളിൽ നിക്ഷിപ്തമാകുന്ന മുട്ടകൾ വിരിഞ്ഞുണ്ടാകുന്ന പുഴുക്കൾ അവയുടെ തളിരിലകൾ തിന്നു ജീവിക്കുന്നു. ഭൂമിയിലാണ് അവ സമാധി കഴിയുന്നത്. പതിനാലുമുതൽ ഇരുപതു ദിവസംവരെ സമാധിദശ നീണ്ടുനിൽക്കും. ഇവയുടെ ആക്രമണസമയം രാത്രിയിലായതുകൊണ്ട് നിയന്ത്രിക്കുവാനും അല്പം വിഷമം നേരിടും. ഇവയുടെ ആക്രമണത്തിൽനിന്നു രക്ഷിക്കുന്ന ഒരുതരം "Crude emulsion" തളിക്കുകയോ, "Fish oil soap mixture" തളിക്കുകയോ ചെയ്താൽ ഇവ ഫലങ്ങളോടടുക്കുകയില്ല.

നാരകവർഗ്ഗങ്ങളുടെ ഇലകളെ ആക്രമിക്കുന്ന ഒന്നാണ് Papilio-demoleus ഇവയുടെ പുഴുക്കളാണ് ആക്രമണംനടത്തുന്നവ. ശലഭങ്ങൾ പച്ചനിറത്തിലുള്ള മുട്ടകൾ ചെടിയുടെ മാർദ്ദവമുള്ള തണ്ടിന്റെ ഭാഗങ്ങളിൽ നിക്ഷേപിക്കുന്നു. മുട്ട വിരിഞ്ഞു പെരിയിൽവരുന്ന കറുത്ത പുഴുക്കൾ ഇളംതളിരിലകൾതിന്നാണ് ജീവിക്കുന്നത്. രണ്ടാഴ്ചയ്ക്കകം അവ ഏകദേശം ഒന്നരഇഞ്ചോളംനീളത്തിൽ വളരും. സന്ധ്യയ്ക്കിലച്ചതന്നെ അവ് സമാധിയാകും. പത്തുദിവസത്തിനുശേഷം പുഴ സമാധികഴിഞ്ഞു ശലഭമായി പുറത്തുവരും. ഇവയുടെ നിവാരണമാർഗ്ഗങ്ങളിൽ പ്രധാനമായുത് മുട്ടയും പുഴുവും പെറുക്കിയെടുത്തു നശിപ്പിക്കുകയാണ്. കടന്തലുകൾ ഈ പുഴുക്കളുടെ നീരൂറ്റി ജീവിക്കുന്നവെന്നുള്ളതു് ആശ്വാസകരമാണ്.

നാരകത്തിന്റെ ഇല ചുരുട്ടുകയും, തുളയ്ക്കുകയും, തിന്നു നശിപ്പിക്കുകയും ചെയ്യുന്ന ഒരുതരം ചെറുപുഴുക്കളുണ്ട്. അവയുടെ ശലഭങ്ങളെ Phylloenists citrella എന്നാണറിയുന്നത്. ഈ പ്രാണികളുടെ ഉപദ്രവം വൻതോതിൽ ഉണ്ടാകുന്നുണ്ട്. ശലഭത്തിന്റെ എല്ലാജീവിതദശകളും നാരകത്തിന്റെ ഇലകളിൽതന്നെയാണ് കഴിയുന്നത്. ഉപദ്രവാരംഭംകണ്ടാൽ ഉടൻ ഇലകൾ പറിച്ചുമാറ്റി അതിലുള്ള പ്രാണികളെ നശിപ്പിക്കണം. മാറ ചെടികളിൽ ഉടൻതന്നെ ഇവയുടെ വ്യാപനം തടയുന്ന എന്തെങ്കിലും വിഷദ്രവങ്ങൾ തളിക്കണം.

IV

പരുത്തിച്ചെടിയെ ഉപദ്രവിക്കുന്നവ

ആഹാരംപോലെ മനുഷ്യന്റെ പ്രധാനാവശ്യങ്ങളിൽ ഒന്നാണല്ലോ വസ്ത്രവും. വസ്ത്രം മുഷിപ്പിക്കേണ്ട പരുത്തിച്ചെടികളേയും, കീടങ്ങൾ കടന്നാക്രമിക്കുന്നുണ്ട്.

1. "സ്പോട്ടഡ് ബോൾവേം"— (Spotted bollworm) ഒരുതരം ശലഭത്തിന്റെ പുഴു (Larva)വാണ് ഇത്. ചെടിവളരുന്നതോടെ ഈ പുഴുക്കൾ മണ്ഭാഗത്തേക്ക് തുളച്ചുകയറും. കായുണ്ടായി പാകമാകാൻ തുടങ്ങുമ്പോഴേക്കും അവ നശിപ്പിക്കുകയാണ് ഈ പുഴുക്കളുടെ പ്രവൃത്തി. തണ്ട് തുളയ്ക്കുന്നതിനാലും, കായ്കൾക്കു നാശമുണ്ടാക്കുന്നതിനാലും ഇവ പരുത്തിച്ചെടിയുടെ ഒരു വൻശത്രുവായി എണ്ണാം. ഇവയുടെ ജീവചരിത്രം രസാവഹമാണ്. ശലഭങ്ങൾ മഷിനിറത്തിൽ തിളങ്ങുന്ന അനവധി മുട്ടകൾ പ്രത്യേകം പ്രത്യേകമായി പരുത്തിച്ചെടിയുടെ തണ്ടിൽ മാർദ്ദവമുള്ള ഭാഗങ്ങളിൽ നിക്ഷേപിക്കുന്നു. മുട്ടവിരിഞ്ഞുണ്ടാകുന്ന പുഴുക്കൾ പരുത്തിച്ചെടി, കായില്ലാത്തതാണെങ്കിൽ അതിന്റെ തണ്ട് തുളയ്ക്കുന്നു. കായുള്ളതാണെങ്കിൽ നേരെ കായിൽ ആക്രമണംതുടങ്ങുന്നു. സസ്യാന്തർഭാഗകോശങ്ങളാണ് ഇവയുടെ ആഹാരം. ഇവയുടെ ആക്രമണത്തിന വിധേയമാകുന്ന ചെറുചെടികളും വാടിത്തുടങ്ങുന്നു. ആ ചെടികളും പരിശോധിച്ചാൽ തണ്ടിൽ ഈ പുഴുക്കളുടെ വിസർജ്ജനത്താൽ ചുറ്റപ്പെട്ട ചെറുസുഷിരങ്ങളും കാണാം. പൂണ്ണവളർച്ചപ്രാപിച്ച പുഴുക്കൾ ഏതാണ്ട് മൂന്നിൽ രണ്ടിഞ്ചോളം നീളമുള്ളവയാണ്. അടുത്തതായി ഇവ ചെടിയിൽ അനുയോജ്യമായ ഒരു സ്ഥലം തിരഞ്ഞു കണ്ടുപിടിക്കും. ഒരുതരം നൂൽകൊണ്ട് ഒരു സമാധിക്കൂടുണ്ടാക്കും. എട്ടുപത്തു ദിവസത്തിനകം സമാധിക്കൂട്ടിനകത്തുനിന്ന് അതു ശലഭമായി പുറത്തുവരും. ഇവ വെണ്ടച്ചെടിയേയും നശിപ്പിക്കുന്നുണ്ട്.

2. (Pink boll worm) "പിങ്ക് ബോൾവേം". ലോകംമുഴുവൻവ്യാപിച്ചുകാണുന്ന പരുത്തിച്ചെടിയുടെ ഒരു ശത്രുവാണിത്. ഇവ കായ് മാത്രമേ ആക്രമിക്കുന്നുള്ളൂ. അല്പം പരന്ന വെള്ളനിറമുള്ള മുട്ടകൾ പ്രത്യേകംപ്രത്യേകമായി ശലഭങ്ങൾകരുന്നിലകളിലോ, പുഷ്പങ്ങളിലോ നിക്ഷേപിക്കും. ഇവ വിരിഞ്ഞു് ഇളംമഞ്ഞനിറത്തിൽ വെളിയിൽവരുന്ന പുഴുക്കൾ കായ്കളിൽനിന്നു് ആഹാരം സ്വീകരിക്കാൻതുടങ്ങും. മൂന്നാഴ്ചകൊണ്ട് ഇവ അരഇഞ്ചോളം വളരും. പരുത്തിക്കായ്കളിൽവച്ചാണ് മിക്കവാറും സമാധിദശ. പത്തുദിവസത്തിനകം ഇരുണ്ട് തവിട്ടുനിറമുള്ള ശലഭം വെളിയിൽവരും, നിശാസഞ്ചാരിയായ ഈ ശലഭം ചിലപ്പോൾ പ്രകാശത്തിലേക്ക് ആകർഷിക്കപ്പെടാറുണ്ട്.

3. "പെംഫിസ് അഫിനിസ്" (Pempheres affinis) ഏകദേശം എട്ടിലൊന്നിഞ്ച് നീളമുള്ള തവിട്ടുനിറമുള്ള ചെറുജീവികളാണിവ. തലയുടെ മുന്നാറാം വളഞ്ഞു നിന്നു കൂടിയിരിക്കും. ഇവയുടെ പുഴുക്കൾ തണ്ടിൽ തുളച്ചുകയറുന്നു. ആക്രമണവിധേയമായ തണ്ട് അങ്ങിങ്ങായി, പ്രത്യേകിച്ച് മണ്ണിനു തൊട്ടുമുകളിലുള്ള ഭാഗം ക്രമേണ മുഴച്ചുവരുന്നതായി കാണാം. പുരുക്കത്തിൽ നല്ലതു ദിവസത്തിനകം ചെടി പൂർണ്ണമായി നശിപ്പിക്കപ്പെടും. നല്ല കാറാടിക്കുമ്പോൾ തണ്ടിലുള്ള മുഴച്ചുതോട്ടത്ത ഭാഗം ഒടിഞ്ഞും ചെടികൾ നശിക്കാറുണ്ട്. തണ്ടിൽ വെള്ളനിറത്തിലുള്ള മുട്ടകളാണ് പെൺജീവികൾ നിക്ഷേപിക്കുന്നത്. മുട്ടയിൽനിന്ന് വെളിയിൽവരുന്ന ചെറുപുഴുക്കൾ തണ്ടിലെ തൊലി തുളച്ചു് കയറുന്നു. മുപ്പതിനു മേൽ നാല്പത്തിയഞ്ചു് ദിവസത്തിനകം അവ സമാധിയാകാൻ തുടങ്ങും. പുഴുവായിരിക്കുന്ന കാലഘട്ടം മുഴുവൻ അവ തണ്ടിൽനിന്നാണ് ആഹാരം സ്വീകരിക്കുന്നത്.

4. ഇല ചുരുട്ടുന്നവ. (Cotton Leaf Roller) മഞ്ഞച്ചിറകുള്ള ഒരുതരം ചെറുശലഭങ്ങളാണിവ. ഇതിന്റെ പുഴുക്കൾ പരുത്തിയുടെ ഇല ചുരുട്ടുന്ന ജോലി വിശ്രമമെന്യേ നിർവ്വഹിക്കുന്നുണ്ട്. കൂടാതെ അവ ഇലയും തിന്നുനശിപ്പിക്കുന്നുണ്ട്. ശലഭം ഇളം മഞ്ഞനിറത്തിലുള്ള ചെറുമുട്ടകൾ ഇലകളിൽ നിക്ഷേപിക്കുന്നു. പച്ചനിറത്തിലുള്ള ചെറുപുഴുക്കൾ വെളിയിൽവരും. ഒരാഴ്ചയ്ക്കുശേഷം ഇവ ഇലചുരുട്ടുന്നതു തുടങ്ങും. പൂർണ്ണവളർച്ച എത്തുന്നതോടെ പുഴുവിനു് ഒരിഞ്ചു് വലിപ്പം കാണും. നല്ല വെയിലുള്ള സമയങ്ങളിൽത്തന്നെ ഇവ സമാധിക്കൂട്ടിനകത്തുനിന്നു് പൂർണ്ണരൂപിയായ ശലഭം വെളിയിൽവരും.

5. പരുത്തിപേൻ (APhis gossypi) ഈ പരുത്തിശത്രുക്കളെ അവയുടെ ഉദരത്തിന്റെ പിന്നാഗത്തുള്ള രണ്ടു ചെറിയ അവയവങ്ങൾ (Cornicles) കൊണ്ട് തിരിച്ചറിയാവുന്നതാണ്. അവയുടെ കാലുകളും തലയുടെ മുന്നാറാവും വളരെ വ്യക്തമായി കാണത്തക്കവണ്ണം വളർച്ചയുപിച്ചവയായിരിക്കും. മറവള്ളവയിൽനിന്നു് വിഭിന്നമായി സംഘങ്ങളായാണ് ഇവ പരുത്തിച്ചെടിയുടെ മണ്ഭയെ ആക്രമിക്കുന്നത്. ഈ സംഘടിതത്രമത്തിൽ ഒരു പരുത്തിച്ചെടി നശിപ്പിക്കുന്നതിനു് കൂടുതൽ

ഉത്തരബോർണിയോ

★

50000 ഇൻഡ്യൻ കുടുംബങ്ങൾ ആവശ്യപ്പെടുന്നു

★



മഹോഗണിസ്റ്റ്‌ലിൻ — കൊല്ലത്തെ ജൂബിലി പ്രദർശനത്തിൽ തിരുവനന്തപുരം ശ്രീമൂലം ഷഷ്ട്യബ്ദപൂർത്തിസ്മാരക ഇൻസ്റ്റിറ്റ്യൂട്ടിലെ ശ്രീ. സി. എസ്. വിശ്വം മഹോഗണിത്തടിയിൽ കൊത്തിയ സ്റ്റാമ്പിന്റെ ചിത്രം നിരവധി ജനങ്ങളുടെ ശ്രദ്ധ ആകർഷിക്കുകയുണ്ടായി. 30 ദിവസംകൊണ്ടാണ് ഇതിൻറെ പണി പൂർത്തിയായത്. ശ്രീ. വിശ്വം ഇൻസ്റ്റിറ്റ്യൂട്ടിലെ ചീഫ് ആർട്ടിസ്റ്റാണ്.

ബോർണിയോ ദ്വീപിൽ കുടിയേറിപ്പാർക്കുന്നതിനായി ജനനിബിഡമായ തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തുനിന്നും നിരവധി ജനങ്ങളും ആഗ്രഹം പ്രകടിപ്പിച്ചുവരുന്നതുണ്ടല്ലോ. ഇല്ലസ്ട്രേറ്റഡ് വീക്ക്‌ലി ആഫ് ഇൻഡ്യ എന്ന ബോംബെ വാരികയിൽനിന്നും സംഗ്രഹിക്കപ്പെട്ടിട്ടുള്ള ഈ ലേഖനം ബോർണിയോയെ സംബന്ധിച്ച രസകരമായ ചില വിവരങ്ങളും നൽകുന്നു.

1952 ജനുവരിയിൽ ഉത്തരബോർണിയോയിലെ ഗവൺമെൻറ് 10000 ഇൻഡ്യൻ കുടുംബങ്ങളെ പ്രസ്തുത കോളനിയിൽ സ്ഥിരതാമസത്തിനു ക്ഷണിക്കുകയുണ്ടായി. അവ ടത്തെ ബ്രിട്ടീഷുപൗരന്മാർക്കുള്ള പൗരസ്വാതന്ത്ര്യങ്ങൾ അവർക്ക് ഉറപ്പു നൽകപ്പെടുകയുംചെയ്തു. നെല്ലുൽപ്പാദിയിച്ചു വിദേശങ്ങളിലേക്കു കയറ്റിയയയ്ക്കുന്നതിനു ഭൂമിയും മറ്റു തൊഴിൽസൗകര്യങ്ങളും അവർക്കു ലഭിക്കുന്നതാണ്.

ഇൻഡ്യയിലെ നിയമങ്ങളും അവിടെയുള്ള തൊഴിലാളികളുടെ പുരോഗതിക്കുള്ള പ്രയത്നം നിരോധിക്കുകയാണ് ചെയ്യുന്നതെങ്കിലും, മറ്റൊരു രാജ്യത്തു സ്ഥിരമായി സമയം ഇപ്പോഴും വ്യക്തമില്ല. വളരെ എളുപ്പത്തിൽ ഇവ വർദ്ധിക്കാവുന്നതാണ്. സാധാരണ കാർഷികോല്പന്നമായ ടിവസങ്ങളാണ് ഇവ പെരുകുന്ന അവസരം.

പരുത്തിശത്രുക്കളെ നശിപ്പിക്കുന്ന കാര്യത്തിൽ അല്പം ശ്രദ്ധിച്ചാൽ പ്രയാസമൊന്നും ഇല്ല. വിശ്രമാവസരങ്ങളിൽ നമുക്കതന്നെ ഇവയെ കണ്ടുപിടിച്ച് പെറുക്കി നശിപ്പിക്കാവുന്നതാണ്. 'സ്പോട്ടഡ് ബോംബേ' എന്നുകൂടി അറിയപ്പെടുന്ന കായ്കൾ നശിപ്പിക്കുന്നതായിരിക്കും നല്ലത്. ആ വിത്തുകൾ ഒരിക്കലും ഉപയോഗിക്കരുത്. പരുത്തി വളരുന്നപ്രദേശങ്ങളിൽ ഇവയുടെ ഉപദ്രവം തുടങ്ങിയാൽ പ്രസ്തുത ചെടികൾ ഉടനടി നശിപ്പിക്കുന്നതാണുത്തമം. ഇവ വളരാൻ അനുകൂലിക്കരുത്. ഇല ചുരുട്ടികളുടെ ഉപദ്രവമുണ്ടെങ്കിൽ ചുരുണ്ടുകൂടുന്ന ഇലകൾ അടർത്തി എടുക്കണം. അതിൽ ആ ഉപദ്രവകാരിയുടെ സമാധിയോ, പുഴുവോ കാണും. ഇവ ഉടൻ നശിപ്പിക്കണം. പരുത്തിപേനുബാധിക്കുന്നതെങ്കിൽ മിക്കവാറും അവയോടൊത്തുതന്നെ അവയുടെ പ്രകൃതിശത്രുക്കളും കാണും. "Lady bird beetles" — "Hover fly larvae" "Lace wing fly larvae" മുതലായവയാണ് അവയിൽ പ്രധാന്യമർഹിക്കുന്നവ. അവ പരുത്തിപേൻ നശിപ്പിക്കുന്നതിൽ ഫലപ്രദമായി സേവനം അനുഷ്ഠിക്കുന്നുണ്ട്.

★

ആഴ്ചപ്പതിപ്പ്

അധിവസിക്കുന്നതിനുള്ള അവരുടെ പ്രയത്നം തടയപ്പെട്ടില്ല. ഇത്ര ഗവൺമെൻറുകളും തമ്മിൽ ഒരു കരാർ മൂന്നുവർഷത്തിനുമുമ്പു ചെയ്യപ്പെട്ടതനുസരിച്ചുള്ള ഏർപ്പാടുകൾ ചെയ്യപ്പെട്ടിരുന്നെങ്കിലും ഇന്നും യഥാർത്ഥത്തിൽ സ്ഥിതിഗതികൾ അനിശ്ചിതാവസ്ഥയിൽതന്നെയാണ്. കുടിയേറ്റക്കാരെസംബന്ധിച്ചുള്ള ഏർപ്പാടുകൾ തൃപ്തികരമായി ചെയ്യപ്പെട്ടതുവരെ മനഃപൂർവ്വമോ അശ്രദ്ധയോ അബദ്ധങ്ങൾ പിണയാതിരിക്കത്തക്ക വ്യവസ്ഥകൾ ഏർപ്പെടുത്തപ്പെടുംവരെ—പ്രസ്തുത പദ്ധതി നടപ്പിൽവരുത്തുന്നതിനു പക്ഷേ ഇൻഡ്യാഗവൺമെൻറ് വിസമ്മതിക്കയുംചെയ്തു.

അയർലൻഡിനോളം വലിപ്പമുള്ള പ്രസ്തുത രാജ്യത്തിൻറെ ഭരണം ഉദ്ദേശം 74 സംവത്സരത്തോളം നിർവ്വഹിച്ചുവന്നതു ഒരു ചാർട്ടേർഡ് കമ്പനിയാണെന്ന 1946-ൽ വിസ്മയത്തോടെയാണ് ലോകം ഗ്രഹിച്ചത്. 1946 ജൂൺമാസത്തിൽ ബ്രിട്ടീഷു നാവിക ബോർണിയോ കമ്പനിയുടെ അവകാശം ബ്രിട്ടീഷു ഗവൺമെൻറിനുതിരിച്ചേല്പിച്ചു. അന്നുമുതൽ രാജ്യം ഒരു ക്രൗൺകോളനിയായി.

ബോർണിയോയെന്ന നാമത്രയത്തിൽ കടൽകൊള്ളക്കാരുടെ നഗരങ്ങളും, സുഗന്ധദ്രവ്യങ്ങളും, സമുദ്രത്തിലെ വീരകൃത്യങ്ങളും, ഇവയാണ് സ്മൃതിപഥത്തിൽ എത്തുക. ചോള പാണ്ഡ്യ പല്ലവകാലങ്ങളിൽ പൂർവ്വ ദേശങ്ങളിൽ കുടിയേറിത്താമസിച്ച ഹിന്ദുക്കൾക്കു ബോർണിയോ നിശ്ചയമായും അപരിചിതരായിരുന്നിരിക്കയില്ല. എ. ഡി 1300-ൽ കുബ്ലാഖാൻ പ്രസ്തുതദ്വീപു ആക്രമിച്ചതായി പറയപ്പെടുന്നു. സ്പെയിൻകാരും പോർട്ടുഗീസുകാരുമായിരുന്ന ഇടംപ്രഥമമായി അവിടെ പ്രവേശിച്ച വെള്ളക്കാർ. 1600 ൽ ഒരു ഡച്ചുകാരൻ ബ്രൂണെ സന്ദർശിച്ചു; ആയിടെതന്നെ ചില ഡച്ചുസ്ഥാപനങ്ങളും അവിടെ സൃഷ്ടിക്കപ്പെട്ടു.

ഉത്തരബോർണിയോയിൽ ബ്രിട്ടീഷുപതാകയുയർത്തിയതു ഒരു ആയുധവ്യാപാരിയായിരുന്നു. ഉത്തരബോർണിയോ ഭരിച്ചിരുന്ന സുൽത്താനു ആയുധങ്ങൾ എത്തിച്ചുകൊടുക്കുന്നതിനു സ്കോട്ടലൻഡുകാരനായ വില്യംക്ലാക്ക് കവ്വീ എന്ന എൻജിനീയർ സ്പെയിൻകാരുടെ നിരോധനം ലംഘിക്കുകയായി. സംപ്രീതനായ സുൽത്താൻ തൻറെ രാജ്യത്തു കപ്പൽവ്യാപാരം നടത്തുന്നതിനുള്ള അധികാരം അയാൾക്കു നൽകി. ഉത്തരബോർണിയോയുടെമേലുള്ള ഭരണാധികാരം ഒരു ബ്രിട്ടീഷു കമ്പനിക്കു നൽകുന്നതിനു പിന്നീടു അയാൾ സുൽത്താനെ പ്രേരിപ്പിച്ചുസമ്മതിപ്പിച്ചു. പ്രസ്തുത രാജ്യത്തിലെ വനപ്രദേശങ്ങളിലും ഗിരിതലങ്ങളിലും ഭരണം നിർവ്വഹിക്കുന്നതിനു കമ്പനി സ്വന്തമായ ഒരു ഭരണവ്യവസ്ഥ ഏർപ്പെടുത്തി. അല്പം ചില പരിഷ്കാരങ്ങൾ നാട്ടുകാർക്കു പ്രദാനംചെയ്തു.

1942-ൽ ജപ്പൻസൈന്യങ്ങൾ രാജ്യത്തെ ആക്രമിച്ചു 70 സംവത്സരംകൊണ്ടു കമ്പനി വരുത്തിയ പുരോഗതി തട്ടിത്തകർത്തു. 1945-ൽ ആസ്ട്രേലിയൻസേന ജപ്പാനിൽനിന്നും രാജ്യത്തെ സ്വതന്ത്രമാക്കി. 1946 ജൂലായി 15-നു അതൊരു ക്രൗൺ കോളനിയായി.

മലയുരേഖയിൽനിന്നു ആരംഭിച്ചു മദ്ധ്യം വടക്കു സ്ഥിതിചെയ്യുന്ന ഗിരികളും വനങ്ങളുംകൊണ്ടു നിറഞ്ഞ രാജ്യമാണതെങ്കിലും അവിടത്തെ ശീതോഷ്ണാവസ്ഥ കഠിനമല്ല. സമുദ്രസമീപമാണ് ഭൂമി. 1951-ലെ ജനസംഖ്യ 334140 ആണ്. അതിൽ മൂന്നിൽ ഒരുഭാഗം ചൈനാക്കാരും മലയാക്കാരും ഫിലിപ്പീനോസും ഇന്ത്യാക്കാരും മറ്റു ഏഷ്യൻവർഗ്ഗക്കാരുമാണ്. യൂറോപ്യന്മാരുടെ ജനസംഖ്യ ആയിരത്തിൽപരം മാത്രമാണ്. ഇന്ത്യാക്കാർ, പാക്കിസ്ഥാനികൾ, സിലോണീസ് എന്നിവരിൽ ഭൂരിപക്ഷവും കൈത്തൊഴിൽക്കാരോ വ്യാപാരികളോ സാങ്കേതിക തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവരോ ആണ്. ഉദ്ദേശം 83000 ജനങ്ങളും ചൈനീസുകാരാണ്; അവരിൽ ഭൂരിഭാഗവും സ്വദേശികളുമാണ്.

നെല്ല്, റബ്ബർ, നാളികേരം, പുകയില, ചണം എന്നിവയാണ് ഉത്തരബോർണിയോയിൽ പ്രധാനമായി കൃഷിചെയ്യപ്പെടുന്ന സാധനങ്ങൾ. 45000 ഏക്കറോളം ഭൂമിയിൽ ചെയ്യുന്ന നെൽകൃഷിയിൽനിന്നു പ്രതിവർഷം 30000 ടൺമുതൽ 40000 ടൺവരെ വിളവു കിട്ടുന്നുണ്ട്. 1,190,0 ഏക്കറിൽ റബ്ബർ കൃഷിചെയ്യപ്പെടുന്നു. 1951-ൽ 21700 ടൺ റബ്ബർ കയറ്റുമതി ചെയ്യപ്പെട്ടു. 45600 ഏക്കറോളം ഭൂമിയിൽ നാളികേരക്കൃഷിയുണ്ട്. ശരാശരി 12500 ടൺ കൊപ്രാ പ്രതിവർഷം കയറ്റുമതിചെയ്യപ്പെടുവരുന്നു. സൈഗാനദീതീരത്തുള്ള ഫലഭൂയിഷ്ഠമായ ഭൂമിയിൽ ഒരു യൂറോപ്യൻ പുകയിലത്തോട്ടത്തിൽ ചുരുട്ടാപ്പറ്റിനുപയോഗിക്കുന്ന മേത്തരം പുകയില കൃഷിചെയ്യപ്പെടുന്നു.

കൃഷിയിൽമാത്രമല്ല ഉത്തരബോർണിയോയുടെ പ്രാധാന്യം സ്ഥിതിചെയ്യുന്നത്. ഇറാനിലെ എണ്ണഖനികൾ കൈവിട്ടുപോയ ബ്രിട്ടനു ഉത്തരബോർണിയോയിലെ എണ്ണക്കിണറുകൾ അമൂല്യസ്വത്താണ്.

ഭാവികസനസംബന്ധിച്ചു ഗവൺമെൻറിനു നിരവധി വൽപ്പദ്ധതികളുണ്ടെങ്കിലും ജനങ്ങളുടെ കുറവാണ് അവരെ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്നത്. നെൽപാടങ്ങളിലേയ്ക്കും റബ്ബർതോട്ടങ്ങളിലേയ്ക്കും ഖനികളിലേയ്ക്കും തൊഴിൽശാലകളിലേയ്ക്കും നിരവധിജനങ്ങൾ അവക്ക് ആവശ്യമായിത്തീർന്നിരിക്കുകയാണ്.

'ബർനാഡ് ഷാ' എന്ന ആ മനുഷ്യൻ

★

— തോട്ടം രാജശേഖരൻ എം. എ —

പ്രചരണങ്ങിന്റെ യുഗമായ ഈ നൂറാണ്ടിൽ ഏറ്റവുമധികം പ്രചരിപ്പിക്കപ്പെട്ടിട്ടുള്ള ഒരു കലാകാരനാണ് ജോഷ്വ ബർനാഡ്ഷാ. ആ പ്രതിഭാശാലിയുടെ വ്യക്തിത്വത്തിന്റെ വിവിധ ഭാവങ്ങളെ വിടർത്തിക്കാണിച്ചുകൊണ്ട് പലരും എഴുതിയിട്ടുണ്ട്. എങ്കിലും അവരുടെ തൂലികകളിൽനിന്നും വഴുതിമാറി, രേഖാങ്കിതമാകാതെ പൊട്ടിച്ചിരിച്ചുകൊണ്ട് ദൂരെ മാറിനില്ക്കുകയാണ് അദ്ദേഹത്തെ സംബന്ധിച്ച ആയിരമായിരം പ്രത്യേകതകളും. നിമിഷമെന്നോണം വളർന്നുകൊണ്ടിരുന്ന—അഥവാ വളച്ചു ഭാവിച്ചുകൊണ്ടിരുന്ന—ആ കലാകാരന്റെ വ്യക്തിത്വം പ്രകടവും അന്വർത്ഥവുമായ വൈരുദ്ധ്യത്തിന്റെ സമന്വയരൂപമാണ്. അദ്ദേഹത്തെ തകർത്തവരും, താലോലിച്ചവരും സമഗ്രമായ ആ വ്യക്തിത്വത്തെ കാണുകയും, അപഗ്രഥിക്കുകയും, കാണിക്കുകയും ചെയ്യുന്നതിനു പകരം തന്നോടുള്ള മമതയോ അദ്ദേഹത്തിന്റെ ഒരു ദൗർബല്യത്തേയോ ശക്തിയേയോ പർവ്വതീകരിച്ചു കാണിക്കുകയാണ് ചെയ്തതു്. ഏതൊരെഴുത്തുകാരനും അടിയുറച്ചൊരു ജീവിതവീക്ഷണവും, കലാജീവിതത്തിലും സാമൂഹ്യജീവിതത്തിലും അടിസ്ഥാനപരമായൊരു ദർശനവും ഉണ്ടായിരിക്കണമെന്ന് ഷാ സമ്മതിക്കുമെങ്കിലും, കെട്ടുപിണയുന്ന പൊരുത്തക്കേടുകളിലൂടെയും ആഞ്ഞടിക്കുന്ന വൈരുദ്ധ്യങ്ങളിലൂടെയും മുന്നോട്ടുപോകുന്നവർക്കു മാത്രമേ ജീവനം, ഒജസ്സും ഉള്ള ഒരു ജീവിതമായുമുന്നിൽവെയ്ക്കാൻ സാധിക്കുകയുള്ളൂ എന്നദ്ദേഹം വിശ്വസിക്കുന്നു. നാടകകൃത്തു്, നടൻ, നോവൽകർത്താവു്, രംഗ്ടീയപ്രവർത്തകൻ, ദാർശനികൻ, സാമൂഹ്യപ്രവർത്തകൻ, സോഷ്യലിസ്റ്റ് എന്നീ നിലകളിലെല്ലാം തന്റേതായൊരു തലച്ചോറും, തനിക്കു തൻപോന്ന തന്റോടവുമായി തൊട്ടേടത്തെല്ലാം തന്റെ വ്യക്തിമുദ്ര പതിപ്പിച്ച ഷായെ പലരും നമുക്കു പരിചയപ്പെടുത്തിത്തന്നിട്ടുണ്ട്. എന്നാൽ ഷായുടെ ചിരകാല സുഹൃത്തും, അദ്ദേഹത്തിന്റെ സഹകാരിജീവിതവുമായി വളരെയടുത്തു പഴകിയവനും, സ്വതന്ത്രചിന്തകനുമായ മി: എസ്സ്. വിൻസ്റ്റൻ ബർനാഡ്ഷാ എന്ന 'മനുഷ്യനെ' തന്റെ "ബർനാഡ്ഷായുമായി കഴിച്ചുകൂട്ടിയ ദിവസങ്ങൾ" (Days with Bernard Shaw) എന്ന പുസ്തകത്തിലൂടെ വ്യക്തമാക്കിത്തരുന്നു. താനും ഷായുമായി വിവിധസന്ദർഭങ്ങളിൽപല വിഷയങ്ങളെക്കുറിച്ചും ചെയ്തിട്ടുള്ള ചർച്ചകളുടെ സംക്ഷിപ്തവിവരണങ്ങളും ഈ പുസ്തകത്തിൽ കൊടുത്തിട്ടുണ്ട്. തന്റെ മേന്മകളോ പ്രത്യേകതകളോ ഓരോവിഷയത്തെ സംബന്ധിച്ചുള്ള തന്റെ അഭിപ്രായങ്ങളോ വിവരിച്ച് സ്വന്തം വ്യക്തിത്വം ഉയർത്തിപ്പിടിക്കുന്നതിനു് ശ്രമിക്കാതെ ഒരു ചരിത്രകാരന്റെ നിഷ്പക്ഷതയോടെ, വസ്തുനിഷ്ഠയോടെ ആരാധനാവൃത്തിയും, അധിക്ഷേപപ്രവണതയും മാറ്റിവച്ചുകൊണ്ട് തികച്ചും അയത്നലളിതമായവിധത്തിൽ ഷാ എന്ന മനുഷ്യനെ അദ്ദേഹം വരയ്ക്കുന്നു. മനുഷ്യൻ പാവനമെന്നും, സ്നേഹാർഹമെന്നും കരുതിപ്പോരുന്ന യാതൊരു സൽസ്വഭാവങ്ങളുമില്ലാത്ത വനും ഒരു സാധാരണക്കാരനെ അറപ്പിക്കുന്നതും വെറുപ്പിക്കുന്നതുമായ ദൗഷ്ട്യവും, അനഭിഗമ്യതയും മാറാപല ദുഃസ്വഭാവങ്ങളും കലർന്ന ആ മനുഷ്യനെ ഇരുവ്യക്തമായി മാറാതും പരിചയപ്പെടുത്തിത്തന്നിട്ടില്ല.

പട്ടണത്തിലെ ഭ്രാന്തുപിടിപ്പിക്കുന്ന ബഹളങ്ങളിൽനിന്നെല്ലാമകന്നു്, തികച്ചും നിർമ്മലവും, സുഖദവും, സൌന്ദര്യാത്മകവുമായ ശാന്തി ഒരളം തല്ലിനില്ക്കുന്ന അയൽവാസൻ ലോറൻസിൽ ജീവിച്ചിരുന്ന ഷായുമായി നെടുനാളത്തെ പരിചയമാണ് ഗ്രന്ഥകാരനു്. നോർഫോക്ക് സ്വദേശിയും, നെറിയിലേക്കല്പം ചാഞ്ഞുകിടക്കുന്ന റാവീഡ് തൊപ്പിയും ധരിച്ച് സന്തത സഹചാരിയായ വാക്കിംഗ്സ്റ്റിക്കിനെ അലസമായി അന്തരീക്ഷത്തിലാട്ടി, പാടുന്ന കിളികളോടും, ഒട്ടുന്ന അണ്ണാന്മാരോടുമിടയിലൂടെ വിജനതയിലേക്കു നടന്നുപോകുന്ന ഷായുടെ ചിത്രം അന്തിച്ചുകപ്പണിഞ്ഞ അവിടത്തെ ഗ്രാമഭംഗി എന്നും സമീക്ഷിക്കാറുണ്ട്. ഇടയ്ക്കുള്ളപ്പോഴെല്ലാം തന്റെ സുഹൃത്തായ വിൻസ്റ്റന്റെ ഭവനത്തിലൊന്നു കയറും. തന്റെ 'റോൾസ് റോയിസ്' (Rolls Royce) കാറിനെപ്പറ്റി ഉടനടി സംഭാഷണം സൃഷ്ടിക്കുന്നതിനുള്ള സങ്കല്പതിനേയും സ്പർശിച്ചുകൊണ്ട് രണ്ടംലോകമഹായുദ്ധത്തെക്കുറിച്ചു പറഞ്ഞവസാനിപ്പിക്കും. സ്വയം മറന്നതന്നെ ആ സംഭാഷണപ്രിയൻ നിത്യം തന്നെ സംസാരിക്കും. വിഷയം ബാലിശമായാലും ഗഹനമായാലും ശരി ഒരേരീതിയിലാണദ്ദേഹം അതു് കൈകാര്യംചെയ്യുന്നതു്. അതേസമയം അധികം സംസാരിക്കുന്ന മനുഷ്യരെ അദ്ദേഹത്തിനു് വലിയ വെറുപ്പുമാണ്. ഏതിക്കേതോരം അദ്ദേഹത്തിനു് ഉശിരും, ആവേശവും കൂടും. ഇടയ്ക്കു അപ്പിരിനീരോ മറ്റോ നൽകിയാൽ, സല്ക്കാരപ്രിയനല്ലാത്ത അദ്ദേഹം അതു് നിരസിക്കും. ഇരുപത്തിയഞ്ചു വർഷത്തോളമായുള്ള ഈ സൗഹൃദത്തിലേക്കു നടക്കുമാർഗ്ഗമധ്യം പതിവായി നടക്കുന്ന ഈ സംഭാഷണങ്ങളിൽനിന്നും പ്രസക്തമായ ഭാഗങ്ങളുദ്ധരിച്ചുകൊണ്ടു് വിൻസ്റ്റൻ ഷാ എന്ന മനുഷ്യനെ അവതരിപ്പിക്കുകയാണ്.

പലപ്പോഴും, രണ്ടു നൂറ്റാണ്ടുകളിലൂടെ പരന്നുകിടക്കുന്ന തന്റെ ജീവിതത്തിലെ അതിതങ്ങളായ പടവുകളിലേക്ക് ഷാ തിരിഞ്ഞുനോക്കാറുണ്ട്. ഐറിഷ്കാരനെന്നനിലയിൽ സ്വയം പുച്ഛിക്കുന്നതോടൊപ്പം അദ്ദേഹം അഭിമാനിക്കാറുമുണ്ട്. തികഞ്ഞ ലജ്ജയോടും, അപകർഷതാബോധത്തോടും തല നിറയെ സ്വപ്നങ്ങളും മനംനിറയെ ജൂഹുസ്സുമായി ഐർലണ്ടിൽനിന്നു ഇംഗ്ലണ്ടിലേക്ക് കടന്നുവന്ന അദ്ദേഹം ഇംഗ്ലണ്ടിലെ വിജ്ഞാനകേന്ദ്രത്തിന്റെ അധിപനായതു്, അദ്ദേഹത്തിന്റെ ഭാഷയിൽ പറയുകയാണെങ്കിൽ, തളരാത്ത ശ്രമവും, ഉറവ വറ്റാത്ത ഹാസ്യബോധവുംകൊണ്ടു മാത്രമാണ്. ഏതിനേയും എതിർക്കുക, എന്തിനേയും ഹാസഭാവത്തിൽ നിരീക്ഷിക്കുക—അതായിരുന്നു ഷായുടെ രീതി. അദ്ദേഹംതന്നെ പറയുകയാണ് "അകളങ്കിതമായ ഈ ഹാസ്യബോധം എനിക്ക് പിതൃദത്തമാണ്. കണ്ണുനീരിൽ മുക്കികൊല്ലാനുള്ളതല്ല, കൂടുകൂടെ ചിരിച്ചു് വളർത്താനുള്ളതാണ് എന്നെ സംബന്ധിച്ചേടത്തോളം ജീവിതം.....ഈ ലോകത്തെരിക്കലും സത്യം കാര്യമായി ഗണിക്കപ്പെട്ടിന്നില്ല; ഞാൻ സത്യം പറയുന്നു, ആളുകൾ എന്നെ ഒരു ബഫൂണായിക്കരുതുകയും ചെയ്യുന്നു!.....അതുപോലെതന്നെ ഒരു മനുഷ്യനെക്കൊണ്ടു് സത്യം പറയിപ്പിക്കേണമെങ്കിൽ, അവനെ രോഷാകുലനാക്കുമാറു് എതിർക്കണം. കാപട്യം നിറഞ്ഞ ഈ ലോകത്തിൽ സത്യത്തിന്റെ വെളിച്ചം പുലർത്തുന്നതിനു ആ മാർഗ്ഗമാണ് ഞാൻ കണ്ടതു്. അങ്ങനെ എന്റെ മേധ വികസിച്ചുയർന്നതന്നെ എതിർപ്പിലൂടെയും കളിയാക്കലിലൂടെയുമാണ്," തന്നിൽ ഉറങ്ങിക്കിടന്ന പ്രതിഭയെ തട്ടിയുണർത്തുകയും, തന്നിൽ പരിപ്പിച്ചെടുക്കുവാൻ കഴിയാത്ത സാധീനശക്തിനടവരുംമായ കാൾമാർക്സ്, വില്യംമോറീസ്, വെബ്സ് ദമ്പതികൾ, എച്ച്. ജി. വെൽസ്, വില്യം ആഷ്ടർ, എന്നിവരെക്കുറിച്ച് എത്രമാത്രം സംസാരിച്ചാലും ഷാക്കു് മതിവരില്ല. 'മാർക്സ്' എന്നൊരു മനുഷ്യനില്ലാതിരുന്നുവെങ്കിൽ ഇന്നും ആളുകൾ വായിക്കാത്ത കൂറേ നോവലുകളുടെ കർത്താവായി, അജ്ഞാതനായി കഴിഞ്ഞുകൂടുമായിരുന്നു താൻ, എന്നു് ഷാ തന്നെ പറയുന്നുണ്ടു്. അടിസ്ഥാനപരവും അർത്ഥവത്തും ആയ ഒരു ജീവിതവീക്ഷണം തന്നിൽ വളർത്താൻ മാർക്സിന്റെ സിദ്ധാന്തങ്ങളും പഠിപ്പുമായെന്നദ്ദേഹം അഭിമാനിക്കുന്നു. നല്ലൊരു ബുദ്ധിജീവിയായിരുന്ന വില്യം മോറിസ്സിനോടും, ഹെബ്സ് ദമ്പതിമാരോടുമാണ് അദ്ദേഹത്തിനു കൂടുതൽകടപ്പാടു്. അവരെപ്പറ്റിയുള്ള നൂറുനൂറുസ്മരണകളും അദ്ദേഹത്തിന്റെ തലച്ചോറിൽകുടികിടപ്പുണ്ടു്. 'ജീവിക്കുന്ന നാണയം'കാൻ മടിച്ചുകൊണ്ടുഴിജീവി സിദ്ധാന്തവൈബ്യാണെന്നാണ് ഷായുടെ അഭിപ്രായം. വളരാനും ഉയരാനും തന്നെക്കാളും അനുകൂലസാഹചര്യങ്ങളുണ്ടായിരുന്ന വെൽസിന്റെ അടിയുറച്ച ശാസ്ത്രജ്ഞാനവും തികഞ്ഞ യുക്തിബോധവും അദ്ദേഹം വാഴ്ത്തുന്നു. യാതൊരു ലക്ഷ്യവുമില്ലാതെ ഏവരുതേ അത്മാർത്ഥമെഴുതിക്കൊണ്ടിരുന്ന ഷായ്ക്കു് നാടകത്തിന്റെ പാതവെട്ടിത്തുറന്നുകൊടുത്ത ആളെന്ന നിലയിൽ വില്യം ആഷ്ടറേയും അദ്ദേഹം സ്മരിക്കുന്നു. ഇങ്ങനെ തന്നിൽ വളർച്ചയുണ്ടാക്കിയതിൽ പ്രേരണചെലുത്തിയ ആ സുമനീഷിപ്രതിഭകളെ നിശിതമായും നിഷ്കൃഷ്ടമായ വിധത്തിൽ വിമർശിക്കുന്നതിനും അദ്ദേഹം മടിക്കുന്നില്ല. ഷേക്സ്പിയറേയും, തന്നേയും കൂടുകൂടെ താരതമ്യപ്പെടുത്തുമ്പോൾ ഷാ, രണ്ടംലോകമഹായുദ്ധം ഷായും ഷേക്സ്പിയറായുള്ള സംഘട്ടനമാണെന്നു പറയുന്നതിനുപോലും മടിച്ചുപ്പെട്ടു!

പണത്തിന്റെ കാര്യത്തിൽ ഉദാരമതിയല്ലെന്നുമാത്രമല്ല സ്വാർത്ഥമതികൂടിയായിരുന്നു ഷാ. കൂട്ടികൊടുക്കേണ്ടി ഒരു പൊതുകലിസ്ഥലമുണ്ടാക്കുവാൻ സംഭാവനചോദിച്ച വിൻസ്റ്റനോടു് അക്കാര്യത്തിനു ഒരു ശിക്ഷിംഗിപോലും തരാൻ തയ്യാറില്ലെന്നാണ് കൂട്ടികൊടുപ്പുമുള്ള ആ മനുഷ്യൻ പറഞ്ഞതു്! കൂട്ടികളെക്കുറിച്ചു പറയുമ്പോഴെല്ലാം സ്വാഭാവികമായി അദ്ദേഹം സ്വന്തം ബാല്യകാലത്തെക്കുറിച്ചു സ്മരിക്കാറുണ്ടു്. തികച്ചും ഏകനായി പ്രകൃതിസുഷമ നുകർന്നുകൊണ്ടു അലഞ്ഞുനടന്നിരുന്ന ആബാല്യകാലങ്ങളിൽ ഒരു കലാഹൃദയമില്ലാതിരുന്നതുകൊണ്ടു അധ്യാപനത്തിന്റെ അശാസ്ത്രീയതകളിൽ തനിക്കപ്പെട്ടുപോകുമായിരുന്നുവെന്നു് ഷാ പറയുന്നു. പത്തുപതിനഞ്ചുകൊല്ലം മുൻപു്, റഷ്യൻസന്ദർശനവേളയിൽ കൂട്ടികൾക്കായുള്ള ഒരു ജയിലിൽവെച്ചു് ആ കൊച്ചുപുള്ളികളെ അഭിസംബോധനചെയ്തുകൊണ്ടു് അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായത്രേ: "ഇന്നു് എന്നെക്കണ്ടാൽ നിങ്ങളും പറയുകയില്ലെങ്കിലു

തനും ഒരു കാലത്തു നിങ്ങളെപ്പോലെ ഒരു ബാലനായിരുന്നു. എന്റെ ചുട്ടിത്തരങ്ങളും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടെങ്കിൽ നിങ്ങളുടെ ഗതിതന്നെയായിരുന്നു എനിക്കും.'' തുടിക്കുന്നതെല്ലാം കല്ലെറിയാൻ അവകാശം ആവേശമുണ്ടായേ എന്നാണ് ഹേഗ് എടുത്തുചോദിച്ചു! വെബ്സ്റ്റർ ഭരണതിമക്കെന്നപോലെ തനിക്കും കുട്ടികളില്ലാത്തതിൽ അദ്ദേഹത്തിന് കുണ്ഠിതമില്ല. ഉണ്ടായിരുന്നുവെങ്കിൽ തന്റെ അജ്ഞത ലോകമറിഞ്ഞുപോയേനെ എന്നാണദ്ദേഹത്തിന്റെ ഭയം!

ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ വികലതകളെക്കുറിച്ചും ഷാക്ക് ബോധമുണ്ടായിരുന്നു. തന്റെ കൃതികളും വിദ്യാർത്ഥികൾ വളരുമ്പോൾ അവക്കാസ്വദനീയമായിത്തീരണമെങ്കിൽ അവ സ്കൂളുകളിലും കോളേജുകളിലും പഠിപ്പിക്കരുതെന്നാണ് ഷായുടെ അഭിപ്രായം. ''മനുഷ്യകൊല്ലങ്ങളും കുട്ടപ്പോളം ഉടലെടുക്കുന്ന പ്രതിഭാശാലികളുടെ കൃതികളെ അദ്ധ്യാപകന്മാർ ഒരുദിവസംകൊണ്ട് കൊല്ലുന്നു'' എന്നാണ് അദ്ദേഹം പറയുന്നത്: കലയോടും കലാകാരന്മാരോടും ഇന്നത്തെ തലമുറയ്ക്കുള്ള അലസമനോഭാവത്തിനത്തന്നെവാദി ഇന്നത്തെ യന്ത്രികവിദ്യാഭ്യാസം വലിച്ചുവെച്ചതാണ്. സൗന്ദര്യവബോധത്തെ ഉത്തേജിപ്പിക്കുന്ന വിദ്യാഭ്യാസത്തിനു (Aesthetic Education) മാത്രമാണ് മനുഷ്യനെ ചിരസ്ഥായിയായ ഗുണം നൽകാൻ കഴിയുന്നത് എന്നദ്ദേഹം ദൃഢമായി പ്രഖ്യാപിക്കുന്നു. സംഗീതം, സാഹിത്യം, ശില്പകല, എന്നിവയിലൂടെയും മാറാത്ത ലക്ഷ്യങ്ങളും, അനുഭവജ്ഞാനപ്രചോദിതവും ആയ അറിവ് നേടുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നും, കലയും ശാസ്ത്രവും മാനസികവും ഭൌതികവുമായ ശിക്ഷണം ലഭിച്ചിട്ടില്ലാത്തവരുടെ കൈയിലൂടെ പുറത്തുവരുമ്പോൾ അന്തസ്സാരശൂന്യവും അപകടകാരിയുമാവുമെന്നും അദ്ദേഹം വിശ്വസിക്കുന്നു.



ന്യൂയോർക്ക് സ്റ്റോറിൽ ഫ്രീവില്ലിനു സമീപമുള്ള ഒരു ''യുവസമൂഹ''ത്തിന്റെ നേതാവാണ് ജൊറാൾഡ് മോറിസൺ (ഇടത്തു്) അതൊരു റിപ്പബ്ലിക്ക് ആണെന്നാണ് പറയുന്നത്. 1895-ൽ സ്ഥാപിതമായ ഈ റിപ്പബ്ലിക്കിൽ 125 ''പരമാരം''ങ്ങളുണ്ടു്. അവക്ക് പ്രത്യേക നിയമങ്ങളും, അവരിൽ തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരും, സ്വന്തം ബാങ്കും ഉണ്ടെന്നു മാത്രമല്ല, നികുതിപിരിവും അവർ നടത്തുന്നുണ്ട്. പ്രായമായവരുടെ മേൽനോട്ടത്തോടും സഹായത്തോടുംകൂടിയാണ് പ്രസ്തുത കൃത്യങ്ങളും അവർ നിർവ്വഹിക്കുന്നതു്. അംഗമായി ചേരുന്നവർക്ക് 21 വയസ്സുവരെ തുടരാവുന്നതാണ്. പെൺകുട്ടികൾക്കും ഗൃഹഭരണം ഇവിടെനിന്നഭ്യസിക്കുന്നു. പ്രസിഡൻ് ഐസൻഹവറിന്റെ ഒരു ആശംസാസന്ദേശം മോറിസണു ലഭിച്ചപ്പോൾ എടുത്ത ചിത്രമാണിതു്.

തികച്ചും സ്വതന്ത്രമതിയായ ഷായേയും വിൻസ്റ്റൻ ചിത്രീകരിക്കുന്നുണ്ട്. ആത്മത്യാഗി സ്വന്തം ത്യാഗത്തിൽ നിർവൃതിനേടുന്ന പരമാർത്ഥവാദിയാണെന്നും, സ്വതന്ത്രമതി സ്വപ്രയത്നംകൊണ്ടു് മുന്നോട്ടുപോകുന്ന ധൈര്യശാലിയാണെന്നും പറഞ്ഞു് ഷാ ഈ സ്വതന്ത്രമതിതന്നെ സംയുക്തരിക്കുന്നു. അതുപോലെതന്നെ ഏകാന്തത ഇഷ്ടപ്പെടുന്ന അദ്ദേഹം അതിഥികളെ സൽക്കരിക്കുവാൻ പരാമുഖനാണെന്ന മാത്രമല്ല, വളരെയേറെ ക്ലേശങ്ങൾ അനുഭവിച്ചതന്നെ ഒരു നേരംകഴിഞ്ഞുവാൻവകയുന്ന ആരാധകരെ അദ്ദേഹം നിരാശരാക്കിയയയ്ക്കുകയാണ് പതിവു്. തന്നെ ഒരു ഉത്തമസാധനമായി കാണുന്നവരോടു് ഷായ്ക്കു വലിയ ഈർഷ്യയുമാണ്. തികച്ചും ഉദാത്തനായിട്ടാണ് അദ്ദേഹം അവരോടു് സംസാരിക്കുക. ഇംഗ്ലീഷുകാരുടെ 'എറ്റിക്കറ്റി (Etiquette)നെറ' പിടലിക്കിടിച്ച ആ മനുഷ്യൻ പറയുകയാണ്—''എന്റെ സദ്ഗുണങ്ങളും മാറാമ്മരിൽനിന്നൊളിച്ചുവെച്ചില്ലെങ്കിൽ കഴിഞ്ഞുകൂടാൻ പ്രയാസമാണ് മറ്റുള്ളവരിൽക്കാണുന്ന നന്മകളെ പുകഴ്ത്തിരിക്കുന്നതും ഞാൻ ശ്രദ്ധിക്കാറുണ്ട്. തിന്മ പ്രചരിപ്പിക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്യുക—ഇതാണെന്റെ രീതി. ഒരുവേള ഇതു് സാമാന്യമര്യാദകളിരുത്തപ്പെടുമായിരിക്കാം. എന്നാൽ ഒരു മനുഷ്യനു് ആഹാരംകൊടുത്തു ദാരിദ്ര്യം ഉച്ചാടനംചെയ്യാനോ, എന്റെ സകല സ്വത്തുക്കളും ഉപേക്ഷിച്ചിട്ടു് ഗാന്ധിയെപ്പോലെ ജീവിച്ചു തിന്മകളെ ഒട്ടുക്കാനോ, എന്റെ ആദർശങ്ങൾക്കുവേണ്ടി തൂക്കുമരം കയറാനോ സാധ്യമല്ലെന്നെനിക്കറിയാം—''

'ലൈഫ്ഫോർസിന്റെ'—ജീവചൈതന്യപ്രവാഹത്തിന്റെ—പ്രവാചകനായ അദ്ദേഹം തനിക്കു പ്രിയംകരമായ ആ സിദ്ധാന്തത്തെക്കുറിച്ചു പേജ്പേജ്ം സംസാരിക്കുന്നുണ്ട്. മനുഷ്യന്റെ പ്രവൃത്തികളും നിയന്ത്രിക്കുന്നതു് മനസ്സാക്ഷിയാണെന്നു് ആത്മാവു്—ആരുണ്ടന്ന വാദം അദ്ദേഹം അംഗീകരിക്കുന്നില്ല. ചില കാര്യങ്ങളിൽ മനഃസാക്ഷിയെ മുറുകെപ്പിടിച്ചു പ്രവർത്തിക്കുന്നുണ്ടെന്നഭിമാനിക്കുന്ന ചിലർ, പല കാര്യങ്ങളിലും തികച്ചും അസാമാന്യമികവും, നിരങ്കുശവുമായ വിധത്തിൽ പെരുമാറുന്നുണ്ടെന്നു വസ്തുതാപരമായ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഉദാഹരണത്തിനു് 'ഡോക്ടേഴ്സ് ഡൈലമ്മ' (Doctor's Dilemma) എന്ന നാടകത്തിലെ ഒരു കഥാപാത്രമായ 'ഡുബെഡാറിനെ (Dubedat) നോക്കുക. കലയെ സംബന്ധിച്ചിടത്തോളം ഉൽകൃഷ്ടനായി അദ്ദേഹം തട്ടിമൂളിക്കുന്നെ അയാൾ സ്ത്രീയുടേയും ധനത്തിനേറെയും കാര്യത്തിൽ ഒരു തികഞ്ഞ തെമ്മാടിയാണു്! അതിനാൽ സന്മാർഗ്ഗികതയ്ക്കു ഒരു മാനദണ്ഡം ഇല്ല ചെറുപ്പകാലത്തു് ഒരു തികഞ്ഞ സത്സ്വഭാവിയാകാനുള്ള മാർഗ്ഗമറിഞ്ഞുകൊണ്ടു ഒരു സന്യാസിയുടെ അടുക്കൽ താൻപോയ കഥപോലും അയാൾ സ്മരിക്കുകയാണു്. മുന്നിൽ വിനയാന്വിതനായി നിൽക്കുന്ന ഷായുടെ അഭിമതമറിഞ്ഞപ്പോൾ ഉടൻ ചോദിച്ചു—

''നീ സന്യസിക്കാനോ?''

''അതേ'' ഷായുടെ മറുപടി.

''മുമ്പേക്കെഴുത്തറിയാമോ?''

''നല്ലപോലെ''

''അപ്പോൾ നീ ജ്ഞാനിയാണു്?'' ഉടൻ പറയുകയാണു് ''സത്സ്വഭാവിയാകണമെങ്കിൽ ഒരുഗുണംകൂടി വേണം—ദാരിദ്ര്യം!'' ഷാ, നിരാശയനായി തിരിച്ചുപോന്നു. പക്ഷേ അന്നുമുതൽ അദ്ദേഹം ശ്രമിക്കുകയായിരുന്നു, സമ്പന്നനായിരുന്നുകൊണ്ടു് സത്സ്വഭാവിയാകുവാൻ! ടോൾസ്റ്റോയിയെപ്പോലെ ഷായും വിശ്വസിക്കുന്നു മനുഷ്യമനസ്സിനെ സംബന്ധിച്ച പ്രശ്നങ്ങളും സമൂഹപ്രശ്നങ്ങളേക്കാളും കൂടുതൽ സങ്കീർണ്ണങ്ങളാണെന്നു്. സ്നേഹ Love)മെന്ന വാക്കിനെയാതൊരർത്ഥവുമില്ലെന്നും, സാഹിത്യം പൂർണ്ണമായപരമാകുന്നതിനേക്കാളും മേധാപരമാകുന്നതാണു് നല്ലതെന്നും സൌന്ദര്യമെന്നതു് സാർവ്വലൗകികമാണെന്നും ഷാ കൂടക്കൂടെ പറയാറുണ്ടു്.

ഒരു ഫേബിയൻ സോഷ്യലിസ്റ്റായ അദ്ദേഹം ആധുനികജനാധിപത്യത്തിന്റെ അപര്യാപ്തതയെക്കുറിച്ചു പൂർണ്ണബോധവാനാണു്. ആദ്യത്തെ കയറ്റം കയറുമ്പോൾതന്നെ ഭയനീയമായി നിലവിളിച്ചുകൊണ്ടു ചത്തുനിൽക്കുന്ന ചില പഴഞ്ചൻകാകകം പോലെയാണത്രേ ആധുനികഡെമോക്രസി! ഇന്നത്തെ പൊതുതെരഞ്ഞെടുപ്പുകളും വെറും കബളിപ്പിക്കലുകളാണെന്നും ഷാ അഭിപ്രായപ്പെടുന്നു. ഇക്കാര്യങ്ങളിലുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്കു സ്വീകാര്യത എന്ന ഗുണം കുറയാണെങ്കിലും, സത്യത്തിന്റെ ഒരു ഇഴയിൽ പരന്നകിടക്കുന്നുണ്ടു്. നല്ലൊരു കലാവിമർശകൻകൂടിയായ അദ്ദേഹം വിശേഷാത്തരകലാസൃഷ്ടികളിൽ പ്രഥമഗണനീയമായിക്കരുതുന്നതു് ടെഡ്ബോസ്സിയും, റോഡിനും, മാഡംനിക്കിച്ച തന്റെ പ്രതിമകളും ചിത്രങ്ങളുമാണു്.

ഷായുടെ ''ഭാഗ്യതുജീവിതത്തിലേക്കും വിൻസ്റ്റന്റെ വിശദീകരണങ്ങളും വെളിച്ചംവീശുന്നുണ്ടു്. താൻ വലിയൊരു ബുദ്ധിജീവിയാണെന്നു് തെറ്റിദ്ധരിച്ചിട്ടാണ് ചാർലോട്ടി തന്നെ വിവാഹംചെയ്തതെന്നു് ഷാ പറയുന്നു: തന്നെപ്പോലെ ആയിരമാ

യിരം പ്രതിഭാശാലികളെ ഉൾക്കൊള്ളാൻ കഴിവുള്ള അതിബൃഹത്തായ ഒരു സ്നേഹസാമ്രാജ്യമായിരുന്നു ആ കൊച്ചുസ്ത്രീ ഒളിപ്പിടിച്ചിരുന്നതേ. രംഗികലേഖങ്ങളിൽ അയട്ടിലെ ഏകാന്തത വിങ്ങുന്ന മുറിയിലിരുന്ന്, പിയാനോവായിച്ച് ദുഃഖവും പതിഞ്ഞതുമായ സ്വരത്തിൽ നിളിപ്പാട്ടി തന്റെ ഭർത്താവ് ഉറക്കുന്ന ഷായെ വിൻസ്റ്റൻ കണ്ടിട്ടുണ്ട്. ഭർതൃ മരിച്ചശേഷം ഭഗവാനേഷണത്തിനായി ചെന്ന വിൻസ്റ്റൻ ഷായുടെ മുത്തു പ്രകടമായ വികാരങ്ങളൊന്നും കണ്ടില്ലെങ്കിലും അന്തരംഗത്തിൽ ആളിക്കത്തുന്ന ആതങ്കത്തിന്റെ അഗ്നിസ്ഫുലിംഗങ്ങൾ കൂടുകളുടെ കണ്ണുകളെ തിളക്കിയിരുന്നതായി അദ്ദേഹം പ്രസ്താവിച്ചു. ഒരുദിവസം ഷാ, വിൻസ്റ്റനോട് പറയുകയുണ്ടായി "ഞാൻ സംഗീതത്തെക്കുറിച്ചും, കല, തിയേറ്റർ എന്നിവയെക്കുറിച്ചും എഴുതി, നോവലുകളും നാടകങ്ങളുമെഴുതി, പല സിദ്ധാന്തങ്ങളും പ്രചരിപ്പിച്ചു. ഞാനൊരു ഹാസ്യനടനായി, അപകടകാരിയായി, ഒരു പ്രക്ഷോഭകാരിയായി. ഒരു ഫേബിയനം, ഒരു സന്യാഭക്തൻ, ഇപ്പോഴിതാ ഒരു കോടീശ്വരനുമായി പരസ്പര ബന്ധമില്ലാത്ത വ്യക്തിത്വങ്ങൾ. ഇനി എനിക്കൊരു മനുഷ്യനാകണം അതിനുള്ള സമയമായി—" എന്ന്. അതേ, അതെല്ലാമുൾക്കൊള്ളുന്ന ഒരു പരിപൂർണ്ണ മനുഷ്യനായിത്തന്നെയാണ് ഷാ മരിച്ചതു".

പുസ്തകം വായിച്ചിട്ട് അടച്ചുവെയ്ക്കുമ്പോൾ, ഗാന്ധിജി മരിച്ചപ്പോൾ ഐൻസ്റ്റീനോമറോ പറഞ്ഞ ആ വാക്കുകൾനമ്മുടെ അന്തർമ്മണ്ഡലത്തിൽ മുഴങ്ങും—"ഇങ്ങിനെയൊരുമനുഷ്യൻ രക്തമാംസങ്ങളോടെ ഈ ഭൂമുഖത്തു ജീവിച്ചിരുന്നു എന്ന് ഭാവിതലമുറകൾ വിശ്വസിക്കുകയില്ല!" ബഹുമാനമോ അഭ്യർത്ഥനയോ അല്ല, തികഞ്ഞ ഉണ്മയാണ് ആ മനുഷ്യൻ നമ്മുടെ ഉള്ളിൽ വിതയ്ക്കുന്നതു. ആ വ്യക്തിയെ ഒരു പ്രത്യേക തത്വശാസ്ത്രത്തിന്റെ ചുവരിൽ ആണിയടിച്ചു തൂക്കണോ, നാം പാവനമെന്നു കരുതി സൂക്ഷിച്ചിരുന്ന ആദർശങ്ങളെ ചവുട്ടിമെതിച്ചുതിന് ക്രൂശിക്കണോ, പുതുമയുടെ പുതുനാളങ്ങൾ പുലർത്തിയ ആ കൈകളിൽ മുത്തംവെയ്ക്കണോ, ആ ചുണ്ടിതമെങ്കിലും ആത്മാർത്ഥമായ മനുഷ്യസ്നേഹത്താൽ ചില മനുഷ്യരെ വെറുത്ത ആ ഹൃദയത്തിൽ പൂവിടാനോ ഹിമാലയസന്നിഭമായ ആ പ്രതിഭയെനോക്കി പകച്ചുനിൽക്കാനോ അല്ല, ആ പരിപൂർണ്ണമനുഷ്യന്റെ തികഞ്ഞ ജീവിതത്തെനോക്കി അകംകുളിർക്കെ ചിരിക്കാനാണ് നമുക്കു തോന്നുക!



(2-ംപേജിൽനിന്നു തുടർച്ച)

ശ്രമിക്കുന്നു. സുന്ദർ തൽസമയം അവിടെയെത്തി അവളെ രക്ഷിക്കുന്നു. പക്ഷേ പേരയെ രക്ഷിക്കുന്ന ശ്രമത്തിൽ സുന്ദരിന്റെ ശരീരത്തിൽ ടെയിൻകയറുന്നു അയാളെ പ്രേമ നിഷ്ഠുരകയാണെന്നു ബാലുവിനെ ധരിപ്പിച്ചതിനുശേഷം മരണമടയുന്നു. തെറ്റിദ്ധാരണകളെ നീങ്ങിയതോടെ ബാലു പ്രേമയെ വീണ്ടും സ്വീകരിച്ച് ജീവിതം ആനന്ദമയമായി തുടരുകയും ചെയ്യുന്നു.

തമിഴ് സിനിമാകളെല്ലാം കലുണത്തിൽ അവസാനിപ്പിക്കുന്നതിലാണ് ഡയറക്ടർമാർ പ്രയോഗകൌശലം പ്രദർശിപ്പിക്കുന്നതു. ചിത്രയും ഭ്രിപതിയുമായുള്ള കല്യാണത്തിൽ തന്നെ പണക്കാരിയും പുരുഷസംനിക്കുന്നു. പട്ടണജീവിതത്തിന്റെ കൊള്ളരുതായ്മകളും കൊടിലിങ്ങളും ഗ്രാമീണജീവിതത്തിന്റെ നിഷ്കളങ്കതയും ഈ ചിത്രത്തിൽ സജീവമായി ചിത്രീകരിച്ചിട്ടുണ്ട്. കഥാപാത്രങ്ങൾ കെല്ലാം വ്യക്തിത്വമുണ്ടെന്നുള്ളതു ചിത്രത്തിന്റെ ഒരു മേന്മയായി കരുതാവുന്നതാണ്. പക്ഷേ കഥ ഏതു കാലഘട്ടത്തിൽ നടന്നതാണെന്നു തീരുമാനിക്കുന്നതിനു കഥയിലെ പശ്ചാത്തലം സഹായിക്കുന്നില്ല. ഹാസ്യരംഗങ്ങൾക്കു കഥയോടു പറയത്തക്കബന്ധമൊന്നുമില്ല. സുന്ദർ ഒരു മിലിട്ടറി ഉദ്യോഗസ്ഥനാണെന്നുവേഷംകൊണ്ടു വിശ്വസിച്ചുകൊള്ളണം. അയാൾക്കു ഉദ്യോഗമുണ്ടെന്നുള്ളതിനു മാറ്റം തെളിവുകളൊന്നും കഥയിൽനിന്നു ലഭിക്കുന്നില്ല. പരിശുദ്ധത്തിന്റെയും സംസ്കാരത്തിന്റെയും പേരിലാണെങ്കിലും അനുപുരുഷന്മാരുമായി അതിരുകവിഞ്ഞു ഇടപെടുന്ന സ്ത്രീകൾ കുടുംബജീവിതത്തിന്റെ ഭദ്രതയ്ക്കും സൈരതയ്ക്കും എപ്പോഴും കണക്കേൽവയ്ക്കുന്നവരായിരിക്കുമെന്ന തത്വം ഈ ചിത്രത്തിൽകൂടി ഭംഗിയായി ഉന്നയിച്ചിട്ടുണ്ട്. സ്ത്രീജനങ്ങൾക്ക് അതു ഒരു സാധനപാഠവുമാണ്.

ബാലുവിന്റെ ഭാഗം നാഗയ്യാ ഭംഗിയായി അഭിനയിച്ചിട്ടുണ്ട്. പ്രേമയുടെ ഭാഗത്തിൽ ടി. ആർ. രാജകുമാരിയും മോശപ്പെട്ടിട്ടില്ല. രാജകുമാരിയെ ഇമ്മാതിരിയുള്ള മേക്കപ്പിൽ പ്രത്യക്ഷപ്പെടുത്താതിരിക്കുകയായിരുന്നു അഭികാമ്യം. മംഗളം (പത്മ) ഒരു പരിഷ്കൃതയുവതിയുടെ ഭാഗം പ്രസരിപ്പോടും ഉജ്ജ്വലതയോടും അഭിനയിച്ചിട്ടുണ്ട്. സീതാരാമൻ (ഭ്രിപതി) ഈ ചിത്രത്തിൽ പ്രശംസാർഹമായ വൈദഗ്ധ്യമൊന്നും പ്രകടിപ്പിച്ചിട്ടില്ല. പ്രായംകൂടിയ ഈ നടനെ ഒരു കാമുകനായി പ്രത്യക്ഷപ്പെടുത്തിയതു അനുചിതമായിട്ടുണ്ട്. എം. ജി. രാമചന്ദ്രൻ (സുന്ദർ) വലിയ വൃത്തികേടുകളൊന്നുംകൂടാതെ അഭിനയിച്ചിട്ടുണ്ട്. മറ്റുള്ളവരൊന്നും പ്രസ്താവ്യമായ പരിഗണന അർഹിക്കുന്നില്ല. സംഭാഷണം സ്വാഭാവികതയ്ക്ക് ചേർന്നവയല്ല. ഗാനങ്ങളുടെ രചനയും ആലാപനവും ഭംഗിയായിട്ടുണ്ട്. പ്രകൃതിരമണീയമായ പല ഭ്രിപ്രദേശങ്ങളും ഈ ചിത്രത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഛായാഗ്രഹണവും സൌണ്ട്റിക്കാർഡിംഗും ഭേദമായിട്ടുണ്ട്. കഥയ്ക്കുപറ്റിയ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിനുപോലും കഴിയാതെവന്നതു എസ്സ്. ഗോപാലകൃഷ്ണന്റെ സംവിധാനത്തിൽ അസംതൃപ്തനകരം കാണാം. രംഗങ്ങൾ തമ്മിലുള്ള ക്രമബന്ധം പലപ്പോഴും ഡയറക്ടർ വിജയിച്ചിട്ടില്ല. കുറെങ്ങളും കുറവുകളുമുണ്ടെങ്കിലും ഒരു വിദേശീയ കഥയെ തമിഴിലാക്കി ഇത്രത്തോളം ആസ്വാദ്യമാക്കിത്തീർത്തതിൽ നിർമ്മാണകരെ അഭിനന്ദിക്കാതെവയ്യ. കലാപരമായി വലിയ മേന്മയൊന്നും അർഹിക്കുന്നില്ലെങ്കിലും വിനോദപരമായി ചിത്രം ഒരു ചെറിയ വിജയം തന്നെയാണെന്നു പറയാം.

★

മന്ത്രിയുടെ ഉൽബോധനം

★

വെസ്റ്റ് ബങ്കാൾ മിനിസ്റ്റർ മി: കെ. എൻ. ദാസ് ഗുപ്ത ആനന്ദപിക്ചേഴ്സിന്റെ 'ദർലാവ്' ജനൽ' എന്ന ചിത്രത്തിന്റെ മുഹൂർത്തകർമ്മം കൽക്കട്ടയിലെ മൂവിട്ടോൺസ്റ്റുഡിയോയിൽവെച്ച് നിർവ്വഹിച്ചിരിക്കുന്നു. ഈ ബങ്കാളിചലച്ചിത്രം യാചകജീവിതത്തെ ആസ്പദമാക്കിയാണ് നിർമ്മിച്ചിരിക്കുന്നതു. പ്രണോഷ് ഘോഷ്, സമർറോയി, ശംബുമിത്രു, തുടങ്ങിയവർ അഭിനയിക്കുന്ന പ്രസ്തുതചിത്രം പ്രഥമപ്രാചകവർത്തിയാണ് സംവിധാനംചെയ്യുന്നതു. പൂജാകർമ്മം നിർവ്വഹിച്ചതിനുശേഷം മന്ത്രി ചലച്ചിത്രനിർമ്മാണകർക്ക് വിലയേറിയ ചില നിർദ്ദേശങ്ങളും നൽകുകയുണ്ടായി. ചലച്ചിത്രനിർമ്മാതാക്കളും അവരുടെ ധാർമ്മികമായ കടമ നിർവ്വഹിക്കുന്നതിൽ അനാസ്ഥ പ്രകടിപ്പിക്കുന്നതിൽ മന്ത്രി ഖേദിക്കുകയുണ്ടായി. ചലച്ചിത്രങ്ങൾ ജനങ്ങളെ വിനോദിപ്പിക്കുന്നതിനുമാത്രമായി നിർമ്മിക്കുന്നതുകൊണ്ടു പറയത്തക്ക പ്രയോജനമൊന്നുമില്ലെന്നു മന്ത്രി എടുത്തുപറഞ്ഞു. ജനതയുടെ വിജ്ഞാനവർദ്ധനവായിരിക്കണം സിനിമയുടെ പരമലക്ഷ്യമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യൻ ചലച്ചിത്രങ്ങൾ ഇപ്പോൾ ജനങ്ങൾക്ക് ഗുണത്തെക്കാൾ ദോഷമാണ് ചെയ്യുന്നതു. കഴിഞ്ഞ കാലസംഭവങ്ങളെക്കുറിച്ചു കിഴിഞ്ഞുചിന്തിച്ചിട്ടു പ്രയോജനവുമില്ല. ഭാവിയിലെ കാര്യങ്ങളിലെങ്കിലും കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്. ഭാവിയിലെ ചിത്രങ്ങളെങ്കിലും മാനവസമുദായത്തിന്റെ ഉൽകർഷത്തിനു പ്രയോജനപ്പെടുന്ന രീതിയിൽ നിർമ്മിക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. ചലച്ചിത്രങ്ങളിൽ അശ്ലീലതവർദ്ധിച്ചുവരുന്നതിനെ ഉടനടി തടയുന്നതാണെന്നും ആ ഭാസപിശുങ്ങൾ നിർമ്മിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുന്നതാണെന്നും മന്ത്രി മുന്നറിയിപ്പുനൽകി. രണ്ടുടെ ഇഷ്ടാനുസരണം ഏതു കോമളിത രണ്ടും കല്യാടപേരിൽ കൂട്ടിക്കുട്ടാമെന്നു നിർമ്മാണകർ വിശ്വസിക്കുന്നുവെങ്കിൽ അതിൽ കവിഞ്ഞ മൌഢ്യമില്ലെന്നും മന്ത്രി നിർമ്മാണകർക്ക് ഒരു താക്കീതും നൽകി.

★

സ്റ്റുഡിയോയിലെ അഗ്നിബാധ

★

ഏപ്രിൽ 29-ംനു ബോംബായിലെ ഹോമസ് സൈൻലബോർട്ടറിക്ക് സമീപം ഒരു ഭയങ്കരമായ അഗ്നിബാധയുണ്ടായി. യന്ത്രസാമഗ്രികൾ, തുണിത്തരങ്ങൾ, കളിക്കോപ്പുകൾ തുടങ്ങിയ സാധനങ്ങൾ സംഭരിച്ചിരുന്ന അനവധി കെട്ടിടങ്ങളിൽ അഗ്നിബാധിച്ച് ഭീമമായ നഷ്ടത്തിനു ഇടയായി. പക്ഷേ ഭാഗ്യത്തിൽ സൈൻ ലബോർട്ടറിയിലെ കെമിക്കൽസും ഫിലിമും മറ്റും സൂക്ഷിച്ചിരുന്ന ഭാഗത്തു തീ പിടിത്തമുണ്ടായില്ല. സ്റ്റുഡിയോ പരിസരങ്ങളിൽ അഗ്നിബാധയുണ്ടായപ്പോൾ ഡി. എം. പഞ്ചോളി, രാജകപൂർ, ഡി. ഡി. കശ്യപ്, കെ. ഏ. അബ്ബാസ്, നക്ഷബ് തുടങ്ങിയ നിർമ്മാതാക്കൾ സംഭവസ്ഥലത്തു പാഞ്ഞെത്തി. തങ്ങളുടെ ഫിലിമിനൊന്നും കേടുസംഭവിച്ചില്ലെന്ന് അറിഞ്ഞു അവർ വളരെ സന്തോഷിക്കുകയുണ്ടായി. രാജകപൂർ തന്നത്താനായിരുന്നു "ആഗ്നി"ന്റെ ചില പ്രിൻറുകൾ സുരക്ഷിതമായ ഒരു സ്ഥാനത്തേക്ക് ചുമന്നുകൊണ്ടുപോയതു. അന്നേദിവസം രാജകപൂറിന് ഡൽഹിയിലേക്ക് പോകേണ്ട അടിയന്തിരമായ ആവശ്യമുണ്ടായിരുന്നു. രാജകപൂറിന്റെയിൻ "മിസ്സ്" കാതിരുന്നതു ഒരു രസകരമായ സംഭവമാണ്. അഗ്നിന്റെ ഡൽഹിയിലെ ഉൽഘാടനം മേ ഒന്നാംതീയതിയായിരുന്നു. ഉൽഘാടനത്തിന് രാജകപൂറിന്റെ സാന്നിധ്യം ആവശ്യമായിരുന്നു. വി. വി. പുരി, ഡയറക്ടർ നവതി, ക്യാമറാമാൻ ജെയ്വന്ത് പതറി, സൌണ്ട്റിക്കാർഡിസ്റ്റ് അലാവുദ്ദീൻ തുടങ്ങിയവർ ബോംബെ സെൻട്രൽ സ്റ്റേഷനിൽ രാജകപൂറിനുവേണ്ടി അക്ഷമരായി കാത്തുനിൽക്കുകയായിരുന്നു. ടെയിൻ പുറപ്പെടുന്നതിനുള്ള സമയവുമായി. അപ്പോഴും രാജ്കപൂർ സ്റ്റേഷനിൽ എത്തിച്ചേർന്നില്ല. തൽസമയം വി. വി. പുരി ഗാർഡിനെ സമീപിച്ചു" രാജ് താമസിക്കു

ന്നതു് അഗ്നിബാധകൊണ്ടെന്നും ഏതാനും മിനിട്ടുകളെങ്കിലും ട്രെയിൻ തടസ്സപ്പിക്കണമെന്നും ആവശ്യപ്പെട്ടു. ഗാർഡു് ആ അപേക്ഷ നിഷ്കരുണം നിരസിച്ചു. ട്രെയിൻ കൃത്യസമയത്തു പുറപ്പെടുകതന്നെചെയ്തു. ട്രെയിൻ മുന്നോട്ടു നീങ്ങിത്തുടങ്ങിയപ്പോൾ രാജ്കപൂർ സ്റ്റേഷനിൽ എത്തിച്ചേർന്നു. മുന്നോട്ടു നീങ്ങുന്ന ട്രെയിൻ നോക്കിക്കൊണ്ടു് രാജ്കപൂർ നിരാശരായിതന്നെയി അവിടെ നിലകൊണ്ടു. ടിക്കറ്റുകളക്ടർ വിഷണ്ണനായി നില്ക്കുന്ന രാജകപൂരിനെ സമീപിച്ചു് സഹതാപം പ്രകടിപ്പിച്ചു. ഒരു വ്യക്തിയുടെ ആവശ്യത്തിനുവേണ്ടി ട്രെയിൻ താമസിപ്പിക്കുന്ന ഒരു സംഭവം റെയിൽവേയുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ലെന്നും അതിനാൽ ടിക്കറ്റുകളക്ടർ ധരിപ്പിച്ചു. "വളരെ നല്ലതുതന്നെ" എന്നു രാജ്കപൂർ മറുപടിയും നൽകി. എന്നാൽ അപ്രതീക്ഷിതമായി ട്രെയിൻ അല്പം അകലെ ചെന്നുനിന്നു. രാജ്കപൂർ ഓടിച്ചെന്നു് ട്രെയിനിൽ കയറുകയുംചെയ്തു. വി. വി. പുരി ട്രെയിനിന്റെ അലാറം ചെയിൻപിടിച്ചു നിർത്തിയതുകൊണ്ടു് രാജ്കപൂറിനു ട്രെയിൻ നഷ്ടപ്പെടാതെ ഡൽഹിയിലേയ്ക്കു പോകുന്നതിനും അവിടത്തെ ഉൽഘാടനചടങ്ങുകളിൽ സംബന്ധിക്കുന്നതിനും കഴിഞ്ഞു. റെയിൽവേ അധികാരികളും വി. വി. പുരിയുടെ പേരും മേൽവിലാസവുമെല്ലാം കുറിച്ചെടുത്തു. ഒരുപക്ഷേ അവർ നിയമാനുസൃതമായ നടപടികളും നടത്തിയെന്നുവരാം. എങ്കിലും രാജ്കപൂറിനു് ഉൽഘാടനചടങ്ങിൽ സംബന്ധിക്കുവാൻ കഴിഞ്ഞതു് ഒരു വലിയ നേട്ടമായിട്ടാണു് വി. വി. പുരി കരുതുന്നതു്.

★

വാർത്തകൾ

—:*:—

"ജാൻ-സി-കി-റാണി" എന്ന വർണ്ണചിത്രത്തിന്റെ ഇംഗ്ലീഷ് പതിപ്പിന്റെ എഡിറ്റിംഗ് പൂർത്തിയാക്കിയശേഷം ലണ്ടനിൽനിന്നു് ഷോറബു് മോഡി ബോംബയിൽ തിരിച്ചെത്തിയിരിക്കുന്നു.

* * *

ഹരിചന്ദ്രാ പിക്ചേഴ്സിന്റെ നിർമ്മാണത്തിലിരിക്കുന്ന "ധർമ്മപത്നി" എന്ന ചിത്രത്തിൽ ഒരു പുതിയ പിന്നണിഗായകനെയ മുഖാരിക്കു് പിന്നണിഗാനങ്ങൾ പാടുന്നു.

* * *

കുമാരി വൈജയന്തിമാലയും പാർട്ടിയുംകൂടി കൽക്കട്ടയിൽവെച്ചു് ഒരു നൃത്തകലാപ്രകടനം നടത്തിയിരിക്കുന്നു.

* * *

സൈൻആർട്ടു് സെന്ററിന്റെ "ഇക്കുമതു്" എന്ന ചിത്രത്തിന്റെ നിർമ്മാണം ബോംബയിലെ ശ്രീസൗണ്ടസ്റ്റുഡിയോയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിത്യചാരോയി, ഷമ്മി, മൻഹർ, കൽദീപ്കൌർ, അൽവർ ഹുസൈൻ, കൈലാസ്മംഗളം, ബംബുരാജ് തുടങ്ങിയവർ അഭിനയിക്കുന്ന ഈചിത്രം രാജയംഗ് നിക്കാണു് സംവിധാനംചെയ്യുന്നതു്.

* * *

കൽക്കട്ടയിലെ ന്യൂ എമ്പയർ തീയേറ്ററിൽവെച്ചു് ബോംബയിലെ ചലച്ചിത്രതാരങ്ങളുടെ ഒരു വിനോദകലാപ്രദർശനം നടത്തിയിരിക്കുന്നു. നർഗ്ഗീസ്, കാമനികൗശൽ, യശോധരംകടപ്പു, രാജ്കപൂർ ജയരാജ് ഭഗവാൻ ഡേവിഡ്, ആഗാ, ഗോപു എന്നവർ വിനോദകലാപ്രകടനങ്ങളിൽ സംബന്ധിക്കുകയുണ്ടായി.

* * *

ബോംബയിൽ ചെമ്പൂരിലെ ബെസന്ത് സ്റ്റുഡിയോയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന "ആദിബാബയും നാല്പതുകള്ളന്മാരും" എന്ന ചിത്രത്തിന്റെ നിർമ്മാണം ധൃതഗതിയിൽ പുരോഗമിക്കുന്നു. മഹിപാൽശങ്കില, ബ്രിജിമോഹൻ, എസ്. എൻ. ത്രിപതി തുടങ്ങിയവരാണു് ഈ ചിത്രത്തിൽ അഭിനയിക്കുന്നതു്. പിന്നണിഗാനങ്ങളും പാടുന്നതു് ആഷാബോൺസലയും ഷംഷാദ് ബീഗവുമാണു്.

* * *

കിരൺപിക്ചേഴ്സ് നിർമ്മിക്കുന്ന "മിസ്റ്റർ ടംക്സ്" എന്ന ചലച്ചിത്രത്തിൽ പൂർണ്ണിമയുടെ സഹോദരിയായ രമനി അഭിനയിക്കുന്നു. ഷ്യാംകുമാർ, ഹബീബു, രാജഹംസ്രി, എസ്സ്. ലാൽ. രാംകുമാർ, ഫെലൻതാണു്. ഗീതബാലി, ദേവാനന്ദ് എന്നിവരും ഈ ചിത്രത്തിൽ പ്രത്യക്ഷപ്പെടുന്നു. ബോംബയിലെ ജ്യോതിസ്റ്റുഡിയോയിലാണു് ചിത്രത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നതു്.

* * *

ബോംബയിൽവെച്ചു് ലതാമങ്കേഷ്കർക്കും അവരുടെ സഹോദരനായ ഹൃദയനാഥമങ്കേഷ്കർക്കും ഒരു പാട്ടുകച്ചേരിനടക്കുകയുണ്ടായി. ഹൃദയനാഥമങ്കേഷ്കറുടെ ഗാനങ്ങളുടെ ശ്രോതാക്കളുടെ അഭിനന്ദനത്തിനു് കൂടുതൽ പാത്രമായതെന്നുള്ളതാണു് ഈ കച്ചേരിയുടെ ഒരു പ്രത്യേകത. "സൻസാർ" "ദിവാന" തുടങ്ങിയ ഏതാനും ചിത്രങ്ങളിൽ ഹൃദയനാഥമങ്കേഷ്കർ പാടിയിട്ടുണ്ടെന്നുള്ളതും ഇത്തരുണത്തിൽ അനുസ്മരണീയമാണു്.

* * *

കമ്മ്യൂണിസത്തെ പരിഹസിക്കുന്ന ഒരു ഹിന്ദിചലച്ചിത്രം നിർമ്മിക്കുന്നതിനു് കനവു് ബ്രദേഴ്സ് തീരുമാനിച്ചിരിക്കുന്നു. "നകപദ്നരെയൻ" എന്നായിരിക്കും ചിത്രത്തിന്റെ നാമധേയം. ഐ. എസ്. ജോഹറാണു് ഈ ചിത്രത്തിനു കഥ എഴുതുന്നതു്. കമ്മൂണിസ്റ്റു് നേതാക്കന്മാർ സ്ഥിതിസമത്വത്തിനുവേണ്ടി പ്രസംഗിക്കുകയും അതേ സമയംതന്നെ മുതലാളിമാരുകൂവാൻ ശ്രമിക്കുന്നതുമായ വൈരുദ്ധ്യത്തെ ഈ ചിത്രത്തിൽകൂടി വ്യക്തമാക്കുന്നതാണു്. ഏതു് ഇസക്കാരനേയും പിന്നിലുള്ള ലക്ഷ്യം അവനവനു പണക്കാരനാകണമെന്നുള്ളതാണെന്ന നഗ്നമായ യാഥാർത്ഥ്യത്തെ ചിത്രം പൊളിച്ചുകാണിക്കുന്നതാണു്. ഗീതബാലി, ദേവാനന്ദ് തുടങ്ങിയ പ്രമുഖതാരങ്ങളും അഭിനയിക്കുന്ന ഈ ചിത്രം കെ. ഡി. മെഹറയാണു സംവിധാനംചെയ്യുന്നതു്.

* * *

സണ്ണിപ്രൊഡക്ഷൻസ് നിർമ്മിക്കുന്ന "ഉരൻഖട്ടോല" എന്ന ഹിന്ദി ചിത്രത്തിന്റെ തമിഴ് പതിപ്പിനുവേണ്ടി പിന്നണിഗാനങ്ങളും പാടുന്നതു് ദക്ഷിണേന്ത്യൻ ഗായകിയായ ആർ. ബാലസരസ്വതി (ആർ. ബാല) യാണു്.

* * *

പ്രൊഡ്യൂസർ ഡയറക്ടർ ജയന്ത് ദേശായി പത്നീസമേതം ലണ്ടനിലേയ്ക്കു യാത്രതിരിച്ചിരിക്കുന്നു.

* * *

നവകേതൻ ഫിലിംസ് "ടാക്സി ഡ്രൈവർ" എന്നൊരു ചലച്ചിത്രം നിർമ്മിക്കുന്നതിനുള്ള പ്രാരംഭജോലികൾ ആരംഭിച്ചിട്ടുണ്ടു്. ദേവാനന്ദും, കൽപനാകാർത്തിക്കും ഈ ചിത്രത്തിൽ അഭിനയിക്കുന്നു. എ. എൻ. ബാനർജിയാണു് സംവിധായകൻ.

* * *

ഏ. ആർ. കർദാറിന്റെ "ദിൽ-ഇ-നാദാൻ" എന്ന ചിത്രത്തിന്റെ നിർമ്മാണം ധൃതഗതിയിൽ പുരോഗമിക്കുന്നു. തലത്തുമഹമ്മദ്, ഷ്യാമ, പി സ്കൻവാൽ, ദിവാൻഷറാർ തുടങ്ങിയവരാണു് ഈ ചിത്രത്തിൽ അഭിനയിക്കുന്നതു്. ക്ലൗൺ പതിനാലാം തീയതി ബോംബയിൽ പുതിയതായി നിർമ്മിച്ചിരിക്കുന്ന "നാസ്" എന്ന തീയേറ്ററിൽ ഈ ചിത്രം ആദ്യമായി പ്രദർശിപ്പിക്കുന്നതാണു്.

★

H. O. തൊടുപുഴ ഫോൺനമ്പർ 36. Branch: കോട്ടയം ഫോൺനമ്പർ 486.

നിങ്ങളുടെ ആരോഗ്യം

വർദ്ധിച്ചു് യൌവനം നിലനിൽക്കുന്നതിനു് സഹ്യാദ്രിസാനുപ്രദേശങ്ങളിൽനിന്നും ലഭിക്കുന്ന ദിവ്യമൂലികകളുടെ സാരാംശത്തെ സമാഹരിച്ചു് പ്രത്യേകരീതിയിൽ തയ്യാർചെയ്തിട്ടുള്ള ഞങ്ങളുടെ

ധന്വന്തരം ലേഹ്യം

ഉപയോഗിക്കുക. ഇതു് പ്രായഭേദമെന്യേ ഉപയോഗിക്കാവുന്നതും ഹൃദ്രോഗം, കാസശ്വാസം, മൂത്രാശയരോഗങ്ങൾ ഇവകളെ നശിപ്പിക്കുന്നതിനു ശക്തിയുള്ളതുമാകുന്നു. ശരീരബലം, ബുദ്ധിശക്തി, ഓജ്ജശക്തി ഇവകളെ വർദ്ധിപ്പിക്കുകയുംചെയ്യും. സ്ത്രീകൾക്കു് പ്രസവരക്ഷയ്ക്കു സേവിപ്പാനും വളരെ വിശേഷമാകുന്നു. എല്ലാ ബ്രാഞ്ചുകളിലും ഹെഡാഫീസിലും എപ്പോഴും തയാറുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കു് എഴുതുക.

ധന്വന്തരിവൈദ്യശാല, H. O. തൊടുപുഴ, തിരുവിതാംകൂർ.

ബ്രാഞ്ചുകൾ:

1. ആലപ്പുഴ
2. ആലുവാ
3. ആറ്റിങ്ങൽ
4. ഇടപ്പള്ളി
5. ഇരിഞ്ഞാലക്കുട
6. എറണാകുളം
7. കരുനാഗപ്പള്ളി
8. കാഞ്ഞാർ
9. കിളിമാനൂർ
10. കുന്നാട്ടുകുളം
11. കൊട്ടാരക്കര
12. കൊച്ചി
13. കൊല്ലം
14. കോതമംഗലം
15. കോഴിക്കോട്
16. കോട്ടയം
17. ചങ്ങനാശ്ശേരി
18. ചേർത്തല
19. തക്കല
20. തിരുവനന്തപുരം
21. തിരുവല്ലാ
22. തൃപ്പൂണിത്തുറ
23. തൃശൂർ
24. നാഗർകോവിൽ
25. നെടുമങ്ങാട്
26. നെയ്യാറ്റിൻകര
27. പാറൂർ
28. പന്തളം
29. ബാംഗ്ലൂർ
30. പാലാ
31. പിറവം
32. പുനലൂർ
33. പൂഞ്ഞാർ
34. പെരുമ്പാവൂർ
35. പൊൻകുന്നം
36. മദ്രാസ്
37. മാത്താണ്ഡം
38. മാവേലിക്കര
39. മുണ്ടക്കയം
40. മൂവാറ്റുപുഴ
41. വാഴക്കുളം
42. വൈക്കം

രാജു

സതി, കോട്ടയം

നല്ല നിലാവുള്ള രാത്രി. പൂർണ്ണചന്ദ്രൻ തന്റെ ശീതളകരങ്ങളാൽ സകല ചരാചരങ്ങളെയും തലോടുന്നു. അംബരം താരാഗണങ്ങളാൽ സുശോഭിതം. സവേശ്വരന്റെ മഹത്വത്തെപ്പറ്റി ചിന്തിച്ചുകൊണ്ട് ഞാൻ ജനലിൽക്കൂടി വെളിയിലേയ്ക്കു നോക്കിക്കിടക്കുകയാണ്. സപ്തസമയത്തിനുള്ളിൽ ഉത്തരംകിട്ടാത്ത ആ പ്രശ്നംവിട്ട് എന്റെ ചിന്ത ഭൂതകാലത്തിലേയ്ക്കു തിരിഞ്ഞു. രണ്ടുവർഷത്തെ കോളേജ് ജീവിതം—മറക്കുവാനാവാത്ത ദിവസങ്ങളാണവ. ഒരു സുപ്രഭാതത്തിൽ അപരിചിതരായ ഞങ്ങൾ സമ്മേളിച്ചു—ഒരു സായാഹ്നത്തിൽ സുഹൃത്തുക്കളായ ഞങ്ങൾ അന്യോന്യം യാത്രപറഞ്ഞു. അതിനിടയിലെ ആ മനോജ്ഞജീവിതം മധുരിക്കുന്ന വേദനകളുമായി എന്റെ ഹൃദയത്തിൽ പതഞ്ഞെത്തി.

കോളേജ് ജീവിതം—പുസ്തകങ്ങളിൽനിന്നും പഠിക്കുന്നതിൽ കൂടുതലായി സഹപാഠികളെ പഠിക്കുവാൻശ്രമിക്കുന്ന ഒരു കാലഘട്ടമാണത്. ആ പരമ്പരയിൽ പല ചിത്രങ്ങളും പ്രത്യക്ഷപ്പെട്ടു. പലതും തെളിയാത്തവ—ചിലത് നിമിഷനേരത്തേക്കു തെളിഞ്ഞു, വീണ്ടും മങ്ങി. അവസാനം ഒരു ചിത്രം എന്റെ ഹൃദയഭിത്തിയിൽ തെളിഞ്ഞുകാണപ്പെട്ടു. അതു മങ്ങിയില്ല, മാഞ്ഞില്ല. അതാണ് എന്റെ രാജു.

എനിക്ക് ഒരുത്തരെയും ശരിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ പലരെയും സ്നേഹിക്കുവാൻ സാധിച്ചു. അതാണ് എന്റെ പരാജയകാരണം. എന്നിട്ടും ഞാൻ സ്നേഹിച്ചു—എന്റെ ഹൃദയം സ്നേഹത്തിനുവേണ്ടി ഉഴറിക്കൊണ്ടിരുന്നു. എന്നാൽ ആ സ്നേഹിതരുടെ തനിനിറം—സ്വാർത്ഥത നിറഞ്ഞ ഹൃദയം—കണ്ടപ്പോൾ എന്റെ മനം തകർന്നു; ആശകൾ അഴലാർന്നു. അതേത്തുടർന്ന് ഞാൻ പലദിവസവും പൊട്ടിക്കരഞ്ഞിട്ടുണ്ട്. എന്റെ മുൻപിൽ അന്ധകാരം വ്യാപിച്ചു. ഈശ്വരനിൽ വിശ്വസിച്ചുകൊണ്ട് നിരാശതപ്തമായ ഹൃദയവുമായി ഞാൻ മുന്നോട്ടു. ആ അന്ധകാരത്തിൽ ഒരു ദീപപ്രകാശം കണ്ട ഞാനോടിച്ചെന്നു. അതു കേവലം മൃഗതൃഷ്ണയായിരിക്കുമെന്നുള്ള എന്റെ ശങ്ക അസ്ഥാനത്താണെന്നു തെളിഞ്ഞു. അങ്ങനെയാണ് ഞാൻ രാജുവിനെ കണ്ടെത്തിയത്.

സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുക ഒരാനന്ദമാണ്. ഒരു ഹിച്ചുവലഞ്ഞ യാത്രക്കാരൻ മരുഭൂമിയിൽ ഓയസ്സിസ്സ് കണ്ടെത്തിയാലെന്നപോലത്തെ ഒരനുഭൂതി എനിക്കുണ്ടായി. പരിപാവനമായ സഹോദരസ്നേഹത്തിൽ ഞങ്ങൾ ലയിച്ചു.


ആ മുഖം കണ്ടപ്പോൾ എന്നിൽ പല ഓർമ്മകളും തലയുയർത്തി. നിക്കറും ഷർട്ടുമണിഞ്ഞ ഒരു കൊച്ചു കുസൃതി—നിഷ്കളങ്കമായ അതേ പുഞ്ചിരി, അതേ കണ്ണുകൾ. അവ മനോമൈമല്യത്തെ വിളിച്ചറിയിക്കുന്നു. മുണ്ടും ബുഷും ധരിച്ച ദീർഘകായനായ ആ യുവാവിന്റെ ചുരുൾമുടിയിലും വരയൻമീശയിലും എല്ലാം ഞാൻ ദർശിച്ചതു് എന്റെ ബാല്യകാലസഖാവായ രാജുവിനെയാണ്.

ദിവസങ്ങൾ പറന്നുപോയി. പരീക്ഷ അടുത്തു. ഞാനും രാജുവും തമ്മിൽ ഇതുവരെ സംസാരിച്ചിട്ടില്ല. പക്ഷേ രാജിനോടുള്ള എന്റെ സ്നേഹം ദിനംപ്രതി വർദ്ധിച്ചുവന്നു. രാജു് അസാധാരണ ബുദ്ധിമാനല്ല, സ്പോർട്ട്സ്മാനല്ല, സംഗീതവിദ്വാനല്ല—പക്ഷേ രാജിന്റെ കഴിവുകേടുകൾ അറിഞ്ഞിരുന്നിട്ടുകൂടി ആ കൊച്ചനുജനോടുള്ള എന്റെ സ്നേഹത്തിന് ഒരു കുറവും ഉണ്ടായില്ല. നിഷ്കപടമായ ഒരു ഹൃദയം—അതാണ് രാജിലേയ്ക്കു് എന്നെ ആകർഷിച്ചതു്. ആ നിഷ്കളങ്കവദനം വാടിക്കാണുന്നതു് എനിക്കു സഹിക്കുവയ്യ. ഓടിയണഞ്ഞു് അവനെ സമാശ്വസിപ്പിക്കുവാൻ എന്റെ ഹൃദയം വെമ്പും.


അങ്ങനെ പബ്ലിക്ക് പരീക്ഷയും കഴിഞ്ഞു എനിക്കു് രാജുനോടു് പലതും സംസാരിക്കണമെന്നുണ്ടായിരുന്നു. പക്ഷേ ഞാനൊന്നും മിണ്ടിയില്ല. ആ വദനം നോക്കിക്കൊണ്ടു്, അവന്റെ ഓരോ അംഗചലനവും സൂക്ഷിച്ചുകൊണ്ടു് ഞാൻ വളരെനേരംനിന്നു. മനസ്സുകൊണ്ടു് യാത്രചോദിച്ചു് അശ്രുപൂർണ്ണങ്ങളായ നയനങ്ങളുമായി ഞാൻ തിരിഞ്ഞുനടന്നു. ഒരുപക്ഷേ അവസാനത്തെ യാത്രചോദിക്കലായിരിക്കാം അതു്.

രാജിന്റെ മേൽ പലതും ദോഷാരോപണം നടത്തുന്നു. ഇല്ല, ഞാൻ വിശ്വസിക്കയില്ല. എന്റെ രാജു് കാപട്യമെന്തെന്നറിഞ്ഞിട്ടില്ല. രാജു്, എന്റെ കൊച്ചനുജാ, ഒരു പ്രാവശ്യം എന്നെ ചേച്ചിയെന്നു വിളിക്കൂ. എന്നെ മറക്കുമോ? അനുജാ, പഠിയൂ, ഈ ചേച്ചിയെ മറക്കയില്ലെന്നു—എന്നാൽ ഞാൻ കൃതാർത്ഥയായി.





ഫിലഡൽഫിയായിലെ ഫ്രാൻക്ലിൻഫീൽഡ് പെൻ റിലേസിൽ ആർട്ട് ബ്രാംഗ് (വലതു്) വെർണൻഡിക്സന്റെ മുമ്പിൽ കയറുന്നു. ബ്രാംഗ് മോർഗൻസ്റ്റോറിലേയും ഡിക്സൺ ന്യൂയാർക്ക് സ്റ്റോറിലെയുമാണ്. 41.8 സെക്കൻഡിലാണ് മോർഗൻസ്റ്റോറ് 440 ഗജം ഓട്ടത്തിൽ വിജയം നേടിയതു്.



അമേരിക്കയുടെ ഈ പുതിയ ഡീസൽ എലക്ട്രിക്ക് തീവണ്ടി ഏറ്റവും വേഗതരം റെയിൽറോഡിലും ഓടുന്നതാണ്. സമരാവശ്യത്തെ ഉദ്ദേശിച്ചു നിർമ്മിക്കപ്പെട്ടതാണ് ഇതു്.





പി. ജി. സുകുമാരൻനായർ, കിളികൊല്ലൂർ (1323)

നിങ്ങൾക്കറിയാമോ?

(ഉത്തരം)

1. ആഗ്ര, പഞ്ചനദം (പഞ്ചാബ്), വിശാഖപട്ടണം, ബുദ്ധമയ, സോണേപൂർ, ഗെർസെപ്പ (മൈസൂർ), ഗംഗയും യമുനയും സരസ്വതിയും കൂടിച്ചേരുന്നസ്ഥാനം, ശ്രവണബെലഗൊള (മൈസൂർ).

2. മാസിഡോണിയ, മഗധ (ഇന്ത്യ), മഗധ, റോം, ഈജിപ്ത്, ഫ്രാൻസ്.

3. ജവാഹർലാൽനെഹ്റു.

4. ഗാന്ധിജിയുടെ ഉത്തമ ശിഷ്യൻ. ഇപ്പോൾ ഭൂദാനയജ്ഞപ്രസ്ഥാനത്തിലേർപ്പെട്ടിരിക്കയാണ്.

'ഏകജാതി, ഏകമതം, ഏകദൈവം' എന്നീ മുദ്രാവാക്യങ്ങൾ പ്രചരിപ്പിക്കുവാൻ ശ്രമിച്ച ആധുനികകാലത്തിലെ ഏറ്റവും വലിയ സാമൂഹ്യപരിഷ്കർത്താക്കളിലൊരു മഹാത്മാവ്. "ഈശ്വരനെ പ്രത്യക്ഷത്തിൽ കണ്ടിട്ടുണ്ടെ"ന്നു് ഉൽഘോഷിക്കുവാൻ തക്ക ധൈര്യം പ്രദർശിപ്പിച്ചു് എത്രയോ നിരീശ്വരവാദികളെ ഈശ്വരവാദികളാക്കിത്തീർക്കുവാൻ സാധിച്ച മഹാത്മാവു്, ഹിന്ദുമതത്തിന്റെ അഭിമാനസ്തംഭം 500 വർഷം മുമ്പു് അന്തരിച്ചുപോയ, ജീവിച്ചിരുന്ന കാലത്തു് പല അമാനുഷികപ്രവൃത്തികളും ചെയ്തു് ഈശ്വരമാഹാത്മ്യത്തെ ലോകത്തിനു കാട്ടിക്കൊടുത്ത മഹാത്മാവു്, ഇന്ത്യയിൽ ക്രിസ്തുമത പ്രചാരത്തിനു് മുൻകയ്യെടുത്തു പ്രയത്നിച്ച മതപ്രവാചകൻ.

5. മധുരൈ, വിജയവാഡ, തിരുച്ചിറപ്പിള്ളി, ഗംഗ, ബനാറസ്, കോഴിക്കോട്, മദ്ധ്യപ്രദേശ്, ഉത്തർപ്രദേശ്.

6. ഫ്രഞ്ചുകാർ—നേതാവു് മിഹൈട്ടസോഗ, 1950, 26492 അടി, അന്നപൂർണ്ണ.

7. രബീന്ദ്രനാഥടാഗോർ, സർ സി. വി. രാമൻ.

8. പരംവീർചക്രം (അ) മെയ്ജർ സോമനാഥ് ശർമ്മ, (ആ) ലഫ്റ്റനൻറ് രാമാരാംബാനെ (എഞ്ചിനീയർ വിഭാഗം.

9. (അ) സിൻഹപ്പട്ട, (ആ) ഡബ്ളിയു. സി. ബാനർജ്ജി, (ഇ) രവീന്ദ്രനാഥടാഗോർ, (ഈ) ശ്രീമതി സരോജിനി നായിഡു, (ഉ) ജനറൽ കരിയപ്പ, (ഊ) ചന്ദ്രമുഖിബോസ്, (എ) ജസ്റ്റീസ് പതഞ്ജലി ശാസ്ത്രി, (ഏ) 1. ഖാണ്ഡ്ല (കച്ച് ഉൾക്കടലിന്റെ കിഴക്കെ അറ്റത്തു്) 2. ബോംബെ 3. മദിരാശി 4. കോകനദം (വിശാഖപട്ടണത്തിനു് 80 മൈൽ തെക്കു) 5. കല്ക്കത്ത 6. കൊച്ചി 7. തൂത്തുക്കുടി 8. വിശാഖപട്ടണം 9. മോർമുഗോവ (ബോംബെയ്ക്കു തെക്കു്, പോർത്തുഗീസ്) 10. ബോഡി (നവനഗരം നാട്ടുരാജ്യത്തിൽ) 11. ഒഖ (ബറോഡാരാജ്യത്തിൽ) 12. ഭവനഗരം 13. സൂറത്തു് 14. മംഗലാപുരം 15. കോഴിക്കോടു് 16. ആലപ്പുഴ 17. കൊല്ലം 18. ധനുഷ്കോടി 19. നാഗപട്ടണം 20. കരിക്കൽ 21. പുതുശ്ശേരി (പരന്ത്രീസ്) 22. ടെക്കാൻ (മൈസൂർ) 23. മാൻപ്പേ (ശ്രീലങ്കയ്ക്കും കൊച്ചിക്കും മദ്ധ്യേ)

10. കുത്തബ്മിനാർ—234 അടി ഉയരം.

കല്ക്കത്ത: 3,490,281.

മദ്ധ്യപ്രദേശ്.

എല്ലോറ (ഔറംഗാബാദ്)

ജമ്മുകാശ്മീർ (ദൽഹി)

ഉത്തർപ്രദേശ്.

തിരുവിതാംകൂർ കൊച്ചി.

ഗ്രാൻഡ്ട്രങ്ക് റോഡ്—1500 നാഴിക.

ഇന്ത്യൻ മ്യൂസിയം (കല്ക്കത്ത)

★

ചെറുകഥ

ഭക്തിയുടെ മഹിമ

★

കൃഷ്ണനദിയുടെ പോഷകനദിയായ 'ഭീമ' നദിയുടെ തീരത്തു 'പുരന്ദര്' എന്ന ഒരു ഗ്രാമം ഉണ്ടു്. അവിടെ കൃഷ്ണപ്പനായ്ക്കൻ എന്നു പേരോടുകൂടിയ ഒരു ബ്രാഹ്മണൻ താമസിച്ചിരുന്നു. അയാളും സച്ചരിത്രക്കുവടക്കാരൻ ആയിരുന്നെങ്കിലും ആ ക്കും ഒന്നുംകൊടുത്തിരുന്നില്ല. അങ്ങനെ ഇരുന്നപ്പോൾ ഒരു വിശേഷദിവസംവന്നുചേർന്നു. വല്ല പാവങ്ങളും വന്നു് വല്ലതും ആവശ്യപ്പെട്ടെന്നു കരുതി അയാൾ മുറിയ്ക്കകത്തു ഒതുങ്ങിയിരുന്നു. ഒരു ദരിദ്രബ്രാഹ്മണൻറെ പൂണൂൽ കല്യാണത്തിനു് എന്തെങ്കിലും കൊടുക്കണമെന്നു പറഞ്ഞു് ഒരാൾവന്നു. നായ്ക്കൻപറഞ്ഞു:-"നാളെവരിക" കുടെക്കുടെ ആ ദരിദ്രൻ വന്നുകൊണ്ടിരുന്നു. എന്നാൽ നായ്ക്കൻ 'നാളെവരിക, നാളെവരിക' എന്നു പറഞ്ഞുവന്നു. ഒരുദിവസം നായ്ക്കൻ അയാൾക്കു ഒരു പൊട്ടക്കാശു് കൊടുത്തു പറഞ്ഞയച്ചു.

മറ്റൊരുദിവസം ബ്രാഹ്മണൻറെ ഭാര്യ നായ്ക്കൻറെ വീട്ടിൽചെന്നു. അവളോടു ബ്രാഹ്മണപത്നി വിവരങ്ങൾ എല്ലാം പറഞ്ഞു. അപ്പോൾ നായ്ക്കൻറെഭാര്യ തൻറെ 'മൂക്കുത്തി' എടുത്തു് ദരിദ്രയുടെ കയ്യിൽ കൊടുത്തു. തൻറെ പക്കൽ ഇതുയേളളളൂ എന്നു പറഞ്ഞയച്ചു.

ബ്രാഹ്മണി അതു ബ്രാഹ്മണൻറെ കയ്യിൽകൊടുത്തു. വിറകു കൊണ്ടുവരുന്നതിനായി അയാൾ നായ്ക്കൻറെ പീടികയിൽചെന്നു. "ഇതിൻറെവില തരണം" എന്നു പറഞ്ഞു.

നായ്ക്കൻ മൂക്കുത്തി കണ്ടിട്ടു് അതിശയമുണ്ടായി. തൻറെ ഭാര്യയുടെ മൂക്കുത്തിആണെന്നു് അയാൾക്കു തോന്നി. "നാളെ നിങ്ങൾ വരുക" എന്നു് നായ്ക്കൻ അയാളോടു പറഞ്ഞു. അതിനുശേഷം അതു ഒരു പെട്ടിയിൽ വച്ചുപൂട്ടി. പിന്നീടു് വീട്ടിൽപോയി തൻറെ ഭാര്യയോടു പറഞ്ഞു. "നിൻറെ മൂക്കുത്തി നെ കാണ്മാനില്ല, ഇങ്ങുകൊണ്ടുവരിക" അവൾ പരിഭ്രമിച്ചു "ഇപ്പോൾ കൊണ്ടുവരാം" എന്നുപറഞ്ഞു അകത്തേക്കുപോയി.

ഭഗവാൻറെ വിഗ്രഹത്തിൻറെ അടുക്കൽ അവൾ പോയിനോക്കുമ്പോൾ ഒരു പാത്രത്തിൽ വിഷംകലക്കി കയ്യിൽപിടിച്ചുകൊണ്ടു പറഞ്ഞു "അല്ലയോ ഭഗവാൻ! ഞാൻ ഒരു അപരാധവും ചെയ്തില്ല. ഒരു ദരിദ്രബ്രാഹ്മണൻറെ ധർമ്മത്തെ രക്ഷിച്ചു. എൻറെ ജീവൻ അങ്ങയുടെ കയ്യിലാണു്. ഞാൻ ഈ വിഷംകുടിച്ചു് അങ്ങയുടെ അടുക്കൽ തന്നെവരും." ഇതുയും പറഞ്ഞപ്പോൾ പാത്രത്തിൽ എന്തോ വന്നുവീണു. അതു് ആ മൂക്കുത്തിതന്നെആയിരുന്നു. അവൾ അതു നായ്ക്കൻറെ കയ്യിൽകൊടുത്തു. നായ്ക്കൻ വിചാരിച്ചു 'ഞാൻ ഇതു പെട്ടിയിൽവച്ചതല്ലേയിരുന്നു. ഇപ്പോൾ ഇവിടെ എങ്ങിനെവന്നു." തൻറെ ഭാര്യയോടു് ഇതിൻറെ രഹസ്യം ചോദിച്ചപ്പോൾ അവൾ വിവരങ്ങൾ പറഞ്ഞു. അതിനുശേഷം അയാൾ തൻറെ സ്വത്തെല്ലാം ദരിദ്രന്മാക്കു വീതിച്ചുകൊടുത്തു. പിന്നീടു തൻറെ ജീവിതം മുഴുവൻ ഭഗവാൻറെ സേവചെയ്യുവാൻ തുടങ്ങി. ഈ സന്യാസി പുരന്ദരദാസ് എന്ന പേരോടുകൂടി പ്രസിദ്ധനായിത്തീർന്നു.

കെ. രാജശേഖരൻപിള്ള,
(അ: നം: 1161)

* ഹിന്ദിയിൽനിന്നു്

★

കുഞ്ചൻനമ്പ്യാരും ഉണ്ണായിവാര്യരും

തുള്ളൽപ്രസ്ഥാനത്തിൻറെ ജനയിതാവായ കുഞ്ചൻനമ്പ്യാരെപ്പറ്റിയും, നളചരിതം ആട്ടക്കഥയുടെ കർത്താവായ ഉണ്ണായിവാര്യരെപ്പറ്റിയും പല കഥകളും നാം കേട്ടിട്ടുണ്ടല്ലോ. എന്നാൽ അവരെ അന്യോന്യം പരിചയത്തിനിടയാക്കിയതും, രസാവഹമായതുമായ ഒരുകഥ എല്ലാവരും കേട്ടിട്ടുണ്ടോ എന്നു് സംശയമാണു്. അതിനാൽ ആ കഥ ചുവടെചേർത്തുകൊള്ളുന്നു.

ഒരിക്കൽ കുഞ്ചൻനമ്പ്യാരും ഉണ്ണായിവാര്യരും തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിനു സമീപമുള്ള കൂത്തമ്പലത്തിൽ പരസ്പരം ആരുമറിയാതെ കളിച്ചുകൊണ്ടിരിക്കയായിരുന്നു. വാര്യർ പല്ലക്കേറിക്കൊണ്ടും അല്പാന്തരത്തിനടുത്തിരുന്നു് നമ്പ്യാർ തളികപിഴിഞ്ഞുകൊണ്ടുമിരിക്കുമ്പോൾ, ഒരു പ്രൗഢകുമാരി തൻറെ ഭൃത്യയോടുകൂടി ക്ഷേത്രദർശനത്തിനു് ആ കൂത്തമ്പലത്തിനുസമീപത്തുകൂടി നടന്നുപോകുന്നതു കണ്ടു. ഭൃത്യ പന്തയോലചുരുട്ടി കാതിൽ കുമ്മലിനുപകരം ധരിച്ചിട്ടുമുണ്ടായിരുന്നു. അവരെ കണ്ടപ്പോൾ വാര്യർ ആരോടെന്നില്ലാതെ 'കാതിലോല' എന്നുപറഞ്ഞു. അതുകേട്ടപ്പോൾ നമ്പ്യാർ അതിനു മറുപടി എന്നപോലെ 'നല്ലതോല്' എന്നുപറഞ്ഞു. ഉടനെ വാര്യർ ,'നിങ്ങളല്ലേ കുഞ്ചൻനമ്പ്യാർ.' എന്നു ചോദിച്ചു. "അതേ" നമ്പ്യാർ സ

മതിച്ചു. {"നിങ്ങൾതന്നെയല്ലേ ഉണ്ണായിവാര്യർ" നമ്പ്യാരുംചോദിച്ചു. "അതേ? വാര്യർ മറുപടിപറഞ്ഞു. അങ്ങനെ അന്നുമുതൽ അവർ അന്യോന്യം പരിചയപ്പെടുകയുംചെയ്തു.

'കതിലോല' എന്നതിനു് അവരിൽ ആരാണു് 'അധികംസുന്ദരി' എന്ന അർത്ഥമായിരുന്നു വാര്യർ മനസ്സിൽ സങ്കല്പിച്ചിരുന്നതു്. അക്കാര്യംമനസ്സിലാക്കിയ നമ്പ്യാർ 'നല്ലതാളി' അതായതു് 'നല്ലതു ആളി' അവരിൽ സുന്ദരി സ്ത്രീയാണു്, എന്നു് മറുപടിയുംപറഞ്ഞു.

വാര്യരുടെ ചോദ്യത്തിനു് ശരിയായ സമാധാനംപറയുവാൻ അക്കാലത്തു നമ്പ്യാരെ ഉണ്ടായിരുന്നുള്ളൂ. അതുപോലെ നമ്പ്യാരുടെചോദ്യത്തിനു തക്കതായ സമാധാനം പറയുവാൻ വാര്യരല്ലാതെ മറ്റാരും അക്കാലത്തുണ്ടായിരുന്നില്ല. അവർ അപരിചിതരായിരുന്നുവെങ്കിലും അക്കാര്യം അവർക്കു് അറിയാമായിരുന്നു. അവർ സംശയംകൂടാതെ അന്യോന്യം പേരുചോദിച്ചതും അതുകൊണ്ടുതന്നെയാണല്ലോ.

എൻ. ശങ്കരനാരായണൻപോറ്റി.
(192)

—:*:—

ഞാൻകണ്ടപ്രദർശനം

—o—

തീവണ്ടി ശ്രീനാരായണനഗരിൽ നിന്നിറങ്ങി. ഞാൻ അതിൽനിന്നും ഇറങ്ങി. നേരം ഉച്ചതിരിഞ്ഞിരുന്നു. ഞാൻ സന്തോഷപ്രപഞ്ചലിലേയ്ക്കു് നടന്നു. ചേതോഹരമായ വസ്തുക്കളാൽ കമനീയമായി അലങ്കരിച്ചിരുന്ന ആ ഏഴുനില പന്തൽ എന്റെ ഹൃദയത്തെ കവർന്നു. പ്രധാനമായും എന്നെ കൂടുതൽ ആകർഷിച്ചു. അതിനടുത്തിരുന്ന ഞാൻ പ്രസംഗങ്ങളും കേട്ടു.

നാലുമണിയോടുകൂടി ഞാൻ പുറത്തിറങ്ങി; പ്രദർശനസ്ഥലം ലക്ഷ്യമാക്കി നടന്നു. പ്രവേശനമണ്ഡപത്തിന്റെ മട്ടുപ്പാവിൽ മധ്യത്തായി "ഒരുജാതി, ഒരുമതം, ഒരുദൈവം മനുഷ്യനു്" എന്നു് ഉൽലേഖിച്ച ശ്രീനാരായണഗുരുദേവന്റെ ദീർഘകായ ചിത്രം ഞാൻ കണ്ടു. ബുദ്ധഭഗവാന്റെയും ഗാന്ധിജിയുടേയും ചിത്രങ്ങൾകൂടി ഇരുവശങ്ങളിൽ എനിക്കു് ദർശിക്കുവാൻ സാധിച്ചു.

സത്യം, ധർമ്മം, അഹിംസ എന്നീ മഹാൽഗുണങ്ങളെ ധ്യാനിച്ചുകൊണ്ടു് പ്രദർശനനഗരിൽ കടന്നു. ഞാൻ ഒരു മനോഹരമായ ക്ഷേത്രത്തിൽ ഗുരുദേവന്റെ പ്രതിഷ്ഠ കാണുകയുണ്ടായി: പലതരം കടകളുടെ മുമ്പിൽക്കൂടി ഞാൻ മുന്നോട്ടുനീങ്ങി. ആയുർവ്വേദശാലയും, പോലീസ്സ്റ്റേഷനും കടന്നുചെന്ന ഞാൻ ആ തിരിമംഗലത്തിന്റെ അന്ധിക്കുടം കണ്ടു. അതിന്റെ ദൈർഘ്യം എന്നെ അമ്പരപ്പിച്ചു. മരിച്ച മനുഷ്യരുടെ ശരീരഭാഗങ്ങൾ സൂക്ഷിച്ചിരുന്നതും എനിക്കു് കാണുവാൻ ഭാഗ്യംസിദ്ധിച്ചു,

ആനന്ദത്തോടെ ഞാൻ സയൻസ്പ്രദർശനവിഭാഗത്തിൽ പ്രവേശിച്ചു. വിശേഷരീതിയിലുള്ള അനേകതരം ചെടികളും, ജീവനുള്ളതും ഇല്ലാത്തതുമായ അനേകം ചെറുജന്തുക്കളും മുതലായവ അവിടെ ഞാൻ കണ്ടു. എന്നാൽ അതിൽ രസതന്ത്രവിഭാഗം കൂടുതൽ രസകരമായിരുന്നു.

ഒരുകപ്പ് ബ്രൂക്കുബോണ്ടറോ എന്റെ ക്ഷീണിച്ച ദേഹത്തിനു് ഉത്തേജനംനൽകി. ഹോട്ടലുകളും, റിഫ്രഷ്മെന്റുകളും, പുസ്തകക്കടകളും, സ്റ്റേഷനറിക്കടകളും, ഫോട്ടോസ്റ്റുഡിയോകളും, അലക്കുകമ്പനികളും, ബാർബർഷാപ്പുകളും, ശീതളപാനീയശാലകളും മുതലായവ ഒട്ടധികം ഞാൻ കടന്നു.

പി. ഡബ്ലിയു. ഡി. (P. W. D.) പ്രദർശനവിഭാഗത്തിൽ ഞാൻ എത്തി. അവിടെ കണ്ട പലതുകളുടെ മാതൃകകളും ഞാൻ ചെയ്തിട്ടുള്ള യാത്രകളുടെ വിവരങ്ങളെ മനോമുകുരത്തിൽ പ്രതിബിംബിപ്പിച്ചു. തോട്ടപ്പള്ളി ചീപ്പും, അവിടത്തെ കരിനിലങ്ങളും, തൊട്ടടുത്തു് സമുദ്രത്തിൽ കിടക്കുന്ന കപ്പലുകളുംമറ്റും എന്റെ ഭാവനയ്ക്കു് ഇക്കിളികൂട്ടി. ശരിയായ ശതശതനിയന്ത്രണത്തെപ്പറ്റി കാണിച്ചിരുന്ന മോഡലും എന്നെ അത്യധികം ആകർഷിച്ചു.

അടുത്തുകണ്ട 126 റാത്തൽ ഭാരമുള്ള ഒരുമൂട്ടചീനി എന്റെ വിരലുകളെ നാസികയോടുചേർപ്പിച്ചു. പഞ്ചവത്സരപദ്ധതിയുടെ നാനാവശങ്ങളും ഗ്രഹിക്കത്തക്കവണ്ണം തയ്യാറാക്കിയിരുന്ന മുറികളും ഭംഗിയായിരുന്നു. പഞ്ചവത്സരപദ്ധതിയെപ്പറ്റി പ്രദർശിപ്പിച്ച സിനിമായുടെ അല്പഭാഗവും ഞാൻ ശ്രദ്ധയോടെകണ്ടു.

ചീനക്കാർപ്രദർശിപ്പിച്ച നാനാതരത്തിലുള്ള പാത്രങ്ങളും ഭരണികളും ചീനസംസ്കാരത്തെയും കലയേയും മൗനഭാഷയിൽ ഗ്രഹിക്കുന്നുണ്ടായിരുന്നു. അവരുടെ തുന്നൽവേലകളും എന്റെ ചിത്തത്തെ കവർന്നു.

എന്നെ വിസ്മയിപ്പിച്ച പ്രധാനസംഭവം മരണക്കിണറിലെ സൈക്കിൾവേലയായിരുന്നു. ആ കാഴ്ച എന്റെ സിരകളെ ഉദ്ദീപ്തമാക്കി.

കയറ്റുകട്ടിവ്യവസായം, ഇണിനെയ്ത്തു്, പായനെയ്ത്തു്, ഓട്ടുഫാക്ടറി, കളിമൺഫാക്ടറി തുടങ്ങിയവയുടെ വിഭാഗങ്ങളിൽക്കൂടി ഞാൻ മുന്നോട്ടുനീങ്ങി. ജലകന്യകയെ ദർശിച്ചുകൊണ്ടിരുന്ന അടുത്ത അൽഭുതസംഭവം. എന്റെ കാലുകൾ കുഴഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ ഒരുപാടും ശീതളപാനീയം എന്റെ അസ്വസ്ഥതമാറ്റി.

ഞാൻ പുറത്തിറങ്ങി. എങ്കിലും ഒരുകൂടി തിരിഞ്ഞു് ഞാനക്കത്തേയ്ക്കുനോക്കി. എണ്ണമറ്റ ഒരുവിധത്തിലുള്ള ദീപങ്ങളാൽ പ്രവേശനമണ്ഡപം പരിലസിക്കുന്നുണ്ടായിരുന്നു.

കൈരളീബാലസമിതിയുടെ പ്രിയസംഘടനയെ, ശ്രീനാരായണധർമ്മപരിപാലനയോഗത്തിന്റെ കനകജൂബിലിയോടനുബന്ധിച്ചു് കൊല്ലത്തു നടന്ന എക്സിബിഷനെപ്പറ്റി ഞാൻ നൽകിയ ഈ ചെറുവിവരണം നിങ്ങളെരസിപ്പിക്കുമെന്നു ഞാനാശിക്കട്ടെ.

(വൈ. തോമസ് അംഗനമ്പർ 60)

—o—

കുട്ടിച്ചേച്ചിക്കുള്ള കത്തുകൾ

പ്രിയപ്പെട്ട കുട്ടിച്ചേച്ചി

ചേച്ചിയുടെ ബാലസമിതിയിൽ എന്നെ അംഗമായി ചേർക്കുന്നതിനുള്ള അപേക്ഷ അയച്ചതിനുശേഷം എന്റെ പേരു കാണാത്തതിനാൽ വളരെ നിരാശപ്പെട്ടിരിക്കയായിരുന്നു. അങ്ങിനെ ഇരിക്കുമ്പോൾ പള്ളിക്കൂടം അടച്ചഉടനെ ഞങ്ങൾ പള്ളിവാസലിൽ ഞങ്ങൾക്കുള്ള എസ്റ്റേറ്റിലേക്കുപോയി. എന്റെ ചേച്ചി, ഈ വേനൽക്കാലത്തു് പള്ളിവാസലിലെ താമസം എത്ര സുഖമാണെന്നു് ചേച്ചി അറിഞ്ഞിട്ടുണ്ടോ. ഉള്ളം എന്നുള്ളതു് അവിടെ അറിയുകയില്ല. കേറിച്ചെല്ലുന്നിടത്തുനിന്നു അവിടത്തെ മലകളും ആകാശം മുട്ടിനിൽക്കുന്ന വലിയ മരങ്ങളും പാറകളുംഒക്കെ കാണുന്നതുതന്നെ വലിയ രസമാണു്. ചേച്ചിയും ബാലസമിതിയിലെ അംഗങ്ങളുംകൂടി ഉണ്ടായിരുന്നെങ്കിൽ എത്ര ആനന്ദമായിരുന്നെന്നു് ഞാൻ ആ കാഴ്ചകൾകണ്ടപ്പോൾ ഓർത്തു. വരുന്ന ആണ്ടിൽ മദ്ധ്യവേനൽ അവധികാലത്തു് ചേച്ചിയും സഹോദരീസഹോദരന്മാരും ഒന്നിച്ചു അവിടെപ്പോയി അവിടത്തെ അത്ഭുതകാഴ്ചകൾ കണ്ടാൽക്കൊള്ളാമെന്നുള്ള എന്റെ ആശ ചേച്ചി സാധിച്ചുതരുമോ?

ഇടവം 5-ംതീയതിയിലെ ബാലപംക്തിയിൽ ചേച്ചി സമിതിഅംഗങ്ങളുടെ അഭിപ്രായം ചോദിച്ചിരിക്കുന്ന കാര്യം മനസ്സിലായി. എന്റെ അഭിപ്രായം അറിവു വളർത്തിക്കുന്നതിനുള്ള കാര്യങ്ങളും രസംതോന്നത്തക്കവിധം എഴുതി അയയ്ക്കുണമെന്നാണു്.

എന്നു്, ചേച്ചിയുടെ കൊച്ചനുജൻ
പി. ജയപ്രകാശനാരായണൻ.
അ: 1296.

★

പ്രിയപ്പെട്ട ചേച്ചീ!

മേ 13-ംനു-ലത്തെ ആഴ്ചപ്പതിപ്പിൽ ചേച്ചിയുടെഅഭിപ്രായം ഞാൻ കണ്ടു. ആ അഭിപ്രായത്തിലുള്ള ഉദ്ദേശത്തെ ഞാൻ അനുമോദിക്കുന്നു. പക്ഷേ അതു നടപ്പിലാക്കുന്നുള്ള പ്രയാസങ്ങളോർക്കുമ്പോൾ എനിക്കു വലിയസങ്കടംതോന്നുന്നു.

ഇന്നു കേരളത്തിൽ അനേകം ബാലകലാസംഘടനകളുണ്ടു്. അവയിൽ മിക്കതും പല പത്രക്കാരുംആണു് നടത്തുന്നതു്. ഈ സംഘടനകളെല്ലാം കൂട്ടിച്ചേർത്താൽ അതിലുള്ള അനേകായിരംഅംഗങ്ങളുടെ കലാവാസനകളെ പോഷിപ്പിക്കാൻ ഏതുപത്രക്കാരുടെ സ്ഥലംഅനുവദിക്കും. അംഗങ്ങളും കൂട്ടംതോറും പത്രസ്ഥലവും കൂടുതൽ ആവശ്യമായിട്ടുണ്ടായിരിക്കുന്നതു്. അല്ലെങ്കിൽ പിന്നെ ബാലസംഘടനയ്ക്കുവേണ്ടി ഒരു പ്രത്യേകവാരികതന്നെ തുടങ്ങേണ്ടിയിരിക്കുന്നു. ഇന്നത്തെ പരിതഃസ്ഥിതിയിൽ അതു സാദ്ധ്യമല്ലല്ലോ! ഇതെല്ലാംവച്ചുനോക്കുമ്പോൾ എനിക്കു തോന്നുന്നതു് ഈ സംഘടനകളെല്ലാംകൂടി ഒന്നാകേണ്ടതില്ലെന്നും ഓരോന്നിനും പ്രത്യേകംപ്രത്യേകം ഇങ്ങനെതന്നെനിന്നാൽ മതിയെന്നുംആണു്.

എന്നു്, അനുജൻ മണി.

★

ഇടവം 4-ംതീയതിയിലെ ആഴ്ചപ്പതിപ്പു കിട്ടിയപ്പോൾ ചേച്ചിയുടെ കത്തുണ്ടോ എന്നാണു് ഞാനാദ്യം നോക്കിയതു്. ഞാനാഗ്രഹിച്ചതുപോലെതന്നെ ചേച്ചിയുടെ ആ കത്തു കാണുകയും ശ്രദ്ധയോടെ വായിക്കയുംചെയ്തു. മറ്റു പത്രങ്ങളിലെ "മാമന്മാരും", "ചേച്ചിമാരും", "ഏട്ടന്മാരു"മായി കത്തിടപാടുകളും നടത്തി അവരുടെ അഭിപ്രായവുംകൂടി അറിയുന്നതിനു് എനിക്കു് വളരെ സന്തോഷമുണ്ടു്.

ജി. ആർ. മാലിനീദേവി,
നം: 866.

★

കുടംകുഥകളി

1. തത്തമ്മേ! തത്തമ്മേ നാലാളേ", തത്തപ്പണികൊട്ടാൻ രണ്ടാളേ", പുട്ടുമിനാനൊരാളേ", വേലിക്കരപ്പാനൊരാളേ".

2. കാലിൽപിടിച്ചാൽഞാൻ വാപൊളിക്കും വായിലകപ്പെട്ടാലു് എനിക്കിര, എന്റെ പേർ മറിച്ചിട്ടാലും, തിരിച്ചിട്ടാലും ഒന്നേ".

3. മുളക്കോരി, തെങ്ങേക്കോരി, ആറിൽചാടി ആഴംനോക്കി.

4. കൊല്ലനും അറിഞ്ഞില്ല, കൊല്ലത്തിയും അറിഞ്ഞില്ല തിത്തിത്തൈ എന്നൊരു കുഞ്ഞരിവാളു്".

5. പിന്നാലേ വന്നവർ മുന്നാലെ പോയി.

6, നിന്നവന്റെ വയറ്റിൽ വന്നവൻകോറി.

(888) ആർ. രാമചന്ദ്രൻ.

കുടഗ്ലോകം

"കാലേതന്നതെ പുത്രബന്ധുവിൻ
മാലകറ്റിയ മഹാന്റെ സോദരൻ
കാലൊടിച്ചുകൊലചെയ്തവന്റെയൻ
പാലെരയ്യുവനായതാ—
രെടോ."

(883) രാമചന്ദ്രൻ.

ഉത്തരങ്ങൾ

കുടംകുഥകളി:-1) ആനക്കാലുകളി, ചെവികളി, വാല്, തുമ്പിക്കൈ. (2) കത്രിക (3) തവി (മുളയും ചിരട്ടയുംകൊണ്ടുണ്ടാക്കിയ തവി കണ്ടു

ഷാത്തിലിട്ട് തീർത്തിവിടുമ്പോൾ. (4) വാളൻപുളി (5) പല്ലുകൾ (6) സംക്ഷാരം.

കടശ്ലോകം:-(കർണ്ണൻ. കാലന്തകൻ, സൂര്യൻ പുത്രൻ, സുഗ്രീവൻ. സുഗ്രീവൻറെ ബന്ധുവായ ശ്രീരാമൻ. അഹല്യയുടെ ദുഃഖകാരിയായവൻ ഹനുമാൻ. ഹനുമാൻറെ സഹോദരൻ ഭീമൻ. ഭീമൻ കൊലപ്പെടുത്തിയ കേകയ രാജാവായ കർണ്ണൻ.)

—o—

ഒരു കണക്ക്

ഒരു ആറിൽ 40 റാത്തൽ ഭാരം കയറുന്ന ഒരു വള്ളം കിടപ്പുണ്ടായിരുന്നു. 40 റാത്തൽവീതം ഭാരമുള്ള 2 ആളുകളും 20 റാത്തൽവീതം ഭാരമുള്ള 2 ആളുകളുംകൂടി കടത്തുകടക്കുവാൻവേണ്ടി അവർ എങ്ങനെ ആ കടത്തുകടക്കും. വള്ളം ആകെ ഒന്നേ ഉള്ളുതാനും.

സി. ശാന്താദേവി


അംഗസംഖ്യ: 263

★

"അയ്യോ! കാലനാ തരണേ, – അമ്മച്ചീ! ... ..."



പി. ജി. രാധാകൃഷ്ണൻനായർ, കിളികൊല്ലൂർ (9)



കെ. ഹരീന്ദ്രൻ, പറവൂർ (631)

അംഗങ്ങളുടെ പേരുവിവരം

★

(തുടർച്ച)

1435 ഏ. ആർ. രാജഗോപാലൻനായർ, C/o കെ. അച്യുതക്കുറുപ്പ്, തങ്കേത്തുവീട്, കോങ്ങാൽ, പറവൂർ. (സ്റ്റാമ്പുശേഖരണം)

1436 പി. കെ. രാമചന്ദ്രൻനായർ, ഇന്ദ്രഭവനം, കൊട്ടാരക്കര. (ചെറുകഥ)

1437 എൻ. പരമേശ്വരൻഭട്ടതിരി, C/o എൻ. നാരായണഭട്ടതിരി, നീലേച്ചുപറമ്പില്ലം, ഉകലശ്ശേരി, തിരുവല്ല. (പുസ്തകങ്ങൾ)

1438 ആർ. ഗോപാലകൃഷ്ണൻനായർ, C/o എസ്. രാമൻപിള്ള, തെങ്ങിലഴികത്തുവീട്, പടിഞ്ഞാറ്റിൻക്കര, കൊട്ടാരക്കര. (കവിത)

1439 കെ. പി. രാജൻ, C/o കെ. ആർ. പരമേശ്വരൻപിള്ള, വാണ്യംപിലിൽവീട്, തുമ്പാവനം, പറണാവള്ളി.

1440 ജെ. ഗൗരിക്കുട്ടി, C/o ഐ. എസ്. നാരായണപിള്ള, പള്ളിയടക്കുക്കര, തിരുവനന്തപുരം കൈതമുക്ക്. (ഗാനം)

1441 ജെ. ലളിതാംബികാദേവി, ടി ടി ടി (പുസ്തകപാരായണം)

1442 കെ. എം. ഗോപാലകൃഷ്ണൻനായർ, പുത്തൻചിറവീട്, തെന്നടി, തകഴി. (ചെറുകഥ)

1443 പി. എൻ. ഭാനുമതി, C/o കെ. നീലകണ്ഠൻ, വിട്ടുനയർ 12 കൊച്ചുപ്പാംമൂട്, കൊല്ലം. (തീപ്പെട്ടിപ്പടശേഖരണം)

1444 കെ. രാധാകൃഷ്ണക്കുറുക്കൾ, കാക്കരമഠം, കടപ്പാ, മൈനാഗപ്പള്ളി, പുത്തൻചന്ത. (ചിത്രമെഴുത്ത്)

1445 കെ ശ്രീനിവാസക്കുറുക്കൾ, ടി ടി ടി (ചെറുകഥ)

1446 പി. കെ. ഭക്തൻ, പെരുമന്തുരവീട്, ഇരുമന്തുർ, മാന്നാർ. (ചെറുകഥ)

1447 എസ്. ഗോപിനാഥൻപിള്ള, ചെന്നേരിൽവീട്, ആനാരി, ചെറുതന.

1448 ഏ. രാജൻ, C/o ആർ. കേശവപിള്ള, അഡ്വക്കേറ്റ്, എറണാകുളം. (പുസ്തകപാരായണം)

1449 ഏ. പി. രാധാദേവി, ടി ടി ടി (പുസ്തകപാരായണം)

1450 കെ. പ്രഭാകരൻനായർ, കളിയിലിൽപ്പുരവീട്, ചിറയിൻകീഴ്. (പുസ്തകങ്ങൾ)

1451 കെ. നാരായണൻനായർ, പണിക്കവീട്ടിൽതെക്കേതിൽ, മുതവഴി, ചെങ്ങന്നൂർ, കല്ലിശ്ശേരി. (ചെറുകഥ)

1452 റവ. പി. ലീലാമ്മ, C/o കെ. എം. ബി. നായർ, ഹെഡ്മാസ്റ്റർ, കെ. എച്ച്. എം. ഇ. എം. സ്കൂൾ, വള്ളംകുളം, തിരുവല്ല. (പുസ്തകവായന)

1453 കെ. എസ്. രവീന്ദ്രൻനാഥൻപിള്ള, കാങ്കൽകിഴക്കതിൽവീട്, ഭരണിക്കാവ്, വള്ളിക്കുൽ, കായംകുളം. (സംഗീതം)

1454 എം. കെ. ശ്രീനിവാസൻ, കിഴക്കംകരഹൗസ്, കരുവേലി, കഴിക്കോട്ടുമല. (സ്റ്റാമ്പുശേഖരണം)

1455 ആർ. കലാധർ, ലക്ഷ്മിവിലാസത്തുവീട്, നന്തികുളങ്ങര, എൻ പറവൂർ. (ചെറുകഥ)

1456 കെ രാമനാഥൻ, C/o ആർ. അനന്തസുബ്രഹ്മണ്യയ്യർ, പോസ്റ്റ്മാസ്റ്റർ, അഴൂർ. (ചെറുകഥ)

1457 വി. വിദ്യാനന്ദൻ, ശങ്കുമുഖപുരം, പച്ചലം, എറണാകുളം 2. (ചിത്രമെഴുത്ത്)

1458 കെ. സോമൻപിള്ള, പുത്തൻപുരയ്ക്കൽവീട്, വെള്ളംകുളങ്ങര, ഹരിപ്പാട്. (ചിത്രമെഴുത്ത്)

1459 എസ്. വിശ്വനാഥമേനോൻ, C/o ഡാക്ടർ കെ. കെ. പിള്ള, തിരുവല്ല. (സ്റ്റാമ്പുശേഖരണം)

1460 ബി. ബാലചന്ദ്രൻ, C/o എം. ബാലകൃഷ്ണൻനായർ, T. C. No 469, വഞ്ചിയൂർ, തിരുവനന്തപുരം. (ചിത്രംവര)

1461 സി. ഗോപാലൻനായർ, തിനവിളപുത്തൻവീട്, വെള്ളനാട്. (ചെറുകഥ)

1462 എൻ. രാധാകൃഷ്ണൻനായർ, തെന്നൂർക്കുന്നത്തുവീട്, മടവൂർ. (ചെറുകഥ)

1463 ഏ. ജെ. സന്താനവല്ലിഅമ്മ, മറ്റത്തിക്കോണത്തു പുത്തൻവീട്, ഇടമുളയ്ക്കൽ, അഞ്ചൽ. (പുസ്തകവായന)

1464 കെ. ഗോപാലൻനായർ, കുന്നാട്ടുവീട്, എൻ പറവൂർ. (സ്റ്റാമ്പുശേഖരണം)

1465 എം. പൊന്നമ്മ, മുളയ്ക്കൽവീട്, കലഞ്ഞൂർ. (സംഗീതം)

(തുടരും)

പ്രാചീന കൊല്ലംരാജ്യം

★

— കുറുപ്പുംവീട്ടിൽ കെ. എൻ. ഗോപാലപ്പിള്ള —


പ്രാചീന കൊല്ലംരാജ്യത്തിനു ദേശിംഗനാട് എന്നും പേരുണ്ടായിരുന്നുവല്ലോ. വിജയസിംഹൻ എന്ന പ്രശസ്തനായിരുന്ന കൊല്ലം രാജാവിന്റെ ഭരണകാലംതൊട്ടായിരുന്നു, ഇപ്പേർ സിദ്ധിച്ചതെന്നു അനുമാനിക്കപ്പെട്ടിരിക്കുന്നു. വിജയസിംഹനാട് ജയസിങ്ഗനാടായി, ക്രമേണ ദേശിങ്ഗനാടായി രൂപഭവിച്ചതാണ്. വേണാട് കൊല്ലംരാജ്യത്തിന്റെ മറ്റൊരു പേരല്ല. വേണാട് ഒരു പ്രത്യേക രാജ്യമായിരുന്നു. തൃപ്പാപ്പിയൂർ രാജസപ്തപത്തിന്റെ ഭരണത്തിലിരുന്ന തിരുവിതാംകൂറിന്റെ ഒരു പുരാതന നാമമാണു 'വേണാട്' എന്നതു്. രാജ്യത്തിനു അപ്പേർ സിദ്ധിക്കുവാനുള്ള ഹേതു തിരുവിതാംകൂറിന്റെ പ്രാചീനചരിത്രത്തിൽ പ്രസിദ്ധമായ ഒരു സംഭവമാകുന്നു. അതു സംബന്ധിച്ചു ഉള്ള വിശദവിവരങ്ങളും ഈ ലേഖനത്തിൽ പ്രസിദ്ധപ്പെടുത്തുന്നപക്ഷം വളരെ ദീർഘിച്ചു പോകും.

കൊല്ലംരാജ്യം, കൊല്ലവർഷാരംഭത്തിനു വളരെക്കാലം മുൻപുതന്നെ അഖിലലോകപ്രശസ്തിയിൽ നിലനിന്നിരുന്ന ഒരു നാടായിരുന്നു. ക്രി. ഡി. നൂറ്റാണ്ടുശതകത്തിൽ പ്രസ്തുത രാജ്യത്തിന്റെ തലസ്ഥാനം കൊല്ലം കല്ലട (നീലകണ്ഠം എന്നായിരുന്ന അക്കാലത്തെ നഗരസംജ്ഞയെ) ആയിരുന്നു. ക്രൈസ്തവാബ്ദത്തിനു വളരെ മുൻപുള്ള കാലഘട്ടങ്ങളിലും കൊല്ലം നാടും നീലകണ്ഠനഗരവും പ്രാചീന ഗ്രീക്കുകാരുടെയും ഫൈനിഷ്യന്മാരുടെയും മാത്രം സന്ദർശനങ്ങൾക്കും പ്രശംസയ്ക്കും പാത്രീഭവിച്ചിരുന്നു എന്നുള്ളതിനു തെളിവുകൾ ധാരാളം ഉണ്ടല്ലോ. എന്നാൽ ഭ്രാഭീയങ്ങളായ ഹേതുക്കൾനിമിത്തം ആ തലസ്ഥാനനഗരം ഉപേക്ഷിക്കപ്പെട്ടതായി അനുമാനിക്കേണ്ടിയിരിക്കുന്നു. പ്രാചീനകാലങ്ങളിൽ കൊല്ലം കല്ലട പരിപൂർണ്ണമായ ഒരു കടലോരനഗരമായിരുന്നു. മനോഹരമായ ഒരു പ്രകൃതിനൈസർഗ്ഗികാശയം അവിടെ നിലനിന്നിരുന്നതായും പ്രാചീനരേഖകളിൽ കാണുന്നുണ്ട്. കൊല്ലവർഷം എന്ന മലയാളാബ്ദം ആരംഭിച്ചതും നീലകണ്ഠത്തിൽവച്ചായിരുന്നു എന്നു അനുമാനിക്കുവാൻ ന്യായം ഉണ്ട്. 1128 സംവത്സരങ്ങൾക്കു മുൻപായിരുന്നുവല്ലോ, ചരിത്രപ്രധാനമായ ആ സംഭവം നടന്നിട്ടുള്ളതു്. ശ്രീശങ്കരപാദപരമഹംസരുടെ നിർവികല്പസമാധിയുടെ പാവനസ്മരണ നിലനിർത്തുവാൻ ദേശിങ്ഗനാട്ടരാജാവു് നീലകണ്ഠത്തിൽവച്ചു കൊല്ലാബ്ദം ഏർപ്പെടുത്തിയെന്നുള്ള വിശ്വാസം അടിസ്ഥാനരഹിതമെന്നു സമ്മതിക്കേണ്ടതുതന്നെവേണം.

ക്രി. ഡി. 1341-ൽ മലബാർതീരം ഒട്ടുക്കു്, വിശിഷ്യ കേരളത്തിൽ അതികഠിനമായ ഗംഭീരമായ ഒരു ഭൂകമ്പം ഉണ്ടായി. അതിനെത്തുടർന്നു കേരളക്കരകളിൽ പലേടങ്ങളിൽ ഭൂമുഖാധോഗമനവും മറ്റുചിലേടങ്ങളിൽ കരവയ്പ്പുംകരയുയർച്ചയും. സമുദ്രക്രമണവും, സമുദ്രംപിൻവാങ്ങലും സംഭവിച്ചതായി, വിശ്വാസയോഗ്യങ്ങളായ രേഖകളാലും, ഭ്രാഭീയങ്ങളായ തെളിവുകളാലും വെളിപ്പെട്ടിട്ടുള്ളതാണു്. ആ ഭൂകമ്പകാലംവരെ നീലകണ്ഠം കൊല്ലംരാജ്യത്തിന്റെ തലസ്ഥാനനഗരമായിരുന്നു. ഉദ്ദേശം 600-ൽപ്പരം സംവത്സരങ്ങൾക്കുമുമ്പു് കല്ലടയിൽനിന്നു നീലകണ്ഠത്തിൽനിന്നു്, ദേശിംഗനാട്ടിന്റെ തലസ്ഥാനം പടിഞ്ഞാറോക്കൊല്ലത്തേയ്ക്കു് (ഇപ്പോഴത്തെ കൊല്ലം മുനിസിപ്പൽനഗരത്തിന്റെ പശ്ചിമഭാഗവും പരിസരങ്ങളും) മാറ്റപ്പെട്ടു, എന്നുവേണം അനുമാനിക്കുവാൻ. പടിഞ്ഞാറോക്കൊല്ലം, ദേശിംഗനാടിന്റെ തലസ്ഥാനനഗരിയായിത്തീർന്നശേഷം ആ രാജാക്കന്മാരുടെ പ്രധാനക്കോവിലകം പനങ്കാവു് എന്ന സ്ഥലത്തു് പണിയിച്ചിരിക്കുവാനാണു് ഇടയുള്ളതു്. പനങ്കാവു് എന്ന പദത്തിൽ അർത്ഥമാകുന്നതു് പനകൊണ്ടാരാമമായി വളർന്നിൽക്കുന്ന പ്രദേശം എന്നാണു്. ദക്ഷിണതിരുവിതാംകൂറിൽ അത്തരം പാവുകൊണ്ട പനങ്കാവിഎന്ന പേർ പറയപ്പെട്ടവരുന്നു. പടിഞ്ഞാറേക്കൊല്ലത്തെ പുരാതനപനങ്കാവിനകത്തു്, ദക്ഷിണഭാഗത്തു തെക്കതിനൊന്നാമത്തെ ഒരു ദേവീക്ഷേത്രം ക്രമേ നിലനിന്നിരിക്കണം. കാവിന്റെ ക്ഷേത്രം എന്നും ദേവീക്ഷേത്രം എന്നും ചരിതീയുണ്ടല്ലോ. ഒരുപക്ഷേ പ്രസ്തുത പനങ്കാവിൽ ദേശിങ്ങനാട്ടരാജാക്കന്മാരുടെ ഒരു പുരാതനകോവിലകം നിലനിന്നിരുന്നുവെന്നും വരാവുന്നതാണ്. അതിന്റെ തെക്കതായിരുന്നിരിക്കണം പനങ്കാവുക്ഷേത്രം. ദേശിങ്ങനാട്ടരാജാക്കന്മാർ പനങ്കാവുകൊട്ടാരം ക്രി. ഡി. 1341-നുശേഷം പണിയിച്ചു വാസം ഉറപ്പിച്ച സ്ഥാനം, പടിഞ്ഞാറേക്കൊല്ലത്തു് കാവനാട്ടുകയോളത്തിനും തെക്കു്, രാമഞ്ചിറ എന്നപേരുള്ള ഇപ്പോഴത്തെ നികുഞ്ജങ്ങളത്തിനും തെക്കു്, കൊല്ലം മുനിസിപ്പൽ ഓഡിനും കിഴക്കു്, കൊല്ലം മുനിസിപ്പൽ ശ്മശാനത്തിന്റെ തെക്കുഭാഗത്തു് ഇപ്പോൾ മുളങ്കാടകത്തു് (മുളങ്കാടകത്തു) എന്ന പേർ പറയപ്പെടുന്ന ദേവീക്ഷേത്രത്തിനും വടക്കു ഇവ നടുവിൽ അതിവിസ്തീർണ്ണമായ ഒരു പ്രദേശമായിരിക്കുവാനേ തരമുള്ളു. ഇപ്രകാരം ഒരു അനുമാനത്തിൽ എത്തിച്ചേരുന്നതിനു പരിതഃസ്ഥിതികളും ആധാരങ്ങളുമുണ്ടു്. ആ ക്ഷേത്രത്തിന്റെ പുരാതനനാമം മുളങ്കാടകത്തു് (മുളങ്കാടകത്തു്) എന്നായിരിക്കുവാൻ ഇടയില്ല. കോട്ടയ്ക്കകത്തു രാജകുടുംബം വക കൊട്ടാരത്തിന്റെ ഭരദേവതാലയമായിരുന്നിരിക്കണമല്ലോ, പ്രസ്തുത ക്ഷേത്രം. പനങ്കാവു ഭഗവതിക്ഷേത്രംതന്നെയായിരിക്കണം അതു്. ലന്തക്കാരോ പോർട്ടുഗീസുകാരോ ആയ വിദേശികളുടെയും കൊട്ടാരവും കോട്ടകൊത്തളങ്ങളും മറ്റു സ്ഥാപനങ്ങളും തീവച്ചും ചുട്ടുപൊടിച്ചും തറയോടു ചേത്തശേഷം, അപ്രദേശത്തു കിടങ്ങുകളിലെ മുഞ്ഞെടികളും വളർന്നു പടർന്നു കാടുപിടിച്ചു് അവിടം ആസകലം മുളങ്കാടായി പരിണമിച്ചതായിരിക്കണം.

ദേശിംഗനാട്ടരാജാക്കന്മാരുടെ മാതൃമിരുന്ന നായർപ്രഭുക്കന്മാരുടെ കുടുംബങ്ങളിൽ ഏതാനും ചിലതു്, ആ സ്ഥാനത്തുനിന്നും വളരെ അകലെയല്ല. അവ ചിലതു് അദ്യാപി പടിഞ്ഞാറേക്കൊല്ലത്തു നിലനിന്നുപോരുന്നുണ്ടു്. ധനസ്ഥിതിയിലും പ്രതാപത്തിലും കുറവു സംഭവിച്ചിട്ടുണ്ടു് എന്നൊരു ന്യൂനതമാത്രമെ, ആ നാലുവീട്ടുകാക്കു് ഇക്കാലത്തു സംഭവിച്ചിട്ടുള്ളു. ദേശിംഗനാട്ടു രാജാക്കന്മാരുടെ കൊട്ടാരംജ്യോത്സ്യന്റെയും കൊട്ടാരംവൈദ്യന്റെയും കുടുംബങ്ങളും അവിടെത്തന്നെ ഉണ്ടു്. വൈദ്യന്റെ കുടുംബത്തിലെ ഒരു പ്രശസ്ത വ്യക്തിയായിരുന്ന വൈദ്യർ ചരമം പ്രാപിച്ചിട്ടു വളരെക്കാലം ആയിട്ടില്ല. ജ്യോത്സ്യൻ കുടുംബത്തിലെ ഒരു പ്രശസ്ത ജ്യോതിശാസ്ത്രജ്ഞൻ ഇക്കാലത്തും സുഖശരീരിയായി ജീവിച്ചിരിപ്പുണ്ടു്. വ്യക്തികളുടെയും കുടുംബങ്ങളുടെയും പേരുകളും ഈ ചരിത്രലഘനത്തിൽ ഉൾപ്പെടുത്തുന്നതു പല കാരണവശാലും വിഹിതമല്ലായ്കയാൽ അതിനു് ഉദ്യമിക്കാത്തതാണു്. വല്ല ഗ്രന്ഥവരിയിലോ, താമ്രശാസനത്തിലോ, ശിലാരേഖകളിലോ, ഉണ്ണിനീലിസന്ദേശം കാവ്യത്തിലോ ദേശിങ്ങനാട്ടു രാജാക്കന്മാരുടെ പനങ്കാവുകൊട്ടാരത്തെപ്പറ്റി സ്ഫുരണംചെയ്യുന്ന സംഭവപ്രയുക്തങ്ങൾ ഉള്ളതു് ഒന്നൊഴിയാതെ പടിഞ്ഞാറേക്കൊല്ലത്തു് ഒത്തുവന്നിട്ടുണ്ടെന്നു ഗവേഷണത്താൽ വെളിപ്പെട്ടുന്നതാണു്.

ബ്രിട്ടനിലെ അടുത്ത കിരീടാവകാശിയായ ചാൾസ് രാജകുമാരൻ.



ഒരുമാസം: ശാന്തഗംഭീരൻ.



ഒരുവർഷം: ജിജ്ഞാസു.



രണ്ടുവർഷം: സന്തുഷ്ടൻ.




മൂന്നുവർഷം: അന്വേഷകൻ.

രാജധാനിയുടെ നാശത്തിനുശേഷം, കോട്ടകൊത്തളങ്ങളിലെ മുളമുട്ടുകളും പൊട്ടിക്കിളുത്തു കാലാന്തരത്തിൽവളർന്ന്, പടർന്നുപിടിച്ചു മണ്ണായ മുളങ്കാടുപ്രദേശമാണു മുളങ്കാടത്തു മഠം (മുളങ്കാടകം) പെയർസ്സ്ദേശങ്ങളുമായി വാണിജ്യം നടത്തുവാനുള്ള ലക്ഷ്യത്തിൽ കേരളക്കരയിൽ വന്നിറങ്ങി പണ്ടകശാലകളും, കോട്ടകൊത്തളങ്ങളും കെട്ടിഉയർത്തി, വെടിമരുന്നും വെടിയുണ്ടകളും സംഭരിച്ചു, പട്ടാള സജ്ജീകരണങ്ങളും സംവിധാനംചെയ്തു, രാജ്യശക്തിയായി വളർന്നുവന്ന ലന്തക്കാരുടെയും പോർട്ടുഗീസുകാരുടെയും മാരകശക്തി വർദ്ധിച്ചുവരുവാൻ, മഹാരാജനസ്മരണിമിത്തം സന്ദർശനം നൽകിയ ദേശീംഗനാട്ടുരാജാക്കന്മാർക്കു ആ വിദേശശക്തികളുടെ സാന്നിദ്ധ്യം സ്വയംകൃതാനർത്ഥമായി പരിണമിച്ചുപ്രകൃതിയുടെ വിധി എന്നല്ലാതെ എന്താണു പറയുക! അങ്ങനെ യൂറോപ്യൻ വർഗ്ഗക്കാർ ചിലരുടെ ആക്രമണങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയമായ ദേശീംഗനാടിന്റെ പനങ്കാവു രാജധാനിനഗരംപോലും തറയോടൊപ്പം നിരത്തപ്പെട്ടുപോകയിൽ അവിടം ക്രമേണ മുളങ്കാടും പനങ്കുലയും ശൂശനെയും ഉഷരപ്രദേശവും മാത്രമായി പരിണമിച്ചതു് അത്ഭുതമല്ലതില്ലും.

എന്നാൽ പ്രസ്തുത വിദേശീയാക്രമണത്തോടുകൂടി ദേശീംഗനാടിന്റെ രാജ്യലക്ഷ്മി അന്തർധാനം ചെയ്കയുണ്ടായില്ല. പടിഞ്ഞാറേക്കൊല്ലത്തെ പനങ്കാവിൽനിന്നു രാജധാനി ആനന്ദവല്ലീശ്വരം ക്ഷേത്രത്തിന്റെ തെക്കുമാറി ശ്രീപാദപുരത്തു. പുതുകുളങ്ങര മുതലായ കോവിലകങ്ങളും ആ രാജധാനിയുടെ അവശേഷങ്ങളാണു്. കൊല്ലം രാജാവിന്റെ പ്രധാന സേനാപതിയും സൈനിക സംഭരണത്തിന്റെ പ്രധാന ചുമതലക്കാരനുമായിരുന്ന വടയാറുപിള്ള എന്ന മാടമ്പിമുഖ്യന്റെ കോട്ടയും വസതിയും അവിടെനിന്നു വളരെ അകലെ അല്ലായിരുന്നു.

കിളിമാനൂർ കോയിത്തമ്പുരാക്കന്മാരുടെ പിൻതുണയോടുകൂടി, തിരുവിതാംകൂർ മഹാരാജാവായിരുന്ന വിഖ്യാതനായ ശ്രീവീരമാർത്താണ്ഡവർമ്മ തിരുമനസ്സുകൊണ്ടു് അവിടത്തെ പ്രിയഭാഗിനേയനായിരുന്ന ശ്രീകാർത്തികതിരുനാൾ ഇളയതിരുമേനിയോടൊന്നിച്ചുനടത്തിയ ദേശീംഗനാടു് ആക്രമണത്തിന്റെ പ്രധാനയുദ്ധരംഗം ആയിരുന്നു, ആധുനികകാലത്തെ കൊല്ലം കലക്ടർആഫീസ്, ജൂഡീഷ്യൽകോടതികൾ മുതലായവയുടെ വിശാലമായ അകത്തെഅങ്കണം. ഈ രഹസ്യം പലരും അറിഞ്ഞിരിക്കയില്ല. പ്രസ്തുത യുദ്ധാവശ്യംപ്രമാണിച്ചു കന്യാകുമാരിക്ഷേത്രത്തിന്റെ പരിസരങ്ങളിൽനിന്നുപോലും മാത്രമല്ല, തെക്കിണതിരുവിതാംകൂറിലെ മാങ്കോയിക്കൽ കുറുപ്പു കുടുംബത്തിലെയുള്ള പടയാളികളെ പ്രശസ്തകുടുംബങ്ങളിൽനിന്നും, കളനപ്രകാരം യുദ്ധവീരന്മാരെ ചേർത്തു്", പിൽക്കാലം, തിരുവിതാംകൂറിലെ ഒന്നാമത്തെ ദിവാൻജിയായിപ്രശസ്തനായവിധം രാജ്യസേവനംനടത്തി വീരചരമം പ്രാപിക്കേണ്ടിവന്നിട്ടുള്ള "വലിയദിവാൻജിയജമാനൻ" എന്ന സുപ്രസിദ്ധനായിത്തീർന്നിരിക്കുന്ന കുന്നത്തൂർ കേശവപിള്ള (ശ്രീരാജാകേശവദാസ്", പടക്കുട്ടി ദേശീംഗനാട്ടേയ്ക്കു" സേനാനേതൃത്വം വഹിച്ചിട്ടുള്ള വസ്തുതയുമെന്നുള്ള വിശ്വാസയോഗ്യങ്ങളായ രേഖാത്തെളിവുകൾ ഉണ്ടെന്നു" ആരാഞ്ഞുനോക്കുന്നപക്ഷം ബോദ്ധ്യപ്പെടുന്നതാണ്".




ഇൻഡ്യാഗവൺമെന്റിനുവേണ്ടി ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ: രഫിഅഹമ്മദുകിദ്വായി ഇറാഖിയിലെ ഫിയറൂ" മോട്ടോർകമ്പനിയിൽനിന്നു രണ്ടു 55 H. P. ട്രാക്ടറുകൾ സംഭാവനയായി സ്വീകരിക്കുകയുണ്ടായി. അഡി: സെക്രട്ടറി സർദാർ ഭഗത്സിംഗുമായി ശ്രീ കിദ്വായി ട്രാക്ടറിന്റെ പ്രവർത്തനത്തെപ്പറ്റി സംസാരിക്കുന്നു. ഒരു ട്രാക്ടർ ഇടതുവശത്തു കാണാം.



ഡാക്ടർ അഡനാർ—പശ്ചിമജർമ്മനിയിലെ ചാൻസലറായ ഡോ: കോൺറാഡ് അഡനാർ സർ വിൻസ്റ്റൺചർച്ചിലുമായി ചർച്ചകൾ നടത്തുന്നതിനായി ലണ്ടൻ സന്ദർശിക്കുകയുണ്ടായി. അദ്ദേഹം (ഇടതു്) ന്യൂയാർക്ക് ടൈംസിന്റെ രവിവാരപ്പതിപ്പിന്റെ അധിപർ ലെസ്റ്റർമാർക്കുമായി സംഭാഷണം നടത്തുന്നു. ഇൻറർനാഷണൽ പ്രസ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു യോഗത്തിൽ സംബന്ധിച്ചപ്പോൾ എടുത്ത ചിത്രം.

ദോസ് ദിവാൻജിയുടെ നേതൃത്വത്തിലായിരുന്നു. എങ്കിലും അക്കാലത്തു മൈസൂർ സുൽത്താന്മാർ തിരുവിതാംകൂറിനെ ആക്രമിക്കുവാൻ സന്നദ്ധരായി. ഉത്തരസീമകളിൽ വന്നെത്തുകയാൽ വലിയ ദിവാൻജിതന്നെ പ്രധാനസേനാധിപസ്ഥാനംകൂടി വഹിച്ചു പാറപ്പുറത്തു് ആയിക്കോട്ട മുതലായ ഉറപ്പിടങ്ങൾ ഉറപ്പിച്ചു സേനാനിവേശം ചെയ്യുകൊണ്ടു വ്യൂഹരചിക്കുകയായിരുന്നു. തന്നിമിത്തം കൊല്ലംനാട്ടിൽ അവശ്യംവേണ്ട ഭരണപരിഷ്കരണങ്ങൾ നടപ്പിൽ വരുത്തുവാൻ ആ വിശിഷ്ടരാജ്യതന്ത്രജ്ഞനു സാധിക്കാതെ വന്നതാണ്". അവിട്ടം തിരുനാൾ ബാലരാമവർമ്മമഹാരാജാവിന്റെ ഭരണകാലത്തിൽ സംജാതമായ ചില പരിതഃസ്ഥിതികളും രാജകേശവദാസുദിവാൻജിക്കു് അനുകൂലമല്ലാതെ വന്നുകൂടുകയാൽ, അവയ്ക്കെല്ലാം പരിഹാരം നേടിയതും കൊല്ലംനാടു കാലോചിതമായി പരിഷ്കരിച്ചതും തിരുവിതാംകൂറിലെ രണ്ടാമത്തെ ദിവാൻജി എന്ന പ്രശസ്തിക്കു് അർഹനായ ശ്രീ വഞ്ചിയൂർ വേലുത്തമ്പിദളവയായിരുന്നു. യൂറോപ്യൻ ഈസ്റ്റ് ഇൻഡ്യാക്കമ്പനിക്കാരുടെ ആക്രമണംനിമിത്തം ധ്വംസനംചെയ്യപ്പെട്ടു് അനാഥമായി ഭവിച്ചിരുന്ന ആനന്ദവല്ലീശ്വരംക്ഷേത്രം, ബ്രിട്ടീഷു ഈസ്റ്റിൻഡ്യാക്കമ്പനിക്കാരെ പ്രേരിപ്പിച്ചു് അവരുടെ കൈച്ചെലവിൽ പുതുക്കിപ്പണിയിച്ചു, ശ്രീകോവിലിനും മുഖമണ്ഡപത്തിനും ചെമ്പുപാളം മേയിച്ചതു രാജ്യസ്നേഹിയായ വേലുത്തമ്പിയായിരുന്നുവെന്ന കേൾക്കുമ്പോൾ വായനക്കാർ പുളകംകൊള്ളാതിരിക്കയില്ല. ശരിയായ രേഖാത്തെളിവിനെ ആസ്പദമാക്കി ചെയ്യുന്ന പ്രസ്താവനയാണിതെന്നു ധരിക്കുന്നതാണു്; എന്നുമാത്രമല്ല, ദേശീംഗനാടു രാജാവിന്റെ സൈനികബലത്തിന്റെ അകത്തേ അങ്കണവും ദേശീംഗനാട്ടേ അവസാനരണാങ്കണവുമായിരുന്ന ആ ചരിത്രപ്രധാന്യമുള്ള യുദ്ധഭൂമിയിൽ നാലുപാടും കാലോചിതങ്ങളായ കെട്ടിടങ്ങൾ പണിയിച്ചു് അവിടം ഇടംപ്രധമമായി വേണാടിന്റെ തലസ്ഥാനനഗരമാക്കി ഹജൂർക്കച്ചേരി മുതലായ സ്ഥാപനങ്ങൾ ഉറപ്പിച്ചു", അവിടെ ദിവാൻജിയുടെ കച്ചേരിചെയ്യാൻ ആരംഭിച്ച ആദ്യത്തേ മന്ത്രിപുംഗവനും വേലുത്തമ്പിതന്നെആയിരുന്നു. ഈ വസ്തുതയെല്ലാം കൊല്ലം രാജ്യചരിത്രത്തോടു ബന്ധപ്പെട്ടതാണല്ലോ. ഇങ്ങനെ കൊല്ലം രാജ്യചരിത്രം പുരാതന കേരളചരിത്രത്തോടും തിരുവിതാംകൂർ രാജ്യചരിത്രത്തോടും അഭേദ്യമായി ബന്ധിക്കപ്പെട്ടിരിക്കുകയാണ്":



ആ ശം സ

★

യുവതതൻ മോഹനപ്പൂച്ചെണ്ടണിഞ്ഞു
പുത്തനാം പുളകങ്ങൾ കോരിച്ചൊരിഞ്ഞു
വിലസി നീ; വിരവിലെൻഹൃദയാന്തരംഗം
വിരചിച്ചു മധുമയസ്വപ്നതരംഗം!
വരുമെന്നാത്മവിശ്വാശ്വാസമേകി,
വനജേ! നീയാനന്ദത്തുമധുകി.

അഴലിൻറെചുട്ടുള്ള ചിന്തയിൽ മുങ്ങി,
അഴകാർന്നജീവിതം വേദനതാങ്ങി,
മധുമയസ്വപ്നങ്ങൾ കതിരണിയാതെ
മലവ്വാടി മരവിക്കാനിടയാക്കിടാതെ,
പതറാതെ നാം രണ്ടുപടയാളിപോലെ
കഴലിടറാതെന്നും പോകുവാൻ ചാരേ
കരുതിനാമെങ്കിലും പിരിയുവാനോതി
കരിനിയമത്തിൻറെ കാട്ടാളനീതി.....
പണവുംപദവിയും പടവാളുനീട്ടി
പ്രണയത്തിൻ മുല്ലമാം തന്ത്രികൾപൊട്ടി...
കനകക്കിനാവുകൾ പൂഴിയിൽവീണു...
കരയിക്കും ശോകത്തിൽ ജീവിതംതാണു.....
ഉരുകുന്നചിന്തകളുളവാക്കും ശോകം
ഉയരുന്നു; ചേതന കേഴുന്നു മൂകം!
കരയാതിരിക്കണമെന്നാണോ മോഹം?
അറിയാതിരിക്കണം മധുരമീ സ്നേഹം!
ഉലകത്തെപ്പാറിനാൻ നിന്നേക്കാളേറെ
പലതുമറിയുന്നു, കാണുന്നു വേറെ
കനിവിൻറെകണികയ്ക്കു വിലപേശി നിത്യം
കരുണതൻ രോദനംകൂട്ടുന്നു സത്യം!
പരിഹാസവചനങ്ങളും പലതുംപാറും
പരിതാപാൽ പക്ഷേനിൻ കണ്ണുനിറയും
കരുതുകജീവിതം പടനിലമായി
പൊരുതുക നിന്നവകാശങ്ങൾക്കായി
കഠിനവിഷാദത്തിൽ കരവാളമേന്തി
കരളിൻറെ ചെഞ്ചോരത്തുള്ളികൾചിന്തി
കനിവാറാലോകം നിന്നാത്മചിരിക്കെ
കഴിവിൻറെതോണിയിൽ പോകൂ പതുക്കെ.
പുതിയതാമൊരുനല്ല പുലർവേളനിന്നെ
പുളകത്തിൽ പൂവാടചൂടിക്കാൻതന്നെ
അണയുന്നണ്ടകലെയാ മേടയിൽനിന്നും
അണയാതെനില്പൂട്ടെ നിൻസ്നേഹമെന്നും
അറിയാതിരിക്കട്ടെ നീയെൻറെചേതന
അനുഭവിച്ചീടുന്ന മൂകമാം വേദന
മധുരപ്രതീക്ഷതൻ മലർമാലചൂടി,
മഹനീയജീവിത വനികയിൽകൂടി;
അഴകിൻറെയാനന്ദഗീതികൾപാടി,
അനുരാഗമോഹനനൃത്തനമാടി;
കരിയാതെസ്വപ്നങ്ങൾ കതിരണിയിക്കാൻ
കണവൻറെജീവിതം പങ്കിട്ടെടുക്കാൻ
കഴിയട്ടെയെന്നും നിനക്കെൻറെഭാവുകം
അരുളുകയാണിന്നീ ശോകാത്മഗീതം!

പാറക്കോട്ട്, എൻ. ആർ. കുറുപ്പ്.

ചിത്രശലഭത്തോട്

(പന്മന, രാമചന്ദ്രൻനായർ)

ഓടാതെയവിടെനില്പൂ,കലാതെയീവിധം
ഓമനേ, തെല്ലിടക്കൂടി നിൽക്കൂ
ചിരകാലപരിചിതരല്ലേനാം? എൻബാല്യ-
ചരിതം നിനക്കറിവുള്ളതല്ലേ?

അണയുകെന്നരികത്തെൻകരമേനീ–പണ്ടത്തെ
ക്കഥകളിവനോപ്പു ഞാൻ! നിന്നെക്കാൺകെ.
പരമനയനാനന്ദദായിനീയെൻഹൃത്തിൽ
വിരചിപ്പു പിതൃശേഷാസ്മരണ.

അതിരാറാകുകമൊത്തന്നെക്രൂലീലകൾ
പതിവുപോൽ നമ്മളം നടത്തിയെന്നോ!
അന്നാളിൽസോദരിയമല'യുമൊത്തു ഞാൻ
നിന്നെയെന്തെന്തു ഹാ? പിന്തുടർന്നു!

കാട്ടുകൾതോറുമോടിക്കുതിച്ചെത്ര
ചാടി! – നിൻ പിന്നാലെ വേട്ടയാടി!
അവസാനം-ഒരുശലഭത്തിൻ ചിറകിലെപ്പൊടി-
നീക്കാനുതാത്പര്യം —അവളെത്തുണയ്ക്കുമീശൻ.

വേഡ്സ്വർത്തിൻറെ ഒരു കവിതയുടെ വിവർത്തനം.

മലയാളരാജ്യം



ലോകവൃത്താന്തഗതി

ബ്രിട്ടനിൽ ജൂൺ 2-ംനു-ചൊവ്വാഴ്ച എലിസബത്ത് ദ്വിതീയയുടെ കിരീടധാരണം നടക്കുകയുണ്ടായി വെസ്റ്റ്മിനിസ്റ്റർ ദേവാലയത്തിൽവച്ചു നടന്ന ഈ മഹനീയകർമ്മം ദർശിക്കാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ജനങ്ങൾ ലണ്ടനിൽ എത്തിയിരുന്നു. കിരീടധാരണച്ചടങ്ങ് രണ്ടരമണിക്കൂർ സമയം നീണ്ടുനിന്നു. ബ്രിട്ടനിലെ പൊതുരംഗത്തിലെ അതിപ്രധാനമായ ഒരു സംഭവമാണ് കിരീടധാരണം. രാജഭരണം സർവ്വത്ര അവമതിക്കപ്പെടുന്ന ഇന്നത്തേപ്പോലെയുള്ള ഒരു ഘട്ടത്തിൽ ബ്രിട്ടനെപ്പോലെ പുരോഗമിച്ചുനിൽക്കുന്ന ഒരു രാജ്യത്ത് നടക്കുന്ന ഈ സംഭവത്തിൽ ലോകമൊട്ടുക്ക് അസാധാരണമായ തല്പര്യവും ജിജ്ഞാസയും പ്രദർശിക്കുന്നതു സ്വാഭാവികം മാത്രമാകുന്നു. ബ്രിട്ടനിലെ രാജഭരണത്തിനുള്ള ഒരു വിശേഷത അതു നൂതനതമനവും വ്യവസ്ഥാപിതമായിട്ടുള്ളതാണെന്നതാണ്. ഇംഗ്ലീഷുകാരെയെല്ലാം യോജിപ്പിക്കുന്ന ഒരു മഹത്തായ ചിന്തയുംകൂടിയാണിത്. കിരീടധാരണത്തിനുശേഷം എലിസബത്ത് ദ്വിതീയചെയ്ത പ്രക്ഷോപണത്തിലും ബ്രിട്ടീഷ് പ്രധാനമന്ത്രി സർ വിൻസ്റ്റൻ ചർച്ചിൽചെയ്ത പ്രക്ഷോപണത്തിലും ഈ വസ്തുത പൂർണ്ണമായും പ്രകടമാകുന്നുണ്ട്. ചടങ്ങുസംബന്ധിച്ചു ലണ്ടനിലെത്തിയിട്ടുള്ള കോമൺവെൽത്തു പ്രധാനമന്ത്രിമാർ ഒരുമിച്ചു സമ്മേളിച്ചുതുടങ്ങിയിരിക്കുന്നു. ചർച്ചിലിന്റെ അദ്ധ്യക്ഷതയിലാണ് സമ്മേളനം നടക്കുന്നതു. ഈ സമ്മേളനത്തിൽ ഇന്ത്യാപ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും പങ്കെടുക്കുന്നുണ്ട്. സമ്മേളനത്തിന്റെ ചർച്ചാവിഷയങ്ങളുടെ കൂട്ടത്തിൽ മധ്യപൂർവ്വദേശപ്രശ്നങ്ങളും കൊറിയൻ സന്ധിക്കാര്യവും മറ്റും ഉൾപ്പെടുന്നതാണ്. അതു പല സാർവ്വരാഷ്ട്രികപ്രശ്നങ്ങളെക്കുറിച്ചും വിവിധ രാജ്യങ്ങളിലെ നേതാക്കന്മാർ തമ്മിലുള്ള അഭിപ്രായവിനിമയത്തിനെങ്കിലും ഉപകരിക്കുമെന്നുള്ളതാണ് വലിയൊരു പ്രയോജനം. ഈ സന്ദർഭം വിനിയോഗിച്ച് പാകിസ്ഥാൻ ഇന്ത്യയെപ്പോലെ ഒരു റിപ്പബ്ലിക്കായി ഭവിക്കുവാൻ ആഗ്രഹിക്കുന്ന കാര്യം ബ്രിട്ടനെ ധരിപ്പിക്കുമെന്നറിയുന്നു.

ബർമ്മായിൽവച്ചു നടത്തുന്നതിനുദ്ദേശിച്ചിരുന്ന ത്രിശക്തി കൂടിയാലോചന മാറ്റിവയ്ക്കുമെന്നറിയുന്നു. ഫ്രഞ്ച് മന്ത്രിസഭാധ്യക്ഷപ്പദമാണ് ഈ നീട്ടിവയ്പിനു കാരണമെന്നതറിഞ്ഞിരിക്കേണ്ടിയിരിക്കുന്നു. റഷ്യയുമായി സംഭാഷണം നടത്തുന്ന കാര്യം ഈ ബർമ്മായിലെ കോൺഫറൻസിൽ തീരുമാനിച്ചേക്കും.

കൊറിയൻ സന്ധിസംഭാഷണങ്ങളും ഇനിയും വിജയകരമായ ഒരു ഘട്ടത്തിലെത്തിയിട്ടില്ല. ജനറൽ അസംബ്ലി പാസ്സാക്കിയ ഇന്ത്യൻ പ്രമേയത്തിനു സദുദ്ദേശമായുള്ള നിർദ്ദേശങ്ങളും ഐക്യരാഷ്ട്രകമ്മിഷൻ പുറപ്പെടുവിച്ചതിനെപ്പറ്റി ചർച്ചകൾ തുടർന്നുവരികയാണ് എന്നാൽ ഈ നിർദ്ദേശങ്ങളെ ദക്ഷിണകൊറിയ ശക്തിയായി എതിർത്തുതുടങ്ങിയിരിക്കുന്നു ഇന്ത്യയെ ഒരു കണ്ണുണ്ണിസ്റ്റായി മുദ്രയടിക്കുന്നും ദക്ഷിണകൊറിയ മടിക്കുന്നില്ല. യു. എസ്സ്. ദക്ഷിണകൊറിയയ്ക്കു സൈനിക സംബന്ധികസഹായങ്ങളെല്ലാം ഉറപ്പുചെയ്യുന്ന ഒരുടമ്പടി ഒപ്പുവച്ചുൽഘാടനമെ ദക്ഷിണകൊറിയ ഈ നിർദ്ദേശങ്ങളും സ്വീകരിക്കയുള്ളുവെന്നു പറഞ്ഞുതുടങ്ങിയിട്ടുണ്ട്. ദക്ഷിണകൊറിയയുടെ ഈ എതിർപ്പുകളുടെ പിന്നിൽ യു. എസ്സിന്റെ ഗൂഢഹസ്തങ്ങളും വർത്തിക്കുന്നതായും സംശയിക്കപ്പെടുന്നുണ്ട്. കമ്മ്യൂണിസ്റ്റ് ചൈനയെ യു. എൻ. ഒ-യിൽ പ്രവേശിപ്പിക്കുന്നതിനെ യു. എസ്. യു. എൻ. ഒ വിടണമെന്നുവരെ ഭീഷണിവരുന്നതിനാൽ യുഎൻ ചൈനയിലേയ്ക്കു വികസിപ്പിക്കണമെന്ന് നോർവേയും വാദിക്കുന്നതുശ്രദ്ധിച്ചാൽ ദക്ഷിണകൊറിയയുടെ ഈ വാദത്തിൽ അതിശയിക്കാനൊന്നുമില്ല. ഏതായാലും ചൈനയുടെ പ്രവേശനക്കാര്യമാണ് പ്രശ്നമെങ്കിൽ ചൈനയെ യു. എൻ. ഒ-യിൽ പ്രവേശിക്കാൻ തനിക്കു വിസമ്മതമില്ലെന്നുള്ള ഐസൻഹോവറിന്റെ പ്രസ്താവന സ്വാഗതാർഹമായിരിക്കുന്നു.

ഫ്രഞ്ച് ഇൻഡോചൈനയിൽ ലാവോസിലെ വീറ്റ്മീൻ ആക്രമണത്തെപ്പറ്റി ടൈലൻറ് രക്ഷാസമിതിയിൽ പരാതി സമർപ്പിക്കാനുദ്ദേശിക്കുന്നതായി വാർത്തയുണ്ട്. എന്നാൽ ലാവോസിൽ പുരോഗമിച്ചുകയറിയ വീറ്റ്മീൻസേന പിൻവാങ്ങിയിട്ടും അതൊരു സാർവ്വരാഷ്ട്രികവിഷയമാണെന്നാണ് ടൈലൻറ് വാദിക്കുന്നത്. അതേയവസരത്തിൽ ഇക്കാര്യത്തെപ്പറ്റി ലാവോസിലെ ശവൈമൻറിനു യാതൊരു പരാതിയുമില്ലെന്നുകാണുന്നു. ഇവിടെയും അമേരിക്കയുടെ കയ്യ് വർത്തിക്കുന്നതു കാണാം.

ഇന്ത്യയുടെ വടക്കേഅതിർത്തി സംരക്ഷിക്കുന്ന ഹിമാലയത്തിലെ ഏറ്റവും ഉയരംകൂടിയ എവറസ്റ്റ്കോടുമുടി മേ 29-ംനു-ഒരു ബ്രിട്ടീഷ് പർവ്വതാരോഹണസംഘം പിടിച്ചടക്കിയതാണ് ഈ വാരത്തിലെ മറ്റൊരു പ്രധാന സംഭവം. കഴിഞ്ഞ അൽപവർഷങ്ങളായി പല പർവ്വതാരോഹണസംഘങ്ങളും എവറസ്റ്റ് പിടിച്ചടക്കുവാൻ ശ്രമം നടത്തിവരികയായിരുന്നു. ഈ ശ്രമങ്ങളിൽ പലരും ജീവിതം തൃജിക്കേണ്ടിവരികയുംചെയ്തിട്ടുണ്ട്. കൊടുമുടി പിടിച്ചടക്കിയ ഷെർപാ ടെൻസിംഗ് ഡാർജീലിംഗ് നിവാസിയായ ഇന്ത്യൻപൗരനും, ന്യൂസിലാൻഡുകാരനുമാണ്. ഇവർ രണ്ടുപേരും ബ്രിട്ടീഷ് പർവ്വതാരോഹണസംഘത്തിലെ അംഗങ്ങളാണ്. ഒരു ഇന്ത്യാക്കാരൻതന്നെ ഇപ്രഥമമായി എവറസ്റ്റ് കീഴടക്കിയെന്നുള്ളതു ഇന്ത്യയ്ക്കാകമാനം അഭിമാനകരമായിട്ടുള്ള ഒരു സംഭവമാകുന്നു. ന്യൂസിലൻഡുകാരന്റെ വിജയത്തിൽ ന്യൂസിലൻറിനും ന്യായമായി അഭിമാനം കൊള്ളാവുന്നതാണ്. ഇവർ രണ്ടുപേരുമുൾപ്പെട്ട സംഘത്തെ സംഘടിപ്പിച്ചതു ബ്രിട്ടൻ ആണെന്നുള്ളതുകൊണ്ട് ബ്രിട്ടനും ഇതിൽ ചരിതാർത്ഥ്യത്തിനു വകയുണ്ട്.

പകിസ്ഥാനിൽ പറയത്തക്ക സംഭവവികാസമൊന്നുമില്ല. ഈജിപ്തിൽ ബ്രിട്ടൻ സൂയസ് വിടണമെന്ന വാദത്തിനു യാതൊരു മാറ്റവുമില്ല. അംബിരജ്യങ്ങളെല്ലാം ഇക്കാര്യത്തിൽ ഈജിപ്തിനു പിന്തുണ നൽകുന്നുമുണ്ട്. ചീനിയ, മധ്യാഫ്രിക്ക, ദക്ഷിണാഫ്രിക്ക എന്നീ പ്രദേശങ്ങളിൽ നാട്ടുകാരുടെ സ്വാതന്ത്ര്യപ്രക്ഷോഭണങ്ങളും നൂതനരൂപങ്ങളും കൈക്കൊണ്ടുവരുന്നു.

മേയ് അവസാനത്തിലെ മൂന്നാഴ്ചവസങ്ങളിലായി തിരുവനന്തപുരത്തുവച്ചു നടന്ന പത്രപ്രവർത്തകസമ്മേളനങ്ങൾ വമ്പിച്ച വിജയമായിരുന്നു. 29-ം 30-ം തീയതികളിൽ ശ്രീ: ചല പതിരാവുവിന്റെ അദ്ധ്യക്ഷതയിൽ നടന്ന അഖിലേന്ത്യാവക്കിംഗ് ജേർണലിസ്റ്റ് ഫെഡറേഷൻ രാജപ്രമുഖനാണ് ഉൽഘാടനം ചെയ്തതു. പത്രപ്രവർത്തകരേയും രാഷ്ട്രതന്ത്രജ്ഞരേയും ബാധിക്കുന്ന പതിനഞ്ചോളം പ്രമേയങ്ങളും സമ്മേളനം പാസ്സാക്കി. പത്രങ്ങളുടെ അവകാശങ്ങളിൽ കൈവയ്ക്കുവാൻ നിയമസഭകളും കാണിക്കുന്ന പ്രവണതയിൽ ആശങ്ക പ്രകടിപ്പിച്ചുകൊണ്ടുള്ളതാണ് ഒരു പ്രമേയം. വർക്കിംഗ് ജേർണലിസ്റ്റ് ഫെഡറേഷനെ പത്രംഉടമകളും അംഗീകരിക്കാത്തതിനെ മറ്റൊരു പ്രമേയം അപലപിച്ചിരിക്കുന്നു. ഫെഡറേഷന്റെ ആവശ്യം അനുസരിച്ചു പ്രസ് കമ്മിഷനെ നിയമിച്ചതിൽ സന്തുഷ്ടി പ്രകടിപ്പിച്ചുകൊണ്ടുള്ള പ്രമേയവും പാസ്സാക്കപ്പെട്ടു.

31-ംനു-കൂടിയ തിരുവിതാംകൂർ-കൊച്ചി വർക്കിംഗ് ജേർണലിസ്റ്റ് അസോസ്യേഷനും പ്രസ്തുത പ്രദേശത്തെ ബാധിക്കുന്ന ഏതാനും പ്രമേയങ്ങളും പാസ്സാക്കി. പുതിയ വർഷത്തേയുള്ള ഭരണസമിതിയേയും തെരഞ്ഞെടുത്തു.

ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും വന്നിരുന്ന പത്രപ്രവർത്തകർക്കു സംസ്ഥാനത്തെപ്പറ്റി ഏറ്റവും നല്ല മതിപ്പുണ്ടാകുവാൻ ഈ സമ്മേളനങ്ങൾ ഉപകരിച്ചു. ഈ സംസ്ഥാനത്തിലെ പ്രകൃതിഭംഗിയും, സംസ്കാരത്തനിമയും, കലാഭിരുചിയും ഒരുപോലെ എല്ലാം പ്രതിനിധികളെ അത്യന്തം സന്തുഷ്ടരാക്കി. സമ്മേളനത്തോടനുബന്ധിച്ചു ഒരു നാടകവും ഒരു നൃത്തപ്രകടനവും നടന്നു. രണ്ടും പത്രപ്രതിനിധികളുടെ പൂർണ്ണമായ അഭിനന്ദനത്തിനു പാത്രമായി.

വക്കിംഗ് ജേർണലിസ്റ്റ് സമ്മേളനം ആരംഭിച്ച ദിവസംതന്നെ ശങ്കേഴ്സ് വീക്കിലിയുടെ ആഭിമുഖ്യത്തിൽ ഒരു ബാലചിത്രകലാപ്രദർശനവും തിരുവനന്തപുരത്തു ആരംഭിച്ചു. സ്റ്റീക്കർ ശ്രീ: കെ. പി. നീലകണ്ഠപ്പിള്ളയാണ് അതുൽഘാടനംചെയ്തത്. അനേകസഹസ്രം ബാലികാബാലന്മാരെ ആകർഷിച്ചുകൊണ്ടു പ്രസ്തുത പ്രദർശനം തിരുവനന്തപുരത്തെ ധർമ്മരാജാസ് കോളേജിൽ നടന്നവരുന്നു. തിരുവിതാംകൂർ-കൊച്ചിയിൽനിന്നും ശങ്കേഴ്സ് വീക്കിലി മത്സരത്തിൽ മേന്മ നേടിയ കുട്ടികൾക്കെല്ലാം ശങ്കറുടെ വകയായി ഓരോ സമ്മാനം നൽകപ്പെട്ടു എന്നതു പ്രസ്താവ്യമാണ്.

കഴിഞ്ഞയാഴ്ച മദ്രാസ്സിൽ പലയിടത്തും തിരു-കൊച്ചിയിൽ നാഗരുകോവിലിലും ഒരു പ്രാതൃകജാതി പ്രക്ഷോഭണംനടന്നു. വിഗ്രഹങ്ങൾ പരസ്യമായി ഭഞ്ജിക്കുക എന്നതായിരുന്നു ദ്രാവിഡകഴകത്തിന്റെ ചാമത്തലയിൽ നടന്ന ഈ പ്രക്ഷോഭണത്തിന്റെ പരിപാടി. മതബോധമുള്ള ഹിന്ദുക്കളുടെ വികാരങ്ങളെ ഇളക്കിവിട്ടുവാൻ പര്യാപ്തമായ ഈ പ്രക്ഷോഭണം ചിലയിടത്തൊക്കെ അല്പമായ സംഘട്ടനത്തിനു കാരണമാക്കിയെങ്കിലും പ്രതീക്ഷിച്ചുപോലെയുള്ള അനിഷ്ടസംഭവങ്ങളൊന്നും നടന്നില്ല. നാഗരുകോവിലിൽ ഏതാനും വിഗ്രഹഭഞ്ജകർ അറസ്റ്റുചെയ്യപ്പെട്ടു.

ദക്ഷിണതിരുവിതാംകൂറിൽ കോൺഗ്രസ്സും തമിഴ്നാട്ടുകോൺഗ്രസ്സും തമ്മിലുള്ള സംഘർഷം ഏറിവരുകയാണ്. ഗവൺമെൻറ് തമിഴ്നാട്ടുകോൺഗ്രസ്സുമായുള്ള ബന്ധം ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു ഒരു വയിച്ച ജാഥ നയിക്കുവാൻ ചില കോൺഗ്രസ്സ് പ്രമാണികളും തയ്യാറായിരിക്കുന്നതായി റിപ്പോർട്ടുണ്ട്. തമിഴ്നാട്ടുകോൺഗ്രസ്സും തങ്ങളുടെ ബലം പരീക്ഷിക്കുവാൻ സന്നദ്ധരായിരിക്കുകയാണെന്ന് ആ കക്ഷിയുടെ ചില നേതാക്കന്മാരുടെ പ്രസ്താവനകളും സൂചിപ്പിക്കുന്നു.

ആലപ്പുഴയിലെ കയർഫാക്ടറി തൊഴിലാളികളുടെ പണിമുടക്ക് ഒരു മാസമായി തുടരുന്നു. മൈക്യമുന്ന



മാവേലിക്കര സ്വദേശിയും പൂർ കോട്ട ടൗൺ ജനറൽആസ്പത്രി മെഡിക്കൽ ആഫീസറുമായ ഡാ: എ, ജി. ഡേവിഡിന്റെ പുത്രി 10 വയസ്സുപ്രായമുള്ള ഹൊലൻഡേവിഡിനെ നീലഗിരിയിലെ ഇൻഡ്യൻഗവർമ്മെൻറുവക ലവ്ഡെയിൽ പബ്ലിക്ക് സ്കൂളിലെ പരസ്യമത്സരത്തിൽ ഒരു മെരിറ്റ് സ്കോളർഷിപ്പ് ലഭിച്ചിരിക്കുന്നു. സ്കൂളിലെ വിദ്യാഭ്യാസകാലം മുഴുവൻ ഈ ബാലികയ്ക്കു പ്രതിവർഷം 1300 രൂപാ സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.

★


ജീവിതോത്സവം

★

ഡാക്ടർ ചെമ്പിൽ ചെല്ലപ്പൻനായർ, കഴിത്തൂർ

ജീവിതോത്സവാരാധനം
നിന്നൊടൊത്തനനുഭവിപ്പാൻ
നിവിളിച്ചല്ലോ പ്രേമ-
ദായകനായിട്ടെന്നെ.
മൂകമാമെൻ കൊച്ചോട-
ക്കുഴലും മാറ്റൊത്തി
നാകസംഗീതാകര-
മായ നിൻനികടത്തിൽ.
ആവതും ശ്രമിച്ചിട്ടും
ഗാനമാധുരിതെല്ലും
ഹാ! വിട്ടുനില്പിന്നൊട്ടും
ഞാൻ വെറും മൂകൻമാത്രം
പാടണം ഞാനെന്നെന്നേ
നീ നിനച്ചപ്പോൾതാനേ
നീടെഴുംഗാനാമൃത
നിർ"നഗയായ് ഞാൻമാറി.
മൂകമാം മുരളിയിൽ
ഗാനങ്ങൾ ചിറകാട്ടി
ഇതിനിൽ പ്രേമനേത്ര-
ഗീതനത്തനമാടി.
സത്യവും സൌന്ദര്യവും
സ്നേഹവും പാടിപ്പാടി
തത്വവും സന്മാർഗ്ഗവും
ഞാനെന്നും പുകഴ്ത്തുമ്പോൾ
ദുഷ്"കർമനേകിപ്പായു-
മിക്കുമിംപരിഷ്കാര-
ക്കൂട്ടരിന്നിതിനെന്തും
പറഞ്ഞാൽപറഞ്ഞോട്ടെ.
ഉറച്ചുപാടുംഞാൻ, നിൻ
നിസ്തുലപ്രേമാമൃതം,
അടച്ചു കവാടങ്ങൾ
തനിയെ തുറപ്പോളം.
നിന്മഹാതത്വംപാടും
സ്നേഹത്തിൻപൊരുളായി
നന്മതൻ സംസ്കൃതിയി-
ലെന്നെനീ നയിച്ചെങ്കിൽ.
ജീവിതോത്സവാരാധനം
നിർവൃതിയക്കത്തോളം
ജീവിതേശ്വരസ്നേഹ-
ഗാനം ഞാൻ പൊഴിക്കട്ടെ!!
നിന്നിൽ ഞാൻ വിജയത്തിൻ
തേരമായ് ലയിച്ചെങ്കിൽ!
നിന്നിൽഞാൻനീയായ് സ്നേഹ-
സത്തയായ് കഴിഞ്ഞെങ്കിൽ!!

★



ഇൻഡ്യൻ നാഷനൽ ഓവർസീസ് കോൺഗ്രസ് സെക്രട്ടറി ജനറൽ മി: പി. ഡി. സഗ്ഗി ഡെൽഹി റേഡ്യോക്ലബ്ബിൽ പ്രസംഗിക്കുന്നു. മദനാട്ടകളിലെ ഭാരതീയരെപ്പറ്റിയായിരുന്നു പ്രസംഗം.

ണി എം. എൽ. ഏ-മാർ പിക്കാഡു ചെയ്യുവാൻ സന്നദ്ധരായിട്ടുണ്ട്. അവരിൽ ചിലരെ അറസ്റ്റുചെയ്യുകയും ശിക്ഷിക്കുകയും ഉണ്ടായി.

★

"അവതാരപുരുഷർ ഈശ്വരനാൽ അയയ്ക്കപ്പെട്ടവനെന്നഭിമാനിക്കുന്നു. ഒരു വലിയ ചക്രവർത്തിയുടെ പ്രതിനിധികളെപ്പോലുള്ളവരാണ് അവർ. വളരെ ദൂരമുള്ള പ്രദേശത്തിൽ കലഹമുണ്ടാകുമ്പോൾ അതു ശമിപ്പിക്കുന്നതിനായി രാജ്യം സ്വന്തം പ്രതിനിധിയെ അയയ്ക്കുന്നതുപോലെ ലോകത്തിലെവിടെയെങ്കിലും ധർമ്മം ക്ഷീണിക്കുമ്പോൾ അവിടെ ധർമ്മം രക്ഷിച്ച് അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഈശ്വരൻ തന്റെ അവതാരപുരുഷനെ അയയ്ക്കുന്നു."

4—8

"മായ എന്നാൽ എന്ത്?" "ആത്മകൃത്തഭിവൃദ്ധിക്ക് തടസ്സമായിനിൽക്കുന്ന കാമമാണ് മായാ."

3—41

"കണ്ടുപിടിക്കപ്പെട്ടാൽ കള്ളൻ ഓടിപ്പോകും; അതുപോലെ മായയുടെ സ്വഭാവമെന്തെന്നു നീ അന്വേഷിച്ചു കണ്ടുപിടിച്ചാൽ അതു നിന്നിൽനിന്നു ഓടിപ്പോകും."

3—43

"കാമം, ക്രോധം തുടങ്ങിയ ശത്രുക്കളെ എപ്പോഴും നശിപ്പിക്കാൻ സാധിക്കും. എന്നു ചോദിച്ചതിനു പരമഹംസദേവൻ ഇപ്രകാരം പറഞ്ഞു:- ഈവിധ ആശാപാശങ്ങളും, ലോകത്തെയും ലൗകികവിഷയങ്ങളേയും സംബന്ധിച്ചവകളായിരിക്കുമ്പോൾ ശത്രുക്കളായിത്തന്നെയിരിക്കും. അവകൾ സഹായികളുമാകും. എന്തെന്നാൽ അവകളെ ഈശ്വരസമീപം കൂട്ടിക്കൊണ്ടുപോകുന്നു. ലൗകിക വിഷയങ്ങളിലുള്ള ആശയെ ഈശ്വരനിലുള്ള ആശയായി മാറ്റണം. ജനങ്ങളുടെഉദ്ദേശം കേപേതെ, ഈശ്വരദർശനം സിദ്ധിക്കുന്നില്ലല്ലോ, എന്ന അർത്ഥത്തോടുകൂടിയാണം. ഇപ്രകാരം എല്ലാ ആശാപാശങ്ങളേയും മാറ്റുക. അവകളെ നശിപ്പിക്കാൻ സാധ്യമല്ല. എന്നാൽ നല്ലവഴിയിലേക്കു തിരിക്കാൻ സാധിക്കും."

3-34

"ഒരാൾ രോഗത്താൽ വിഷമിക്കുന്ന തന്റെകുട്ടിയെ എടുത്തു് ഒരു സാധുവിന്റെസമീപംചെന്നു് മരുന്നു ചോദിച്ചു. സാധു അവനോടു് പിറേറദിവസം വരാൻപറഞ്ഞു. അപ്രകാരം അവൻ പിറേറന്നുവന്നപ്പോൾ, "നിന്റെകുട്ടിക്കു് മധുരപദാർത്ഥങ്ങൾ കൊടുക്കരുതു്; വേഗത്തിൽസുഖപ്പെടും" എന്നു് അദ്ദേഹം പറഞ്ഞു. അതുകേട്ടു് അയാൾ, "സ്വാമീ, ഇതു് ഇന്നലെപ്പറയാമായിരുന്നല്ലോ" എന്നുപറഞ്ഞു. "കുഞ്ഞേ, ഞാൻ പറയാമായിരുന്നു; പക്ഷെ ഇന്നലെ എന്റെഓമനയിൽ മധുരപദാർത്ഥങ്ങൾവച്ചിരുന്നു. അതു് നിന്റെകുട്ടികണ്ടു്, ഈ സാധു അയോഗ്യനെന്നുതോന്നുന്നു; മധുരസാധനങ്ങൾ മറേറള്ളവർ ഭക്ഷിക്കരുതെന്നു പറയുന്നു; അദ്ദേഹം ഭക്ഷിക്കുകയുംചെയ്യുന്നു; എന്തുവിചാരിക്കും" എന്നു് അസാധു പറഞ്ഞു. ജനങ്ങൾക്കു മാർഗ്ഗനിർദ്ദേശം ചെയ്യുന്നവരുടെ ജീവിതം ഏറേറവും പ്രാധാന്യമേറിയതാണു്."

3-21

"രണ്ടുസന്താനങ്ങളിൽ ഈശ്വരൻ ചിരിക്കുന്നു. ഒന്നാമത്തേതു്, ഒരാൾ കൂടിനവേദനയാൽ വിഷമിച്ചു് മൃത്യുകരസ്പർശത്തിൽപെട്ടിരിക്കുമ്പോൾ, ഒരു വൈദ്യൻചെന്നു് അവന്റെ അമ്മയോടു് 'ഭയപ്പെടേണ്ട, നിങ്ങളുടെ മകനെ രക്ഷിക്കാൻ ഞാനുണ്ടു്' എന്നുപറയുമ്പോൾ. രണ്ടാമത്തേതു്, രണ്ടുസഹോദരർ തങ്ങളുടെ നിലം പങ്കിട്ടെടുക്കുന്നതിനായി അളവുകോൽ കൊണ്ടു് അളന്നു വരുമ്പോൾ, "ആ ഭാഗം നിന്റേതു്, ഇതു എന്റേതു്" എന്നുപറയുമ്പോൾ."

3 30

"പന്ത്രണ്ടുവർഷങ്ങളായിട്ടു് മഴപെയ്യാതിരുന്നാലും, പരമ്പരയായി കൃഷിക്കാരനായ ഒരാൾ നിലംകൃഷിയിൽനിന്നു് വിട്ടുമാറുകയില്ല. എന്നാൽ പുതുതായി കൃഷിത്തൊഴിൽ സ്വീകരിച്ച ഒരു കച്ചവടക്കാരനെ അധൈര്യപ്പെടുത്തുന്നതിനു് ഒരുകൊല്ലം മഴപെയ്യാതിരുന്നാൽമതിയാകും. ആയുഷ്കാലം മുഴുവൻ ഭക്തിയോടുകൂടിയിരുന്നാലും ഈശ്വരദർശനം സിദ്ധിക്കാതിരുന്നാലും യഥാർത്ഥഭക്തൻ ഒരിക്കലും മനസ്സിനു് ക്ഷീണമുണ്ടാകയില്ല."

3-53


ശ്രീരാമകൃഷ്ണദേവൻ


മലയാളരാജ്യം


വായനക്കാർ പറയുന്നു


ശ്രീ: ഇന്ദുജിത്തിന്റെ തുടർന്നുള്ള ലേഖനങ്ങൾ വായിക്കാൻ എനിക്കു് ഗ്രഹമുണ്ടു്. പൊതുവെയും അങ്ങനെയായിരിക്കുമെന്നാണു് എന്റെ വിശ്വാസം.

എന്നു് ഒരു വായനക്കാരൻ
കരിക്കോടു്, 26-5-53.












മകളിലത്തെവരി ഇടത്തുനിന്നു—1. ഉൽഘാടനത്തിനായി എത്തിയ രാജപ്രമുഖനെ സ്വീകരണസംഘാദ്ധ്യക്ഷനായ ശ്രീ: കെ. കാത്തികേയൻ ഹാരമണിയിച്ചു സ്വീകരിക്കുന്നു. പിന്നിൽ നിൽക്കുന്നതു് പബ്ലിക്ക് റിലേഷൻസ് ഡയറക്ടർ ശ്രീ. വി. ആർ. നാരായണൻനായർ. 2. സമ്മേളനം റിസപ്ഷൻ കമ്മിറ്റി അദ്ധ്യക്ഷൻ ശ്രീ: കാത്തികേയൻ സ്വാഗതപ്രസംഗം നടത്തുന്നു. രണ്ടാമത്തെവരി—1. ചലപതിറാവു അദ്ധ്യക്ഷപ്രസംഗം നടത്തുന്നു. രാജപ്രമുഖൻ, കാത്തികേയൻ, ഏ. ജെ. ജോൺ, ടി. എം. വർഗ്ഗീസ് എന്നിവരെ ചിത്രത്തിൽ കാണാം. 2. സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കാനായിവന്ന ശ്രീ. ചലപതിറാവുവിനെ വിമാനത്താവളത്തിൽവച്ചു സ്വീകരിച്ചപ്പോൾ എടുത്ത ചിത്രം. മൂന്നാമത്തെ വരി—1. ചലപതിറാവു. 2. പാകിസ്ഥാൻ ഫ്രറേണൽഡെലഗേറ്റ് മി: ഷക്കൂർ പാകിസ്ഥാൻ ജേർണലിസ്റ്റ് അസ്സോസ്യേഷന്റെ വിജയാശംസ അറിയിക്കുന്നു. നാലാമത്തെവരി—1. സ്വീകരണസംഘം സഹകാര്യദർശി മി. വിശ്വംഭരൻ കൃതജ്ഞത പറയുന്നു 2. തിരുവനന്തപുരം വിമാനത്താവളത്തിൽവച്ചു മേയർ ശ്രീ: ബാലകൃഷ്ണൻനായർ ചലപതിറാവുവിനെ ഹാരമണിയിച്ചു സ്വീകരിക്കുന്നു. 3. ഫെഡറേഷൻസെക്രട്ടറി മി: ചതുർവേദി സമ്മേളനത്തിനു ലഭിച്ചിട്ടുള്ള സന്ദേശങ്ങൾ വായിക്കുന്നു.











Reg: No. M. 2689.

MALAYALA RAJYAM

ടോക്കിയോവിലെ 'യുനെസ്കോ' ഗ്രാമം

★

ലോകം ചുറ്റിസഞ്ചരിച്ചാൽ ജപ്പാനിലെ കുട്ടികൾക്കൊരു മന്ത്രപ്പരവതാനിയുമായാശ്യമില്ല. ഒരു "യക്ഷിത്തീവണ്ടി"യിൽ കയറി, ടോക്കിയോ നഗരപ്രാന്തത്തിലുള്ള 'യുനെസ്കോ' ഗ്രാമത്തിലേക്കുപോയാൽ അവർക്ക് അവിടെ ലോകത്തിന്റെ ഒരു ചെറിയ പ്രതിച്ഛായം ദർശിക്കാം.

അപൂർവമായ ഈ മനോഹരഗ്രാമം സയാമാപാർക്കിലെ കുന്നുകൾക്കിടയിൽ സ്ഥിതിചെയ്യുന്നു. അവിടെ 40 രാഷ്ട്രങ്ങളിലെ വീടുകളുടെ മാതൃകകൾ ഒന്നോടൊന്നെതൊട്ട് നിലകൊള്ളുന്നു. മേടിപ്പിക്കിട്ടേറിയ ഒരു നെതർലൻസ് കാറോടി, ക്ലേക്സ് പിയർടെ ഇംഗ്ലീഷ് ഗൃഹത്തിന്റെനേക്ക് സഞ്ചാരികളെ സ്വാഗതംചെയ്യുന്നു. അതിനു തൊട്ടടുത്തായി, ഒരു തുർക്കി വഴിയമ്പലത്തിന്റെ മെല്ലിച്ച ഗോപുരങ്ങൾ ചക്രവാളത്തിനെതിരേ ഉയർന്നുനിൽക്കുന്നതും കാണാം.

ഇതുവരെ പേരിനുമാത്രം അറിഞ്ഞിരുന്ന രാജ്യങ്ങൾ ജപ്പനീസ് കുട്ടികൾക്ക് പൊടുന്നനെ സുപരിചിതങ്ങളായിത്തീരുന്നു. ഓരോകെട്ടിടവും പരിശോധിച്ച്, ഇംഗ്ലീഷിലും ജപ്പനീസിലും എഴുതിയിരിക്കുന്ന അവയുടെ ചരിത്രം വായിച്ച്, കുട്ടികൾ അതതുരാജ്യത്തിലെ ജീവിതരീതി, ആചാരങ്ങൾ, കൊത്തുപണി തുടങ്ങിയവയെപ്പറ്റി ചിലതെല്ലാം മനസ്സിലാക്കുന്നു.

രണ്ടു വർഷത്തെ പഴക്കം

1951 ജൂണിലാണ് യുനെസ്കോഗ്രാമം ഉൽഘാടനംചെയ്തത്, ജപ്പാൻ യുനെസ്കോവിൽ ചേർന്നുപ്രമാണിച്ചാണ് ഗ്രാമം ആദ്യം സംഘടിപ്പിച്ചത്. സെയിബു റെയിൽവേക്കമ്പനിയുടെ ആഭിമുഖ്യത്തിൽ, ജപ്പാനിലെ ഒരു പ്രമുഖശില്പിയായ പ്രഫസ്സർ കെഞ്ചി ഇറായി ഈ ഗ്രാമം സംവിധാനം ചെയ്തു.

യുനെസ്കോ അംഗങ്ങളായ 64 രാഷ്ട്രങ്ങൾ സംഭാവനചെയ്ത പ്ലാനുകളും ചിത്രങ്ങളും ആധാരമാക്കി നിർമ്മിച്ച ഓരോ ഭവനത്തിന്റെയും ശില്പവിധാനത്തിൽ അതതുരാഷ്ട്രത്തിന്റെ കാലാവസ്ഥയും ആചാരമര്യാദകളും സംസ്കാരവും നിഴലിച്ചിട്ടുണ്ട്. 40 വീടുകൾ പണിതിരിന്നു; ഇനിയും ചിലതുകൂടി പണിപൂർത്തിയായിവരുന്നു;

ചുമരുകളിൽ ഉയർത്തിനിർത്തിയിരിക്കുന്ന മേഞ്ഞ മേൽക്കൂരയും പുതിയ പാരമ്പര്യമായ ചുവർചിത്രങ്ങളും ഉള്ള ഇന്തോനേഷ്യൻഭവനം ഉഷ്ണമേഖലയിൽപെട്ട ബോർണിയോദ്വീപത്തെ അനുസ്മരിപ്പിക്കുന്നു. ഇതിൽനിന്നു ഭിന്നം വ്യത്യസ്തമാണ് നോർവീജിയൻഭവനം. ഉത്തരധ്രുവത്തിലെ മഞ്ഞിന്റെശല്യം തടുക്കാൻ ചെരിഞ്ഞ മേൽപ്പുരയും മരഭിത്തികളും ഉള്ള സുഖദമായ ഒരു ഗൃഹമാണത്.

പഴയതും പുതിയതും

പുതിയ ലോകത്തിലേക്കാണ് അടുത്തതായി സന്ദർശകർ പ്രവേശിക്കുക—കൊളോണിയൽ മാതൃകയിലുള്ള ഒരു മരിക്കൻഭവനത്തിലേക്ക്. ഏതാനും അടികൾക്കുള്ളിൽ നടന്നാൽ പുരാതന ലോകത്തിൽ—യൂറോപ്പിൽ—എത്തുകയായി അവിടെ ക്ലേക്സ് പിയറുടെ ജന്മസ്ഥലത്തിന്റെ ഒരു മാതൃക ദർശിക്കാം—പകുതിമാറംകൊണ്ടു നിർമ്മിച്ച ഉറച്ച ഭിത്തികളും, കൊത്തുപണിചെയ്ത വാതിൽ, ഈയംപിടിപ്പിച്ച ജനലുകൾ. അടുത്തതായി ടുർക്കിയിൽപെട്ടതാണ് 16-ാംശതകത്തിലെ ഒരു ആസ്ഥാനഗൃഹമാണ്—കവികളായ ഹൈൻറിക്കും ഗേറ്റെയും സന്ദർശിക്കാറുണ്ടായിരുന്ന ഗൃഹങ്ങളിലൊന്നാണ്.

ബ്രസീൽ, പെറു, അർജന്റീന, ഫിലിപ്പൈൻ തുടങ്ങിയ ഏന്നിരാജ്യങ്ങളിലെ വീടുകളിൽ കാണുന്ന കൊത്തുപണികളിൽ തെക്കെഅമേരിക്കയിലെ കാറ്റിക്കോട്ടകളും പുൽമാലികളും കൊട്ടമുടികളും പ്രതിഫലിച്ചിട്ടുണ്ട്.

യുനെസ്കോപ്രദർശനങ്ങളും നാടോടിനൃത്തങ്ങളും കളികളും മറ്റും ഈ ഗ്രാമത്തെ പല രാഷ്ട്രക്കാരായ കുട്ടികളുടെ ഒരു സമ്മേളനരംഗമാക്കിയിരിക്കുന്നു.

ജപ്പനീസ് കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും യുനെസ്കോഗ്രാമം ലോകസൗഹാർദ്ദത്തിന്റെയും വർദ്ധിതമായ പരസ്പരധാരണയുടെയും പ്രതീകമാണ്.



ഞരമ്പുകളെ ശക്തിപ്പെടുത്തി ധാതുപുഷ്ടി ഉണ്ടാക്കുന്നതും ശാസ്ത്രീയമായ അംഗീകാരം സിദ്ധിച്ചിട്ടുള്ളതുമായ ഒരു

വിശിഷ്ട ടോണിക്ക്

(പ്രത്യേകിച്ച് സ്ത്രീകൾക്ക് പ്രസവാനന്തരം വളരെ ഉത്തമം)

പല ചികിത്സകൾക്കുശേഷം, നിങ്ങളുടെ ദേഹദൗർബല്യത്തെ അകറ്റി ദ്രുഗാത്രവ്യാപ്തരാക്കി തീർപ്പാനും, ശർദ്ദിനികൾക്ക് ശരീരപുഷ്ടി ഉണ്ടാക്കി സുഖപ്രസവം ഉണ്ടാക്കുന്നതിനും, രക്തവർദ്ധനവിനും, മാംസക്കൊഴുപ്പിനും അത്യുത്തമമായ അനുഗ്രഹിതമായ സഞ്ജീവി.

ഡോക്ടർ ജോൺസൺസ്

എലിക്സിർ-ഡി-ചവന

(അശ്വഗന്ധം, കുങ്കുമം, സ്വർണ്ണം, വൈറ്റമിൻസ് മുതലായ അപൂർവ്വം വിലപിടിച്ചതുമായ ഔഷധങ്ങളും ചേർത്തിട്ടുള്ളത്)

ബഹുമാനപ്പെട്ട ശ്രീ: പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ പിതാവായ രാജശ്രീ. മോട്ടിലാൽ നെഹ്രുവിന്റെ വൈദ്യശിഖാമണിയായ രാജവൈദ്യകവിരത്ന ജ്മുക്കർജിയുടെ പ്രശസ്തപ്രശംസയ്ക്കും, അനവധി വൈദ്യവിശാരദന്മാരുടെയും. ആയിരക്കണക്കിന് പ്രശസ്തന്മാരായ ഡോക്ടറന്മാരുടെയും, ഉപയോഗിച്ചു കൈമേൽ ഫലം കണ്ടഭിപ്രായം നിരവധി പൊതുജനങ്ങളുടെയും അകമഴിഞ്ഞ അഭിനന്ദനകളും പ്രശംസകളും നേടിയതും ഏറ്റവും ഫലപ്രദവുമായതുമാണ് ഈ ദിവ്യൗഷധം.

നിങ്ങളുടെ ബന്ധുമിത്രാദികളെയും നിങ്ങളുടെ പ്രായംചെന്നവരെയും അവരുടെ ക്ഷീണാവശത്തിൽ പറഞ്ഞ 'എലിക്സിർ-ഡി-ചവന'വാങ്ങി ഉപയോഗിച്ചു ക്ഷീണരഹിതരായി സന്തോഷജീവിതം തുടരുവാൻ അറിയിക്കുക ഇതു നിരവധി രോഗികളെ അവരുടെ സന്ധ്യാരണജീവിതത്തിലേയ്ക്കു ഉയർത്തിയിട്ടുണ്ട്. ഓരോ തുള്ളി ടോണിക്കും പുനർജീവൻ നൽകുന്ന അമൃതാണ്. ആദ്യത്തെ ഒരു മാത്രതന്നെ നിങ്ങളുടെ സിരകളിൽ നവചൈതന്യം പ്രവഹിപ്പിക്കുകയും, രോഗത്തിൽ നിന്നും പൂർണ്ണശമനം സിദ്ധിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

പഥ്യം ഇല്ല.

24 ഔൺസുകുപ്പി 1-ക്ക് വില 5 രൂ: 8 ണ.
12 " " " 3 രൂ: 4 ണ.
(തിരുവിതാംകൂർ-കൊച്ചിസംസ്ഥാനത്തിൽമാത്രം ഈ വില)

നിർമ്മാതാക്കൾ:

ജോൺസൺസ് ഫാർമസ്യൂട്ടിക്കൽ വർക്സ്, ആലപ്പുഴ.

എല്ലാ ഇംഗ്ലീഷുമരുന്നുഷാപ്പുകളിലും കിട്ടുന്നതാണ്.

റബ്ബർ മുദ്രകൾ

★

വിവിധ ഡിസൈനുകളിലുള്ള റബ്ബർമുദ്രകൾ വളരെക്കാലം ഉപയോഗിക്കത്തക്കവിധം ഉറപ്പായും ഭംഗിയായും മിതമായ ചാർജ്ജിൽ ഇവിടെ ചെയ്തുകൊടുക്കുന്നതാണ്.

മാനേജർ

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം

Edited, printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.